# തിരുഹിതം

(Christian devotional songs of Worship)

**സമർപ്പണം**

**പരേതയായ എന്റെ വന്ദ്യമാതാവ്**
**ശ്രീമതി ഡി. ചാർലറ്റ് നേശയ്യായുടെ സ്മരണയ്ക്കായി.**

**റൈറ്റ് റവ. ഡോ. പനതപുരം മേത്യൂ സാം**

*ഭാരത സജ്ജന സമിതി പബ്ലിഷേഴ്സ്*
*പനതപുരം, തിരുവനന്തപുരം - 695525*
Phone : 0471-2262790, 9447554273
e-mail:bsspptpm @gmail.com.

വില : 50 രൂപ

**Thiruhitham**

(520 Christian devotional songs of worship)

First Edition 1000 Copies, January 2010

*Published by:*

**Bharatha Sajjana Samithi Publishers**
Panathapuram, Thiruvananthapuram
Kerala, India- Pin. 695525
email:bssptpm@gmail.com
Ph: 0471-2262790, Mob: 9447554273

Copy right

**Rt Rev. Dr. Panathapuram Mathew Sam**
Panathapuram view, Panathapuram, Poovar. P.O.
Thiruvananthapuram-695525
Kerala, India

All rights reserved. No Part of this publication may be re produced stored in a retrieval system, or transmitted, in any form or by any means. Without the prior permission in writing from the publisher, or as expressly permitted by law, or under terms agreed with the appropriate reprographics rights organisation.

You must not circulate this book in any other binding or cover and you must impose this same condition on any acquiror.

Type setting & Lay out : Computer Land, Kanjiramkulam
Cover designed by : Heera Joseph (Film Art Director)

Printed at St. Joseph's Press, Tvm-14
Published in India

# അവതാരിക

നിരവധി ക്രിസ്തീയ ഗാനങ്ങൾ രചിച്ച് പ്രകാശനം ചെയ്തിട്ടുള്ള ഡോ: പനതപുരം മേത്യൂസാമിന്റെ പുതിയ ഗാനസമാഹാരമാണ് തിരുഹിതം. താൻ രചിച്ച ഗാനങ്ങൾ കൂടാതെ തെലുങ്ക്, ഇംഗ്ലീഷ്, തമിഴ് ഇവയിൽ നിന്നും അദ്ദേഹം തന്നെ വിവർത്തനം ചെയ്ത ഗാനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം ക്രൈസ്തവരുടെ ഇടയിൽ ആത്മീക പരിപോഷണത്തിന് ഗണ്യമായ സംഭാവനയാണ് നൽകുന്നതെന്ന് സൂചിപ്പിക്കട്ടെ.

ഡോ: പനതപുരം മേത്യൂസാം നിരവധി ക്രിസ്തീയ ഗാനങ്ങളും, കീർത്തനങ്ങളും രചിച്ച് പ്രകാശനം ചെയ്തിട്ടുണ്ട്. 'ജീവജലം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 100 ക്രിസ്തീയ ഗാനങ്ങളുടെ സമാഹാരം ഇതിനകം പ്രസിദ്ധി നേടി കഴിഞ്ഞു. കൂടാതെ അനന്തസ്നേഹം , പുതിയൊരു സംഗീതം, ജീവജലം, അനന്യസ്നേഹം എന്നീ സി.ഡി. കളിലൂടെ മേൽപറഞ്ഞ ഗാനസമാഹാരത്തിലെ നിരവധി ഗാനങ്ങൾ പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഈ ഗാനസമാഹാരത്തിലെ ഗാനങ്ങൾ വിവിധ സന്ദർഭങ്ങളിൽ അർത്ഥവത്തായി പാടാൻ കഴിയുന്നതാണ്. അതേസമയം ഈ ഗാനങ്ങൾക്ക് വൈവിധ്യങ്ങളുമുണ്ട്.

ഹൃദയത്തിന്റെ ആഴത്തിൽനിന്നും ഗാനങ്ങളിലൂടെ ദൈവവുമായി ബന്ധപ്പെടാനാകുന്നത് ആദ്ധ്യാത്മികതയ്ക്ക് പരിപോഷണം നൽകുമെന്നതിൽ സംശയമില്ല. ഈ ഗാനസമാഹാരത്തിലെ നിരവധി ഗാനങ്ങൾ അതിന് സഹായകമാണ്. മലയാളി ക്രൈസ്തവർക്ക് ഇതൊരു അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഡോ: പനതപുരം മേത്യൂസാമിന് അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. ഈ ഗാനങ്ങൾ ഉപയോഗിക്കുന്ന എല്ലാപേർക്കും ദൈവകൃപയും നന്മകളും ആശംസിക്കുന്നു.

തിരുവനന്തപുരം
3-4-2009.

**മോസ്റ്റ്. റവ. ഡോ. ജെ.ഡബ്ല്യൂ. ഗ്ലാഡ്സ്റ്റൻ**
മോഡറേറ്റർ, സി.എസ്.ഐ & ബിഷപ്പ്, എസ്.കെ.ഡി.

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. അനശ്വരസ്മാരകം .......... (കവിതാ സമാഹാരം)
2. വഴിവിളക്ക് ................ (മികച്ച നവ സാക്ഷര സാഹിത്യം)
3. ജീവജലം ................. (ക്രിസ്തീയ കവിതകൾ) (Hundred Songs)
4. സമാധാനം ഉണ്ടാക്കുന്നതാര് ? ............... (ലേഖനങ്ങൾ)
5. ഹൃദയത്തളിക................................... (കൗമാര കവിതകൾ)
6. ഹൃദയശൂന്യരായ ക്രൈസ്തവർ............. (ഓർമ്മക്കുറിപ്പുകൾ)
7. തിരുഹിതം (ക്രിസ്തീയ കവിതകൾ) (Five Hundred and Twenty Songs)

## ആമുഖം

ജീവദായകനായ യേശുക്രിസ്തുവുമായുള്ള ആത്മബന്ധം ജീവിതയാത്രയിൽ പകർന്നുതന്ന അതിശയകരമായ കൃപാവഴികൾക്കുള്ള ഹൃദയംനിറഞ്ഞ നന്ദിയും സ്തുതി. സ്തോത്രങ്ങളുടെ ആവിഷ്കാരവുമാണ് 'തിരുഹിതം'. വേദനയുടെ നിമിഷങ്ങളിൽ ആശ്വാസമായി മാറിയ ബൈബിൾ വചനങ്ങളും, പരിശുദ്ധാത്മാവിന്റെ സാമീപ്യവും, കുത്തിക്കുറിക്കാൻ നിർബന്ധിച്ചപ്പോഴൊക്കെ അനുസരിച്ചതിലൂടെ, താലന്തുകളുടെ ഈ പരിപോഷണം വേറിട്ടൊരു വിശ്വാസ പ്രഖ്യാപനമാക്കാൻ തുനിയുകയാണീ പുസ്തകത്തിലൂടെ.

ഈ പുസ്തകത്തിന്റെ ശ്രമകരമായ ജോലിയിൽ ഡി.റ്റി.പി. ഭംഗിയായി നിർവ്വഹിച്ച് സഹായിച്ച ശ്രീമതി ചന്ദ്രിക, സുജ എന്നിവരെയും കമ്പ്യൂട്ടർലാന്റിന്റെ പ്രൊപ്രൈറ്റർ ശ്രീ. പ്രവീൺ ആർ.പി. സ്റ്റാൻലിയെയും തെലുങ്കു ഭാഷയിലേയ്ക്ക് ചില ഗാനങ്ങൾ പരിഭാഷപ്പെടുത്തി സഹായിച്ച റവ. എസ്.എച്ച്. സെൽവാനോസ്, ശ്രീമതി ലതകുമാരി എന്നിവരെയും, തമിഴ് ഭാഷാന്തരം ചെയ്ത് സഹായിച്ച മിസിസ് സുരേഷ്കുമാറിനേയും നന്ദിയോടെ സ്മരിക്കുന്നു. അനേകം ഗാനങ്ങൾക്ക് ഈണം പകർന്നും ഓർക്കസ്ട്രേഷൻ നൽകിയും സഹായിച്ച ശ്രീ. ആൽവിൻ ജോസിനെയും, ജി.എൽ. ജോസ്, എ.ഐ.ആർ. ജോസ്, ഗോഡ്ഫ്രെ, ബിബി, ഏയ്ഞ്ജലോ മാത്യൂ, റിജോഷ്, അജീഷ്, അജിഫീൽഡ്, റവ. ജസ്റ്റിൻജോസ്, ജയകുമാർ ആൽഫ്രഡ്, റവ. പോൾസിംഗ്, ഇളവട്ടം ജസ്റ്റസ് എന്നിവരെയും സി.ഡി. കളിലും കാസറ്റുകളിലും റേഡിയോ, റ്റി.വി. എന്നിവിടങ്ങളിലും പാടി സഹായിച്ച എന്റെ പ്രിയ സഹധർമ്മിണി അൻപുലറ്റിനും മക്കൾ ഏയ്ഞ്ജലോ മാത്യൂ, അരുൺ മാത്യൂ, ആദർശ് മാത്യൂ, അകാലത്തിൽ പൊലിഞ്ഞുപോയ എന്റെ പ്രിയ മകൾ അനന്യ എന്നിവരെയും കഴിഞ്ഞ കാൽനൂറ്റാണ്ടായി ഒരു മനസ്സോടെ പാടാനും റിക്കാർഡിംഗിനും സഹകരിച്ചുവന്ന ശ്രീ. ജി.എൽ. ജോസ്, ശ്രീമതി ലൂസി, ഉഷ, സരോജകുമാരി, മിലീന ഏയ്ഞ്ജലോ, ബെറ്റി അരുൺ എന്നിവരെയും സ്മരിക്കുന്നതോടൊപ്പം ആത്മാർത്ഥമായ സഹകരണം തുടർന്നും ഉണ്ടാകണമെന്ന താത്പര്യവും രേഖപ്പെടുത്തുന്നു. റിക്കാർഡിംഗ് നിർവ്വഹിച്ച് സഹായിച്ചിരുന്ന ടെന്നിസൻ, റെജി, വിനീഷ്, അജിഫീൽസ്, സാലിൻസ് എന്നിവരെയും സ്നേഹപൂർവ്വം സ്മരിക്കുന്നു. പേരെടുത്തു പറയാൻ വിട്ടുപോയ എല്ലാ ആർട്ടിസ്റ്റുകൾക്കും (കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയവർക്കും) ഹൃദയത്തിന്റെ ഭാഷയിൽ നന്ദി, കർത്താവിന്റെ രണ്ടാം വരവോളവും ക്രിസ്തുസഭ പാടുവാൻ പോകുന്ന അനേക ഗാനങ്ങൾ ഇതിലുണ്ടെന്ന സത്യം ഓർത്ത് ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട്, ദൈവജനത്തിനായി ഈ ഗാനങ്ങൾ സമർപ്പിക്കുന്നു.

**ഗ്രന്ഥ കർത്താവ്**

## ഹൃദയപൂർവ്വമായ ഒരു പ്രാർത്ഥനയും സമർപ്പണവും

സ്നേഹവാനും സർവ്വശക്തനുമായ ദൈവമേ, അവിടുത്തെ ഹിതം ഞങ്ങളിലൂടെ നിറവേറ്റുന്ന മുഖാന്തരങ്ങളെയോർത്ത് സ്തുതിക്കുന്നു. ജീവിതത്തിലെ വേർപാടടക്കമുള്ള വിഷമ സന്ധികൾ തരണം ചെയ്യാൻ അവിടുന്ന് നൽകിയ ആത്മശക്തിയിലുറച്ച് വിശ്വസിച്ചുകൊണ്ട്, ഒരിക്കൽകൂടി; എന്റെ ഉള്ളം യഹോവയെ എല്ലാക്കാലവും വാഴ്ത്തുമെന്ന്, ഞാൻ നന്ദിയുള്ള ഹൃദയത്തോടെ പ്രസ്താവിക്കട്ടെ. താലന്തുകൾ വ്യയം ചെയ്യാൻ ഉപമയിലൂടെ നിർദ്ദേശിച്ച സ്നേഹപിതാവേ, അടിയന് അതിന് പ്രാപ്തി നൽകിയ കൃപയെ ഓർത്ത് തിരുസന്നിധിയിൽ പ്രണമിക്കുന്നു.

ചതഞ്ഞ ഓടയായ എന്നിൽ നിന്നും പുതിയൊരു സംഗീതം നീ പകർന്നതിനാൽ നിത്യജീവന്റെ പ്രത്യാശയോടെ ഇഹലോകത്തിലെ ദൗത്യം അക്ഷീണം, അഭംഗുരം നിർവ്വഹിച്ചുകൊണ്ട്, വേദനയുടെ കൈപ്പുകണ്ണീർ കുടിക്കേണ്ടിവരുന്ന സഹോദരങ്ങൾക്ക് ആത്മബലം പകരുവാൻ ഈ ഗാനങ്ങളിലൂടെ ഇടയായെങ്കിൽ എന്നാശിച്ച് പ്രാർത്ഥിക്കുന്നു. തിരുവചനപ്രകാരം വിശുദ്ധജീവിതം നയിക്കുവാൻ ഭാഗ്യമേകി, അവിടുത്തെ രാജ്യം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകുവാൻ കൃപ തോന്നേണമേ. അരിഷ്ടതകൾ ഏതെങ്കിലും വിധത്തിൽ ആക്രമിക്കാതെ അവിടുത്തെ ആത്മാവിന്റെ സഹായം അടിയന് നൽകി ശക്തനാക്കേണമേ.

ദൈവമേ അവിടുന്ന് സ്നേഹമാണെന്നും ആ സ്നേഹത്തിൽ വസിക്കുന്നതുകൊണ്ടു മാത്രമേ സാക്ഷ്യമുള്ള ക്രിസ്തീയതയുടെ പ്രകാശനമാകൂ എന്നും തിരിച്ചറിഞ്ഞ്, വെളിച്ചം പരത്തുന്ന ഒരു തിരിയായി ശോഭിക്കുവാൻ വാഞ്ഛിച്ചും അന്ത്യത്തോളം നേർവഴിക്കുമാത്രം ചരിച്ച്, നിത്യതയ്ക്കുടമയാകാൻ കൃപയരുളണമേയെന്ന് പ്രാർത്ഥിച്ചുംകൊണ്ട് ജീവജലം (Hundred Songs) എന്ന ക്രിസ്തീയ കവിതകൾക്കു പിന്നാലെ തിരുഹിതം എന്ന 520 ക്രിസ്തീയ കവിതകളുടെ സമാഹാരം (Five Hundred & Twenty Songs) ദൈവജനത്തിനായി സമർപ്പിക്കുന്നു.

പനതപുരം, നിങ്ങളെ സ്നേഹിക്കുന്ന

21-1-2010. **റൈറ്റ് റവ. ഡോ. പനതപുരം മേത്യൂസാം**

# വിഷയസൂചി


| | വിഷയം | പാട്ട് നമ്പർ |
|---|---|---|
| 1. | സ്തുതിസ്തോത്രം | 1 – 19 |
| 2. | നന്ദി | 20 – 57 |
| 3. | പ്രാർത്ഥന | 58 – 137 |
| 4. | വിശ്വാസം | 138 – 163 |
| 5. | ധൈര്യം | 164 – 191 |
| 6. | സ്വാതന്ത്ര്യം | 192 – 194 |
| 7. | പാപം | 195 – 198 |
| 8. | പിന്മാറ്റം | 199 – 209 |
| 9. | സ്നേഹം | 210 – 232 |
| 10. | വാഗ്ദാനം | 233 – 251 |
| 11. | ആഹ്വാനം | 252 – 299 |
| 12. | സമർപ്പണം | 300 – 343 |
| 13. | ക്രിസ്തുമസ് | 344 – 355 |
| 14. | ഹോശന്ന | 356 – 357 |
| 15. | ക്രൂശീകരണം | 358 – 364 |
| 16. | ഉയിർപ്പ് | 365 – 368 |
| 17. | ന്യായവിധി | 369 – 373 |
| 18. | ദൈവാലയപ്രതിഷ്ഠ | 374 |
| 19. | ജൂബിലി | 375 – 376 |
| 20. | വിവാഹം | 377 – 380 |
| 21. | പരിഭവം | 381 – 405 |
| 22. | പ്രത്യാശ | 406 – 433 |
| 23. | സത്യം | 434 – 440 |
| 24. | നിത്യത | 441 – 464 |
| 25. | തിരുവോണം | 465 – 466 |
| 26. | വിശുദ്ധി | 467 – 476 |
| 27. | വർണ്ണം | 477 |
| 28. | ഭാരതം | 478 – 485 |
| 29. | അഭിഷേകം | 486 – 508 |
| 30. | ആരാധന | 509 – 514 |
| 31. | പുതുവർഷം | 515 – 516 |
| 32. | കുടുംബം | 517 – 518 |

## അകാരാദി ക്രമം

### അ


| | |
|---|---|
| അകലത്തിൽനിന്നും വിളി | 112 |
| അകലങ്ങളിൽ നിന്നു | 284 |
| അകലാത്ത ദൈവമേ | 105 |
| അകലെയാണെൻ പ്രീയനെന്നാ | 62 |
| അക്കരെ നാട്ടിലെ | 425 |
| അഗതിയാമെന്നെയും | 402 |
| അഗതിയിന്നകതാരിൽ | 94 |
| അഗ്നിപരീക്ഷയിൽ തളർന്നിടാതെ | 125 |
| അങ്ങയെപ്പിരിഞ്ഞെനിക്കൊ | 171 |
| അഞ്ജലീബദ്ധനായ് | 30 |
| അബ്രഹാമേ ഭയപ്പെടേണ്ട | 150 |
| അബ്ബാ നിൻ സന്നിധിയിൽ | 326 |
| അമരക്കാരൻ പ്രിയനേശു | 193 |
| അമരക്കാരൻ യേശു ചാരെ | 139 |
| അപരാധമൊന്നും ചെയ്യാതിരി | 205 |
| അപ്പനോടു ഞാൻ അപ്പം | 242 |
| അതുല്യനാം ദൈവമേ | 5 |
| അത്യന്തശക്തിയെ | 305 |
| അത്യുന്നതനാം | 512 |
| അത്യുന്നതങ്ങളിൽ വാസം | 12 |
| അത്യുന്നതൻ സർവ്വശക്തൻ | 190 |
| അദൃശ്യനായ യേശു | 61 |
| അദ്ധ്വാനിക്കുന്നോരെ, ഭാരം | 297 |
| അനന്തനന്മയിൽ | 140 |
| അനന്തസ്നേഹത്തിന്നുറവയിൽ | 296 |
| അനുഗ്രഹത്തിൻ ഉറവതുറക്കുക | 312 |
| അനുഗ്രഹമാക്കുമോ നാഥാ | 92 |
| അനുദിനമടിയനെ ബന്ധന | 419 |
| അനുസരിക്കുവാൻ പ്രഭോ | 484 |
| അനുപമ സ്നേഹത്തികവാ | 322 |
| അന്യോന്യം സ്നേഹിപ്പിൻ | 250 |
| അന്യോന്യമേവരും | 263 |
| അൻപിൻ കരങ്ങൾ നീട്ടണേ | 327 |
| അൻപിൻരവമെന്തിൻപമതേ | 452 |
| അൻപിൻ രൂപമേ കാവൽ | 123 |
| അന്തരംഗത്തിലെ | 498 |
| അനുകൂലമെനിക്കേശു | 161 |
| അമൃതകിരണം | 1 |
| അറിയുന്നു ഞങ്ങൾ ദേവാ | 290 |
| അശരണരായ് അഭയം | 67 |
| അറിവിന്നുടയവനേ | 70 |
| അവിവേകിയെന്നാരും പറഞ്ഞി | 316 |
| അരുതാത്ത ചെയ്തികൾ | 118 |
| അരൂപിയായ് വന്നകമേ | 59 |


### ആ


| | |
|---|---|
| ആകുലമാനസരായ് ഭവാനെ | 504 |
| ആത്മനിലങ്ങൾ ഒരുക്കീടാൻ | 481 |
| ആത്മസന്തോഷം പങ്കു | 13 |
| ആത്മാവുകേഴുന്നു മൽപിതാ | 341 |
| ആത്മാവിന്നുടയവനേ | 104 |
| ആത്മനാഥനോടു ചേരുവാൻ | 405 |
| ആത്മാവ് വേദനിക്കുന്നുവോ | 407 |
| ആത്മാവു ബലഹീനമാകു | 83 |
| ആത്മാവിൻ ആനന്ദം നിത്യാ | 441 |
| ആത്മാവിനാന്ദമരുളിയ | 18 |
| ആത്മാക്കൾ നേടുവാൻ | 251 |
| ആത്മാർപ്പണം ചെയ്യും ദാസ | 334 |
| ആത്മാർപ്പണം ചെയ്തു വന്ദി | 276 |
| ആത്മാവിൻ ദിവ്യാനുഭൂതിയാ | 176 |
| ആത്മാവിൽ നിറയാം ആനന്ദ | 194 |
| ആത്മാവിൽ ആനന്ദം സ്വർഗ | 49 |
| ആത്മാവിൽ അമൃതായ് | 72 |
| ആത്മാവിൽ പറന്നുയരാൻ | 141 |
| ആർത്തുഘോഷിക്കാം | 11 |
| ആയിരങ്ങൾ പതിനായിരങ്ങൾ | 2 |
| ആരാധന പ്രിയനൽഫാ | 509 |
| ആരാധ്യനായവനേ | 268 |
| ആരാധിക്കാം നമുക്കാത്മാവിലെ | 8 |
| ആരുമേയില്ലെനിക്കാശ്രയമായി | 409 |
| ആരുണ്ടു ദൈവമേ ഏഴയ്ക്കൊ | 396 |
| ആർദ്രവാനേ ആരാധ്യനേ | 116 |
| ആരും സഹായിക്കാനില്ലാ | 215 |
| ആരുമാരും കാണാതെ | 208 |
| ആഴ്ചവട്ടത്തിന്റെ ആദ്യനാളിൽ | 367 |
| ആശ്വാസമില്ലാതലയുന്നോരെ | 287 |

ആശ്രിതവത്സലനേ മശീഹായെ 131
ആനന്ദമായ് നമ്മെ ആനയി 198
ആലംബമില്ലാതെ 216
ആനന്ദസാഗരതീരത്തു 221
ആയുസിന്നുടയോനെ 50
ആശ്വാസമേകുന്ന വല്ലഭാ 69

ഇ

ഇത്രത്തോളം വൻകൃപയിൽ 17
ഇത്ര നല്ല ദൈവമുണ്ടോ 275
ഇന്നുരാത്രി അത്ഭുതരാത്രി 154
ഇടതടവില്ലാതെ ധ്യാനിക്കു 307
ഈ ജീവിതം എത്ര 416
ഈ പുണ്യനാളിന്റെ ഓർമ്മയെ 380
ഈ ലോക ജീവിത ദുഃഖ 430

ഉ

ഉച്ചത്തിൽ ഞാൻ 129
ഉജ്ജ്വലരായ് 174
ഉണർവ്വിൻ കാറ്റിന്നയയ്ക്കേണമേ 65
ഉപമകളാൽ ഉപദേശിക്കുമ്പോൾ 147
ഉയർത്തെണീറ്റെൻ പ്രിയ 429
ഉഷസ്സുദിക്കുന്നുവത്രേ 183

എ

എത്ര മനോഹരതീര 294
എത്ര നല്ല സ്നേഹിതനേശു 37
എത്ര നാളായ് കാത്തിരിക്കുന്നേ 54
എത്രയോ സന്തോഷം 433
എനിക്കൊരു നന്മയ്ക്കും കുറ 165
എനിക്കായ് യാഗമായവനേ 492
എനിക്കായ് തകർന്നവനേ 337
എൻ വിഷാദം മാറാൻ 419
എന്നെ ശുദ്ധാത്മാവറിയുന്നു 55
എൻ ദൈവമേ നിന്നിൽ 42
എൻ പ്രിയനേ മനം 46
എന്നിൽ ചൊരിയും സ്നേഹം 336
എന്നിദീ വനലു 280
എന്നെ സ്നേഹിക്കുന്ന 24
എന്നെ വഴി നടത്തുന്നൊരു 31
എന്നെ മനുഷ്യർക്കുമുന്നിലായ് 238
എന്നെ നന്നായറിയുന്നവൻ 170
എന്നിലെ കുറവുകൾ ക്ഷമിക്കു 203
എന്റെ പ്രാർത്ഥനകൾ 487
എന്റെയുള്ളിൽ നുരഞ്ഞു 462
ഏകനായ് നിരന്തരം 185
ഏക സത്യ ദൈവത്തെ വാഴ് 479
എന്റെ ആധികൾ തീർക്കാൻ 410
എന്റെ പ്രിയൻ യേശുമഹേശൻ 406
എന്നാണു നാഥാ എൻ സങ്കട 389
എന്റെ സങ്കടങ്ങൾ എന്നു തീരു 387
എന്റെ വചനം കേൾക്കുക 372
എന്റെ ആയുഷ്കാലമൊക്കെയും 4
എന്റെ പ്രിയനെ കണ്ടുവോ 365
എന്റെ ബലഹീനതകൾക്കു 149
എന്റെ പ്രാർത്ഥന കേൾക്കുന്ന 155
എന്റെ ഹൃദയം കാണുന്ന യേശു 158
എന്റെ ബുദ്ധിമുട്ടുകൾ തീർത്തു 273
എളിയവരോടെന്നും കാരുണ്യം 451
എന്തെന്തു പ്രതിസന്ധി 186
എരിതീയിൽ നിന്നെന്നെ 202

ഒ

ഒരുതിരി നാളമായ് എരിഞ്ഞ 414
ഒരുനാളും പിരിയാത്ത സഖി 464
ഒരു ജനമായ് നടത്തിയ 57
ഒരുവൻ തൻ സ്നേഹിതനോടഭി 440
ഒരുമയിലുയരാം ഉണർവ്വേകീ 288
ഒരുമനപ്പെട്ടു നീ യേശുവിൽ 127
ഒലിവുമലയിൽ രാജരാജൻ 260
ഒലിവുമലയിൽ പ്രീയനെത്തി 363
ഓടുന്നു ഞാൻ ദൈവമേ 86
ഓ സുദിനമിതാ 516

ക

കരയുന്ന മനസ്സിന്റെ നൊമ്പരം 74
കരുണയ്ക്കായനുദിനം കാത്തി 333
കരുണായ്ക്കായേശുവേ.... 66
കർത്താവിനോശാന പാടുന്നു 356
കർത്താവേ കണ്ണീർ മാറ്റണമേ.... 319
കണ്ണീരൊഴുക്കൂ നിലവിളിക്കൂ 274
കണ്ണീരൊപ്പാൻ വേദന 45
കണ്ണീരു തീരും വേദന മാറും 254

കണ്ണീർ തൂകുമ്പോൾ മിഴികൾ 234
കണ്ണീർ വറ്റാത്ത വേദന 384
കണ്ണീർ താഴ്‌വരയിൽ 142
കണ്ണീരൊഴുക്കുവാൻ മാത്രമേ 395
കണ്ണുകൾ തെളിഞ്ഞു കാണു 95
കർത്താവേ ഈ ലോകത്തിൻ 53
കർത്താവാം ദൈവമേ നിന്നിൽ 388
കരയുന്ന കാക്കകൾക്കാഹാര 247
കരയുന്ന മർത്യനു കാരുണ്യം 200
കഷ്ടതയനവധിയുണ്ടെന്നാലും 408
കർത്താവിലെപ്പോഴും 227
കർത്താവിൽ മരിക്കുന്നോരു 411
കർത്താവേ അങ്ങേയ്ക്കായ് 446
കർത്താവേ നീ എന്റെ 71
കർത്താവിന്നാലയം 164
കരുണയിൻ കരങ്ങളിൽ 497
കരുണയുള്ളോൻ ദീർഘക്ഷമ 412
കരുണയേക നിർമ്മലാത്മ നാഥാ 505
കർത്താവേ എന്നെ കഴുക 119
കർത്താവേ തിരുഹിതമറിയട്ടെ 310
കരുണയ്ക്കായ് യാചിക്കും 132
കരുണയുള്ള ദൈവമെന്റെ 144
കരുണയിൻ കരങ്ങൾ ഉയർത്ത 172
കളിമണ്ണ് കുശവന്റെ 335
കന്യക ഗർഭിണിയായ് 347
കന്യയാൾ പിന്നിട്ടുഭയസമ്മതം 330
കാരുണ്യവാനേ തിരുമാർവ്വിൽ 100
കാലിനു ദീപം വചനം 257
കാഹളധ്വനിയോടെഴുന്നള്ളു 371
കാരുണ്യം വാർന്നൊഴുകീടുന്ന 223
കുരിശിന്റെ വഴിയിലൂടടിയൻ 362
കുറ്റം ചെയ്യാതെന്റെ നാഥനെ 390
കൂരിരുൾ തന്നിൽ സൂര്യോദയം 346
കൂടാരമാകുമീ ഭൗമ ഭവനം 448
കൂടുമ്പോൾ ഇൻപം പകരും 518
ക്രൂശിൽ തറച്ചെന്റെ നാഥന്റെ 359
ക്രൂശിതനേശുവിൻ രുധിര 478
കേൾക്കൂ ഇൻപസ്വരം 510
കേൾക്കുവാൻ വേഗത 438
കേരളനാടിന്നുത്സവമീ 466
കേൾക്കണമേ യഹോവേ 64
കൊയ്ത്തിനു സമയമായ് നേരം 370
കൊച്ചു കൊച്ചു മക്കളെ എന്റെ 168
കൃപയുടെ കരങ്ങളിൽ വഹി 404
കൃപകൾ പകർന്നിടണേ 79
കൃപയുടെ മാരി ചൊരിഞ്ഞിട 91
കൃപയുടെ സുന്ദരനിമിഷം 51
ക്ഷമയെന്നിൽ കനിവേകി 303
ക്ഷീണം സഹിച്ചു മടുത്തു 231
ക്ഷീണിക്കാനല്ല, തളർന്നിടാനല്ല 261

ച

ചതഞ്ഞ ഓടയിൽ നിന്നും 113
ചാട്ടവാറാഞ്ഞുപതിച്ചതിലൂറിയ 361
ചിതറിയ കളിമൺ പദം വരു 146
ചിറകതിൽ മറച്ചനുദിനവും 143
ചിറകിന്റെ മറവിൽ മീവൽ 425
ചുറ്റിലും ശത്രുക്കളെൻ 96
ചൈതന്യമേകുന്നു ദൈവം 460

ജ

ജഡത്തിൽ വിതയ്ക്കും 309
ജീവകിരീടം ചൂടാനൊരുങ്ങാം 458
ജീവനുള്ള ദൈവത്തെ 422
ജീവിക്കുന്നിന്നും ഞാൻ 213
ജീവിക്കും നാൾകളെല്ലാം 7
ജീവിത ദുഃഖമകന്നിടുവാൻ 152
ജ്ഞാനമുള്ളൊരു ഹൃദയം 320

ഞ

ഞങ്ങൾക്കായ് ക്രൂശിൽ യാഗ 195
ഞാൻ പാടും യേശുവിനായ് 340
ഞാൻ യേശുവിൻ ചാരെ അണ 191
ഞാനെന്റെ കഷ്ടതയിൽ 33
ഞാനറിയാതെന്നിൽ 313
ഞാൻ തന്നെ വഴിയും 248

ത

തട്ടിയുണർത്തുക ദേവാ 40
തലമുറയായി നാം ദൈവ 9
തള്ളിക്കളഞ്ഞില്ലുപേക്ഷിച്ചു 230
തമ്പുരാനേ മഹാദൈവമേ 328
തളരുന്നു ദൈവമേ കൈകാലി 476

തിരുമുഖദർശനം 269
തിരുനാമം ദുഷിക്കപ്പെടുന്നേ 397
തിരുസഭയുണരട്ടെ 279
തിന്മകളാൽ മനമുഴലുകയോ 278
തിരുസുതരാം ഞങ്ങൾക്കഭയം 204
തിരുഹിതം നിറവേറ്റിടാൻ 63
തിരുഹിതം അനുസരിക്കുവാൻ 137
തിരുരാജ്യ വർദ്ധനയ്ക്കായിന്നു 134
തിരുനാവുരയ്ക്കുവതന്നേരം 130
തിരുസ്നേഹം മാത്രമാണെന്റെ 121
തിരുനിണമെന്നേയും ശുദ്ധനാ 445
തിരുരക്തത്താലുള്ളം കഴുകേ 107
തിരുജനം വിദ്വേഷപാതയിലോ 471
തിരുനിവാസം ഞങ്ങൾക്കൊരുമ 374
തീയിങ്കലുരുകുന്ന മെഴുകുപോലെ 42
തെറ്റുകൾ ഞങ്ങളെ ബലഹീരാ 89
തെക്കൻ കേരളമുണരുന്നു 465
ത്രിയേക ദൈവത്തിൻ വരദാനമീ 517

ദ

ദാഹിക്കുന്നോർക്കന്റെ സ്വർഗ്ഗീയ 468
ദിവ്യപ്രകാശമേ ആനയിച്ചാലും 58
ദീപാവലി ഐക്യ ദീപാവലി 352
ദുഃഖ സാഗരതീരത്തിലയുന്നേ 102
ദുർന്നടപ്പാകെ ത്യജിക്കും 262
ദൂരസ്ഥരായിരുന്നോരേ 431
ദേവുനി നാമമുനു ഭയപ്പെട്ടീ 246
ദോഷിയാമെന്നുടെ പ്രാർത്ഥന 88
ദോഷങ്ങളാലെന്നെ പരീക്ഷി 447
ദൈവമെന്നെ സ്നേഹിക്കുന്നു 218
ദൈവത്തിനായ് നമ്മെ സമർപ്പി 217
ദൈവമേ നന്ദിയാൽ തൃപ്പാദ 21
ദൈവമേ അങ്ങെന്നെ വിസ്മരി 206
ദൈവത്തിന് സ്തോത്രം ചെയ്യാം 16
ദൈവമേ നീയെന്നെ 25
ദൈവം നമ്മെ നടത്തും 32
ദൈവത്തിൻ നാമത്തിൽ 39
ദൈവമേ തൃക്കര സ്പർശനം 40
ദൈവമെന്റെ സങ്കേതം കോട്ടയു 52
ദൈവമേ ഇത്രമേൽ കൃപവർഷീ 56
ദൈവത്തിനായ് സമർപ്പിച്ചിടാം 314
ദൈവമേ അവിടുത്തെ കാരുണ്യ 308
ദൈവമേ നിന്നോടടുത്തിടു 302
ദൈവത്തിന്റെ കൈയ്യിൽ നമ്മെ 293
ദൈവത്തെ ഞാനെന്നും 277
ദൈവജനമേ ആത്മാവിൽ 271
ദേവുഡു ജീവിസ്തുന്നാടു 282
ദുഃഖിക്കാനല്ല പ്രാർത്ഥിക്കാന 286
ദൈവത്തിൻ ഔദാര്യദാനമാം 225
ദൈവം വിശുദ്ധൻ പരിശുദ്ധന 187
ദൈവത്തെ പരിഹസിക്കാൻ 162
ദൈവത്തിൻ സാന്നിദ്ധ്യം 128
ദൈവത്തിൻ ഔദാര്യദാനങ്ങൾ 122
ദൈവംതാൻ സ്നേഹിക്കും 90
ദൈവമേ എന്റെ നിലവിളി കേൾ 324
ദൈവാത്മാവേ എന്നെ 323
ദൈവത്തിനായ് നമ്മെ 329
ദൈവമേ അങ്ങയെ 339
ദൈവാത്മാവെന്നുള്ളിൽ 424
ദൈവമേ അവിടുന്നീ ഏഴകൾ 450
ദൈവത്തെ മുഖാമുഖം 485
ദൈവമേ നമിക്കുന്നു ഞങ്ങൾ 495
ദൈവമേ അവിടുത്തെ സന്നിധി 500
ദൈവത്തെ ആരാധിക്കാൻ 511
ദൈവമേ നീ എന്നെ ശോധന 394

ന

നട്ടതും നനച്ചതും വ്യർത്ഥമെന്നെ 386
നന്ദി നാഥാ നിനക്കർപ്പിച്ചു 507
നന്ദിയാലുള്ളം പുളകിതമാകുമേ 41
നരകത്തിൻ യാതന അകറ്റീ 455
നല്ല സ്നേഹിതൻ യേശുനായ 209
നൽവരങ്ങൾ പ്രാപിക്കാൻ 295
നറുനിലാവൊഴുകുന്ന 354
നാഥാ പൊഴിയണമാശിഷ 379
നാശകരമായ കുഴിയിൽ 114
നാൾതോറും നമ്മുടെ 189
നിത്യനായ ദൈവത്തെ 513
നിത്യസ്നേഹിതനായ ദേവാ 482
നിന്നെ പിരിഞ്ഞൊരു നന്മയും 22
നിരുപമ സ്നേഹത്തിന്നുട 28
നിശബ്ദവേദനയെത്ര സഹി 43

നിങ്ങൾക്കേകും ദാനങ്ങൾ 48
നിർമ്മലമാനസം നൽകുക 80
നിർമ്മലമായൊരു ഹൃദയം 99
നിർദോഷിയായെന്നെ കരുതീടു 103
നിത്യവും ദൈവത്തിൻ 159
നിശയുടെ ശാന്തതയിൽ 182
നിർമ്മലമനസ്സിന്നുടമകളാകാൻ 196
നിന്റെ ശോധനയും വേദനയും 167
നിത്യവാസം പുനരാഗമനത്തിൻ 443
നിത്യതയ്ക്കായിട്ടൊരുങ്ങാം 442
നിദ്ര്യാവിഹീനമാം രാവു 219
നിന്നിലും ഉന്നതനായി ഞാനു 472
നിന്റെ ഭാരങ്ങളഖിലവും 239
നിന്നെപ്പിരിഞ്ഞൊന്നും ചെയ്യു 475
നിന്ദിതനായ് ഞാൻ അലഞ്ഞി 241
നിലവിളിക്കുന്നെന്റെ 301
നിർമ്മലമാനസം ഞങ്ങളിൽ 331
നിർമ്മലമാനസം നൽകുക 399
നിർമ്മലരാവുക ദിനവും 462
നിന്ദ്യരായ് തീരാതെ 454
നിത്യം വിശുദ്ധമാം 467
നീ പ്രാർത്ഥിക്കുമ്പോൾ 243
നീയെന്നെ സ്നേഹിക്കും 391
നീയെന്നെ മറന്നതെന്തെന്റെ 403
ന്യായം വിധിക്കുന്ന ദൈവമേ 73

**പ**

പരദേശിയെ സ്നേഹിപ്പിൻ 332
പരിശുദ്ധാത്മാവേ ഞങ്ങളിൽ നീ 81
പരിശുദ്ധാത്മാവേ നിറയുകില്ലേ 93
പരിശുദ്ധനേ നിന്നാവിയാൽ 108
പരിശുദ്ധാത്മാവേ വരേണമേ 120
പരിശുദ്ധ ദേവാ തിരുസവിധേ 135
പരിശുദ്ധാത്മാവേ സ്ഥിരവാസം 87
പരിമളമുതിരും രാത്രി 350
പരിശുദ്ധാത്മാവേ വരൂ 461
പരിശുദ്ധാത്മാവേ നീ നടത്തേ 488
പരിശുദ്ധനേ നിൻ ആത്മാവി 496
പരിശുദ്ധാത്മാവുള്ളിൽ വന്നി 499
പർവ്വതങ്ങളെ നിർമ്മിച്ചവൻ 291
പരിശുദ്ധറൂഹായെ കൂട്ടായിരു 270
പാടുവാൻ മോഹമുണ്ടേശുവേ 47
പാടേണമെനിക്കെന്നും 502
പാപിയാമെന്നോടു ദയ 84
പാപക്കടലിൽ പതിക്കാതെ 85
പാപത്തിൽ ജനിച്ചവരല്ലോ 494
പാപത്തെ അറിയാതിരുന്നെങ്കിൽ 111
പാപത്തിന്നടിമനുകത്തിൻ 490
പാപചിന്തകളെന്നിൽ 201
പാപിയാമെന്നുടെ പാപങ്ങളൊ 211
പാപിയാമെനിക്ക് സ്വന്തമേശു 338
പാപിയെ സ്നേഹിക്കും നാദം 480
പാടുവാൻ മോഹമായ് 382
പുതിയൊരു പുലരി വിടർന്നു 515
പൂർണ്ണനായീടുവാനാശയുണ്ടോ 444
പ്രത്യാശയേകും വിശുദ്ധ റൂഹാ 432
പ്രഭാതമായ് കതിരവനുദിച്ചു 519
പ്രവചനം നിറവേറുന്നു 272
പ്രാപ്തരാക്കുക ദൈവമേ തവ 493
പ്രാർത്ഥിക്കാൻ വരം വേണം 82
പ്രാർത്ഥിച്ചാൽ സുഖംനേടാം 153
പ്രാർത്ഥനകേൾക്കും സ്നേഹ 60
പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ 173
369. പ്രതികാരവാഞ്ഛനാ ജീവിത 109
പ്രാർത്ഥനയ്ക്കായ് മനം ജാഗരി 177
പ്രാർത്ഥനയ്ക്കുത്തരം നിശ്ചയ 265
പ്രാർത്ഥനയാൽ നേടാം ദൈവ 426
പ്രീയാ നിൻ പൊൻമുഖം 392
പൊന്നേശുതമ്പുരാൻ നസ്രേ 398
പൈശാചികന്റെ പരീക്ഷകളാൽ 220

**ഭ**

ഭയപ്പെടുകില്ല നാം ദൈവ 175
ഭയപ്പെടില്ല ഇനി ഭയപ്പെടില്ല 180
ഭാരതം യേശുവേ അറിയേണം 483
ഭൗമശരീരം തകർത്തവൻ 368

**ബ**

ബത്‌ലഹേമിൻ മടിയിൽ 342
ബത്‌ലഹേം നാട്ടിൽ ഞാൻ 353
ബലഹീനരായ് നാൾകളേറെ 29

**മ**

മകനേ എൻ മകളേ നിൻ മന 236

മകനേ മകളേ നിൻ ജീവിതം 249
മദ്ധ്യാകാശേ യേശുനാഥൻ 373
മണ്ണോടുമണ്ണായ് നീ മാറും 237
മനക്ലേശങ്ങൾ തെല്ലും വേണ്ട 166
മശിഹാശിശുവേ പരമഗുരോ 36
മനുഷ്യാ നിൻ ദൗർബല്യമെ 157
മനസ്സു തകർന്നവരേ 235
മായയാം ഈ ലോക ജീവിതം 255
മാമക മാനസം കീഴടക്കി 38
മാറത്ത് പൊൻകച്ച ധരിച്ചവനാ 459
മരണത്തിനപ്പുറം 300
മിണ്ടാതിരുന്നു ഞാൻ ദൈവ 77
മുറിവേറ്റ ഹൃദയവുമായ് 316
മോഹങ്ങൾ ക്രൂശിച്ചു 6

യ

യഹോവ ന്യായത്തിൻ ദൈവം 245
യാചനാശബ്ദം ശ്രവിക്കുന്ന 115
യേശുവിന്റെ രക്തത്താൽ 470
യേശു എനിക്ക് തുണയല്ലയോ 393
യേശു പിറന്നീ ഭൂവിൽ 355
യേശുവേ നിൻ ദയ വർണ്ണിക്കു 369
യേശുവിൻ പൈതലാണു ഞാൻ 325
യേശുവേ ഞങ്ങൾ നിസ്സഹായ 332
യേശുവേ നിൻ പേർക്കെന്തു 315
യേശു ചോദിക്കുന്നു 244
യേശുവിന്റെ രക്തത്താലേ 181
യേശുവെപ്പോലാകാൻ വ്യഗ്രത 163
യേശുവേ നീ മാത്രമെന്നോടിരു 138
യേശുവേ തിരുസവിധേ 136
യേശുവേ നിൻ പൈതലാകു 68
യേശുവിൻ നാമത്തിൽ 15
യേശുവിൻ കരം പിടിച്ച് പിൻ 197
യേശുവിൻ കരങ്ങളിൽ 289
യൗവ്വനജനമാമെലു 281

ര

രക്ഷണ്യ സന്തോഷത്താൽ 258
രക്ഷയ്ക്കായ് യാചിപ്പൂ എൻ 75
രോമാഞ്ചകഞ്ചുകമോടേശു 351

ല

ലോകനാഥൻ യേശു പിറന്നു 348
ലോകത്തിലാരുമേ മാനിക്കില്ല 184
ലോകമേ നിന്നെ ഞാൻ 207
ലോകരെല്ലാം നിന്നെ വെറു 240

വ

വന്നിടുവിൻ സുവിശേഷകരായി 283
വചനം കാലിനു ദീപം 469
വചനം ജഡമായ് അവതരിച്ചു 358
വചനം വിളയുന്ന നിലമാക നാം 436
വളരുമാറാക്കുന്നവൻ 385
വാളെടുക്കാനായ് അഭ്യസിച്ചോ 364
വാഗ്ദത്തത്തിൽ വിശ്വസ്തനേ 473
വാഗ്ദത്തം ചെയ്ത വിശ്വസ്ത 452
വാടിയ തൃണമതിൽ ഹിമകണ 486
വിടുതലിൻ ദൈവം കൂടെ 456
വിജയവീഥി തെളിച്ചു 188
വിനയത്തിൻ തോടുകളാകാം 199
വിരഹത്തിൻ നോവേറ്റു 160
വിശുദ്ധനായ ഗുരുവിനെത്തേടി 23
വിശുദ്ധി വിട്ടൊഴിഞ്ഞിടാതെ 76
വിശുദ്ധനാക്കുക ദേവാ 101
വിശ്വാസത്താൽ വിടുതൽ 423
വിശ്വാസം ഞങ്ങളിൽ 78
വിശ്വാസദായകാ കൃപയേകണേ 110
വിശ്വാസത്തിൻ ചിറകുകളാൽ 156
വിശ്വാസമെത്രയോ വൻ കാര്യമേ 151
വിശുദ്ധനിണം വിയർപ്പായ് 299
വിശുദ്ധരല്ലല്ലോ നമ്മൾ 474
വിശ്വാസത്താലെ ഞാൻ വൻ 417
വീണ്ടെടുത്തീടണേ പാപിയാം 413
വീണ്ടും സമർപ്പിക്കുന്നേശുവേ 298

ശ

ശക്തനായവൻ നൽകും ശിക്ഷ 449
ശക്തിയെ പുതുക്കുന്ന ദൈവ 489
ശക്തി തിരുശക്തി 503
ശത്രുക്കളിൽ നിന്ന് വിടുവിച്ച 178
ശാപത്താൽ മുള്ളും പറക്കാരയും 501
ശാശ്വതശാന്തി പകർന്നീടുവാൻ 344

ശാശ്വതസ്നേഹമാഗോചരമേ 35
ശീതളചന്ദ്രികപാലൊളി 343
ശുദ്ധാത്മാവേ നിൻ സാന്നിദ്ധ്യം 214
ശുദ്ധരത്യാനന്ദത്താലെന്റെ 415

സ

സത്യത്തിൻ പൊൻപ്രഭവിതറും 192
സജ്ജനമാവുക നമ്മൾ 259
സത്യത്തിൽ നടന്നിടാം പ്രിയരേ 437
സന്തുഷ്ടരായ് നാം 349
സർവ്വരും യഹോവയ്ക്കാർപ്പിടു 514
സർവ്വശക്തന്റെ വലംഭാഗത്തായ് 360
സർവ്വശക്തന്റെ അസ്ത്രമെന്നിൽ 383
സർവ്വശക്താ സ്തുതിച്ചിടുന്നേ 3
സഭയുടെ നാഥാ 20
സർവ്വേശ്വരാ സർവ്വം 318
സമർപ്പണം ചെയ്യാം 306
സർവ്വശക്തൻ നിനക്കേകും ശിക്ഷ 233
സത്യത്തിൽ നടന്നിടാനാശ 434
സത്യത്തിൻ സാക്ഷിയായ് 435
സത്യത്തെയെന്നാളും തടഞ്ഞു 439
സമ്പൂർണ്ണ ദൈവീക സ്നേഹം 210
സഹതാപമർഹിക്കുന്നില്ലേ 381
സാത്താനേ ഓടിപ്പോകെൻ 418
സാ....സാനിധനി (വർണ്ണം) ശ്രീയേശു 477
സാന്ത്വനമേകുന്ന ദൈവപുത്രാ 126
സാധു ഞാൻ തിരുസുതൻ 45
സാന്നിദ്ധ്യം നിറയട്ടേ 320
സാന്ത്വനം നൽകുന്ന പരിശുദ്ധാ 400
സാഹോദര്യത്തിൻ ബാലപാഠ 34
സ്വാഗതം 376
സ്വർഗ്ഗ സിംഹാസനത്തിൽ 378
സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം 232
സ്വർഗ്ഗത്തിലാനന്ദഘോഷമുണ്ടേ 253
സ്വർഗ്ഗലോകം പൂകുവാൻ 124
സൗഖ്യമാക്കാൻ നിന്റെ കരം 428
സ്തുതിയ്ക്ക് യോഗ്യൻ 457
സ്തോത്രയാഗം അർപ്പിക്കുന്നിതാ 491
സ്ത്രോത്രം സ്ത്രോത്രം ഹല്ലേലൂയ 19
സ്രഷ്ടാവാം ത്രീയേക ദൈവ 10
സ്നേഹമേ കാൽവരിനാഥാ 228
സ്നേഹിച്ചോരെല്ലാം 264
സ്നേഹിതരെല്ലാം കൈവെടി 256
സ്നേഹത്തിൽ ജീവിപ്പതെത്ര 226
സ്നേഹത്തിൽ നിത്യം 212
സ്നേഹത്തിൻ സംഗീതമേ 224
സ്നേഹിതനായ് പ്രിയനേശു 169
സുവിശേഷത്തിൻ മധുരിമ 179
സുദിനം സുദിനം 375
സുരഭില സുന്ദര 377
സുവാർത്താവാഹികളേ 252
സുന്ദരാ രക്ഷകനേ 14
സൂര്യകിരണം പ്രഭ 285

ഹ

ഹല്ലേലൂയ്യ...... (3) 321
ഹാലേലൂയ്യാ ഹാലേലൂയ്യാ 26
ഹൃദയകവാടം തുറക്കുന്ന 229
ഹദൃയകവാടം തുറക്കൂ 267
ഹൃദയത്തിൻ ആഴത്തിൽ 311
ഹാ ഹാ എന്തൊരാനന്ദം 506
ഹിമകണമലരുകൾ പുതച്ചു 345
ഹൃദയം നുറുങ്ങുമീ അടിയങ്ങളെ 97
ഹൃദയത്തിന്നാഴത്തിൽ നിന്നുതിർ 27
ഹോശന്നാപാടീടാം യേശുവിൻ 357

CHORUS

Will you allow me to bless you 266
I will abide Lord I will obey 98
Let me see thy loving hands 106
Oh ! Lord, I feel so sad 117
Make me fool my Lord Jesus 133
Fill me Lord, fill me Lord 508

# റൈറ്റ് റവ. ഡോ. പനതപുരം മേത്യൂസാം രചിച്ച ക്രിസ്തീയ സഭകൾക്കുള്ള ഗാനങ്ങൾ

## സ്തുതി സ്തോത്രങ്ങൾ

### 1

അമൃതകിരണം തലമേൽ വർഷി-
ച്ചാധികളാകെയകറ്റിയ ദേവാ,
ആയിരമായിരം സ്തുതികൾ വർഷി-
ച്ചാരാധിപ്പൂ തിരുസവിധേ.

1. ക്രൈസ്തവ ഗാഥകൾ ഹൃദയതംബുരു-
ശ്രുതികൾ മീട്ടുന്നനുദിനം;
ഏറ്റുപാടാൻ നാവുകൾക്കതി-
വാഞ്ഛയേറുന്നേ, പരനേ; വാഞ്ഛയേറുന്നേ.

2. സൗഭാഗ്യത്തിൻ നാളുകളനവധി-
ഹർഷോന്മാദം ചൊരിയുമ്പോൾ;
സായൂജ്യത്താൽ സ്തുതിയിൻഗീതികൾ
പാടിയാർക്കും ഞാൻ, ദിനവും പാടിയാർ
ക്കും ഞാൻ.

### 2

ആയിരങ്ങൾ പതിനായിരങ്ങൾ
ദൈവത്തെ വാഴ്ത്തിപ്പാടിടുന്നു;
പാടിടാം നാമും ഭൗമിക വേദിയിൽ,
ആത്മാർപ്പണത്താൽ നിത്യതയ്ക്കായ്.

1. നിലവിളിക്കുന്നിതാ ദൈവമേ ഞങ്ങൾ
തിരുസന്നിധേ സ്തുതി ഗീതമോടെ,
അന്തരംഗത്തിലെ ആധിയകറ്റാൻ
വാത്സല്യമായ് വേഗം അരികിലെത്തൂ.

2. ദൈവഹിതത്തിനായ് സമ്പൂർണ്ണമായ്നമ്മെ
സമർപ്പിക്കുകിൽ തെല്ലും ഭീതി വേണ്ട,
ആധികൾക്കന്ത്യം വരുത്തുമെൻ പ്രീയൻ,
സ്തുതിമുഴക്കാം അതിധൈര്യമോടെ.

### 3

സർവ്വശക്താ സ്തുതിച്ചിടുന്നേ,
നമിക്കുന്നു നിന്നെ നിത്യം;
ആരാധ്യനാം ദൈവപുത്രാ;
ആരാധനാപൂർവ്വം സ്തുതിച്ചിടുന്നു.

1. ആകാശഗോളങ്ങൾക്കപ്പുറം നീ,
അനുപമശക്തിയിന്നുറവയല്ലോ;
മർത്യനെ രക്ഷിക്കും ദൈവമല്ലോ,
ശിക്ഷയും നൽകുന്ന നീതിമാൻ നീ.

2. പാപശാപങ്ങൾ മോചിക്കുവാൻ,
പാപിയാമെന്നേയും രക്ഷിക്കുവാൻ,
തിരുനിണം ക്രൂശിൽ ചിന്തിയോനേ,
ദോഷിയാമെന്നെയും രക്ഷിച്ചല്ലോ.

3. അർപ്പിച്ചിടുന്നീ ദേഹം ദേഹി,
ആത്മാവും സർവ്വവും തിരുസവിധേ;
ലംഘനങ്ങൾ മുറ്റും ക്ഷമിച്ചതാലീ,
നിർഭാഗ്യവാനും തിരുസുതനായ്.

### 4

എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ
പാടും,
യഹോവയ്ക്കായി നിത്യം പാടും;
ഞാനുള്ളിടത്തോടം, കീർത്തനം പാടും,
ദൈവമേ നിനക്കു സ്തോത്രം പാടും.

1. സന്തോഷിക്കും നിത്യവും യഹോവയിൽ
മാത്രം,
ധ്യാനിച്ചീടും നിന്നെയെന്നും, പ്രസാദി
ക്കേണം;
ക്രോധത്തോടെൻ വൈരികളോടേശുവേ
എന്നും,
തീക്ഷ്ണമായെതിർത്തുനിന്നു രക്ഷിച്ചീടണേ.

2. ദുഷ്ടൻ നിന്നെ നിന്ദിച്ചുംകൊണ്ടുള്ളിൽ ചൊല്ലുന്നു,
ദൈവമെന്നെ മറന്നെന്നു വീമ്പിളക്കുന്നേ;
അനാഥനാമെന്നെപ്പോറ്റും സഹായകനേ,
അഗതിയാമെന്നെ നിങ്കൽ ഏൽപ്പിച്ചീടുന്നേ.

3. ദുഷ്ടന്മാരും ദൈവത്തെ മറന്നിടുന്നോരും,
പാതാളത്തിലേയ്ക്കുതന്നെ ചെന്നുചേരുമ്പോൾ;
സാധുക്കൾ തൻ പ്രത്യാശയ്ക്കു ഭംഗം വന്നീടാ;
ദരിദ്രനാമെന്നെ നാഥൻ മറന്നീടുമോ ?

## 5

അതുല്യനാം ദൈവമേ,
ആരാധിക്കുന്നു ഞങ്ങൾ;
സ്തുതികളുയർത്തുന്നിതാ,
ആരാധ്യദേവാ നിത്യം.

1. സുഗന്ധ ബലിയായ് ഹൃദ്യമായിതാ
അർപ്പിക്കും സ്തോത്രയാഗങ്ങൾ,
സ്വർഗ്ഗം പുകഴാൻ, കീർത്തിപരക്കാൻ,
ഇടയാക്കണമേ തവ കൃപയാൽ.

2. ദൂതഗണങ്ങൾ വാഴ്ത്തിടുമ്പോൾ,
സാറാഫുകൾ സ്തുതിച്ചിടുമ്പോൾ;
തിരുജനവും തവ സാന്നിദ്ധ്യത്തെ,
അറിയുന്നുണ്ടെന്നെന്നും പ്രിയനാഥാ.

3. അനന്യനാമെൻ പിതാവേ തിരു-
ദാനമാം ആത്മാവേകീടണം,
ആരാധനയ്ക്കായ് നിൻപാദാന്തികേ,
അഭയം പ്രാപിക്കുന്നീ ദാസരെന്നും.

## 6

മോഹങ്ങൾ ക്രൂശിച്ചു സംതൃപ്തരാകാം,
സന്തുഷ്ടരായ് ദൈവകൃപ തേടിടാം;
അന്നന്നുള്ളന്നം തരുന്ന ത്രിയേകനു-
സ്തുതിസ്തോത്രമർപ്പിച്ചു നന്ദിയേകാം.

1. വറ്റാത്ത സ്നേഹത്തിന്നുറവയാമീശനിൽ
സമ്പൂർണ്ണമായ് നീ ആശ്രയിക്കിൽ,
സംതൃപ്തിയോടാത്മ നിറവിനാൽ നിന്നെ
നന്മകൊണ്ടനുദിനം നിറയ്ക്കുകില്ലേ ?

2. ദൈവത്തിൻ ദാനമാം കൃപയുടെ വാഗ്ദാനം
സ്വീകരിക്കാനായ് നീ ഒരുങ്ങിടുമ്പോൾ,
കുറവുകളഖിലവും പൊറുക്കുന്ന വല്ലഭൻ
നിഗളമസൂയകൾ മാറ്റുകില്ലേ ?

3. അടിയങ്ങൾക്കവിടുന്ന് ദാനമായ് തന്നവ-
അല്പമായാലും സംതൃപ്തരായ്,
ദാനത്തെ ചോദ്യം ചെയ്തീടാതെ നിത്യവും
സന്തുഷ്ടരായ് മേവാൻ കൃപ തരില്ലേ ?

## 7

ജീവിക്കും നാൾകളെല്ലാം,
യേശുവേ നീ മതിയായവൻ;
അധരങ്ങളാർത്തിടുമേ,
സ്തുതിഗീതികൾ നിനക്കായ്.

1. പെറ്റമ്മയെപ്പോലെ വാത്സല്യമുള്ളോരു,
രക്ഷകനിന്നും ജീവിക്കുന്നു;
തിരുനിണമടിയാരെ ശാപത്തിൽനിന്നും,
കരകയറ്റാനായ് ചൊരിഞ്ഞു ക്രൂശിൽ.

2. സത്യത്തിൻ പാതയിൽ ഓടേണം കാലുകൾ,
നിർമ്മലനാം പ്രഭു യേശുവിനായ്;
അളവില്ലാദാനങ്ങൾ അനുഭവിച്ചോർനാം,
നന്ദികരേറ്റാം എന്നും കർത്താവിന്ന്.

3. നയനങ്ങളെന്നും ദർശിച്ചിടേണമെൻ,
ശാന്തഗംഭീരനാമേശുവിനെ;
അനുതാപ മിഴിനീരോടെത്തേണം നമ്മൾ,
പരിശുദ്ധ പാദങ്ങൾ കഴുകീടുവാൻ.

4. കൃപയാലനുഗ്രഹം പ്രാപിച്ചോർ നാമും,
അധരയാഗം നിത്യം അർപ്പിച്ചീടാം;
ശോഭനഭാസുര ഭാവിയിൻ ദാതാവാം
യേശുവെ വാഴ്ത്തി നാം സ്തുതിച്ചിടേണം.

## 8

ആരാധിക്കാം നമുക്കാത്മാവിലെന്നും,
ആരാധ്യനാമെൻ യേശുവിനെ;
ആകുലമെല്ലാം അകറ്റിടുവാൻ,
ആനന്ദദായകൻ യേശുവുണ്ട്.

1. സ്തുതികളിൽ വാസം ചെയ്യുന്ന ദൈവം,
സ്തുതികൾക്കു യോഗ്യനല്ലോ;
സ്തുതിക്കുക മനമേ അവിടുത്തെ നാമം,
പൂജിതമാകാൻ യോഗ്യമല്ലോ?

2. താതനും മാതാവും സോദരനും, നമ്മെ-
താലോലിക്കുന്നോനും ഏകദൈവം;
താവകനാമം പുകഴ്ത്തീടുവാൻ,
തിരുസവിധേ നാം അണഞ്ഞീടുക.

3. സ്തോത്രങ്ങളർപ്പിക്കുന്നേശുവിനായി
സ്തോത്രാധരം നിത്യം അങ്ങേയ്ക്കല്ലോ;
സ്തോത്രംദേവാ അവിടുന്നാരാധ്യനേ,
സ്തോത്രമേകീടാം അന്ത്യത്തോളം.

4. ദൈവമേ അങ്ങെനിക്കേകുന്നതെല്ലാം,
അവിടുത്തെ ദാനമാണെന്നാളുമേ;
കാട്ടാളനെപ്പോലുള്ളെന്റെ ചിത്തം,
മാൻപേടപോലാക്കി ഭാഗ്യവാൻ ഞാൻ.

## 9

തലമുറയായ് നാം ദൈവത്തിൽനിന്നും,
അനുഗ്രഹങ്ങൾ പ്രാപിക്കുന്നു;
അനന്തനന്മകളോരോന്നുമെണ്ണി,
പരമപിതാവിനു സ്തുതി പാടാം.

1. അതുല്യസ്നേഹം പകർന്നു നമ്മിൽ,
ആമോദത്തിൻ തിരിനാളം-
തെളിച്ചിടാനായ് മരിച്ചുയിർത്തോ-
നായിരമായിരം സ്തുതിപാടാം.

2. അശുദ്ധിയാകെയുമകറ്റി നമ്മെ,
വിശുദ്ധരാക്കാൻ ജനിച്ചവൻ;
വിശുദ്ധരക്തം ചൊരിഞ്ഞതോർക്കാം,
കാൽവരിനാഥനു സ്തുതിയേകാം.

3. ബലഹീനതയാൽ കോപിച്ചെന്നാൽ,
ശാന്തിവരും തിരുനാമത്താൽ;
ഓർക്കുക വല്ലഭനേശുവെ ധ്യാനി-
ച്ചനുനിമിഷം സ്തുതിപാടുക നാം.

## 10

സ്രഷ്ടാവാം ത്രീയേകദൈവത്തിൻ നാമ
ത്തെ,
വാഴ്ത്തിപ്പുകഴ്ത്തീടുവിൻ.
എല്ലാറ്റിനും മേലായ് വാഴുന്ന നാഥനെ
ആത്മാവിലാരാധിപ്പിൻ.
സ്തോത്രം ചെയ്യാം യേശു ജീവിക്കുന്നു,
ഹല്ലേലൂയ്യാ പാടാം ഹല്ലേലൂയ്യാ.

1

നീതിസ്വരൂപൻ രാജാധിരാജൻ
കുമ്പിടാൻ യോഗ്യനായോൻ,
കാരുണ്യമൂർത്തിയാണെൻ ജീവനാഥൻ
സ്തോത്രം കരേറ്റീടുവിൻ.

2

സ്തുതികൾക്കുയോഗ്യനാം സ്നേഹ
സ്വരൂപനെ
ആരാധിച്ചാനന്ദിപ്പിൻ,
വാദ്യഘോഷങ്ങളോടുച്ചത്തിൽ പ്രീയനെ
ആർത്തുഘോഷിച്ചീടുവിൻ.

3

നന്ദിയാലുള്ളം നിറഞ്ഞിടും നേരം
താതന്റെ ചാരേവരൂ,
കൈത്താളമോടെന്റെ നാഥന്റെ കൃപകൾ
കീർത്തിച്ചു സ്തുതിയേകുവിൻ.

## 11

ആർത്തുഘോഷിക്കാം ആനന്ദത്തോടെ,
അനുദിനം ആനന്ദദായകനെ;
കീർത്തനങ്ങളാലും, കിന്നരത്തോടൊപ്പം,
തപ്പിനോടും നൃത്തത്തോടും കൈത്താള
ത്തോടും.

1. സ്തുതികൾക്കു യോഗ്യനാം ഏക ദൈവം,
സീയോനിൽ വസിച്ചിടുന്നെന്നെന്നുമേ;
തലമുറയായ് നമ്മെ നടത്തിടുന്നോൻ,
വിശ്വസ്തനായിന്നും ജീവിക്കുന്നു.

2. അനുഗ്രഹങ്ങൾ ചൊരിഞ്ഞാത്മനാഥൻ,
കർമ്മേലിലും ഹെർമ്മോൻ മലകളിലും;
ആഴിമേലും കൈവിടാതെ നടത്തിടു
ന്നോൻ,
സ്നേഹസമ്പൂർണ്ണനായ് ജീവിക്കുന്നു.

3. കരുണയിന്നുറവയെ തിരഞ്ഞിടുമ്പോൾ,
കരുതലോടണഞ്ഞിടും കൃപചൊരിയാൻ;
കാനനത്തിൽ, മരുഭൂപ്രയാണത്തിലും,
കൈവിടാത്ത ദൈവമിന്നും ജീവിക്കുന്നു.

4. ലംഘനങ്ങൾ കാണുന്നേരം തകർത്തീടി
ലും,
രക്ഷിതാവെന്നോർത്തു നാഥൻ ശാന്തനാ
യീടും;
എത്രകൊടും പാപിയേയും നേർവഴി
കാട്ടാൻ,
കാൽവരിയിൽ യാഗമായോൻ ജീവിക്കുന്നു.

## 12

അത്യുന്നതങ്ങളിൽ വാസം ചെയ്തീടും,
ദൈവപുത്രാശ്രീയേശുനാഥാ;
തിരുസന്നിധേ ഞങ്ങൾ ആരാധിക്കുന്നു,
സ്തുതിക്കുന്നു ഭക്ത്യാ നമിച്ചിടുന്നു.

1. സ്വർഗ്ഗത്തിൽ വാഴുന്ന നീതിമാനേ,
ഹല്ലേലൂയ്യാ സ്തുതി, മാമഹത്വം;
ആരാധകർക്കെല്ലാമാത്മാവു ദാനമായ്,
അളവില്ലാതേകുന്ന ആരാധ്യനേ.

2. ആത്മാവിലാരാധിച്ചാഘോഷിക്കാം,
ആത്മഗീതത്താൽ മഹത്വമേകാം;
സ്വർല്ലോകനാഥന്റെ കീർത്തിപരക്കട്ടേ,
സ്വർഗ്ഗീയരാജാവേ സ്തോത്രമേകാം.

## 13

ആത്മസന്തോഷം പങ്കുവയ്ക്കട്ടെ,
സ്തോത്രാർപ്പണത്താൽ തിരുസവിധേ;
സ്തുതികൾ മുഴക്കാം ഹല്ലേലൂയ്യാ പാടാം,
നമിച്ചിടുന്നടിയങ്ങൾ പാദാന്തികേ.

1.ആരാധനയ്ക്കായ് ഭയഭക്തിയോടെ,
ആരാധകർ ഞങ്ങൾ ആഗതരായ്;
സ്വർഗ്ഗീയ രാജാ മഹത്വം മഹത്വം,
അത്യുന്നതങ്ങളിൽ മാമഹത്വം.

2.ആത്മീയമന്നയിന്നാസ്വദിക്കാനായ്,
ആത്മാവൊരുക്കട്ടെ വിനയമോടെ;
ആഗതരായിതാ പാദാന്തികേ; ദിവ്യ-
നാമം ശ്രവിക്കാൻ വരമരുളൂ.

3.തിരുസഭയ്ക്കെന്നെന്നും നിർവൃതിയേകും,
സ്വർഗ്ഗത്തിൽ വാഴുന്ന നീതിമാനേ;
ദൂതഗണങ്ങൾ തിരുനാമത്തെ ഘോഷിക്കും,
ഭൂവിതിൽ പാടിടാം ഹല്ലെലൂയ്യാ.

## 14

പല്ലവി

സുന്ദരാ രക്ഷകനേ,
ആശിഷമേകിയ നാമത്തെ ഞാൻ;

അനുപല്ലവി

അത്യന്തം ആത്മാവിലാനന്ദത്തോടിന്നു,
വന്ദനം ചെയ്തീടുന്നേ.

ചരണങ്ങൾ

1. മണ്ണിലെ രക്ഷകനേ, വിണ്ണിന്റെ നായകനേ,
എണ്ണമറ്റോരാം പാപികൾ വന്ദിക്കും-
പുണ്യവാനാകും നാഥനേ. - സുന്ദരാ

2. ജീവനെ തന്നവനേ; ശാപങ്ങൾ തീർത്ത വനേ,
ഭൂവിൽ പാപികൾക്കാശ്രയമേകീടും;
ദേവാ എൻ ജീവൻ നീയല്ലേ്ലാ. - സുന്ദരാ

3. കൃപയേകും ദൈവം നീ, കുറവു തീർക്കുന്നോനേ;
അപമാനിതർക്കങ്ങാമോദം നൽകി,
കൃപയിൽ കാക്കുന്ന വല്ലഭനേ. - സുന്ദരാ

4. അധിപതിയായുള്ളോനേ, അതുല്യനാം നായകനേ,
അധിക സേവയാൽ സ്തുതിച്ചീടാം നിന്നെ;
അധരം തുറന്ന വല്ലഭനേ. - സുന്ദരാ

5. മന്നാധിമന്നൻ നീ, ഉന്നത സന്നിധിയിൽ,
എന്നെന്നും സ്തുതിമാല്യമർപ്പിക്കാൻ;
വന്നീടുന്നേ എൻ നായകനേ. - സുന്ദരാ

## 15

യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുമ്പോൾ,
ഉത്തരം നൽകണേ നീതിമാനേ;
ധൂപമായുയരും സ്തുതിഗീതങ്ങൾ,
അർപ്പിച്ചിതാ ഞങ്ങൾ നമിച്ചിടുന്നു.

1. ഉണർവ്വിൻ കാറ്റിന്നയയ്ക്കേണമേ,
ആലസ്യമെല്ലാം അകറ്റേണമേ;
അവിടുത്തെ ദാനമാം ആത്മാവിനെ,
പകർന്നീടണേ ജനം സൗഖ്യമാകാൻ.

2. ഒളിമങ്ങിടാതുള്ള ആത്മ ദീപത്തിൽ-
എന്നും വിരാജിക്കാൻ അത്യാശയേ;
ഇരുളിന്റെ ബന്ധനം തകർത്തീടണേ,
നിത്യമാമാനന്ദം നിറഞ്ഞീടുവാൻ.

3. പരിശുദ്ധാത്മാവേ ഞങ്ങളിൽ നീ,
സ്ഥിരവാസം ചെയ്തങ്ങാനയിക്ക;
സ്തുതികളിൽ വാഴും പരമോന്നതാ,
ദർശനസൗഭാഗ്യം അനുവദിക്കു.

## 16

ദൈവത്തിനു സ്തോത്രം ചെയ്യാം,
കർത്താവിനു സ്തുതിപാടാം;
നല്ലവനല്ലോ അവൻ വല്ലഭനല്ലോ,
ആശ്വാസദായകനല്ലോ.

1. കൈവെടിയില്ലൊരു നാളുമേയവൻ,
കാരുണ്യത്തിൻ ഉറവയവൻ;
അനുതാപത്തിൻ മിഴിനീർകണ്ടാൽ,
കരളലിയുന്നൊരു താതനാണവൻ.

3. തിരുഹിതമാരാഞ്ഞരികെവന്നാൽ,
ആമയമാകെയുമകറ്റിടുമേ;
അപ്രമേയ ശക്തിയാൽ അരൂപിയിൻ,
ആശീർവ്വാദം നിന്മേൽ ചൊരിയും വേഗാൽ.

## 17

ഇത്രത്തോളം വൻകൃപയിൽ നടത്തിയോനെ
ആർത്തുഘോഷിക്കാമീ ദിവ്യനാളിതിൽ,
ദൈവം നമ്മെ വളർത്തിയ മാർഗ്ഗമോർത്തീടാം
സ്തോത്രമർപ്പിക്കാമവനെ ആർത്തുഘോഷിക്കാം.

1. അഭയമേകി അശരണർക്കു ദിവ്യ കൃപയാൽ
ഒരുമയില്ലാത്തജഗണം തിരുജനമായി,
സാക്ഷ്യമോടെ വിടുതൽ പ്രാപിച്ചനുഗമിച്ചിടാൻ
കരുണയേകിയോനു സ്തോത്രമാരാധന.

2. ക്രിസ്തുധർമ്മപാലകരായ് പാരിടത്തിൽ
ശോഭിക്കാൻ,
ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷിഗണ
മായിടാം;
പുനഃപ്രതിഷ്ഠിച്ചിടേണം അവനിൽ വളരേണം,
ആഘോഷിക്കാൻ യോഗ്യമായ ജീവിതം വേണം.

## 18

ആത്മാവിനാനന്ദമരുളിയ ദേവാ,
ആത്മനാഥാ വരുന്നേ;
തിരുനാമകീർത്തനമാലപിച്ചെന്നും
തിരുസേവചെയ്യാൻ വരുന്നു ഞങ്ങൾ.

1. സുകൃതം ചെയ്യാനായ് അവിടുന്നുള്ളത്തിൽ
നിത്യം വസിക്കുകിൽ ആനന്ദമായ്;
തിരുനിവാസത്താൽ ധന്യരാം ഞങ്ങൾ
സ്തുതിച്ചിടുന്നങ്ങേ നമിച്ചിടുന്നു. 2.
ഹർഷോത്മാദത്താൽ സ്തോത്രമർപ്പിപ്പൂ,
ആരാധ്യനാം നൽ സ്നേഹമേയ്പാ;
ആയിരം നാവുകൾ പോരാ മൽപ്രിയാ,
എണ്ണമില്ലാതുള്ള കൃപ വർണ്ണിക്കാൻ.

3. ചിറകടിച്ചുയരുന്നേയാത്മാവു നിത്യം,
പ്രണമിക്കുവാനായ് സർവ്വേശ്വരാ,
ആശയേറുന്നേ തൃപ്പാദ സേവയ്ക്കായ്,
ധന്യരായ് മേവാൻ വരം ചൊരിയൂ.

## 19

സ്തോത്രം ! സ്തോത്രം ! ഹല്ലെലൂയ
ഹല്ലേലൂയ്യാ സ്തോത്രം !
ഹല്ലെലൂയ്യ, ഹല്ലെലൂയ്യ, ഹല്ലെലൂയ്യാ
സ്തോത്രം !
തിരുനാമത്തിൻ മധുരിമ പകരാൻ
തവദാസർ സ്തുതി പാടുന്നേ.

1. ഹാലെലൂയ്യാ, ഹാലെലൂയ്യാ, സ്തുതിയേ
കുന്നേ,
സ്തുതികളിൽ വാസം ചെയ്വോനേ കൃപ
യേകണേ;
തിരുഹിതമടിയരിൽ നിറവേറീടാൻ
വരമേകീടേണം പരമോന്നതാ.

2. സ്തോത്രം സ്തോത്രം കാൽവരിനാഥാ,
ദുരിതമകറ്റിയ പരമോന്നതനേ സ്തുതിയേ
കുന്നേ
ശത്രുവെ വെല്ലാൻ ആത്മബലം താ,
പരിശുദ്ധാത്മാവേ ത്രീയേകനേ

3. അഭിഷേകത്തിൻ ശക്തി അയയ്ക്കുക,
ദാസരിൽ നീ പരമാത്മാവേ കൃപയേകണേ,
പരമപിതാവിൻ സവിധേ ചേരാൻ
ദാഹത്തോടിതാ പ്രാർത്ഥിക്കുന്നു.

### നന്ദി

## 20

സഭയുടെ നാഥാ ഞങ്ങൾ കരേറ്റുന്നു
നന്ദിയിൽ നറുമലർ കാണിക്കയായ്;
ആശ്രയമില്ലാത്ത, അഭയാർത്ഥികൾ-
തിരുജനമായിതാ അനുഗമിപ്പൂ.

1. അഭയം തരുന്ന നൽ പ്രാണനാഥാ,
സുവിശേഷ മന്നയാൽ ശക്തിയേകൂ;
തിരുവാലയത്തിൻ വിശുദ്ധികാക്കാൻ
കൃപയേക, ചൈതന്യദായകനേ.

2. ആപത്തുവേളകൾ അതിജീവിക്കാൻ
ആത്മാവിൻ ശക്തിപകർന്നീടണേ;
സംവത്സരങ്ങളായ് നൽകിയ നൻമയെ-
നീതിസ്വരൂപാ സ്മരിച്ചിടുന്നേ.

3. സായൂജ്യമോടെന്നും ജീവിക്കുവാൻ
വരം നൽകിയോനേ സ്തുതിച്ചിടുന്നേ;
ആശിഷം നൽകുന്ന സർവ്വജ്ഞനേ,
ആത്മ നിറവേകി അനുഗ്രഹിക്കൂ.

## 21

ദൈവമേ നന്ദിയാൽ തൃപ്പാദത്തിൽ,
ഹൃദയം സമർപ്പിക്കുന്നേ;
ആകുലമെല്ലാം അകറ്റിയോനേ
ആത്മാർപ്പണം നീ സ്വീകരിക്കൂ

1. പരിത്യക്തനായെണ്ണി ദൈന്യമായി
മെതിക്കപ്പെട്ടെത്രയോ ദൗർഭാഗ്യമായ്
ആകിലും അർഹിക്കാതെത്രയോ നന്മയാൽ
ആശിഷമേകി നീ അനുഗ്രഹിച്ചു.

2. കണ്ണീരുകണ്ടെന്നെ ആശ്വസിപ്പിച്ചു,
കാവലായ് ദൂതരെൻ കൂട്ടിനെത്തി;
കാലങ്ങളേറെക്കഴിഞ്ഞെന്റെ വല്ലഭൻ
ശുദ്ധീകരിച്ചല്ലോ ആത്മാവിനെ.

3. വിസ്മരിച്ചീടില്ലൊരിക്കലും നാഥാ,
നീ ചെയ്ത നന്മകൾ അവർണ്ണനീയം !
മുട്ടിപ്പായർത്ഥിച്ചതൊക്കേയും തന്നല്ലോ,
മുൻ ജന്മ പാപവും മോചിച്ചല്ലോ.

## 22

നിന്നെപ്പിരിഞ്ഞൊരു നന്മയും വേണ്ടെനി-
ക്കേശുവേ നീയെന്റെ പക്ഷം മതി,
നിന്ദിതനായി ഞാൻ ജീവിച്ച നാളുകൾ
പാടേയകറ്റി നൽ രക്ഷയേകി.

1. അവിവേകിയായെണ്ണിയെന്നെത്യജിച്ചെല്ലാ-
ബന്ധുക്കളുറ്റോരും സ്നേഹിതരും,
ആലംബമായെത്തിയാത്മമിത്രം നീ
ആകുലമൊക്കേയും മാറ്റിടാനായ്.

2. പരദേശിയാകിലും മരുഭൂവിതിൽ ഞാൻ
പരിഭവിച്ചീടാതെ നിൻ പിന്നിലായ്,
പുത്രനെപ്പോൽ നടന്നാർജ്ജിച്ചു സ്നേഹം,
പുത്രത്വവും തന്നു കൃപയാലെ നീ.

## 23

വിശുദ്ധനായ ഗുരുവിനെത്തേടി
വിശുദ്ധ നാടു ഞാൻ സഞ്ചരിച്ചു,
പകലന്തിയോളം പരിഭവമില്ലാതെ
ഉപവാസപൂർവ്വം യാത്രചെയ്തു.

1. ഗാഗുൽത്താ മാമല മുകളിൽ നിൽക്കേ,
ഹൃദയം ത്രസിച്ചതി വേഗമതിൽ;
കല്ലറയ്ക്കുള്ളിൽ കാൽചവിട്ടുമ്പോൾ
ഉള്ളത്തിൽ തിരുസ്വരം പ്രതിധ്വനിച്ചു.

2. ആകുലചിന്തകളാകേ വെടിഞ്ഞ്
മോദേന നാഥനെ വാഴ്ത്തീടവേ,
സാഗരമാലകൾ തഴുകിയതെന്നൽ
കുളിരല ചൂടിയതത്ഭുതമേ.

3. ആത്മദാഹം ശമിച്ചവനായ് പാദ-
സ്പർശങ്ങളേറ്റ പവിത്ര ഭൂമി
കണ്ടു മടങ്ങി, തിരുസുതനായി;
സാക്ഷ്യമുൾക്കൊള്ളും ഹൃദയവുമായ്.

## 24

എന്നെ സ്നേഹിക്കുന്ന ദൈവമേ,
നന്ദിനാഥാ എന്നും നന്ദി;
ദാനമായേകിയ ദാരങ്ങൾ മക്കളും
നിന്റേതുമാത്രം നന്ദി.

1. വേദനിപ്പിക്കുന്ന വേർപാടു ദുഃഖം
നന്ദിയാൽ സ്വീകരിക്കുന്നേ;
താതന്റെ ചാരത്തു നിത്യം വസിക്കുവാൻ
സ്വീകരിച്ചതിനാലും നന്ദി.

2. അന്യപ്പെടാതെനിക്കേകിയ ദാനങ്ങൾ
സമ്പൂർണ്ണ സംരക്ഷണത്താൽ;
സർവ്വശക്താ തൃക്കരങ്ങളിൽ നിത്യം,
സന്തുഷ്ടിയോടേ വസിപ്പൂ.

3. ആശ്വസിപ്പിക്കുന്ന സ്നേഹമേ, കണ്ണീർ,-
വറ്റാതെയിന്നും ധാരയായി;
ഉറവയിൽ നിന്നുള്ള തെളിനീരുപോലെ,
പ്രവഹിച്ചിടുന്നെന്റെ പ്രിയാ.

(14.4.2008 ൽ എൽ.എം.എസ് കാമ്പൗ
ണ്ടിലെ വേദമാണിക്കം ഹാളിൽ ഒറ്റയ്ക്കു
പ്രാർത്ഥിക്കുമ്പോൾ)

## 25

ദൈവമേ നീയെന്നെ, സ്നേഹിച്ചതോർത്താൽ,
നന്ദിയാലുള്ളം നിറഞ്ഞീടുന്നേ;
എത്ര അനന്തസ്നേഹം ?!
എത്ര മഹത്തരം ഈ സ്നേഹം ?!

1. വാനിലും ഭൂവിലും ആരുമേ സ്നേഹിക്കാൻ,
നീയൊഴികേ എനിക്കില്ല സത്യം!
നിൻ വിരൽ തുമ്പിൽ, സർവ്വം വിറയ്ക്ക
യാൽ,
ഞാനുമെൻ ദൈവത്തെ വാഴ്ത്തീടുന്നു.

2. ധരണിയിൽ നീചനും നിന്ദ്യനുമായ് നാഥൻ
പാടുകളേറ്റതെൻ മഹൽഭാഗ്യം!
ഭൂമിയിൽ നിന്നും വിലയ്ക്കവനെന്നേയും,
ചേർത്തുകൊള്ളാൻ കൃപ കാട്ടിയല്ലോ ?

# 26

ഹാലേലൂയ്യാ-ഹാലേലൂയ്യാ,
യേശുവേ നീ എത്ര വലിയവൻ!
പാപഭാരം നീ എനിക്കായ്,
ക്രൂശിന്മേൽ വഹിച്ചുവല്ലോ.

1. അന്ധകാരം ജീവിതത്തെ,
ബന്ധനത്തിൽ ആക്കീടവേ;
സ്നേഹനാഥാ തൃക്കരത്തിൽ,
ഏന്തിയെന്നെ രക്ഷിച്ചു നീ.

2. ശാപത്താലെൻ നന്മയെല്ലാം,
ശത്രുവിന്റെ തന്ത്രങ്ങളാൽ,
നഷ്ടമായ നേരമെന്നെ,
ശാപം പോക്കി വീണ്ടെടുത്തു.

3. കഷ്ടതകൾ ഏറെവന്നെൻ,
ജീവിതം തകർത്തീടവേ,
കാരുണ്യത്തിൻ ദീപ്തിയേകി,
വഴിതെളിച്ചു നൽ രക്ഷകൻ.

# 27

ഹൃദയത്തിന്നാഴത്തിൽ നിന്നുതിർന്നീടും,
സ്വരരാഗസുധയാൽ നാം മോദമോടെ;
ആരാധിക്കാം ദേവ ദേവനെയെന്നും,
ആഘോഷപൂർവ്വമിന്നാൾകളെല്ലാം.

1. സർവ്വേശ്വരാ നീജഗദീശനല്ലോ?
തിരുനാമം പൂജിതം തന്നെയെന്നും,
സർവ്വരാലും നീ, പുകഴ്ത്തപ്പെടേണം;
സാക്ഷാൽ മഹാദൈവം നീയല്ലയോ?

2. ആരാധനാപൂർവ്വം ഹൃദയങ്ങളെല്ലാം,
തിരുസന്നിധേ ഞങ്ങളർപ്പിക്കുന്നു;
തൃക്കരം നീട്ടി പരിചോടണയ്ക്കും,
ആരാധ്യദേവനും നീയല്ലയോ ?

# 28

നിരുപമസ്നേഹത്തിന്നുടയവനേ,
നിരന്തരമങ്ങയെ സ്തുതിച്ചിടുന്നേ;
നരകയോഗ്യരാം അടിയരിൽ നാഥാ,
കൃപചൊരിഞ്ഞതിനാൽ നമിച്ചിടുന്നേ.

1. നന്നിലങ്ങളായ് നവഹൃദന്തമായ്,
മാറിടാനരുൾ ചെയ്ത ദേവാ;
കൃപയാൽ നാഥാ ഞങ്ങളേയും,
ആകർഷിച്ചതു ദൈവസ്നേഹം.

2. മിത്രങ്ങളാകെയും അന്യരെപ്പോൽ,
മാറിനിൽക്കിലും സ്നേഹമേയ്പാ;
തിരുസുതർക്കരുൾ ചെയ്ത വചനം
ശ്രേഷ്ഠമാം ദാനമല്ലയോ ?

3. സദ്ഫലം ഞങ്ങളിൽ ഏറെയായി
കാണുവാനിടം നൽക പ്രീയാ;
ശിഷ്യരായിടാനാശയോടിതാ,
ക്രൂശിക്കുന്നിതാ ജഡ തിന്മകൾ.

# 29

ബലഹീനനായ് നാൾകളേറെ,
പാഴാക്കിയോനാമീ ഏഴയെനീ;
കരുണാമൃതം പകർന്നാമോദമോടെ,
പാലനം ചെയ്തുവല്ലോ?

1. സത്യത്തിന്നാത്മാവു നീ,
നിത്യനാം ദൈവവും നീ;
പാപിയിന്നാലംബം നീ,
നിത്യസഹായകൻ നീ.

2. പാപഭാരത്താൽ മനം,വലഞ്ഞിടുമ്പോൾ,
ശോകത്താൽ ജഡം രോഗം പേറുമ്പോൾ;
ജീവജലം നൽകി, ആശ്വാസമേകി,
കേണുയാചിച്ചുടൻ നീ കൂട്ടിനെത്തി.

3. ഹൃദയാന്തരത്തിൽ ആധിയേറുമ്പോൾ,
സാത്താനും സൈന്യവും പിൻഗമിക്കേ;
കൈവല്യഭാഗ്യം നഷ്ടമാകും വേളയിൽ
ചാരത്തെൻ യേശുവെത്തി ഹാലെലൂയ്യാ.

# 30

അഞ്ജലീ ബദ്ധനായ് എത്രയോ രാവുകൾ,
ആരാദ്ധ്യദേവാ ഞാൻ കാത്തിരുന്നൂ;
നിൻ മൃദുസ്വരമെൻ നാവിലൂടൂറുവാൻ,
ദിവ്യാനുവാദം ഞാൻ കാത്തിരുന്നൂ.

1 ബാഷ്പാങ്കുരങ്ങളെൻ കൺകളിൽ കണ്ടപ്പോൾ,
സർവ്വം മറന്നു നീ അരികിലെത്തി;
മാറോടണച്ചെന്നെ ആശ്ലേഷിച്ചാശുനീ,
സായൂജ്യമേകിയനുഗ്രഹിച്ചു.

2. സംഭ്രമത്താൽ മനം ശോകമായ് തീർന്ന പ്പോൾ,
സംഭീതനായി തകർന്നിടാതേ;
ശാശ്വത സത്യമാം പാതതുറന്നെന്നെ,
കൈപിടിച്ചാനയിച്ചെന്തു സ്നേഹം!

## 31

എന്നെ വഴിനടത്തുന്നൊരു പ്രിയനെനി ക്കായ്,
കരുതുന്നു ദിനവും നൽസഖിയായ്;
പിരിയാതെന്നും, കരങ്ങളിൽ താങ്ങി,
ഓമനിച്ചീടുന്നതതിശയമേ.

1. എന്റെ കണ്ണീർ തുരുത്തിയിൽ സൂക്ഷിക്കു ന്നോൻ,
പ്രതികൂലവേളയിൽ തുണയേകിടും;
ദൂതഗണങ്ങളാൽ രക്ഷയേകീട്ടെന്നെ,
ആനന്ദസാഗരേ നടത്തിടുന്നു.

2. എന്നെ അനുദിനമവനായ് ഒരുക്കിടുമ്പോൾ,
അലറിടുന്നേ ശത്രുവിഴുങ്ങിടുവാൻ;
മുമ്പിലും പിമ്പിലും അടച്ചുകൊണ്ടെന്മേൽ,
തിരുക്കരം വച്ചെന്നെ പാലിക്കുന്നു.

3. നിന്റെ ആത്മാവെ കബളിപ്പിച്ചെവിടേയ് ക്കും ഞാൻ,
ഓടുകില്ലൊരിക്കലും പ്രിയനാഥാ;
ശോധന ചെയ്തെന്നെ അറിഞ്ഞിടണേ നന്നായ്-
പരീക്ഷിച്ചറിയണേ നിനവുകളും.

## 32

ദൈവം നമ്മെനടത്തും വഴികൾ,
അവർണ്ണനീയമതേ;
സ്വർഗ്ഗം നമ്മിൽ കനിഞ്ഞുനിത്യം,
നന്മകൾ നൽകുന്നു.

1. വിസ്തൃതമായ് നാം വായ്തുറക്കിൽ,
നിറയാനായെന്നേശു അതിൽ,
തൻഭുജമാഹാത്മ്യത്താൽ താതൻ,
അരികേനിന്നു നിറയ്ക്കും.

2. തൻ ബഹുകൃപകൾ വർണ്ണിക്കാനായ്,
അധരം മുതിരുന്നേരം,
നവ്യസുഗന്ധം വീശും ചിന്തകൾ,
ഹൃദയേ നൽകിടും യേശു.

3. ദൈവം തന്ന മഹൽ കാര്യങ്ങൾ,
വഹിയാ സതതം മൊഴിയാൻ;
കൃപയാൽ നമ്മെനിറയ്ക്കും നന്മകൾ-
പ്രസാദ വർഷം പോലെ.

## 33

ഞാനെന്റെ കഷ്ടതയിൽ നിലവിളിച്ചു,
ഉത്തരമരുളി യഹോവയാൽ;
പാതാളത്തിന്റെ വയറ്റിൽ നിന്നും,
നിലവിളിച്ചതു നാഥൻ കേട്ടുവല്ലോ.

1. നീ എന്നെ ആഴിയിൻ ആഴത്തിൽ എറി ഞ്ഞപ്പോൾ,
പ്രവാഹമെന്നെ ചുറ്റിയപ്പോൾ;
ഓളങ്ങളും തിരമാലയുമെല്ലാം
എൻ മീതേ അലയായ് കടന്നുപോയി.

2. നീക്കം വന്നിരിക്കുന്നു ദൈവമേ നിന്റെ-
ദൃഷ്ടിയിൽ നിന്നു ഞാൻ എന്നേയ്ക്കുമായ്;
ആകിലും വിശുദ്ധ മന്ദിരത്തിങ്കലെപ്പോഴും,
നോക്കിക്കൊണ്ടിരിക്കുന്നു ദൈവമേ ഞാൻ.

3. വെള്ളമെൻ പ്രാണനിൽ വളഞ്ഞുവല്ലോ?
സമുദ്രവുമെന്നെ ചുറ്റീടുന്നേ,
കടൽപുല്ലിനാലൊരു കിരീടമണിഞ്ഞിതാ;
പർവ്വതങ്ങളിന്നടിവാരത്തിൽ ഞാൻ.

4. ഭൂമിയിൻ ഓടാമ്പലുകളാലെന്നെ,
എന്നേയ്ക്കുമായല്ലോ അടച്ചിരുന്നു;
ദൈവമായോനേ യാഹേ അവിടുന്നെൻ,
പ്രാണനെ കരേറ്റി കുഴിയിൽ നിന്നും.

5. പ്രാണനെന്നുള്ളിൽ ക്ഷീണിച്ചു വലഞ്ഞ പ്പോൾ,
ഓർത്തുപോയുള്ളിൽ തിരു നാമം;
എന്നുടെ പ്രാർത്ഥന വിശുദ്ധമന്ദിരത്തിങ്കൽ,
നിന്നുടെ അരികിലന്നേരമെത്തി.

## 34

സാഹോദര്യത്തിൻ ബാലപാഠങ്ങൾ
സ്വാർത്ഥനാമെന്നെ പഠിപ്പിച്ചവൻ;
സ്നേഹത്താലുള്ളം നന്നേ നിറയ്ക്കാൻ,
പ്രാപ്തിയേകീടുന്നു സത്യദൈവം.

1. നിർദ്ദോഷിയായ് നിത്യം സേവനം ചെയ്യാൻ,
മാനസം ദാനമായ് തന്ന മൽ പ്രീയാ,
മാലിന്യമോരോന്നായ് ദൂരീകരിച്ചെന്നെ,
ശുദ്ധീകരിക്കുന്നു ദൈവസ്നേഹത്താൽ.

2. നല്ലവൻ ആരുമേ ഇല്ലിഹേ എന്നാൽ,
നല്ലവനേശു മാത്രം എൻ സ്വന്തമേ;
ആകയാൽ തമ്പുരാൻ ത്യജിച്ചിടാതെന്നെ
സത്യത്തിൻ ആത്മാവെ നൽകി നടത്തും.

3. താലന്തുകൾ ക്രയവിക്രയം ചെയ്യും,
ആത്മാവിൻ നിർദ്ദേശമാചരിക്കും;
കൂട്ടാളിയായെന്നെ തോളിലേറ്റുന്ന,
പരിശുദ്ധ റൂഹായേ സ്തോത്രമെന്നും.

## 35

ശാശ്വത സ്നേഹമഗോചരമേ,
ശത്രുവിൻ മദ്ധ്യേ കോട്ടയുമേ;
തിരുകൃപകൾ സുതരനുഭവിക്കും,
സ്തുതിച്ചിടുന്നനുനിമിഷം പരനേ.

1. നിലവിളിച്ചഭയം പ്രാപിക്കുമ്പോൾ,
അരികിലായെത്തുന്ന പ്രിയനാഥാ;
ആപത്തുവേളകൾ തളർത്തിടുമ്പോൾ,
കരുത്തേകുന്നത്ഭുതവാൻ എന്നും.

2. എന്തെന്തു നന്മകളേകിടുന്നു!?
ചന്തമായ് ജീവിതം പൂവണിയാൻ?
തിന്മകളഖിലവും പൊറുക്കുന്നവൻ,
നേർവഴികാട്ടി നയിച്ചിടുന്നു.

3. എന്തിനായ് ദൈവമേ ഏഴകളെ,
സ്നേഹിച്ചു മാനിച്ചുയരങ്ങളിൽ-
ആനയിച്ചാനന്ദതീരത്തിലായ്,
പാർപ്പിക്കുവാൻ കൃപതോന്നിയല്ലോ ?

## 36

മശിഹാശിശുവേ പരമഗുരോ,
ധരണിയിന്നുടയോനായോനേ;
അഖിലചരാചരമനുദിനവും നിൻ,
കരുണയെ വാഴ്ത്തി വണങ്ങുന്നു.

1. പാപിക്കായ് പാടുകളേറ്റവനേ,
തിരുനിണം ചിന്തിമരിച്ചവനേ;
തിരുജൻമമെത്രയോ കേവലമാം,
കാലിയിൻ കൂട്ടിലോ വഴിവക്കിലോ ?

2. ലോകചരിത്രത്തെ രണ്ടാക്കിയോൻ
സ്വർഗ്ഗീയ രാജകുമാരനല്ലേ ?
തൃപ്പാദ പീഠത്തിലർപ്പിക്കുവാൻ,
നിസ്തുല ഗീതികളൊന്നുമാത്രം.

3. കാലിത്തൊഴുത്തിലെ സ്നേഹശബ്ദം
ആളിപ്പടരട്ടേ ലോകമെങ്ങും;
ഏഴകളാകുമീ ശീലയ്ക്കുള്ളിൽ,
നിന്നെ പൊതിയട്ടേ ചൈതന്യമേ.

## 37

എത്ര നല്ല സ്നേഹിതനേശു,
പിരിയാത്ത വല്ലഭനേശു;
അകൃത്യങ്ങൾ ഭാരങ്ങൾ, ആകേയുമേ,
ശിരസ്സതിൽ വഹിച്ചതോ എനിക്കുവേണ്ടി.

1. വൻക്രീയ എന്നിലവൻ തുടങ്ങിയപ്പോൾ,
ചെങ്കോലില്ലായ്കിലും രാജതുല്യനായ്;
വൻതിരമാലകൾ ചെറുത്തു നിൽക്കാൻ,
ശക്തി തന്നു നയിക്കുന്നു, സഹായിക്കുന്നു.

2. സമ്പത്തുള്ള കാലത്തവൻ പിന്മാറിലും
ആപത്തിലേയ്ക്കായ് പിന്തള്ളിടാത്തവൻ;
കാഠിന്യം കാട്ടിടാതെ ആശ്വസിപ്പിക്കും,
മൽപ്രീയനാണെന്റെ ആത്മനാഥൻ.

## 38

മാമകമാനസം കീഴടക്കി,
മാനസ സാമ്രാജ്യം കീഴടക്കി;
മാതൃകാജീവിതം കാഴ്ചവയ്ക്കാൻ,
മിശിഹാ പഠിപ്പിച്ചു സത്യമാർഗ്ഗം.

1. മണിമേടവേണ്ട മലർവാടിവേണ്ട,
മരതകക്കട്ടിലും വേണ്ടവന്;
ശ്രീയേശു മിശിഹാ ഭൂവിതിൽ വന്നു,
ശാപങ്ങളെല്ലാം വഹിച്ചു തീർക്കാൻ.

2. പരിഭവമില്ല; മേരിക്കുതെല്ലും,
പരദേശവാസം നയിച്ചീടിലും;
പരിശുദ്ധപുത്രൻ മകനായതല്ലോ,
പറയുവാനാവാത്ത ആമോദവും!

## 39

ദൈവത്തിൻ നാമത്തിൽ കൂടിവന്നോർ,
ദൈവത്താൽ കൈപിടിച്ചുയർത്തപ്പെട്ടോർ;
ദൈവമക്കൾ നമ്മൾ, ദൈവമക്കൾ,
രാജകീയാത്മാവിൻ വാസസ്ഥലം.

1. ആരാധിക്കുന്നിതാ ഭയഭക്തിയോടെ,
ആരാധ്യദേവാ സ്നേഹദാതാ;
ആബാലവൃദ്ധമിന്നൈക്യമോടെ,
ആശിഷദായകാ സ്തുതിച്ചിടുന്നു.

2. അന്നവസ്ത്രാദികൾ നൽകിയോനേ,
ദീനദയാലുവേ സംപൂജ്യനേ;
സമ്പൽസമൃദ്ധി, വിദ്യാധനങ്ങൾ,
കൈവരിച്ചീടുവാൻ പ്രാപ്തിയേകി.
3. യേശുവേ സാന്നിദ്ധ്യം അന്വർത്ഥമായ്,
ഇന്നോളം നിൻമക്കൾ അനുഭവിച്ചു;
നിത്യമാം ചൈതന്യദായകനേ,
വൻകൃപതന്നോനേ നന്ദിയെന്നും.

# 40

ദൈവമേ തൃക്കരസ്പർശനം കാംക്ഷിച്ചു,
തിരുനാമകീർത്തനമാലപിപ്പൂ;
തിരുനാവുരയ്ക്കുവതൊക്കെയും ശ്രദ്ധിച്ചു,
തിരുസേവ ചെയ്‌വാൻ വരം തരിക.
1. ആലംബ ഹീനരാമടിയാരെ സ്നേഹത്തിൻ,
വക്ഷസിൽ ചേർക്കുവാൻ കൃപ തോന്നിയോൻ;
മൂന്നാണിമേൽ മരക്കുരിശതിൽ യാഗമായ്,
പ്രാണൻ വെടിഞ്ഞതുമറന്നിടാമോ?
2. പാപങ്ങളാകെയകറ്റി നമ്മിൽ നിന്നു,
നാഥന്റെ നിത്യമാം സ്നേഹത്തിനാൽ,
ആകിലും പാപത്തിൽ താണിടുമടിയാരെ-
തേടി നടക്കുന്നതെത്ര ഭാഗ്യം!
3. ആത്മബലം ധരിച്ചാത്മനിയോഗത്താൽ,
അന്യോന്യം നന്മകൾ ചെയ്തിടുമ്പോൾ;
നിത്യവും ജീവിതപാതയിലേശുവെ,
ധ്യാനിച്ചു ജീവിക്കാൻ മറന്നിടല്ലേ.

# 41

നന്ദിയാലുള്ളം പുളകിതമാകുന്നേ,
നന്മകളേകിയ ദൈവപുത്രാ;
നിന്ദകളേറ്റുള്ളുപിടഞ്ഞിടുമ്പോൾ,
നിൻവരദാനമോടരികിൽ വരൂ.

കാരുണ്യ സാഗരമേ ദേവാ,
സമ്പൂജ്യനല്ലോ ഭവാൻ ?
അനുദിനം സ്തുതിച്ചു ഞങ്ങൾ;
ആത്മാവിലാരാധിക്കും.

1. അകലങ്ങളിൽപോയി ദിവ്യസ്നേഹം ഞങ്ങൾ,
അവിടുത്തെ നാമത്തിൽ പങ്കുവയ്ക്കാം;
അതുകേട്ടുണർന്നു നിന്നാശിഷം നേടാൻ,
അരികിലായെത്തട്ടേ ആയിരങ്ങൾ.
2. തിന്മകളേറ്റേറ്റു ജീവിതം തകരുന്നേ,
സ്നേഹമില്ലാതേറെ ബന്ധങ്ങളും;
ജീവന്റെ നാഥനെ ദർശിച്ചിടാത്തോർ,
നിത്യമാം നാശത്തിൽ പതിച്ചിടുന്നു.
3. സുവിശേഷമെത്താത്ത ഗ്രാമങ്ങൾ നേടാൻ,
സുതരാകുമടിയർക്കു ഭാഗ്യമേകൂ;
സന്തോഷമോടെന്നും സേവനം ചെയ്തെൻ
സ്വർഗ്ഗീയ രാജനായ് കാത്തിരിക്കും.

# 42

എൻ ദൈവമേ നിന്നിൽ ആശ്രയിക്കുന്നോർ,
ലജ്ജിതരാകയില്ലല്ലോ;
തിരുനാമം ഹൃദയത്തിൽ ധ്യാനിക്കുമ്പോൾ,
ആധികൾ മാറീടുമേ.
1. ഹൃദയത്തിൽ തിങ്ങും വേദനകൾ നമ്മിൽ,
ആധികൾ പടർത്തിടുമ്പോൾ;
കുറവുകൾ അനുദിനം പൊറുത്തിടുമീശോ,
കൺകളെ തുറക്കാമരികിലെത്താം.
2. പാപപങ്കിലമാം ജീവിതവീഥിയിൽ,
പാതകരായലഞ്ഞജഗണങ്ങൾ;
തിരുസുതരായ് തീർന്നാകുലം നീങ്ങിനിൻ,
വചനത്തിൽ വേരൂന്നി വളർന്നതിനാൽ.
3. വചനം ഹൃദയത്തിൽ വേരൂന്നി ജീവിതം
പരിണമിക്കാനായ് യത്നിക്കുമ്പോൾ;
കുടിലതയേറും സാത്താന്റെ തന്ത്രങ്ങൾ,
തകർക്കാതിരിക്കാൻ കൃപയേകണേ.

# 43

നിശബ്ദ വേദനയെത്ര സഹിച്ചു,
സഹികെട്ടു മാനസേയാധിപൂത്തു;
അതിരറ്റ കോപമടക്കിയുള്ളിൽ,
ലാവാ പ്രവാഹമായ് ബഹിർഗ്ഗമിച്ചു.
1. വിലപിക്കുവാനാശമുഴുത്ത നെഞ്ചം,
വിധിയോർത്തു വിതുമ്പുകയായിരുന്നു;
അചിരേണയാത്മാവിലഗ്നി ആളി,
അകമേയശുദ്ധി അകറ്റിതാതൻ.
2. അലയുന്ന നായെ ചെവിക്കു നമ്മൾ,
എത്തിപ്പിടിക്കാതെ ജീവിക്കുകിൽ;
നൊമ്പര തീരത്തിലകപ്പെട്ടു നാം,
വിലപിക്കാതനുദിനം യാത്രചെയ്യും.

3. കനിവിന്റെ നിറകുടമായി നിത്യം,
കാരുണ്യവർഷമൊഴുക്കിയാലും;
കാപട്യമാർന്ന ഈ ലോകത്തിൽ നാം,
കരുതപ്പെടും ദുർബ്ബലരായിമാത്രം.

4. ക്ഷമയെന്നതേറെ പരിഹാസ്യമായ്,
പരിഷ്കൃതർ കാണുന്നു ലോകമെങ്ങും;
ക്ഷമിക്കുവിൻ, നിങ്ങളജയ്യരല്ലോ,
ക്ഷമയെത്ര മഹത്തരം അവർണ്ണനീയം.

# 44

എൻപ്രീയനേ മനം നീറിടുന്നേ,
ആശ്വാസമേകാൻ നീ വരില്ലേ?
ഏവരുമെന്നെ ത്യജിച്ചിടുന്നേ;
ആലംബമേകാൻ അരികിൽ വരൂ.

1. നാലുപാടും വൻ ശത്രുക്കളെൻ,
ദേഹിയെ വേട്ടയാടീടുന്നിതാ;
വേദനതിങ്ങുമീ മാനസത്തെ,
കാർന്നു തിന്നീടുന്നു തമ്പുരാനേ.

2. നീതന്ന ദാനങ്ങളല്ലാതൊന്നും,
എന്റെ പേർക്കില്ലെന്റെ പൊന്നുനാഥാ;
അളവെന്യേയെന്മേൽ ചൊരിഞ്ഞസ്നേഹം,
വർണ്ണിക്കാൻ ഭാഷയില്ലേശുപരാ.

# 45

സാധു ഞാൻ തിരുസുതൻ, കൃപയാൽ മാത്രം,
അർഹതയില്ലാത്ത ദയ തേടിയോൻ,
കനിവിനാലേഴയെ സ്വീകരിച്ചല്ലോ ?
നന്ദികരേറ്റി ഞാൻ കാത്തിരിപ്പൂ.

1. എത്ര കൊതിച്ചാലും കിട്ടാത്ത സൗഭാഗ്യം,
ദാനമായ്തന്നു നീ ഓമനിക്കാൻ;
എന്തു ഞാൻ നൽകിയോ നിന്റെ പേർക്കായ്,
ഓർക്കുവാനൊന്നുമേ കാണ്മതില്ലേ.

2. ആത്മസന്തോഷത്തിനപ്പുറമൊന്നും,
കാംക്ഷിക്കാനില്ലേ എൻ തമ്പുരാനേ;
നിത്യത തന്നിൽ ഞാനെത്തുവോളം
തൃക്കരത്താലെന്നും വഹിച്ചീടണേ.

# 46

എത്ര നിനച്ചാലും മതിവരുന്നില്ലേ,
യേശുവിൻ കൃപയാൽ ഞാൻ ധന്യനല്ലോ;
തിരുനിണത്താലെന്റെ കൽമഷമാകെ,
കഴുകിയ സ്നേഹമെന്തതിശയമേ.

1. ദേവാനിൻ മാഹാത്മ്യം വർണ്ണിപ്പതെങ്ങനെ?
തിരുസുതനാകിലും നാവുപോരാ;
അരുതാത്തതെന്തൊക്കെ ചെയ്തുവെന്നാലും
ആലംബമായല്ലോ തമ്പുരാനേ.

2. തിരുനാവുരയ്ക്കുന്നതൊക്കെയും കാതോർത്തു,
തവപാദസേവയ്ക്കായ് അരികിൽ വന്നു;
കമനീയ സൗഭാഗ്യദായകാ യേശുവേ,
കാരുണ്യമെത്രമേൽ പകർന്നുവെന്നിൽ!

# 47

പാടുവാൻ മോഹമുണ്ടേശുവേ,
അന്ത്യനാളെത്തുവോളം നിനക്കായ്;
ഹൃദ്യമാം സ്നേഹത്തെ ധ്യാനിക്കുവാൻ,
ജീവനെ നൽകിയ യേശുനായകാ.

1. വാക്കുകൾ ഗീതമായ് ഗായകർ,
ആലപിച്ചീടുമ്പോൾ ദൈവമേ;
സ്തോത്രയാഗം വരിച്ചു ഹൃദ്യമായ്,
ആശിഷം പൊഴിഞ്ഞിടേണമേ.

2. നാവിനെ ബന്ധനത്തിലാക്കിയെൻ,
ഉള്ളത്തിൽ പീഡയാൽ ഞരങ്ങുവാൻ;
ആവതില്ലെനിക്കു നല്ലദൈവമേ,
അങ്ങുനൽ സേവനം തന്നതാൽ.

# 48

നിങ്ങൾക്കേകും ദാനങ്ങൾ,
അനവധിയാണെന്നോർത്തിടുക;
അഖിലാണ്ഡത്തിൻ നായകനായ്,
അനുദിനവും സ്തുതിപാടുകനാം.

1. അന്നന്നത്തേയ്ക്കാഹാരം,
വസ്ത്രവുമേകുന്നേശുപരൻ;
നന്ദികരേറ്റുക നാഥനു നീ,
നിശ്ചയമായവനരികിൽ വരും.

2. തുൻപങ്ങൾക്കിടവേളകളിൽ,
ഇൻപം പകരും നൽദാനം;
പ്രാപിക്കാൻ നാമൊരുങ്ങിടാം,
ഹൃദയകവാടം തുറന്നിടാം.

3. അടിമത്തത്തിൻ ചങ്ങലകൾ,
പൊട്ടിച്ചെറിയാൻ ആത്മവരം;
പ്രാപിക്കേണം സധൈര്യമായ്,
നൽകുമവൻ തിരുകൃപയാലേ.

# 49

ആത്മാവിൽ ആനന്ദം സ്വർഗ്ഗഭാഗ്യം,
വർണ്ണിക്കുവാനൊട്ടു സാദ്ധ്യമല്ലേ;
എണ്ണിയാൽ തീരാത്ത നന്മകൾ ദാനം;
ഓർക്കുന്തോറും മനം കുളിർകോരുന്നേ.

1. എന്തിനായെന്നെ നീ ഏകനായെന്നും,
ഓമനിച്ചാശ്ലേഷിച്ചാശീർവ്വദിച്ചു ?
തെറ്റുകളാലെന്നുമങ്ങയെ വേദന-
തീറ്റിച്ച ദോഷി ഞാൻ ദൈവപുത്രാ.

2. എത്ര ചിന്തിച്ചിട്ടുമുത്തരം കിട്ടാത്ത-
വൻകൃപയെന്മേൽ ചൊരിഞ്ഞതെന്തേ?
നിർദ്ദോഷിയാം അങ്ങേ നിന്ദിച്ച നിന്ദ്യനു-
മോക്ഷമേകാൻ വരം നൽകിയല്ലോ.

# 50

ആയുസിന്നുടയോനേ, കരുണാമയനേ,
തിരുസവിധേ തവദാസരിതാ;
ആശംസിക്കുന്നീ സുദിനത്തിൽ ഞങ്ങൾ,
മംഗളാശംസകൾ അർപ്പിക്കുന്നു.

ആശംസകൾ...... ആശംസകൾ,
ഷഷ്ഠിപൂർത്തിക്കിതാ ആശംസകൾ
ഗ്ലാഡ്സ്റ്റൻ തിരുമേനിക്കാശംസകൾ.

1. ലക്ഷ്യവുംസ്വപ്നവും സാക്ഷാത്കരിക്കും-
സർവ്വേശപുത്രന്റെ പാദാന്തികേ,
നമ്രശിരസ്ക്കനായ് ധ്യാനനിരതനായ്,
അഭിഷേകം പ്രാപിക്കാൻ കാത്തിരുന്നോൻ;
തിരുമേനി കാത്തിരുന്നോൻ.

2. പൂവണിയാനുള്ള മോഹമോടെന്നും -
അറിവിന്റെ വഴിയേ നടന്നു;
ഉന്നതസോപാനമെത്താൻ നിരന്തര -
കർമ്മാനുഷ്ഠാനങ്ങൾ ചെയ്തിരുന്നോൻ;
തിരുമേനി ചെയ്തിരുന്നോൻ.

3. ഫലവത്തായ് തീർന്നൊരീ വടവൃക്ഷമെന്നും,
ഫലമേറും ഭാരം വഹിക്കയാലേ;
ഫാലത്തിലൂറും വിയർപ്പുമായ് ഇടയൻ-
ഫലിതങ്ങൾ ചൊല്ലിയുമജപാലനം;
തിരുമേനിക്കജപാലനം. (ആശംസകൾ...)

(ദക്ഷിണ കേരളമഹായിടവക ബിഷപ്പ് മോസ്റ്റ് റവ. ഡോ.ജെ.ഡബ്ല്യൂ .ഗ്ലാഡ്സ്റ്റൻ അവർകളുടെ അറുപതാം ജന്മദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ സുവനീറിൽ പ്രസിദ്ധീകരിച്ചത്)

# 51

കൃപയുടെ സുന്ദര നിമിഷം,
വരദാനത്തിൻ നിമിഷം,
ഗതകാലസ്മൃതിയൂറും ചിന്തകൾ
അനശ്വരം അതുദൈവീകം.

1. മോഹനസ്വപ്നം പൂവണിയാൻ,
സർവ്വേശ്വരന്റെ കൃപയാലേ,
കടന്നു പോയ ദിനങ്ങൾ മുഴുവൻ
അക്ഷയരായ് നീ കാത്തല്ലോ.

2. നന്ദികരേറ്റുന്നേശുപരാ,
കരുണയ്ക്കായീ തവദാസർ;
കുറവുകളഖിലം പൊറുക്കുവാൻ,
മനസ്സായീടുക പരമാത്മാ.

3. തിരുരാജ്യത്തിൻ വർദ്ധനവിൽ,
നിത്യതയോളം നയിക്കുകേ;
തിരുസുതരായിട്ടെന്നാളും
മേവീടാനായ് വരമേകൂ.

# 52

ദൈവമെന്റെ സങ്കേതം കോട്ടയുമേ,
ആകയാൽ ഞാനാരെ ഭയപ്പെടേണ്ടൂ ?
ഞാനാരെയും, ഭയപ്പെടില്ലെൻ-
ദൈവത്തെ ഞാൻ ഭയപ്പെടുന്നു.

1

ഞാനെന്റെ ദൈവമാം യാഹിനെത്തന്നെ
പൂർണ്ണമായ് പിൻ പറ്റി നിൽക്കുന്നതാൽ,
കാൽവച്ചദേശമെനിക്കുമെൻ മക്കൾക്കും-
എന്നേയ്ക്കുമവകാശമായിരിക്കും.

2
കർത്താവിൻ കൃപയോർത്തലറിക്കരഞ്ഞും-
കാരുണ്യമൂർത്തിക്കു സ്തുതിയേകണം;
നിന്ദയിൽ നിന്നും നിരാശയിൽ നിന്നും,
ഉദ്ധരിച്ചോനെ പുകഴ്ത്തിടേണം.

# 53

കർത്താവേ ഈ ലോകത്തിൻ നന്മകൾ തന്നു,
ശാപദോഷം ഏറ്റെനിക്കായ് ക്രൂശിൽ യാഗമായ്;
കഷ്ടതകൾ എന്നിൽ നാശം ചെയ്തെന്നാകിലും,
എന്റെ ആശ നിൻ മഹത്വം ഒന്നുമാത്രമേ.

1. ഇത്രത്തോളം ആയുസ്സേകി ധന്യനാക്കിയോൻ,
രോഗശയ്യകണ്ടെനിക്കു സാന്ത്വനമേകി;
ആകയാലിന്നോളമങ്ങേ ഘോഷിച്ചീടുവാൻ,
വല്ലഭാ, അങ്ങേകി കൃപ; നന്ദിനാഥനേ.

2. ആത്മാവിൽ പകർന്നതാം താലന്താലല്ലോ,
നേടിയതീസായുജ്യം കാരുണ്യത്താലേ;
നന്മകൾ കണ്ടാധിയേറും മാനസമുള്ളോർ,
പീഡിപ്പിക്കുമ്പോൾ തുണയ്ക്കായ് എത്തിച്ചേരണേ.

3. കൗശലങ്ങളാൽ നിറഞ്ഞ ഭൂവിൽ നാഥനേ,
വർഷിക്കേണം വല്ലഭത്വം ദിവ്യതേജസാൽ;
അന്ത്യത്തോളം സാക്ഷ്യമുള്ള ജീവിതത്താൽ ഞാൻ,
നിൻ മഹത്വം ദർശിക്കാനായ് വാഞ്ഛിച്ചീടുന്നേ.

# 54

1. എത്രനാളായ് കാത്തിരിക്കുന്നേശുവിൻ നാദം,
ദിവ്യരൂപമോടൊപ്പം കേട്ടീടുവാൻ,
അന്തരിന്ദ്രിയങ്ങൾക്ക് ഗോചരനായോൻ,
സന്തതം ഹൃദന്തേ വാണിടുന്നതാൽ.

2. തിരുമാർവ്വിൽ ചാരി മയങ്ങീടുവാൻ,
തിരുനാമം ഘോഷിച്ചാനന്ദിക്കാൻ;
തവസുതനായ് എന്നെ വെളിപ്പെടുത്താൻ,
താതാ തിരുഹിതമാകേണമേ.

3. അരുളപ്പാടെന്നിൽ നിറവേറുമ്പോൾ,
അറിയുന്നോരെല്ലാം തുണയാകുമ്പോൾ;
അരുമനാഥാ നിൻ സേവകനായ് മണ്ണിൽ,
അനുദിനവും സത്യ സാക്ഷിയാകും.

4. നവ്യമാം ദർശനമരുൾക നാഥാ,
നന്ദികരേറ്റിടാം എന്നുമെന്നും;
നന്മ നിറഞ്ഞൊരു ജീവിതമെന്നെന്നും,
നൽവരദായകാ നൽകിടേണം.

# 55

എന്നെ ശുദ്ധാത്മാവറിയുന്നു നന്നായ്,
നീതികേടൊഴിയുവാൻ വാഞ്ഛിതനായ്;
നിന്ദിക്കുവോരെയും വഞ്ചിച്ചിടാതുള്ള,
സൽമനം നാഥന്റെ ദാനം.

1. ആത്മാവുഴലുന്നു സദ്വാർത്ത ഘോഷിക്കാൻ,
ആത്മാർപ്പണത്തിനായ് മനമൊരുക്കി;
സന്ദേശമെന്തേ മുഴങ്ങിയില്ലെന്നുടെ-
കാതുകൾ കേൾക്കാൻ കൊതിച്ചിടുന്നു.

2. പാപത്തിൻ താഴ്വര തന്നിൽ നടന്നപ്പോൾ,
ചേറിൽ ഞാൻ താണു നശിച്ചിടാതെ;
ജീവന്റെ മാർഗ്ഗത്തിലാനയിച്ചവനെൻ-
നിത്യനാം സ്നേഹിതൻ, ദൈവപുത്രൻ

3. മനസ്സിൽ നിന്നുയരുന്നു സ്തോത്രവർഷം,
വർണ്ണിക്കുവാനിന്നും പ്രാപ്തനല്ല;
അത്രയ്ക്കുമേലെൻ പ്രിയനാത്മനാഥൻ,
പ്രാണനിൽ കുളിരേകിയാനയിപ്പൂ.

4. യേശുവെ ക്രൂശിന്മേലേറ്റിയ മർത്ത്യർക്കു,
ദൈവകോപം തെല്ലും ഭീതിയില്ല;
കാരുണ്യമുള്ളോരു മനസ്സിന്നുടയോനു-
കരുണാമയൻ നിത്യശാന്തിയേകും.

# 56

1. ദൈവമേ ഇത്രമേൽ കൃപ വർഷിച്ചീടാൻ,
ദോഷിയാം ഞാനെന്തു നൽകീ നിനക്കായ്;
തിരുനിണമെൻപേർക്കുവാർക്കുവാനായ്,
തിരുഹിതമെന്തു ഞാൻ നിവർത്തിച്ചുവോ?

2. അപരാധമെത്ര ഞാൻ ചെയ്തുവെന്നോ?
ബന്ധുക്കളേയും വിഷണ്ണരാക്കി ?
ആകിലുമേശുവേ സ്നേഹശബ്ദം,
ഇമ്പമായ് കേൾക്കുന്നു കാതുകളിൽ.

3. അനുവദിക്ക, നിന്നെ അനുഗ്രഹിക്കട്ടേ,
എന്നുമെന്നും നിന്നെ സ്നേഹിച്ചിടാം;
എന്നുരചെയ്യുന്ന സ്നേഹ സ്വരൂപന്റെ,
കരം ഗ്രസിച്ചെന്നും ഞാൻ യാത്രചെയ്യും.

4. ബുദ്ധികെട്ടോരെന്നെയെന്തിനായ് നീ,
തെരഞ്ഞെടുത്തു മൽപ്രാണനാഥാ ?
ആരിലും ഹീനനായ് കാണപ്പെട്ടോരെന്റെ-
പ്രാർത്ഥനയ്ക്കുള്ളതാം ഉത്തരമോ ?

## 57

ഒരുജനമായ് നടത്തിയ ദൈവപുത്രാ,
അവിടുത്തെ കൃപയാണനന്തകൃപ;
അവിടുത്തെ ദയയാണനന്ത ദയ;
തിരസ്ക്കരിക്കപ്പെട്ടോർ അശരണർ നമ്മൾ
തിരുകൃപയാലിന്നു ദൈവജനം.

അനുപല്ലവി

ആഘോഷിക്കാം നന്മയാഘോഷിക്കാം,
ദൈവജനമായ് നാമാഘോഷിക്കാം;
ആഘോഷപൂർവ്വം കൃപാദാനമോർക്കാം,
വിടുതലിൻ നന്മയോർത്താഘോഷിക്കാം

1. മെച്ചമാം മേച്ചിൽ പുറങ്ങളിൽ നമ്മെ-
ഇത്രത്തോളം നടത്തിയില്ലേ?
ആശീർവ്വാദങ്ങളാൽ വളർത്തിയോനേ,
സ്തോത്രാർപ്പണത്തിൻ സ്തുതിഗീതികൾ.

2. വിടുതലിൻ നായകൻ യേശുവിനായ്,
സാക്ഷ്യമുള്ളോരായ് ജീവിച്ചിടാം;
വീണ്ടും സമർപ്പിക്കാം പ്രതിഷ്ഠിച്ചിടാം,
യേശുവിൻ ക്രൂശും വഹിച്ചു നീങ്ങാം.

3. ക്രിസ്തീയ സാക്ഷ്യമുള്ളോരായി നമ്മൾ,
ത്യാഗം സഹിക്കാം നിന്ദയേൽക്കാം;
അർപ്പണ ബോധത്തോടന്ത്യംവരേയും
സത്യത്തിൻ പാതയിൽ മുന്നേറിടാം.

### പ്രാർത്ഥന

## 58

1. ദിവ്യ പ്രകാശമേ ആനയിച്ചാലും,
പുതു സഹസ്രാബ്ദത്തിൻ വാതായനത്തിൽ;
പാദാരവിന്ദത്തിൽ നമിച്ചിടുന്നേ,
സർവ്വേശ പുത്രായീ അജഗണങ്ങൾ.

2. അതിരുകളില്ലാത്ത സാമ്രാജ്യമേകുന്ന
വല്ലഭാ ഞങ്ങൾക്കു തുണയേകണേ;
അവിടുത്തെയപദാനമെന്നെന്നും ഘോഷിക്കാൻ-
നാവുകൾക്കേകണേ ശക്തിയെന്നും.

3. ഭാരതം നിൻമക്കൾ സ്വന്തമാക്കീടുവാൻ-
മോഹമുണ്ടേശുവേ കനിയേണമേ;
രാജകീയാത്മാവു ഞങ്ങളിൽ നിത്യമായ്,
നിലനിന്നിടാനങ്ങു തുണനിൽക്കണേ.

## 59

1. അരൂപിയായ് വന്നകമേ നിറയും
അനുഗ്രഹ ദാതാവേ,
അഗതികളിൽ കൃപയരുളാൻ ഈശോ
അകമലിയേണം ദിനവും.

2. തിരുസ്വരമടിയാർ കാതോർത്തെന്നും,
സദ്ഗതി പ്രാപിക്കാൻ,
തിരുവചനം ധ്യാനിച്ചീടാൻ,
തൃപ്പാദേ വന്നണയുന്നു.

3. ലംഘനമടിയരിൽ വന്നീടാതെ
പ്രസാദമായ് ഞങ്ങൾ,
പ്രാർത്ഥനയാൽ വിശുദ്ധരാകാൻ,
കൃപയരുളേണം നാഥാ.

4. നശിച്ചിടുമടിയാർ കൃപയില്ലായ്കിൽ,
തിൻമകൾ മായ്ക്കണമേ,
ആത്മാവിൻ അഭിഷേകത്തിൻ
നൽവരമേകൂ ദേവാ.

## 60

പ്രാർത്ഥന കേൾക്കും സ്നേഹപിതാവേ,
കണ്ണീർ കാണേണമേ; എന്നിലെ,
ശാപം തീർക്കേണമേ;
ആശ്വാസം നീ പകരണമേ.

1. മരണദൂതൻ വന്നരികെ പറയുന്നു,
പോരുകെൻ കൂടെനീയിന്നു തന്നെ;
അന്നേരമെൻദേഹി ആത്മഭാരത്താൽ,
കർത്താവിനോടായ് യാചിച്ചുപോയ്.

2. അരുമക്കിടാങ്ങളിൻ രോദനം നാഥനു-
മനസ്സലിവേകയാൽ നിശ്ചയമായ്;
അന്നേരമേശു തൻ സ്നേഹവുമായെന്റെ
ചാരേയണഞ്ഞന്നാശിസ്സേകാൻ.

3. നീമാത്രമെൻ പക്ഷം നിൽക്കുകിൽ നാഥാ,
മാന്യമിത്രങ്ങൾ വെടിഞ്ഞീടിലും;
മാറ്റമില്ലാത്തമൽപ്രാണനാഥൻ പക്ഷ-
വാദം നടത്തി രക്ഷിക്കുമല്ലോ.

(18.12.1993 ൽ ലളിത തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മരണ ദൂതനുമായി മല്ലിടുന്ന സന്ദർഭത്തിൽ)

# 61

അദൃശ്യനായ യേശു ദേവനേ,
വിശുദ്ധ ജീവിതം നൽകണേ;
എന്നുമെന്നുള്ളിൽ വാസം ചെയ്യണേ,
പ്രീയ പുത്രനായ് വാർത്തെടുക്കണേ.

1. സാമദാനം ഭേദ ദണ്ഡനമെന്നിവ,
എന്തെന്തുമാറ്റങ്ങൾ നമ്മിൽ വരുത്തി ?
സന്തതം സഹിക്കുവാൻ നൽവരം താ,
നന്ദിയോടണഞ്ഞിടുന്നു പാദാന്തികേ.

2. ആത്മദീപം ജ്വാലപോൽ ആളീടട്ടേ;
അന്ധകാരം നിത്യം ശോഭയാകുവാൻ;
ആത്മനൊമ്പരം പോയാകുലം മാറാൻ
ആത്മനാഥനേ കനിഞ്ഞാശിഷമേകു.

# 62

അകലെയാണെൻ പ്രീയനെന്നാകിലും
മണവാട്ടിയാം സഭ ഒരുക്കമോടെ,
കാന്തന്റെ വരവതിൽ ഉയിർത്തെണീൽക്കും
അന്നേരമെന്നേയും കൈക്കൊള്ളണേ.

1. തിരുസഭ ഉണർവ്വോടൊടുക്കമോടെ,
തിരുരാജ്യമെത്താൻ തിടുക്കമോടെ
ഒരുമയായ് യത്നിച്ചു മുന്നേറുവാൻ
സർവ്വേശ്വരാ കൃപ നൽകേണമേ.

2. ആത്മാവ് നിറയട്ടെ, വിശുദ്ധരാകാം,
പാതാള സൈന്യത്തെ ജയിച്ചുനീങ്ങാം,
കുഞ്ഞാടിനൊപ്പം ദൂതരോടൊപ്പം,
നിത്യയുഗങ്ങളായ് വാണിടാമേ.

# 63

തിരുഹിതം നിറവേറ്റിടാൻ,
അൻപിൻ സ്വരൂപമായ് നീ,
നിത്യം വസിച്ചിടേണമേ
വേല ഞാൻ തികയ്ക്കുവോളം.

1. എന്തു ഞാൻ ചെയ്താലും, എവിടൊക്കെ പോയാലും,
യേശുവേ അങ്ങന്നെ നയിക്കേണമേ;
അഹന്തയ്ക്കിടം നൽകാതടിയനെ നിത്യം
തിരുസേവ ചെയ്യുവാൻ പ്രാപ്തിയേകൂ.

2. ആരൊക്കെ നിന്ദ്യനായ്, എണ്ണിയാലും
ആത്മാവിനാലെന്നെ ശക്തനാക്കൂ;
വചനം ലോകർക്കു നൽകുവാനായ്
അഭിഷേകം ചെയ്യുമോ സ്നേഹപൂർവ്വം ?

# 64

കേൾക്കണമേ യഹോവേ,
കരുണയുണ്ടാകണമേ;
രക്ഷയായിരിക്കണമേ,
വിലാപം നീയല്ലോ? നൃത്തമാക്കി! ?

1. രട്ടഴിച്ചെന്നെ നീ സന്തോഷം ഉടുപ്പിച്ചു,
മൗനമായിരിക്കാതെ സ്തുതി പാടുവാൻ;
ആകയാൽ ദൈവമേ എന്നേയ്ക്കും ഞാൻ,
സ്തോത്രാർപ്പണത്തോടെ പാടീടുമേ.

2. ശരണം പ്രാപിക്കുന്നീ എളിയവനങ്ങയെ,
ഒരുനാളും ലജ്ജിക്കാൻ ഇടയാക്കല്ലേ;
കാതുകളെങ്കലേയ്ക്കതിവേഗം ചായിച്ചു,
കോട്ടയായിരുന്നെന്നെ വിടുവിക്കണേ.

3. ശത്രുക്കളെനിക്കായ് വലവിരിക്കുന്നേ,
അവിടുന്നടിയന്റെ ദുർഗ്ഗമല്ലോ;
ആകയാൽ ആത്മാവെ തിരുക്കരത്തിൽ
ഭരമേല്പിക്കുന്നിതാ വീണ്ടുകൊൾക.

(06.02.2008 ബുധൻ തമിഴ്നാട്ടിലെ പുത്തളം കടൽതീരത്തു പ്രഭാത ബൈബിൾ വായന യ്ക്കുശേഷം രചിച്ചത്)

# 65

1. ഉണർവ്വിൻ കാറ്റിന്നയയ്ക്കേണമേ,
ആലസ്യമെല്ലാം അകറ്റേണമേ;
അവിടുത്തെ ദാനമാം ആത്മാവു ഞങ്ങളിൽ
പകർന്നീടണേ ജനം സ്വതന്ത്രരാകാൻ.

2. അസ്തമിച്ചീടാത്ത ദിവ്യപ്രകാശം
അനുഭവിക്കാനായ് കാത്തിരിപ്പൂ,
ഇരുളിന്റെ ബന്ധനമാകവേ ഞങ്ങൾ,
തകർത്തെറിഞ്ഞീടട്ടേ തമ്പുരാനേ.

3. സഫലമായീടാത്ത ആശകളൊക്കേയും
ഫലവത്തായീടാൻ തിരുസവിധേ,
വചനത്തിൽ വേരൂന്നി വളരുന്ന ഞങ്ങളിൽ,
അഭിഷേകമേകിയങ്ങനുഗ്രഹിക്കൂ.

4. മുന്തിരിവള്ളിയിൻ കൊമ്പുകളായിതാ
സതതം വസിക്കാൻ പണിപ്പെടുന്നേ,
സ്വയമായി കായ്പ്പാൻ കഴിയാത്ത ഞങ്ങടെ
തീരാത്തൊരാശയേ ഫലമേകിടാൻ.

## 66

കരുണയ്ക്കായ് യേശുവേ
അടിയങ്ങൾ യാചിക്കുന്നു,
അകൃത്യങ്ങൾ സദയം പ്രഭോ
പൊറുക്കണേ പരിശുദ്ധനേ.

1. കൊമ്പിനു മുന്തിരിവള്ളിയിൽ തന്നേ
വസിച്ചുകൊണ്ടല്ലാതെ ഫലമേകാമോ?
ആവതില്ലാത്തതു പോലെ നാഥാ ഞങ്ങൾ-
ക്കങ്ങേക്കൂടാതൊന്നും സാദ്ധ്യമല്ല.

ആത്മനാഥാ കൈവിടല്ലേ
ദൈവപുത്രാ പാലിക്കുകേ. (കരുണ)

2. ആത്മദാഹം തീർക്കാനേശുവല്ലാതീ
ഭൂതലത്തിൽ വേറെ ഏതുനാമം?
ആ സത്യമോർക്കാതെ ജീവിച്ചിടുന്നോർ
പാഴും വെണ്ണീറുമായ് തീരുകില്ലേ?

ആത്മനാഥാ കൈവിടല്ലേ
ദൈവപുത്രാ പാലിക്കുകേ (കരുണ)

## 67

അശരണരായ് അഭയം തേടും
കുഞ്ഞാടുകൾ ഞങ്ങൾ;
ഇടയനുതെല്ലും നേരമതില്ല,
അജഗണമാകേ അലയുന്നു.

ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ,
ഞങ്ങളെ നേർവഴി നയിക്കേണമേ.

1. അരുവികൾതോറും ദാഹം തീർക്കും
ആടുകൾ നാഥാ കേഴുന്നു,
കാലിനു ദീപം തെളിച്ചിടാനായ്
അജപാലർക്കനുമതിയേകൂ.

2. കുരുവികൾ ഞങ്ങൾ ചില്ലകൾ തോറും
കായ്കനി തേടുന്നോർ;
വീടും കൂടും വിമല മനസ്സും
ദൈവം നൽകും ദാനമതേ.

## 68

യേശുവേ നിൻ പൈതലാകുവാൻ
യേശുവേ നിന്നിഷ്ടം ചെയ്യുവാൻ;
ആശയോടെ വന്നിടുന്നിതാ,
ആത്മമാരി വർഷിച്ചീടണേ,

1. കണ്ണുനീരിൻ പാനപാത്രവും
കൈയ്പുമേറെ ശോധനയുമായ്;
നിത്യവും തൃപ്പാദ സേവയാൽ
നിന്ദ്യനായ് തകർന്നു വന്നിതാ.

2. ആയിരങ്ങളാത്മഹത്യയാൽ
നിത്യനാശ യോഗ്യരായിതാ,
നിത്യവും നശിച്ചിടുന്നിഹേ,
കൈവിടാത്ത സ്നേഹമേ വരൂ.

3. കല്പനകൾ പാലിച്ചീടുവാൻ,
പ്രാപ്തിയേകും സ്നേഹമേയ്പനേ;
മൺമയമാമീയുലകിലെൻ,
പാതകൾക്കു ശോഭയേകിടൂ.

4. സത്യധർമ്മ നീതിബോധമെൻ
ജീവിതത്തിൽ കാത്തുകൊള്ളുവാൻ,
കാരുണ്യത്തിൻ കാവലായിനീ,
കൃപചൊരിഞ്ഞു ശക്തിയേകിടൂ.

## 69

ആശ്വാസമേകുന്ന വല്ലഭാ ഉള്ളത്തിൻ-
ആതങ്കമാകേ അകറ്റീടണേ,
ആകുല ചിന്തകളാകേയകറ്റാൻ
ആത്മനാഥാ കൃപ ഏകേണമേ.

1. അരുമനാഥാ തിരുക്കരങ്ങളിൽ ഞങ്ങളെ
കൃപയോടെ പാലിച്ചനുഗ്രഹിക്ക;
ആത്മവരങ്ങളെ പ്രാപിക്കാൻ ദാഹിക്കും
അടിയങ്ങളിൽ വരം ചൊരിയേണമേ.

2. ദാനമായേകുന്ന നൽവരങ്ങൾ നിത്യം
ജീവനിൽ ശോഭിക്കാൻ കനിയേണമേ,
ആയുരാരോഗ്യങ്ങൾക്കൊപ്പമീ മന്നയും
ദയതോന്നി നൽകണേ പ്രാണനാഥാ.

3. അങ്ങയെ പിൻപറ്റി ജീവിക്കും ഞങ്ങളിൽ
ആനന്ദമേകാൻ മനസ്സാകണേ,
അലിവുള്ള ഹൃദയമായ് സദയം ക്ഷമി
പ്പോരായ്,
ഹൃദ്യമായ് ജീവിക്കാൻ വരമേകണേ.

# 70

അറിവിന്നുടയവനേ,
അമലാ കനിയെണമേ;
ഏഴകൾ സവിധേ വരുന്നിതാ,
ആമയം നീക്കെണമേ.

1. കഠിനതയേറും മനസ്സുകളെ
കനിവായ് മാറ്റണമേ,
ദിനരാത്രങ്ങൾ തിരുനാമത്തെ,
പാരിതിൽ ഘോഷിക്കാം.

2. അവിവേകത്താൽ ജീവിതപാതേ
നിന്ദകൾ വർഷിച്ചാൽ,
ദീനദയാലോ മാലകലാൻ
പാലകനായ് നീ വേണം.

# 71

കർത്താവേ നീ എന്റെ സ്നേഹിതനായ് വേണം,
നിത്യവും നീ എന്റെ തോഴനായ് വേണം;
കൂട്ടിനായ് മറ്റാരും ഇല്ലല്ലോ നാഥാ?
അനുദിനവും നീ നടത്തിടേണം.

1. സന്താപസാഗര തീരത്തിലൂടിതാ
കണ്ണീരൊഴുക്കിയലഞ്ഞിടുന്നേ;
നിത്യമാം സന്തോഷവാഗ്ദാനത്താലുള്ളം
തകർന്നിടാതാത്മാവിൽ ബലപ്പെടുത്തൂ.

2. കൂരിരുൾ താഴ്‌വര മദ്ധ്യേ നടന്നിതാ
സേവകനായ് നിത്യം പണിപ്പെടുന്നേ;
ആരോരുമില്ലാതെ നിസ്സഹായനായിതാ
ക്ഷീണിതൻ അങ്ങേ നമിച്ചിടുന്നു.

3. ആത്മഭാരം പേറി ആത്മാക്കൾതേടീ-
ട്ടെത്രയോ കാതം ഞാൻ സഞ്ചരിച്ചു?
സ്നേഹപിതാവിനെ ഉൾക്കൊണ്ടിടാതവർ
അശരണനാമെന്നെ തിരസ്ക്കരിച്ചു.

# 72

ആത്മാവിൽ അമൃതായ് ജീവനിൽ കുളിരായ്
അഭിഷേക ജ്വാലയായ് നീവരേണം.
നിത്യ രാജ്യത്തിന്റെ വാതായനം തുറ-
ന്നാശീർവ്വദിക്കാനായ് നീ വരേണം.

1. ക്ഷീണിച്ചു ഹൃദയം വിതുമ്പുന്ന വേളയിൽ
ആശ്വാസ കിരണമായ് നീവരില്ലേ?
സാന്ത്വനമേകും കരങ്ങളാലെന്നെ
ആശ്ലേഷിച്ചാശിഷം പൊഴിയുകില്ലേ?

2. കണ്ണീർ മഴയായ് പൊഴിയുന്ന നേരം നീ,
കണ്ണീർ തുടയ്ക്കാനരികിൽ വരൂ;
ജീവിതത്തോണിയിൽ വിള്ളൽ വീഴുന്നേ
താണുപോകാതെന്നെ പാലിക്കണേ.

3. ആർദ്രതയേറുന്ന ഹൃദയമോടടിയൻ
ശാശ്വത ശാന്തിക്കായ് കേണിടുന്നേ,
വിങ്ങുന്ന മനസ്സിന്റെ നൊമ്പരങ്ങൾ നാഥാ
ശിക്ഷയാണെന്നാലും ശാന്തിവേണം.

# 73

ന്യായം വിധിക്കുന്ന ദൈവമേ,
കൃപതാ കൃപതാ പരമേശാ;
തീഷ്ണതയുള്ളോനാം ദൈവമേ;
കൃപയാലല്ലാതെന്തു ഗതിയുള്ളൂ ?

1. സാറാഫുകൾ നമ്രശിരസ്ക്കരായ്,
അന്യോന്യം സ്തുതിയേകി പരിശുദ്ധന്;
ആലയം പുകയാൽ നിറഞ്ഞു നിന്നപ്പോൾ,
ഉമ്മരപ്പടികളിൽ കുലുക്കമുണ്ടായ്.

2. മനസ്സിന്റെയുള്ളിലെ ചിന്തകളെല്ലാം
നന്നായ് അറിയുന്ന ദൈവമേ ഞാൻ,
അനുഭൂതി നിറയും മനസ്സുമായ് നിന്നെ
തിരിച്ചറിഞ്ഞടിമയായ് നമിച്ചിടുന്നു.

3. നിന്നോടുകൂടെ ഞാൻ ചരിക്കുവോളം,
എന്നോടു സഹവാസം ചെയ്യുമല്ലോ ?
എന്നെയന്വേഷിച്ചു കണ്ടെത്തിയോനല്ലേ ?
കരുണാനിധേ തള്ളിക്കളഞ്ഞിടല്ലേ.

# 74

കരയുന്ന മനസ്സിന്റെ നൊമ്പരം മാറ്റാൻ
കാരുണ്യവാരിധേ മനസ്സാകണേ;
കാവൽ മാലാഖയായ് അരികിൽ വരേണമേ,
കനിവിൻ കരങ്ങളാൽ താങ്ങേണമേ.

1. അല്ലലില്ലാതെന്റെ നാഥനെ വാഴ്ത്താൻ,
അമലാ വരം നൽകി പാലിക്കണേ;
അഭിഷേകത്താൽ തവദാസരിന്നുള്ളം,
അത്ഭുതങ്ങൾകൊണ്ടു നിറയ്ക്കേണമേ.

2. കരയുന്ന കാക്കകൾക്കാഹാരമേകുന്ന
കരുണാമയനായ ദൈവപുത്രാ;
കനിയേണമേ തവദാസരിൽ നിത്യം,
കല്പനകൾ കാത്തുപാലിക്കുവാൻ.

3. അശ്രുകണങ്ങളോടാദരാൽ വാഴ്ത്തും,
അജഗണങ്ങൾക്കാത്മമാരിയേകൂ;
അന്ത്യനാളിൽ കാന്തനോടുള്ളവാസം,
പ്രത്യാശയോടിതാ കാത്തിരിപ്പൂ.

## 75

രക്ഷയ്ക്കായ് യാചിപ്പൂ എൻ-
ദൈവമേ രക്ഷിക്കേണം,
നിന്നിൽ ഞാനാശ്രയിക്കും,
നിത്യം നിൻ ഭക്തനാം ഞാൻ.

1. ഇടവിടാതെന്നും നിന്നെ,
നിലവിളിച്ചീടുന്നീ ഏഴ;
നിങ്കലല്ലോ എന്നുള്ളം വസിപ്പൂ
കൃപവേണം നാഥനേ നിത്യം.

2. ക്ഷമയുള്ള നീതിമാനല്ലോ,
ദയയുള്ളോനും നീ മാത്രം
യാഹേ എൻ നാഥാ എന്റെ
പ്രാർത്ഥന കേൾക്കേണമെന്നും.

3. ഉത്തരമരുളുന്ന പ്രീയാ,
യാചന ശ്രദ്ധിക്കേണം നീ;
കഷ്ടതയേറുമ്പോൾ എന്റെ-
പ്രാർത്ഥന കാതോർത്തിടേണം.

4. അത്ഭുതങ്ങൾ ചെയ്തീടുന്നോൻ,
തുല്യനല്ലാത്തവൻ നീയേ;
സർവ്വജനങ്ങളും നിന്നെ,
വണങ്ങിടും നീ മാത്രം ദൈവം.

## 76

1. വിശുദ്ധിവിട്ടൊഴിഞ്ഞിടാതെ
കാത്തുകൊള്ളണേ;
അശുദ്ധരാം ജനത്തെ വി-
ട്ടൊഴിഞ്ഞിടാൻ തുണയ്ക്കണേ.

2. പാപബോധമേകിയുള്ളിൽ
നീ വസിക്കണേ,
പാതകം വെടിഞ്ഞിടാൻ
തുണക്കണേ ദിനേ.

3. ഉള്ളമുരുകി കരയുന്നേരം
കരളലിയുന്നോൻ;
കുറവുകൾ പൊറുത്തുമനസ്സാ
ക്ഷമയുമേകുന്നോൻ.

## 77

മിണ്ടാതിരുന്നു ഞാൻ ദൈവമെന്നറിയൂ
എന്നരുൾ ചെയ്തൊരെൻ സ്വർഗ്ഗസ്ഥനേ,
ഏഴകളാം ഞങ്ങൾ നമിച്ചിടുന്നേ,
ആശ്വാസമേകീടണേ.

1. താലന്തുകൾ തന്ന ദൈവമേ നീ;
പ്രാപ്തിപോൽ ദാനമായ് തന്നുവല്ലോ?
ദാനത്തെ സ്വത്താക്കി മാറ്റിടാതെ
ദാനമായ് നിലനിർത്താൻ വരമേകണേ.

2. ദൈവമേ ദാനമായ് തന്നജീവൻ
നിലനിർത്തിടുന്നതും ദാനമല്ലോ?
ജീവന്റെ മർമ്മം ഒഴുക്കല്ലയോ;
നിലച്ചിടാതനുസ്യൂതം പ്രവഹിക്കട്ടെ.

3. സമൃദ്ധമായ് ജീവൻ നുകർന്നു ഞങ്ങൾ;
വളരട്ടേ, നന്ദികരേറ്റീടുവാൻ,
സ്നേഹമാം ഊർജ്ജം നുകർന്നു നിത്യം
വളരുമ്പോൾ നന്ദിയാൽ ഹൃദയംപാടും.

## 78

വിശ്വാസം ഞങ്ങളിൽ തളിരിടാനായ്,
വിശ്വാസദായകാ കൃപയേകണേ;
ആഴിയും ഊഴിയും നിർമ്മിച്ചു പാലിക്കും,
സർവ്വേശപുത്രാ കൃപയേകണേ.

1. ദൈവം തരുന്നോരായിരം നന്മകൾ,
നന്ദികെട്ടോർ ഞങ്ങളോർക്കുന്നില്ല;
ഓർക്കാപ്പുറത്തേല്ക്കുമാക്രമണം,
സർവ്വേശ്വരാ നീക്കി അനുഗ്രഹിക്കൂ.

2. കൈകാലുകൾ നമുക്കേകിയ ദൈവം,
കാരുണ്യമോടതു നൽകിടുമ്പോൾ;
അംഗഹീനർക്കുള്ള നൊമ്പരമാരുമേ,
ചിന്തിച്ചിടുന്നില്ലിതെന്തു കഷ്ടം!

## 79

കൃപകൾ പകർന്നിടണേ,
നവ്യ കൃപകൾ പകർന്നിടണേ;
തൃപ്പാദങ്ങളിലർപ്പിച്ചീടും,
യാചനകൾ ചെവിക്കൊള്ളണമേ.

1. ഹൃദയം നുറുങ്ങിടുമ്പോൾ,
വ്യാകുലനായിടുമ്പോൾ;
കരങ്ങളിൽ താങ്ങി മാറോടണച്ചെന്റെ-
ആകുലമാകെയും മാറ്റിടുന്നു.

2. കഷ്ടത പെരുകിടുമ്പോൾ,
നിന്ദിതരായിടുമ്പോൾ;
കരുണാമയനായ് താലോലിച്ചും,
ക്ലേശങ്ങളഖിലവുമകറ്റിടുന്നു.

## 80

നിർമ്മലമാനസം നൽകുകദിനവും,
നീതിമാനാമെൻ താതനിൽ വാഴാൻ;
ആത്മഫലങ്ങൾ വെളിപ്പെടുവാനായ്,
നീതിസ്വരൂപാ കൃപയരുൾക.

1. സ്വർഗ്ഗത്തിൽ വാഴും ദൂതരെപ്പോലെ,
വിശുദ്ധരായ് മേവാൻ വരം ചൊരിയൂ;
മാലിന്യമില്ലാതന്ത്യംവരേയും,
മണവാട്ടിയാകാൻ കൊതിച്ചിടുന്നേ.

2. പരിശുദ്ധാത്മാവേ വസിക്കുകെന്നുള്ളിൽ,
വഴിനടത്തേണം തിരുകൃപയാൽ;
ഞാനും പിതാവും ഒന്നെന്നപോലെൻ,
അകമേവസിക്കെൻ സ്വർഗ്ഗതാതാ.

3. തിരുഹിതത്താലെൻ ജീവിതമന്യർക്കും,
അനുഗ്രഹമാകാൻ വരമരുൾക;
പ്രാർത്ഥനയാൽ മനം സംശുദ്ധമാക്കാൻ,
പ്രാണനാഥാ തുണയേകേണമേ.

## 81

പരിശുദ്ധാത്മാവേ ഞങ്ങളിൽ നീ,
അഗ്നിനാവായ് വന്നാഴ്ന്നിറങ്ങ!
അഭിഷേകത്താൽമനം ശുദ്ധമായാൽ,
പകയനാം സാത്താനടുക്കയില്ല.

1. തിരുഹിതം അറിയുന്ന തവദാസരായ്,
തിരുനാമം കീർത്തിക്കിൽ എന്തുഭാഗ്യം?
നൽവരപ്രാപ്തരായ് സേവചെയ്യാൻ,
തെരഞ്ഞെടുക്കേണമീ ദാസരേയും.

2. ഭൗതികാനുഗ്രഹം എത്രതന്നെന്നാലും,
ആത്മീയക്കൊയ്ത്തിനായിറങ്ങുവോളം;
ആശ്വാസമില്ലെനിക്കേശുവേ ഞങ്ങൾക്കു,
വയലേലകൾ നൽകി ധന്യരാക്കൂ.

3. ആത്മനിലങ്ങൾ ഒരുക്കുമീ സേവകർ,
സായൂജ്യരാകാൻ വരമേകണേ;
ഭൗതികദേഹം വെടിയുവോളം നിൻ,
വാത്സല്യമക്കളായ് പിൻഗമിക്കും.

## 82

പ്രാർത്ഥിക്കാൻ വരം വേണം,
പ്രാപിപ്പാൻ വരുന്നിതാ;
നന്മകൾ തിരുസവിധേ,
നിശ്ചയം സുനിശ്ചിതമേ.

1. നിത്യനാം യഹോവയേ,
സത്യമായ് വിളിക്കുന്നേ;
പ്രാർത്ഥന കേൾക്കുന്നോനേ,
ഉത്തരം നൽകേണമേ.

2. രണ്ടുപേരൊരുമനം,
എന്നപോലൊന്നിക്കുമ്പോൾ;
എന്തുയാചിച്ചാലുമേ,
നൽകിടും കൃപാധനൻ.

3. കൂട്ടമായാരാധിക്കാൻ,
വന്നിടുന്നിതാ ഞങ്ങൾ;
കൂട്ടുകാരനായ് നാഥാ,
വന്നിടേണമിന്നേരം.

4. മല്ലനാം ഗോല്യാത്തിനെ,
കല്ലുകൊണ്ടെറിഞ്ഞീടാൻ;
ആത്മശക്തിയേകേണം,
ശത്രുവെ തകർക്കുവാൻ.

5. നിത്യസ്നേഹത്തിൻ തീരേ,
നിത്യമായ് വസിച്ചീടാൻ;
യോഗ്യരായ് തീർക്കേണമേ,
പ്രാർത്ഥന അർപ്പിക്കുന്നു.

6. നീതിബോധമേകേണം,
നേർവഴി നടന്നീടാൻ;
നീതിയോടടിയങ്ങൾ,
നിത്യവും വളർന്നീടാം.

7. ആത്മമാരിയാലെന്നും,
ജീവിതം തഴച്ചീടാൻ;
ആത്മനാഥാനിൻകൃപ,
ദാനമായേകേണമേ.

## 83

ആത്മാവു ബലഹീനമാകുമ്പോൾ നാഥാ,
അവിവേകമേറാതിരുന്നീടുവാൻ;
തുണയേകും ദിവ്യചൈതന്യമേ നീ,
ഉള്ളങ്ങളിൽ വാസം ചെയ്കയെന്നും.

1. ആത്മാവിലൂർജ്ജം പകർന്നീടുവാൻ,
അരുമനാഥാ നീ ശരണമെന്നും;
ജഡമല്ലോ മർത്യശരീരം കാന്താ,
ജീവിപ്പിക്കേണമേ ദാസരെ നീ.

2. ചേതനയാലെന്നും ശക്തിയോടെ,
സദ്ഫലങ്ങൾ നിത്യം കാണപ്പെടാൻ;
നന്നിലമാക്ക ഈ ഉള്ളങ്ങളെ,
ശിഷ്യരായ് ഞങ്ങൾ മാറിടട്ടേ.

3. വേലക്കാർ കൂലിക്കു യോഗ്യരല്ലോ,
ആത്മാക്കൾ നേടുവാൻ പ്രാപ്തിയേകൂ;
ആത്മഭാരത്തോടെ വേല ചെയ്യാൻ,
ആത്മവരങ്ങൾ നിറയ്ക്കുകെന്നും.

## 84

പാപിയാമെന്നോടു ദയതോന്നണേ മമ-
മാനസേ ശാന്തി വിളമ്പീടണേ;
പാവങ്ങളാം ഞങ്ങളാദരാലീ തിരു-
ആലയത്തിൽ നിന്നെ സ്തുതിച്ചിടുന്നേ.

1. അഗ്നിപരീക്ഷകൾ നിത്യവും ഞങ്ങളെ,
സൈ്വരം കെടുത്തിടാതെന്റെ പ്രീയാ;
സത്യത്തിന്നാത്മാവു നിത്യവും ഞങ്ങളിൽ,
വാസം ചെയ്തീടുവാൻ നൽവരം താ.

2. ആലസ്യം വിട്ടുണർന്നാത്മാവിൻ ശക്തി,
പ്രാപിച്ചെന്നെന്നുമുത്സാഹമോടെ,
നിൻ രാജ്യവർദ്ധനക്കായി നിരന്തരം,
യത്നിച്ചീടാൻ കൃപ ചൊരിയേണമേ.

## 85

പാപക്കടലിൽ പതിക്കാതെ നാഥാ,
താങ്ങീടണേ കരം പിടിച്ചീടണേ;
താണുപോകാതെന്നും വഹിച്ചീടണേ,
തിരുക്കരത്താൽ പൊക്കിയെടുത്തീടണേ.

1. ആത്മദാഹം നൽകി ആനയിക്കേണം,
ആശിഷമാരി വർഷിക്കേണമേ;
താതന്റെ രാജ്യത്തിനവകാശങ്ങൾ,
താവകദാനത്താൽ നൽകേണമേ.

2. പാപത്തിൻമോചനം നൽകീടണേ,
ജീവിതം സംശുദ്ധമാക്കേണമേ,
ആനന്ദസാഗരം തന്നിൽ തിരയ്ക്കുള്ളിൽ,
ചിന്നിച്ചിതറാതെ കാത്തീടണേ.

## 86

ഓടുന്നു ഞാൻ ദൈവമേ,
തിരുപാത തെളിക്കുവാനായ്;
കരചരണങ്ങൾ കുഴഞ്ഞിടുമ്പോൾ,
വീഴാതെ താങ്ങണേ സ്നേഹപൂർവ്വം.

1. അനുദിനമനുയാനം ചെയ്തിടുന്നേൻ,
തിരുസേവകൻ നിൻ പ്രീയപുത്രൻ;
ആകയാൽ ദൈവമേ അഗതിയാമെന്നെ,
അധമനായെണ്ണാതെ വഴിനടത്തൂ.

2. തിരുസേവയെത്രയോ ദിവ്യമാണേ,
സത്യമായ് ഉള്ളിൽ ഗ്രഹിച്ചിടുന്നേ;
ഗതകാലസംസ്കാരദോഷം ത്യജിച്ചും,
പാദാംബുജേ വീണുകേഴുന്നിതാ.

3. ഈ ലോകമേകും മഹത്വമൊക്കേയും,
കേവലമായ് ഞാനെണ്ണിടുന്നു;
സ്നേഹസ്വരൂപാ ദിവ്യാനുരാഗം,
വാഴ്ത്തിപ്പുകഴ്ത്തി ഞാനാർത്തുപാടും.

## 87

പരിശുദ്ധാത്മാവേ സ്ഥിരവാസം ചെയ്ക;
പരമോന്നതൻ തന്ന ദാനമേ നീ;
പരിചോടടിയരിൽ ക്രിയചെയ്തു നിത്യം,
പാപത്തിൽ വീഴാതെ കാക്കേണമേ.

1. ഹൃദയത്തിന്നാഴത്തിൽ യാഗപീഠത്തിങ്കൽ
തീകെടാതെപ്പോഴും സൂക്ഷിക്കുവാൻ;
കൃപയേകണേ സദാ ഉള്ളിൽ വസിക്ക;
സ്തുതി സ്തോത്രയാഗങ്ങൾ അർപ്പിച്ചിടാം.

2. പാപത്തിൻ ആഹ്ളാദം വേണ്ട പ്രീയാ,
പാപിയായ് ജീവിക്കാനാശപോയേ;
സമ്പൂർണ്ണമായുള്ള സംശുദ്ധ ജീവിതം,
കാഴ്ചയായർപ്പിക്കാൻ പ്രാപ്തിയേകൂ.

3. വിരുതുപ്രാപിക്കാൻ അർഹരല്ലെന്നാലും,
വിനയത്തോടരികിലായ് വന്നിടുന്നേൻ;
കൃപയുടെ ഊർജ്ജം നിറയ്ക്കണേ നാഥാ
ജീവകിരീടത്തിന്നർഹരാക്കൂ.

## 88

ദോഷിയാമെന്നുടെ പ്രാർത്ഥന കേൾക്കണമേ,
പാപിയാമേഴയിൻ ശാപങ്ങൾ മായ്ക്കേണമേ;
പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനേ
യാചന കൈക്കൊള്ളണേ.

1. അഭയത്തിനായ് കേണുയാചിച്ചോനാമെന്നെ,
കൈവെടിയാത്ത നൽ സ്നേഹനാഥാ;
അപരർക്കുവേണ്ടിയും അടിയന്റെ ഉള്ളം,
മനസ്സലിവോടിതാ പ്രാർത്ഥിക്കുന്നു.

2. പാപക്ഷമയ്ക്കായിട്ടെന്നു പ്രാർത്ഥിച്ചാലും,
പ്രത്യുത്തരം നൽകും സ്നേഹമേ നീ;
ശാപങ്ങൾ മായിക്കാനെത്ര യാചിച്ചാലും,
ഉത്തരം വൈകുന്നതെന്തു കഷ്ടം!

3. മൃത്യുവിൻ പാശം മുറിക്കുവാനെന്റെ മേൽ,
അധികാരം നൽകാത്ത നീതിമാനേ;
ധൂപമായുയരും പ്രാർത്ഥനയാലെന്റെ,
കൽമഷമാകെയും കഴുകേണമേ.

## 89

തെറ്റുകൾ ഞങ്ങളെ ബലഹീനരാക്കുമ്പോൾ,
കുറ്റബോധത്താൽ തകർന്നിടാതെ;
അവിവേകമൊക്കേയും ക്ഷമിക്കയാൽദാസർ,
തിരുമാർവ്വിലഭയം തേടിടുന്നേ.

1. എണ്ണിയാൽ തീരാത്ത പിഴകളാലെന്നും,
തേങ്ങുന്ന ഹൃത്തുമായ് തപിച്ചിടുന്നോർ;
അപരാധബോധം ഒളിമിന്നിടുമ്പോൾ,
തകരുന്നു നാഥനേ, കരുണയേകൂ.

2. കൈവല്യഭാഗ്യം കൊതിക്കുന്ന ഞങ്ങൾ,
കൂരിരുൾ തിങ്ങുമീ പാതകളിൽ;
തപ്പിത്തടഞ്ഞിതാ അന്ധരായെന്നും;
ആത്മദീപം തെളിച്ചാനയിക്കൂ.

3. ഉണർവ്വിന്റെ ആത്മാവയയ്ക്കണേ ഉള്ളിൽ,
അനുതാപ ഹൃദയങ്ങൾ ശക്തമാവാൻ;
അകമേ ഞരങ്ങുന്ന ദേഹിയുമാത്മാവും,
തകരാതെ ഞങ്ങളിൽ വസിച്ചിടട്ടേ.

## 90

ദൈവം താൻ സ്നേഹിക്കും മക്കളെ
ഓർക്കുന്നു,
യാതൊരുകുറവും വരുത്തിടാതെ;
ദൈനംദിനംവേണ്ടതേകുന്നു കൃത്യമായ്,
ദൈന്യതയെല്ലാമകറ്റിടുന്നു.

1. വിശ്വാസമെത്ര ഉയർന്നതാണെന്നുള്ളു-
കാണുന്നോൻ നേരിട്ടളന്നിടുന്നു;
ദൈവംതൻ ഭക്തർക്കുള്ളത്യാവശ്യങ്ങളേ,
നൽകുമുടക്കങ്ങൾ വന്നിടാതെ.

2. പാപത്തിന്നിമ്പം വേണ്ടെന്റെ പ്രിയാ,
പാപത്താലുള്ളം നശിച്ചിടല്ലേ;
ശാപങ്ങൾ മാഞ്ഞിട്ടു സീയോനിലെത്താൻ,
സർവ്വശക്താ നിത്യം തുണക്കേണമേ.

## 91

കൃപയുടെ മാരി ചൊരിഞ്ഞിടണേ,
ബന്ധനമെല്ലാം മാറ്റിടണേ;
അനുനിമിഷം തവകരുണകളിൽ,
ആറാടാൻ വരമരുളേണമേ.

1. വിനയത്തിൻ ആത്മം പകരേണമേ,
വിശുദ്ധിയിൽ വളരാൻ കൃപതരണേ;
നിരുപമസ്നേഹം ചൊരിയണമേ,
ആലംബമായങ്ങു നയിച്ചിടണേ.

2. കലുഷതയകറ്റാൻ കനിയണമേ,
ആത്മവരങ്ങൾ ജ്വലിച്ചിടട്ടേ;
കണ്ണീരോടെ വണങ്ങിടുവാൻ,
കാരുണ്യവാനേ തുണക്കണമേ.

3. ശുദ്ധാത്മാവേ നിറയെണമേ,
നയിക്കേണമേദിവ്യശക്തിയിനാൽ;
വസിക്കേണമേ ഈ ആലയത്തിൽ,
പരിശുദ്ധമായ് തിരുസേവ ചെയ്യാൻ.

## 92

അനുഗ്രഹമാക്കുമോ നാഥാ എന്നെ,
അനുഗ്രഹം ഏവർക്കും പകർന്നിടാനായ്;
അദ്ധ്വാനിക്കുന്നോർക്കും ഭാരം വഹിപ്പോർ
ക്കും
അത്താണിയാകാൻ കൃപയേകുമോ ?

1. അനുഗ്രഹം വചനത്തിൽ നിന്നല്ലയോ ?
ആശിക്കുവോർക്കേകും ദിവ്യാത്മനേ,
ആശയിൻ പാശത്താൽ ബന്ധിക്കപ്പെട്ടോർക്ക്
ആമോദമേകുന്നതങ്ങല്ലയോ ?

2. അനുഗ്രഹിക്കുന്നോർക്കനുഗ്രഹവും,
ആശീർവ്വദിപ്പോർക്കു സായൂജ്യവും;
അരുമനാഥാ അങ്ങു പകരുന്നതാൽ,
അനുഗ്രഹമായ് ഞാനും മാറിടട്ടേ.

## 93

പരിശുദ്ധാത്മാവേ, നിറയുകില്ലേ എൻ-
ഉള്ളത്തിൽ സ്ഥിരവാസം ചെയ്യുകില്ലേ?
അനുതാപക്കണ്ണീർ പൊഴിയ്ക്കുമ്പോൾ
നാഥാ,
നയിക്കുകില്ലേ നിന്റെ ആത്മാവിനാൽ.

1. പലവട്ടം നിന്നിൽ നിന്നന്യപ്പെട്ടോൻ
ദുഃഖിപ്പിച്ചോനാകും പാപി തന്നെ;
ആകിലും കാരുണ്യവാനായങ്ങെന്തേ ?
വീഴ്ചയിൽ നിന്നെന്നെ കരകയറ്റി ?

2. ആത്മാവിൽ ദുഃഖം തളംകെട്ടിടുമ്പോൾ,
ആശ്വാസമേകിയോൻ നീയല്ലയോ?
ആനന്ദമാരിയാൽ ആത്മഹർഷം നൽകി,
ആത്മദീപം നീ തെളിച്ചുവല്ലോ ?

## 94

അഗതിയിന്നകതാരിൽ വാസം ചെയ്ക;
പരിശുദ്ധാത്മാവേ കാര്യസ്ഥനായ്;
തിരുഹിതം അടിയനിൽ വെളിപ്പെടുത്താൻ,
തെരിഞ്ഞെടുത്തെന്നെ നീ നൽരക്ഷകാ.

1. രാവും പകലുമെൻ ഉള്ളിലെ മാലിന്യം,
വചനമയച്ചെന്നും ശുദ്ധമാക്ക;
നിരന്തരമായ് നിന്നിൽ, വസിച്ചിടാനെന്നെ,
അനുവദിച്ചീടേണം രക്ഷിതാവേ.

2. സൽഫലമെന്നും നിറഞ്ഞിടാനെന്നിൽ,
സർവ്വേശ്വരാനിത്യം വസിച്ചിടേണം;
സ്വർഗ്ഗസ്ഥനാകും പിതാവേ അങ്ങെന്നും,
മഹത്വപ്പെടാൻ ഇടയാക്കേണമേ.

## 95

കണ്ണുകൾ തെളിഞ്ഞു കാണുവാൻ,
പാതകൾ പ്രകാശിച്ചീടുവാൻ;
അന്ധകാരമാകെ മാറുവാൻ,
അത്ഭുതം നടത്തിടേണമേ.

1. മൺമയമീ കൂടാരമബ്ബാ,
പ്രീയനായ് സമർപ്പിച്ചീടുന്നേ;
കൂടൊഴിഞ്ഞ പക്ഷിയെന്നപോൽ,
എന്നെവിട്ടകന്നിടല്ലെ നീ.

2. ദുഃഖസാഗരത്തിലാണു ഞാൻ,
തോണിയിൽ നീ കൂടെയുണ്ടെന്നാൽ,
പാട്ടുപാടി വഞ്ചിനീക്കി ഞാൻ;
നിന്നൊടൊപ്പം യാത്ര ചെയ്തിടും.

3. കാട്ടുതീ പടർന്നുയർന്നിടിൽ,
നാശനഷ്ടമേറെ വന്നിടും;
ആകിലുമെൻ പൊന്നു താതനേ,
നന്നിലം തെളിഞ്ഞുവന്നിടും.

## 96

ചുറ്റിലും ശത്രുക്കളെൻ,
ദേഹിയെ തകർത്തീടുവാൻ;
കൂടിവന്നീടുന്നിതാ.
ആലംബമായ് നീ വരൂ.

1. നിൻഹിതം നിറവേറ്റിടാൻ,
നിത്യവും വസിക്കുകെന്നിൽ;
സ്നേഹസ്വരൂപനേ നിൻ,
വേല ഞാൻ തികയ്ക്കുവോളം.

2. എന്തു ഞാൻ ചെയ്താലും,
എവിടൊക്കെപോയാലും;
നയിക്കണേ തിരുഹിതംപോൽ,
തിരുസേവ മാധുര്യമേ.

3. ആരൊക്കെ നിന്ദിച്ചാലും,
ആത്മസന്തോഷത്താൽ നിൻ;
വചനം ജനത്തിനേകാൻ,
തിരുമനസ്സായിടുമോ ?

## 97

ഹൃദയം നുറുങ്ങുമീ അടിയങ്ങളെ എന്നും,
അലിവോടെ കാക്കേണമേ;
താതന്റെ മാറോടണഞ്ഞീടുമഗതികൾ,
മോദാൽ അങ്ങയിൽ വസിച്ചിടട്ടെ.

1. ദുഃഖാതിരേകത്താൽ വീർപ്പുമുട്ടുന്നേരം,
ആശ്വാസമായങ്ങരികിൽ വരൂ;
പാപം ക്ഷമിക്കുന്ന ത്രീയേക ദൈവമേ,
ആലംബമായങ്ങരികിൽ വരൂ.

2. തിരുവാലയത്തിന്നലങ്കാരമാകാൻ,
തിരുസുതർക്കനുവാദമേകൂ;
സഭയാകും മണവാട്ടി മോദമായ്മേവാൻ,
ഹൃദയേശ്വരാ വരം ചൊരിയേണമേ.

3. ഉള്ളങ്ങൾ സംശുദ്ധമാക്കുന്ന നാഥാ,
ഉള്ളിന്റെയുള്ളിൽ ജ്വലിക്കേണമേ;
ശോധനചെയ്യുവാൻ, ന്യൂനതപോക്കാൻ,
കനിയേണമേ തവ ദാസരിന്മേൽ.

## 98

1. I will abide Lord, I will obey,
Keep me in thy hands;
Let me follow Thee ?
Am I not your child ?

2. May I follow until my death,
Will you desert me, oh ! Lord
Keep me with you, dear Jesus;
Keep me under thy wings.

## 99

1. നിർമ്മലമായൊരു ഹൃദയം ദേവാ,
ഏഴകളിൽ ഉളവാക്കണമേ;
അനുദിനവും പുതുതാക്കുക നാഥാ,
സ്ഥിരമായാത്മാവുള്ളത്തിൽ.

2. ലംഘനമൊക്കെ മറന്നവനേ,
പാപങ്ങളാകെയും ക്ഷമിച്ചവനേ;
കാപട്യമില്ലാത്താത്മാവേകു,
സൗഭാഗ്യദായക പ്രിയനാഥാ.

3. എപ്പോഴും സന്തോഷിച്ചാർത്തീടുവാൻ,
ഇടവിടാതെപ്പോഴും പ്രാർത്ഥിച്ചിടാൻ;
എല്ലാറ്റിനായും സ്തോത്രം ചെയ്യാൻ,
ദൈവേഷ്ടം നിറവേറ്റാൻ വരമേകണേ.

4. വാഴ്ത്തീടിൻ മനസ്സോടെ ദൈവത്തെ നാം,
വിശുദ്ധ ത്രിയേകനെ ഉള്ളങ്ങളിൽ;
ഉപകാരങ്ങൾ തെല്ലും മറന്നിടാതെ,
പുകഴ്ത്തുവിൻ ഉള്ളിന്റെ ഉള്ളിൽ നിന്നും.

## 100

കാരുണ്യവാനേ, തിരുമാർവ്വിൽ ചാരുന്നീ-
അജഗണം ആശ്വാസം പ്രാപിക്കുവാൻ;
മിഴിനീർ കണങ്ങൾ തുടച്ചെന്നും ശാന്തി
യിൻ,
സാന്ത്വന സ്പർശത്താൽ അനുഗ്രഹിക്കൂ.

1. തെല്ലുനേരം പോലും മൗനമായ് തിരുമുമ്പിൽ,
പ്രാർത്ഥിക്കാതടിയങ്ങൾ നശിച്ചിടുന്നേ;
നാശത്തിൽ വീഴാതെയാത്മാവിനെ തന്ന-
സ്നേഹസ്വരൂപാ വാഴ്ത്തിടുന്നേ.

2. അല്ലലിന്നുടമകളാരാധിക്കുന്നിതാ,
ആനന്ദമേകാൻ മനസ്സാവില്ലേ ?
നീതിബോധം തന്ന സർവ്വേശപുത്രാ;
അവിടുന്നാണാലംബമെന്നുമെന്നും.

3. കരുണാർദ്ര സ്നേഹത്തിൻ ആഴം ഗ്രഹിക്കാൻ,
കരുണാമയാകൃപ അരുളേണമേ;
സത്യത്തെ നിത്യവും ധ്യാനിച്ചുമാനിക്കാൻ,
സത്യവാനേ എന്നും കൃപയേകണേ.

## 101

വിശുദ്ധനാക്കുക ദേവാ, എന്നെ,
തിരുഹിതം നിറവേറ്റിടാൻ;
തകർന്നമാനസ വാതിലിൽ വന്നെൻ
അകമേ നിത്യം വസിക്കുകേ.

1. പിഴച്ചുപോയൊരു കാലമോർത്തീ,
ഏഴയേറെ അനുതപിച്ചു;
മനസ്സുനൊന്തു കരഞ്ഞ നൊമ്പരം-
അവിടുന്നോർത്തു കരഞ്ഞു.

2. ശരണംപോയോരന്തരാത്മം,
വ്യഥകൾക്കടിമപ്പെട്ടപ്പോൾ,
തേങ്ങലിനൊച്ചകളാർത്തലച്ചതു-
കേട്ടുടൻ യേശു അരികിലെത്തി.

3. ശാന്തമായൊരു മാനസത്തി-
ന്നാധിയെല്ലാം നീക്കിടുവാൻ;
വരപ്രസാദമതേകീടേണം,
പാപമോചകനേശുപരാ.

## 102

ദുഃഖസാഗര തീരത്തിലലയുന്നേ,
യേശുവേ തിരുദാനം ഞാൻ;
ആകിലും തവ ദർശനമെൻ,
ആത്മരക്ഷയും നീ വരുത്തി.

1. തിരുസ്നേഹത്തിൻ ആഴം അളക്കാൻ,
കരുണ ചെയ്തോനേ സ്തുതി നിനക്ക്,
സ്നേഹത്തിൻ പ്രഭ ചൊരിയാനായ്
അനുവദിക്കൂ തവദാസനെയും.

2. തിരുക്കരമതിൽ വഹിക്കെന്നെ;
വീണിടാതെന്നും നടന്നിടുവാൻ;
കൃപതരിക, തിരുനാമത്തിൻ-
പുകഴ്ചക്കായെന്നും പാടാൻ.

3. തിരു ശോഭ നുകർന്നുകൊണ്ടെന്നും,
അന്ത്യത്തോളം തവ നന്മകളെ,
ഹൃദയപൂർവ്വം പകർന്നീടാനും,
വരമരുൾകെൻ പ്രിയ നാഥാ.

## 103

നിർദ്ദോഷിയായെന്നെ കരുതീടുവാൻ,
ഇത്രമാത്രം കൃപ ചൊരിഞ്ഞവനേ;
നിമിഷങ്ങൾ തോറുമെൻ ജീവിതത്തിൽ,
ശൂന്യത മാറ്റിയ മഹൽ സ്നേഹമേ.

1. സ്നേഹസ്വരൂപാ കൃപ തരിക,
തിരുസേവ ചെയ്‌വാൻ വരം ചൊരിക,
അങ്ങയെ മാനിക്കാൻ ധ്യാനിക്കുവാൻ;
സുഖമേകി ശരശയ്യ മാറ്റീടുക.

2. അഖിലചരാചര സൃഷ്ടിതാവേ,
അഗതികൾക്കാശ്രയം നീയല്ലയോ?
അനുദിനമവിടുത്തെ നന്മ പുകഴ്ത്താൻ,
ആത്മനാഥാ നൽകൂ തിരുമൊഴികൾ.

3. പ്രാർത്ഥന ശ്രദ്ധയായ് കേൾക്കുന്നോനേ,
പ്രാകൃത ഹൃദയവും അകറ്റിയോനേ;
പ്രതികാര ചിന്തകൾ വളർന്നിടാതെ,
പ്രശാന്ത മാനസം നൽകുമോ നീ ?

# 104

ആത്മാവിൻ ഉടയവനേ,
ആത്മമാരിയാൽ കുളിരേകില്ലേ?
അമിതബലം ധരിച്ചുണർന്നീടുവാൻ,
അനുഗ്രഹ വചസ്സുകൾ ഗ്രഹിപ്പിക്കുമോ?

1. തിരുജനം ആകുലം വെടിഞ്ഞീടുവാൻ,
തിരുഹിതമാവുകില്ലേ ?
തവസവിധേവന്നണയുവോരെല്ലാം,
താതനു പ്രിയരായ് മാറുകില്ലേ ?

2. തിരുസഭ ഉണരുകയാണിവിടെ,
തിരുനാമം പുകഴ്ത്തിടുവാൻ;
തിരുമേനീ എന്റെ ഉടയവനേ,
തൃക്കരത്തിൽ വഹിച്ചാനയിക്കൂ.

3. നന്ദിയിൻ നറുമലർ കാണിക്കയായ്,
നന്മകൾ പ്രാപിപ്പോർ ഞങ്ങളേകിടാൻ,
നാളുകൾ ഓരോന്നായെണ്ണിയെന്നും,
നാഥനായ് കാത്തിരുന്നീടുന്നിതാ.

# 105

അകലാത്ത ദൈവമേ ആനന്ദദായകാ,
അക്ഷയനാകുമെൻ തമ്പുരാനേ;
ആലംബഹീനരാണഗതികൾക്കാശ്രയം,
അവിടുന്നല്ലാതില്ല നീതിമാനേ.

1. വിലപിക്കുവാനല്ലാതാകുമോ മക്കൾക്കു,
വിധിതീർത്ത ദുരിതങ്ങൾ മാറിടായ്കിൽ;
വിശ്വാസമാകുന്ന പടകിലെ യാത്രക്കാർ,
വലയാതിരിക്കുവാൻ കൃപയേകണേ.

2. കർത്താവേ വേഗമങ്ങാഗതനാകാതെ,
വേദനകൾക്കൊരു ശാന്തിയുണ്ടോ?
വിശ്വസ്തനാകുമെൻ രാജാധിരാജാവേ,
വേഗം വരേണമേ ശാന്തിയേകാൻ.

# 106

Let me see thy loving hands,
Let me see your smiling face;
May I catch your lovely gown,
Embrace me Lord embrace me.

# 107

തിരുരക്തത്താലുള്ളം കഴുകേണമേ,
മാലിന്യമാകെയും നീക്കേണമേ;
അമ്മലാ എന്നുള്ളിൽ അധിവാസം ചെയ്തുകൊ-
ണ്ടാനയിക്കേണമേ തിരുഹിതംപോൽ.

1. ആനന്ദ ബാഷ്പാങ്കുരത്താലീ നയനങ്ങൾ,
ഈറനണിഞ്ഞീടുമ്പോൾ;
സർവ്വേശനേ തവ സ്നേഹാതിരേകത്താൽ,
ഏഴയെ എന്നെന്നും പുൽകേണമേ.

2. ആത്മാവിലാനന്ദം തുടികൊട്ടിയെന്നും,
അധരം തുറന്നു പാടാൻ,
സ്തുതികളിലധിവാസം ചെയ്യുമെൻ പ്രീയാ,
എന്നേയും അനുവദിച്ചീടുകില്ലേ ?

# 108

പരിശുദ്ധനേ നിന്നാവിയാൽ നിത്യം,
വഴിനടത്തീടുകെന്നെ;
അരുതായ്കയൊന്നുമേ വേണ്ടെനിക്ക്,
ആവസിച്ചീടെണം എന്റെയുള്ളിൽ നീ.

1. വഴികാട്ടിയായി, നേർപാതയിൽ ഞാൻ,
സത്യവെളിച്ചം വിതറീടുവാൻ;
ത്രീയേകനാഥാ കാരുണ്യമെന്നിൽ,
വർഷിക്ക നിത്യം പാവനാത്മാ.

2. അനുതാപചിത്തമീ ഏഴയിൽ നാഥാ,
അനുദിനം വർദ്ധിക്കാൻ ഇടയാക്കണേ;
വിനയമായ് പ്രാർത്ഥിപ്പൂ സേവകനെന്നും;
വിലതീരാദാനത്തിൻ ഉടമയല്ലോ.

# 109

('പ്രതികാരദാഹമെൻ ജീവിതത്തിൽ'
എന്ന ഗാനത്തിന്റെ തെലുങ്കുപരിഭാഷ)
പ്രതികാരവാഞ്ഛനാ ജീവിതമുലൊ
രാക്കുണ്ട യേശയ്യാ നീ നടുപൂ
അനവസരതലമ്പുലതൊ നശിഞ്ചുടക്കു,
അനുവദിഞ്ചകുമുനാ പരമതംഡ്രീ.

1. തല്ലിതംഡ്രി മിത്രമു നീ വേകതാ,
പ്രിയമഗു സോദരുഡു നീ വേകതാ;
കാബട്ടി ആശ്രയമു പ്രീയ യേശയ്യാ,
ചെയ്‌വിടുവക നന്നു കാപാടുമു.

2. നാ ഹൃദയം പരിശുദ്ധമയിനപ്പുടു,
സ്നേഹിതുലനേകുലു വെല്ലിനാരു;
കനപ്പെടക വെല്ലി നാ വാതംഡ്രീ,
നീഡ ഇച്ചുടകു നിവു നാ തോരാവാ.

# 110

വിശ്വാസദായകാ കൃപയേകണേ,
വ്യാകുലമാനസർ കേഴുന്നിതാ;
ആശയോടേശുവേ അനുഗമിക്കുന്നേ,
ആകുലകാരണം നശിപ്പിക്കുവാൻ.

1. തീരാത്ത ദുഃഖം വിതയ്ക്കുന്ന പാന്ഥരെ,
തോരാത്ത കണ്ണീർ കുടിപ്പിക്കുവാൻ;
തേരാളിയായെന്റെ നാഥനുണ്ടെങ്കിൽ,
2. തരുമെനിക്കാത്മീക ശക്തിയെന്നും.

അറിവിന്റെ വാതായനം തുറന്നീടണേ,
പറുദീസയോളം വഴിനടത്തൂ;
കറയറ്റ പ്രേമസുധാരസ ധാരയാൽ,
കുറവുള്ള ഞങ്ങളെ തൃപ്തരാക്കൂ.

# 111

പാപത്തെയറിയാതിരുന്നെങ്കിൽ നാഥാ,
ഭാരിച്ചഖേദം വെടിഞ്ഞേനെ ഞാൻ;
ഭാരക്കുരിശും വഹിച്ചെന്റെ പേർക്കായ്,
പാപിയെപ്പോലല്ലോ മരിച്ചു ക്രൂശിൽ.

1. നിർവ്യാജ സ്നേഹമീ സിരകളിലൊഴു
കുവാൻ,
നിമിഷേന യത്നിക്കാൻ മനസ്സാകുമോ ?
നിതാന്തജാഗ്രതയോടെന്റെ നാഥനെ-
നിത്യവും ധ്യാനിക്കാൻ വരമേകുമോ ?

2. അവിടുത്തെയപദാനം നാവുകൾക്കമൃതായ്,
അഖിലേശാകൃപയായി നൽകീടുമോ?
ആശയാണേ എനിക്കേശുവേ തൃപ്പാദം-
അടിപണിഞ്ഞീടുന്നതാമോദമേ.

# 112

അകലത്തിൽനിന്നും വിളികേട്ടിടുമ്പോൾ,
അരൂപിയായി വന്നണയ്ക്കുവോനോ;
അറിവില്ലായ്മകൾ ക്ഷമിക്കുന്ന ദേവാ,
അനുദിനം കൃപയാൽ നടത്തേണമേ.

1. വിശ്വാസദായകാ ആത്മാവിലെന്നും,
ആശ്വാസമായങ്ങു വസിച്ചീടുമോ ?
ആശിഷമേകണേ ദീനദയാലോ,
തിരുശിഷ്യരാകാൻ വരമേകുമോ ?

2. ലംഘനങ്ങൾ സ്നേഹപൂർവ്വം മറക്കാൻ,
പാവന ജീവിതം പടുത്തുയർത്താൻ;
താതന്റെ സാന്നിദ്ധ്യമെപ്പൊഴുംപോരുമോ?
നൽകുമോ ജീവനിൽ സ്വസ്ഥതയും.

3. സ്വർഗ്ഗീയ സൗഭാഗ്യമോടെന്നും വാഴാൻ,
വീഴാതെ സ്വർല്ലോക ഭവനേ വസിക്കാൻ;
ആശയാൽ ഹൃദയം പിതാവിന്റെ കയ്യിൽ,
സാമോദമേൽപ്പിപ്പൂ സമ്പൂർണ്ണമായ്.

# 113

ചതഞ്ഞ ഓടയിൽ നിന്നും പുതിയൊരു-
സംഗീതം നീ പകർന്നതാൽ; (2)
പുകയും തിരിയാം എന്നിൽ വെട്ടം
തെളിഞ്ഞുവല്ലോ............ സ്തുതിനാഥാ.
- (2) (ചതഞ്ഞ ഓട)

1. ആഘോഷിക്കാൻ, കൊള്ളാകുന്നൊരു.,
ജീവിതമാക്കുക എന്നെയുമേ ; -(2)
തിരുവചനത്തിൻ ശക്തി വിളമ്പി
തെളിനീരാക്കുക എന്നെയുമേ. - (2)
(ചതഞ്ഞ ഓട)

2. സ്നേഹിക്കാനായ്, വരമേകീടുക,
എന്നെപ്പോലെൻ ശത്രുവെയും; - (2)
കേഴും മനസ്സിനു ധന്യതയേകുക,
പരിശുദ്ധനാകും കർത്താവേ.
- (ചതഞ്ഞ ഓട)

3. ആത്മാവിൽ മമ, ജീവനിൽ നിന്റെ;
വിശുദ്ധരക്തം പ്രവഹിക്കട്ടേ, - (2)
ശുദ്ധാത്മാ നീ എന്നിൽ നിറയാൻ
കൃപയാൽ ദിനവും വരമേകൂ.
- (2) (ചതഞ്ഞ ഓട)

# 114

നാശകരമായ കുഴിയിൽ നിന്നും,
കുഴഞ്ഞ ചേറ്റിൽ നിന്നും;
ദൈവമെന്നെ കരകയറ്റി,
ഹാ! എത്ര നല്ലവൻ നാഥൻ.

1
മരണപാശങ്ങൾ ചുറ്റിയപ്പോൾ,
പാതാള വേദന അനുഭവിക്കേ;
കഷ്ട നഷ്ടങ്ങൾ നിറഞ്ഞു നിൽക്കേ,
യാഹേനിൻ നാമത്തിൽ പ്രാർത്ഥിച്ചു
ഞാൻ.

2
ദൈവമേ നിൻ ചെവി എങ്കലേയ്ക്കായ്,
ചായിക്കയാൽ എന്നും വിളിച്ചു കേഴും,
പ്രാർത്ഥനയൊക്കേയും കേൾക്കയാൽ
ഞാൻ–
അന്ത്യത്തോളം സ്നേഹിച്ചാരാധിക്കും.

3
വിനയപ്പെടാനെന്നെ സഹായിച്ചവൻ,
രക്ഷിച്ചതെത്രയോ ആശ്വാസമായ്;
കണ്ണിനെ കണ്ണീരിൽ നിന്നും എന്റെ–
കാലിനെ വീഴ്ചയിൽ നിന്നുമത്രേ.

# 115

യാചനാശബ്ദം ശ്രവിക്കുന്ന ദൈവം,
ബലവാനായ് പരിചയായ് കൂടെയുണ്ട്;
ആശ്രയമാം മമ ദൈവത്തിൽ ഞാൻ,
ഹൃദയം സമർപ്പിച്ചിട്ടാശ്വസിക്കും.

1. ഉല്ലാസഹൃദയം തരുന്ന ദൈവത്തെ,
പാട്ടോടെ ഘോഷത്തിൽ ഞാൻ സ്തുതിക്കും;
രക്ഷയാം യാഹിനാൽ ദൈവജനം,
രക്ഷയിൻ ദുർഗ്ഗത്തിൽ വസിക്കുമെന്നും.

3. അവകാശികൾ മക്കൾ, നിൻ ജനത്തെ,
രക്ഷിച്ചനുഗ്രഹിച്ചാശീർവ്വാദം,
നൽകണേ നാഥാ ഭുജത്തിലേന്തി,
എന്നെന്നും മേയിച്ചു നടത്തേണമേ.

# 116

ആർദ്രവാനേ, ആരാധ്യനേ,
ആത്മനാഥാ യേശുദേവാ;
ആരാധിക്കുന്നൂ ഞങ്ങൾ,
ആനന്ദദായകനേ.

1. കൃപയാലത്രേ ഞങ്ങൾ ജീവിക്കുന്നു,
തുറക്കണേ കാരുണ്യവാതായനം;
കണ്ണെത്താ ദൂരത്തിരിക്കുമീയന്ധർതൻ,
കുരുടാകെ മാറ്റുകദൈവപുത്രാ.

2. ആദരവോടിതാ തിരുമുമ്പിൽ നിൽപ്പൂ,
അഭയം നൽകീടുന്ന നീതിമാനേ;
അളവില്ലാതടിയാരെ ആശീർവ്വദിക്കുന്ന,
ആത്മനാഥാ അങ്ങേ നമിച്ചിടുന്നേ.

3. അരൂപിയായിട്ടകമേ വരുമ്പോൾ,
അവിവേകികൾക്കുയിരാകുമല്ലോ?
ഉയരത്തെ അറിവേകും പുണ്യവാനേ,
അഗതികളെ കൈവെടിഞ്ഞിടല്ലേ.

# 117

Oh! Lord, I feel so sad,
How can I live without you ?
Embrace me, my father;
You are my saviour; Jesus !

# 118

അരുതാത്ത ചെയ്തികൾ കേൾക്കാതിരിക്കാൻ,
അരുളേണമേ കൃപ ദാസരിന്മേൽ;
കരുണയ്ക്കായ് കേഴുമീ ഏഴകളിൽ നാഥാ,
തിരുസ്നേഹം വർഷിക്ക മാരിപോലെ.

1. പരിശുദ്ധാത്മാവേ അങ്ങനുനിമിഷം,
പരിപൂർണ്ണ സംരക്ഷയേകീടിലും;
ഏഴകൾക്കേകുവാൻ പകരമെന്തുള്ളൂ ?
നാഥാ നിൻ ദാനമാം ഹൃദയംമാത്രം.

2. അരൂപിയായ് അങ്ങകമേ വരുമ്പോൾ,
വിരൂപരാം ഞങ്ങൾ രൂപാന്തരത്താൽ;
അരുമനാഥൻ ചാരേ ആത്മദാഹത്താൽ,
വരുമേ അങ്ങടിയാരിൽ കൃപയേകണേ.

3. ആത്മാവു വേദനിക്കുന്നുവോ ഉള്ളിൽ?
ആനന്ദമെല്ലാം നിലച്ചുവെന്നോ ?
ആത്മാവു തേങ്ങുന്ന ഒച്ച കേൾക്കുന്നുവോ ?
ആത്മനാഥൻ കണ്ണീർ വാർക്കുന്നുവോ ?

# 119

കർത്താവേ എന്നെ കഴുകണമേ,
രക്തത്താലെന്നെ കഴുകണമേ;
ആത്മാവിൽ ശാന്തികല്പിച്ചെന്നുമെൻ,
അകതാരിൽ വാസം ചെയ്യണമേ.

1. കദനഭാരത്താൽ തകരുന്നെന്നുള്ളം,
കാരുണ്യം കാട്ടാൻ കനിയെണമേ;
കാപട്യം തെല്ലും ദർശിച്ചീടാത്ത,
കാരുണ്യാത്മാവേ നമിക്കുന്നു.

2. അളവില്ലാദാനം വർഷിക്കുന്നോനേ,
പ്രാണപ്രീയാ ഈ ഉള്ളത്തിൽ;

അഭിലാഷങ്ങൾ പൂവണിയട്ടേയെന്നും,
ആശീർവ്വാദം നീ വർഷിക്കൂ.

3. അനർത്ഥം വന്നെന്നെ തകർക്കുന്നേരം,
മിത്രങ്ങൾ പോലും അകലുന്നിതാ;
അന്യരല്ലുറ്റോർ പരിഹസിക്കുമ്പോൾ,
ആശ്വാസം നൽകാനേശുമതി.

# 120

പരിശുദ്ധാത്മാവേ വരേണമേ വേഗം,
പരമരാജാവേ മേഘേ വരേണം;
തിരുസുതരഭയം തേടുന്നു നിത്യം;
തിരുഹൃദയത്തിൻ സവിധെയെന്നും.

1. സത്യമായേഴകൾ നയനങ്ങളിൽ,
നിത്യവും കണ്ണീർ ചാലുകീറുമ്പോൾ;
സത്യവാനായങ്ങുവഴി നടത്തൂ,
നിത്യസഹായക പാറയാം നീ.

2. ശക്തി പ്രദായക ദൈവമേ നിൻ,
വാഗ്ദത്തമോർത്തങ്ങു തുണയാകണേ;
വിശ്വസ്തമാനസ്സാ ത്രിത്വമേയ-
ങ്ങഗതികൾക്കരുളുമോ നിത്യജീവൻ.

3. നശ്വരമാകുമീലോകത്തിൽ ഞങ്ങൾ,
നല്ലപോർപൊരുതുവാൻ വരമേകണേ;
വിശ്വാസമാർഗ്ഗം ത്യജിച്ചിടാതെന്നും,
വിജയങ്ങൾ നേടാൻ കൃപചൊരിയൂ.

# 121

തിരുസ്നേഹം മാത്രമാണെന്റെ ധനം,
തിരുസേവയാണെന്റെ പുണ്യതീർത്ഥം;
തിരുസന്നിധാനത്തിൽ അണയുന്നനേരം,
തിരുമാർവ്വിൽ ചാരിഞാനാശ്വസിക്കും.

1. അവിടുത്തെയപദാനം ഘോഷിക്കുമെന്നെ,
പാപിയായ് കരുതല്ലേ തമ്പുരാനേ;
തീരാത്ത ദുഃഖങ്ങളെന്നുള്ളിലും ശത്രു-
നിക്ഷേപിച്ചെന്നാലും കൈവിടല്ലേ.

2. പരിശുദ്ധാത്മാവേ അങ്ങാശീർവ്വദിച്ചെന്നെ-
നേർവഴി കാട്ടി നയിക്കേണമേ;
ദുരിതക്കയത്തിൽ താണു നശിക്കാതെ,
ത്രീയേക നാഥാ നടത്തേണമേ.

3. ഭൗതീകമായുള്ള നന്മകളെണ്ണി ഞാൻ,
നാശഗർത്തത്തിൽ പതിച്ചിടാതെ;
ശോഭനമാർന്നതാം നിത്യതയ്ക്കായിതാ,
കാംക്ഷിപ്പൂ വേഗം നീ വന്നീടണേ.

# 122

ദൈവത്തിൻ ഔദാര്യദാനങ്ങൾ മാത്രം,
പ്രാപിക്കുകിൽ നാം ആനന്ദിക്കും;
ആശകൾ വഴിവിട്ടു വളർന്നുവെന്നാൽ,
ആനന്ദമെല്ലാം അസ്തമിക്കും.

1. ആത്മാവിലൂറും വിഷാദമാണോ ?
അന്തരാത്മാവിൽ വിനോദമാണോ?
ഏതുവേണം നിനക്കേതുവേണം?
സന്തോഷമോ അതോ സന്താപമോ?

2. അന്തരംഗങ്ങൾ ഗ്രഹിക്കുമീശൻ,
ആശിഷം നൽകാൻ കൊതിച്ചിടുമ്പോൾ;
ആശയോടേറ്റു വാങ്ങീടുകിൽ നീ,
ആശീർവ്വാദത്തിന്നുടമയാകും.

3. പരിതാപകരമായി ജീവിതങ്ങൾ;
എരിതീയിൽ എണ്ണ പകർന്നിടുമ്പോൾ,
പാരസ്പര്യത്തിന്റെ ചങ്ങലയാലേ,
ദോഷങ്ങൾ മാറാൻ പ്രാർത്ഥിച്ചിടാം.

# 123

അൻപിൻ രൂപമേ, കാവൽ മാലാഖയേ,
കനിവിന്നുറവിടമേ;
എന്റെ തമ്പുരാനേ; എന്റെ തമ്പുരാനേ;
തിരുനാമകീർത്തനമാലപിച്ചെന്നും,
സായൂജ്യമടയുന്നു;
തമ്പുരാനേ, അൻപിൻ സ്വരൂപമേ.

1. ആകാശഗോളങ്ങളൊക്കേയും നിർമ്മിച്ചു,
നിർദിഷ്ടമാർഗ്ഗവും നൽകിയോനേ;
നിന്നെവിട്ടെങ്ങും പോകാനില്ല,
നിന്നോടുള്ള വാസം എത്ര കാമ്യം!

2. തിരുസേവ ഞങ്ങൾ ചെയ്തിടാനും,
തിരുസുതരായെന്നും ജീവിച്ചിടാനും;
ആഗ്രഹിക്കുന്നു എൻ പ്രാണപ്രിയാ,
തിരുമാർവ്വിൽ ഞങ്ങളെ ചേർത്തിടണേ.

# 124

സ്വർഗ്ഗലോകം പൂകുവാനാശ നാഥനേ,
മർത്യജൻമം സഫലമാക്ക നീ;
ജീവിതയാത്രയിൽ കാലിടറാതെ,
കൂട്ടിനെത്തുമോ നീ ? സ്നേഹമേയ്പനേ.

1. അനുതപിച്ചൊഴുക്കും കണ്ണുനീരിനാൽ,
ജീവിതം ശുദ്ധമാക്ക പ്രാണനാഥനേ,
മുള്ളുകൾക്കിടയിലായ് പരിലസിച്ചിടും,
റോസാ പുഷ്പമായിടാൻ കരുണയേകിടൂ.

2. തെറ്റുചെയ്തിടാതെയങ്ങു ക്രൂശിലേറി;
ഭാഗ്യമല്ലോ നൽകിയതീ അഗതിക്കുമേ;
ശ്രേഷ്ഠമിപ്പദവിയെന്നെത്തേടിവന്നതാൽ,
ക്രൂശുമായ് പ്രീയനെ പിൻഗമിച്ചിടും.

3. എന്നെയങ്ങനശ്വരനായ് മാറ്റിടാനായ്,
തിൻമയകറ്റി വൻ കൃപയേകി നീ;
നൻമകൾ വേണ്ടപോൽ ചെയ്തിടാനുമീ-
ദാസനിൽ കൃപ വേണം മാരിപോൽ സദാ.

# 125

അഗ്നിപരീക്ഷയിൽ തളർന്നിടാതെ,
വിശ്വാസ ജീവിതം ത്യജിച്ചിടാതെ;
നിത്യം ജയിക്കുവാൻ പ്രീയനാഥാ,
ആത്മബലം പകർന്നരികിൽ വരൂ.

1. തളരുന്ന മനസ്സിനു ശക്തിയേകൂ,
തണലേകാൻ വൻ മേഘസ്തംഭമാകൂ;
ഇരുളാർന്നിടങ്ങളിൽ അഗ്നിയായും,
അനുഗമിക്കില്ലേ മൽപ്രാണനാഥാ?

2. സാക്ഷ്യമായേഴയെ നിറുത്തേണമേ,
പൈതലാമെന്നേയും സ്നേഹപൂർവ്വം;
സത്യത്തിൻ മാർഗ്ഗത്തിൽ നടന്നീടുവാൻ,
നിത്യതയോളം വൻകൃപയേകണേ.

3. ഭുജങ്ങളിൽ പിടിച്ചെന്നെ ബലപ്പെടുത്തു,
ഓടുമാറാക്കേണം തവകീർത്തിക്കായ്;
ബലഹീനനായ് ഞാൻ കുഴഞ്ഞിടുമ്പോൾ,
ശക്തിപകർന്നെന്നെ നയിക്കേണമേ.

(20-02-1999 ൽ മാരാമൺ കൺവെൻഷൻ പന്തലിൽവച്ച് രചിച്ചത്)

# 126

സാന്ത്വനമേകുന്ന ദൈവപുത്രാ,
സായുജ്യമേകണേ സംപ്രീതനായ്;
നിത്യവും വാത്സല്യ പൈതലായ് ഞാൻ,
തിരുമാർവ്വിൽ ചാരാൻ അനുവദിക്കൂ.

1. സങ്കേതമേയെന്റെ ദൈവപുത്രാ,
സന്തതമേകണേ ആശ്വാസവും;
അളവെന്യേ കൃപയേകൂ സ്നേഹ നാഥാ,
നിരുപമസ്നേഹത്താൽ നിറഞ്ഞീടുവാൻ.

2. വിശ്വസ്ത സ്നേഹിതാ സത്യവാനേ,
ആലംബമായ് നീ സവിധേവരൂ;
ആകുലം നീക്കാനും ആശ്വാസമേകാനും
ആനന്ദദായകാ ഹൃദയേ വരൂ

3. നിന്ദയകറ്റീടാൻ മാലകറ്റാൻ,
സർവ്വേശപുത്രൻ വരിച്ചു ശാപം;
നീതിയിൻ മകുടമായ് ഉയിർത്തെണീറ്റു,
പാപം ക്ഷമിക്കുന്ന കരുണയുള്ളോൻ.

# 127

ഒരുമനപ്പെട്ടു നീ യേശുവിൻ സവിധേ,
വിശ്വാസക്കണ്ണുകൾ ഉയർത്തീടുമോ?
അരുമനാഥൻ ചാരേ അണഞ്ഞീടുവോരെ;
കൈവെടിയില്ലവൻ; സ്നേഹമല്ലോ.

1. തിരുരുധിരത്താൽ വിലയേകിയെന്നെ,
തവദാസനാക്കിയ ശ്രേഷ്ഠ സ്നേഹം;
വിസ്മരിച്ചീടാതെ വിനയത്താൽ ജീവിക്കാൻ,
പരമോന്നതാ തുണയാകേണമേ:

2. അനുഗ്രഹമാരി ചൊരിഞ്ഞെന്റെ ജീവൻ,
വിലയേറിയ മുത്തായ് മാറ്റിയല്ലോ;
അകമഴിഞ്ഞങ്ങയെ സേവിക്കാനെന്നും,
ആശയാണേശുവേ കൃപ ചൊരിയൂ.

3. തിരുരാജ്യവിസ്തൃതിയാണെനിക്കാനന്ദം,
അക്കരയെത്താൻ കൊതിയേറുന്നേ;
ഈ ലോകജീവിതം നശ്വരമാകയാൽ,
പ്രാണനിൽ കുളിരേകി നീ വരേണം.

# 128

ദൈവത്തിൻ സാന്നിദ്ധ്യം അനുഭവിച്ചാൽ,
ഭയക്കേണ്ട, ജീവനിൽ പേടിവേണ്ട;
യാക്കോബിൻ യാത്രയിൽ യാബ്ബോക് കടവിൽ,
പ്രത്യക്ഷനായവൻ അനുഗ്രഹിക്കും.

1. മനസ്സാകുമോ നാഥാ കൃപയേകുവാൻ ?
ആശിഷം പകരാൻ തവ മാനസ്സേ;
പെനിയേലിൽ ഉഷസ്സിങ്കൽ, പകർന്നപോലെ,
അനുഗ്രഹം പകരുവാൻ മനസ്സാകുമോ ?

2. ആത്മാവിൻ മാരി നീ വർഷിക്കുമോ?
ആനന്ദം നിറയാൻ കൃപയേകുമോ;
തിരുനിണത്താലെൻ ശാപങ്ങൾ കഴുകി,
തിരുനിവാസത്തിൽ മറച്ചീടുമോ ?

3. ആർത്തിരമ്പീടും ശത്രുക്കൾ ചുറ്റും-
ക്രൂരമായ് ആക്രമിച്ചെന്നാകിലും;
ദൈവീക സാന്നിദ്ധ്യബോധത്താലെ,
തേജോമയനെന്നെ വീണ്ടെടുത്തു.

## 129

ഉച്ചത്തിൽ ഞാൻ യാചിക്കുന്നു,
നിലവിളിച്ചീടുന്നു, യാഹിനോട്;
സങ്കടമൊക്കേയും പകരുന്നു മുമ്പിൽ,
കഷ്ടതകൾ ഞാൻ ബോധിപ്പിക്കുന്നു.

1. ആത്മാവെന്നുള്ളിൽ വിഷാദിക്കുമ്പോൾ,
പാത അറിയാതെ വലഞ്ഞിടുമ്പോൾ,
എൻ ഗമനങ്ങളിൽ കെണിയൊരുക്കും-
ശത്രുവെ നോക്കിക്കാൺക നാഥാ.

2. എന്നെ അറിയുവോരാരുമില്ലേ,
ശരണമില്ലാത്തോനായ് തീർന്നുവല്ലോ;
കരുതുന്നില്ലാരുമെൻ പ്രാണനേയും,
നിലവിളിക്കുന്നു മൽപ്രാണനാഥാ.

3. നീ എന്റെ സങ്കേതം, ജീവനുള്ളോർ മദ്ധ്യേ-
ഓഹരിയും നീയേ, സത്യമായും;
ബലവാന്മാർ മദ്ധ്യേ എളിമപ്പെടുന്നേ,
നിലവിളിക്കായ് ചെവിതുറന്നീടണേ.

4. വിടുവിക്കണേ എന്നെ വൈരിയിൽനിന്നും,
പ്രാണനെ കാരാഗ്രഹത്തിൽനിന്നും;
നീ എനിക്കുപകാരം ചെയ്കയാൽ ചുറ്റും-
നീതിമാന്മാർ കൂടും, സ്തോത്രം പ്രഭോ.

## 130

തിരുനാവുരയ്ക്കുവതന്നേരം കേൾക്കാൻ,
കാതോർത്തിടുന്നു ഞാൻ തമ്പുരാനേ;
തിരുനാമകീർത്തനമാലപിച്ചെന്നും
തിരുസവിധേ പാർക്കാനാശയോടെ.

1. പ്രാകൃതമായുള്ള ചിന്തകളൊക്കേയും,
പാടേയകറ്റുവാൻ പ്രാപ്തിനൽകു;
പ്രാർത്ഥിക്കുന്നേ തവ കാരുണ്യവർഷം
നിത്യവും അനുഗ്രഹമായിമാറാൻ.

2. നിർമ്മലമാനസം കൈവിടാതെന്നും,
നിർദ്ദോഷ ചിന്തകൾ കാത്തുകൊണ്ടാൽ;
നാശത്തിൻ പാശമെറിഞ്ഞു വീഴ്ത്തീടാൻ,
ആവില്ലൊരാൾക്കും നിശ്ചയമേ.

3. ജീവിത നൗക ചലിക്കുന്ന മാധുര്യ-
സങ്കല്പമെത്ര വിചിത്രമെന്നൊ?
ജീവന്റെയങ്കുരം മുറിപ്പെടുത്തീടിൽ,
ജീവന്റെ നായകനെഴുന്നള്ളിടും.

## 131

ആശ്രിതവത്സലനേ, മിശിഹായേ,
കൃപചൊരിയൂ മമ ജീവനിൽനീ;
ശാശ്വത ഭുജമതിൽ താലോലിച്ചീ,
ഏഴയെ നിത്യം വഴിനടത്തു.

1. ആത്മദീപം ജ്വാലകെടാതെ,
പാലിക്കാനായ് കൃപയേകൂ;
യാചിക്കുന്നെന്നുള്ളം നാഥാ,
കാരുണ്യം തോന്നീടെണമേ,

2. ഹൃദയത്തിന്റെയഗാധത തന്നിൽ
നിസ്തുല സ്നേഹ സന്ദേശം;
തുടികൊട്ടുംവിധമാത്മാവിൽ നിൻ
അനുപമ ശക്തി ഒഴുകട്ടെ.

## 132

കരുണയ്ക്കായ് യാചിക്കും വിശ്വാസ
വീരരേ,
ആശ്വാസദായകനരികിൽ വരീൻ,
കാരുണ്യം കാട്ടിടും സ്നേഹം പകർന്നീടും
ആമയമാകെയും മാറ്റിത്തരും.

1. കാരുണ്യമൂർത്തിയും കനിവിന്നുറവയും,
ആർദ്രവാനും മമ രാജനല്ലോ ?
ആലംബഹീനനായ് പരിതപിക്കുന്നേരം,
ആദരിക്കുന്നവനേശുമാത്രം.

2. സത്യത്തെ പിൻപറ്റി നീതിയോടെന്നും,
സത്യവാനേ ഞങ്ങൾ ജീവിക്കുവാൻ;
കൃപയോടെഴുന്നള്ളിമാലകറ്റീടണേ,
ശാശ്വത സത്യമേ നമിക്കുന്നിതാ.

3. സ്വർഗ്ഗപുരത്തിലായെത്തുവോളം നാഥാ,
പാതയ്ക്കു കാവലായ് പ്രീയനേ നീ;
ഇല്ലായ്കിലേഴകൾ വീണുപോകാമല്ലോ ?
സത്യമായ് നാഥാ നീ കൂടെ വേണം.

## 133

Make me fool my Lord Jesus,
Make me fool for Lord;
Little by little, please pick me up for you,
Pick me up, for your kingdom expansion.

## 134

തിരുരാജ്യവർദ്ധനയ്ക്കായിതാ ഞങ്ങൾ
തവരാജ്യം ദർശിക്കാൻ വന്നിടുന്നേ..... (2)
തരണമേ ദിവ്യമാം നൽവരങ്ങൾ നാഥാ
താണു കേണിടുന്നേ തമ്പുരാനേ. (2)

1. തിബരിയാസ് തീരത്തു ഞങ്ങൾ വസിക്കുമ്പോൾ
തിരുമുഖംദർശിക്കാൻ ഭാഗ്യമേകണേ; (2)
താതന്റെ വരവിനായ് കണ്ണിമയ്ക്കാതെന്നും-
തവദാന ലബ്ധിക്കായ് കാത്തിരിക്കാം. (2)

2. അബ്ബാ പിതാവേ, വിശപ്പിന്നാഹാരം-
അന്നന്നു ഞങ്ങൾക്കു തന്നീടെണം; (2)
അല്ലായ്കിൽ നിൻ മക്കളാകുലരായീടും,
അദ്ഭുതവാനേ നീ തുണ ചെയ്യണേ. (2)

3. ആലയത്തിന്നുള്ളിൽ ആരാധനയ്ക്കായ് നാം
ആനന്ദമോടേ കടന്നീടെണം; (2)
ആരുമേ ദൈവീക സാന്നിദ്ധ്യം നേടാതെ
ആത്മനിറവില്ലാതിറങ്ങീടല്ലേ. (2)

## 135

പരിശുദ്ധദേവാ തിരുസവിധേ ഞങ്ങൾ,
നന്മകൾ പ്രാപിക്കാൻ വന്നിടുന്നേ; (2)
ആത്മാവിനും പോരാ ഹൃദയത്തിനും
സുഖമേകിടാനായ് കൃപതോന്നണേ, (2)

1. അഞ്ചപ്പവും രണ്ടുമീനുമേകി-
അയ്യായിരത്തെ നീ പോഷിപ്പിച്ചു, (2)
അവിടുത്തെ സാന്നിദ്ധ്യം ഇവിടേകിടേണം
ആനന്ദമാരോഗ്യം ദീർഘായുസ്സും. (2)

2. ആത്മാവിനാൽ നിത്യം നയിക്കേണമേ ദിവ്യ-
അഭിഷേകത്താൽ സ്വർഗ്ഗവരദാനവും; (2)
അനുദിനമങ്ങയെ കീർത്തിക്കുവാനായ്
ആത്മനാഥാ വരം അരുളേണമേ. (2)

3. തിരുനാമകീർത്തനം ആത്മാവിനാനന്ദം,
തിരുസന്നിധേ മമ നിക്ഷേപമേ; (2)
താതനും മാതാവുമായുള്ള പ്രിയാ,
താവകദർശനഭാഗ്യം നൽകൂ. (2)

## 136

യേശുവേ തിരു സവിധേ ശരണം,
തരണം കൃപ പരനേ;
അവിവേകങ്ങൾ, പൊറുക്കുക നാഥാ,
ആശ്രയമരുളണമേ, ആശ്രയമരുളണമേ.
(2)

1. വ്യാകുലമാനസം അറിയുന്നോനെ,
ആശ്വാസമായ് അരികിൽ വരൂ, (2)
പീഡിതരായോർ അഭയം തേടും,
തവനാമം മമ സാന്ത്വനമേ. (2) യേശുവേ

2. വചനം കാലിനു ദീപമതായി-
അരുപിയേ വന്നുള്ളമതിൽ, (2)
അനുനിമിഷം പരമാത്മാവായി
വാസം ചെയ്യുക, അടിയരിൽ നീ.
(2) യേശുവേ

3. അറിവിൻ ജ്വാല തെളിക്കുക ഉള്ളിൽ,
അടിമത്തം വിട്ടോടിവന്നിടുവാൻ; (2)
സുവിശേഷത്തിൻ അഗ്നി പടർത്താൻ,
സുതരാമടിയരിൽകൃപചൊരിയൂ.(2) യേശുവേ

## 137

തിരുഹിതം അനുസരിക്കുവാൻ,
നാഥാ, വരം അരുൾക ദാസരിൽ നീ;
അനുദിനം അടിയരിൽ പകരുന്ന കൃപകളെ,
വിസ്മരിച്ചിടാനാവുമോ ?
(തിരുഹിതം)

1. അനുതപിക്കുവിൻ, പ്രീയരേ നിത്യവും
ദൈവരാജ്യ ബോധമുള്ളിൽ ആർജ്ജിക്കുവിൻ;
സ്നേഹജ്വാലയാൽ, ബന്ധനം തകർക്കുവിൻ,
ശത്രുമിത്രമായിടട്ടെ സ്നേഹനാഥനായ്.
(തിരുഹിതം)

2. സർവ്വലോകനാഥനേ നീതിപീഠമേ,
സഹചരിക്ക, ഞങ്ങളോടു പ്രാണ പ്രീയനേ;
നീതിവരങ്ങൾ, നാലുമേകി ആശിഷം,
ദാസരിൽ പകർന്നിടേണം ആത്മമാരി പോൽ.
(തിരുഹിതം)

# വിശ്വാസം

## 138

യേശുവേ നീ മാത്രമെന്നോടിരുന്നാൽ,
ഭയമില്ലീ ജീവിതയാത്രയിൽ തെല്ലും;
എത്രവൻ കാര്യങ്ങൾ ഏല്പിക്കിലും,
കൃത്യമായ് ചെയ്‌വാൻ പ്രാപ്തനാകും.

1. വിക്കനാം മോശയെ ശക്തനാക്കാൻ
സൈന്യങ്ങളിൻ ദൈവം തുണച്ചുവല്ലോ,
തുണയറ്റൊരേഴയെ കരുത്തനാക്കാൻ
പരമപിതാവേ കനിയുകില്ലേ ?

2. സോദരരൊക്കേയും കൈവിടുമ്പോൾ,
ആലംബഹീനനായ് നിന്നെ നോക്കി;
അങ്ങേപ്പിരിഞ്ഞൊന്നും ചെയ്യുവാനാകാതെ
കാരുണ്യവാനേ ഞാൻ കണ്ണീർവാർക്കും.

3. അല്ലലാലേറ്റം തപിച്ചിടുമ്പോൾ നാഥാ,
വാരിപ്പുണർന്നിടാൻ നീവരില്ലേ;
ആധികളാറിത്തണുത്തുറഞ്ഞീടുമെ-
ന്നാശിച്ചെൻ യേശുവിൽ ചാരിടും ഞാൻ.

## 139

അമരക്കാരൻ യേശു ചാരെ
തണ്ടുവലിക്കുമ്പോൾ,
ഭീതിവേണ്ട, ആകുലം വേണ്ട,
നീതിയിന്നധിപതി കൂടെയുണ്ട്.

കാറുംകോളും അലകളുയർത്തി
തോണിതകർക്കുമ്പോൾ,
അത്ഭുതവാനാം ദൈവമെന്നെ
തേടിയെത്തും തിരകൾ മേൽ.

## 140

1. അനന്ത നന്മയിൻ ഉറവാമേശുവെ
ഹൃദയത്തിൽ നാം വരവേല്ക്കിൽ,
അഭിമുഖ ദർശന സായൂജ്യത്താൽ
തിരുസുതരാകും നിശ്ചയമായ്.

2. തമസ്സിൻ കോട്ട പൊളിക്കുകവേഗം
ക്രൂശിൻ സ്നേഹത്തികവാലേ,
പാരസ്പര്യച്ചങ്ങലകോർക്കാം
സമത്വമിവിടെ പുലരട്ടേ.

3. മനുഷ്യനിർമ്മിത ദൈവങ്ങൾക്കായ്
മതങ്ങളേറെ ജനിപ്പിക്കിൽ,
മനുഷ്യമനസ്സിന്നഗാധ ഗർത്തം
മഹാദുരന്തമൊരുക്കില്ലേ?

4. ഭാരതമേശുവെ സ്വീകരിക്കും;
സുവിശേഷത്തിൽ ശക്തിയതാൽ,
ജാതിമതാന്ധത തുടച്ചു മാറ്റാൻ-
സാഹോദര്യം പുലരേണം.

## 141

ആത്മാവിൽ പറന്നുയരാൻ
ചിറകുകൾ വേണ്ടെനിക്ക്,
ആനന്ദക്കൂട്ടരുമായെനിക്ക്
പറക്കുവാൻ മോഹമുണ്ട്.

1. നിത്യപ്രകാശം സൂര്യോദയം പോൽ
അനുഭവിക്കുന്നീ മക്കളാം ഞങ്ങൾ;
അനുദിനമാത്മ പ്രകാശമോടാദരാൽ
ആത്മാക്കൾ നേടാൻ പ്രയത്നിച്ചിടും.

2. ജീവിതത്തോണി തുഴഞ്ഞു തളർന്നോർ
ക്ലേശങ്ങളെല്ലാം വിസ്മരിക്കാൻ,
ക്രൂശിനെ നോക്കാം യാത്ര ചെയ്യാം,
ആത്മഭാരങ്ങൾ അകന്നുപോകും.

## 142

കണ്ണീർ താഴ്‌വരയിൽ ആഴ്ന്നിറങ്ങുമ്പോൾ,
ഉൾക്കരുത്തില്ലാതാർത്തനാകുമ്പോൾ,
അനുഗമിക്കുവാൻ യോഗ്യനവൻ;
ആശ്രയിക്കുവാൻ മതിയായവൻ.

1. നല്ല സ്നേഹിതൻ, കരുണയുള്ളവൻ,
ആയിരങ്ങളിൽ, അതിശ്രേഷ്ഠനായവൻ;
കൈ വിടില്ലൊരിക്കലും പ്രിയനായവൻ
ചുമലതിൽ വഹിക്കുവാൻ ശക്തനാണവൻ

2. പെറ്റതള്ള കുഞ്ഞിനെ മറന്നീടുമോ ?
സ്വന്ത പുത്രനോടു കരുണ കാട്ടുകില്ലയോ ?
നൊന്തുപെറ്റ തള്ളമകനെ വിസ്മരിക്കിലും
കൈവിടില്ല, ധൈര്യമാക, യേശുവല്ലഭൻ.

## 143

ചിറകതിൽ മറച്ചനുദിനവും പാലിച്ച
കൃപയെത്ര വലിയതെന്നോർത്തിടുമ്പോൾ;
തരളിതമായിടുമകമേധന്യത-
കൈവരിച്ചതിനാൽ അനുഗ്രഹമായ്.

1. അബ്രഹാമിൻ ദൈവമെൻ മുന്നിലും പിന്നിലും
പാതകാട്ടുവാൻ നിത്യം കൂടെയുള്ളതാൽ,
ഭ്രമിച്ചുനോക്കേണ്ട, തകരുന്ന തോണിയിൽ,
സംഭ്രമിച്ചു നശിക്കയില്ലൊരു നാളുമേ.

2. വാക്കുപാലിക്കുന്നവൻ, മാറ്റമില്ലാത്തോൻ,
രക്ഷകൻ കൂടെയുണ്ടെന്നുമെന്നുമേ;
സങ്കടങ്ങളാധിയായ് ഹൃത്തടം വിതുമ്പുകിൽ
കാന്തനെൻ കൂട്ടിനെത്തി മോദമേകിടും.

3. കണ്ണുനീർ ധാരയായ് വാർന്നൊലിക്കവേ
പ്രാണനിൽ കുളിരുമായ് മെല്ലെവന്നവൻ,
ആകുലങ്ങൾ ആകെമാറ്റി ശക്തിയേകുവാൻ
ജീവനിൽ ശാന്തിയായി വന്നണഞ്ഞിടും.

# 144

കരുണയുള്ള ദൈവമെന്റെ യേശു,
സ്നേഹമുള്ള കൂട്ടുകാരൻ യേശു,
വേദനിക്കുമുള്ളവും, ഭീതിപൂണ്ടഹൃദയവും,
സാന്ത്വനം വരുത്തുമെന്റെ യേശു.

1. ആശ്രയിക്കുവോർക്കു തോഴനേശു,
ആത്മ ബന്ധുവാണവൻ യേശു,
ആകുലങ്ങൾ നീക്കിടും, ശാപമോക്ഷമേകിടും,
ആരിലും ഉന്നതൻ എന്റെ യേശു.

# 145

കണ്ണീരൊപ്പാൻ വേദനമാറ്റാൻ,
എപ്പോഴുമേശു നിന്നരികിലുണ്ട്;
ക്ലേശങ്ങളാൽ മനം നീറിടുന്നേരം
ആശ്വാസമരുളാൻ യേശുവുണ്ട്.

1. ജീവിതത്തോണിയിൽ വിള്ളൽ വീണെന്നാൽ
തോണിതകർന്നതിൽ നിറയും ജലം,
വെള്ളത്തിന്മീതേ നടക്കുവാൻ പ്രാപ്തനെൻ
യേശുവില്ലായ്കിൽ നീ താണുപോകും.

2. ആരും സഹായിക്കാനാലംബമായി-
ഇല്ലായ്കിലും നീ ഭയപ്പെടേണ്ട;
ആകുല ചിത്തനായ് ആധിയേറും നേരം
സാന്ത്വനമേകുവാൻ യേശുവുണ്ട്.

3. പരിത്യജിക്കുന്നോർക്കു മറുമരുന്നേകാൻ
പരിതപിക്കുന്നോരു ഹൃദയമുള്ളോൻ,
യേശുവല്ലാതില്ല, സംശയിക്കുന്നോ നീ?
ഏതു നേരത്തും എൻ യേശു മതി.

# 146

ചിതറിയ കളിമൺ പദം വരുത്താൻ,
യേശുകരങ്ങളിലെടുക്കവേ,
രൂപം ഭാവം ആകെയും മാറി,
പുതിയൊരുപാത്രം അവനൊരുക്കി.

1. കളിമണ്ണെന്നു നിനച്ചാലും,
കരവിരുതാൽ മെനയുന്നവനാൽ;
തിരുഹിതമാം വിധമൈശ്വര്യത്തിൻ-
നിറകുടമായതു മാറ്റുന്നു.

2. മൺകുടമാകിലുമല്ലേലും,
മന്നവനേശുവിനേൽപ്പിക്കിൽ;
ശുദ്ധിവരുത്തിയനുഗ്രഹനിറവാൽ,
അന്യർക്കായതു നൽകുന്നു.

# 147

ഉപമകളാൽ ഉപദേശിക്കുമ്പോൾ,
ശ്രദ്ധയോടതുകേൾക്കുകിൽ നാം;
സ്വർഗ്ഗരാജ്യ രഹസ്യങ്ങൾ തിരു-
സാന്നിദ്ധ്യത്താൽ വെളിവാകും.

1. കടുകിൻ വിത്തു മുളച്ചു വളർന്നാൽ,
പറവകളതിലായ് ചേക്കേറും;
മനുഷ്യപുത്രൻ വിതറും വിത്തുകൾ,
കളകൾക്കിടയിൽ നശിച്ചിടുമോ ?

2. ശിശുവെപ്പോൽ നാം മാറിടുകിൽ,
പ്രതിഫലമേകും സ്വർഗ്ഗത്തിൽ;
ദാരിദ്ര്യത്തിൽ വസിപ്പോരെക്കൈ-
താങ്ങുകിൽ ദൈവം കൈവിടുമോ ?

# 148

പൂർണ്ണനായീടുവാനാശയുണ്ടോ ?
ദാനമായേകൂ നിൻ സമ്പാദ്യങ്ങൾ;
സാധുക്കളായുള്ള സ്നേഹിതരുള്ളിൽ,
നന്മനേരും സ്വർഗ്ഗരാജ്യം പൂകാം.

1. സ്വർഗ്ഗരാജ്യത്തിൽ കടക്കുവാനാശിക്കും-
സമ്പന്നരേ; അത്ര എളുപ്പമല്ല;
ഒട്ടകം സൂചിക്കുഴയതിലൂടതിൽ-
എത്രയോവേഗം കടന്നീടുമേ,

2. തിരുനാമം പൂജിതമായിടാൻ പ്രീയൻ,
ക്രൂശതിൽ സ്നേഹം വെളിപ്പെടുത്തി;
ആകയാലാദിവ്യ സന്ദേശമെന്നും,
പ്രത്യാശാപൂർവ്വം വെളിപ്പെടുത്തൂ.

# 149

എന്റെ ബലഹീനതകൾക്കു തുണയേകും,
ദൈവമിന്നും ജീവിക്കുന്നു;
ത്യജിക്കയില്ല, അവൻ വിശ്വസ്തനല്ലോ ?
നടത്തിടും, കരുണയുള്ളോൻ.

ശാശ്വത സ്നേഹമേ സ്തുതിച്ചിടുന്നേ,
ശത്രുവിൻ മദ്ധ്യേ കോട്ടയായ് നിൽക്കും;
സത്യസ്വരൂപാ സ്തുതിച്ചിടുന്നേ.

1. ദൈവപുത്രാ ശ്രീയേശു നാഥാ;
പാപികൾക്കാശ്രയം നീയേ,
നമിക്കുന്നിതാ അങ്ങേ ആദരാലെന്നും;
തിരുസ്നേഹം അവർണ്ണനീയം !

2. ആപത്തു വേളയിൽ ഞാൻ എത്രയോ,
നിലവിളിച്ചഭയത്തിനായ്;
അരികിലായെത്തി, എന്നെപ്പുണർന്നു,
കരുത്തനായ് മാറ്റിയോൻ അത്ഭുതവാൻ.

# 150

അബ്രഹാമേ ഭയപ്പെടേണ്ട;
ഞാൻ നിന്റെ പരിചയും അതിമഹത്താം,
പ്രതിഫലവും അല്ലയോ?

1. അബ്രഹാമേ; നിന്റെ അവകാശം,
ദാസനുകിട്ടുവതെങ്ങിനെ ?
നിന്നിൽ ഇരിക്കുന്ന പൈതലിനായ്,
അവകാശം നൽകിടും ഞാൻ.

2. അബ്രഹാമേ ആകാശത്തിൽ നോക്കൂ,
നക്ഷത്രങ്ങൾ അതിവേഗം;
എണ്ണിത്തീർക്കാൻ കഴിയുമെങ്കിൽ,
എണ്ണുക വേഗം, വിശ്വസിക്കെന്നെ.

3. അബ്രഹാമേ, സന്തതികൾ ഇങ്ങനെയാകും,
എന്നവനരുൾചെയ്തപ്പോൾ;
സംശയിക്കാതവനിൽ വിശ്വസിച്ചതാൽ,
നീതിയായി കണക്കിട്ടു തിരുസവിധേ.

# 151

വിശ്വാസമെത്രയോ വൻകാര്യമേ ?
വിശ്വം ജയിപ്പിക്കും ഊർജ്ജമല്ലോ ?
വിശ്വാസത്താലല്ലോ വൻ മല പോലും,
വിശ്വാസികൾക്കായ് മാറ്റപ്പെടുന്നു ?

1. അനുപമ സ്നേഹം ചൊരിഞ്ഞുഭവാൻ,
അഗതികൾക്കാലംബമായി നാഥൻ;
ആത്മാർപ്പണം കണ്ടുമാറോടണയ്ക്കും,
ആത്മനാഥൻ തന്നെ സത്യദൈവം.

2. തിരുനിവാസത്തിൽ സ്ഥലമൊരുക്കാൻ,
ഉയിർത്തവനാരോഹണം ചെയ്തതാൽ;
ഒരുങ്ങിടാം വരവതിൽ എതിരേൽക്കുവാൻ,
പ്രിയനേശുവോടൊപ്പം വസിച്ചീടുവാൻ.

# 152

ജീവിത ദുഃഖമകന്നിടുവാൻ,
പ്രീയനെ നമിക്കുക നാം;
മാരിപോൽ കൃപ വർഷിച്ചീടും,
കണ്ണീരുടനടി തീർന്നീടും.

1. സ്നേഹത്താൽ മനമാകെ നിറ–
ഞ്ഞാർത്തു പാടുമ്പോൾ;
കരുണാമയനാമോദത്താൽ,
ഹൃദയേവന്നു വസിച്ചീടും.

2. അഴലാർന്നാധി തളർത്തീടിൽ,
പതറേണ്ടിനിയും നീ;
പരിഭ്രമത്തിൻ വേദനയെല്ലാം,
ഭവാനറിഞ്ഞതു നീക്കീടും.

# 153

പ്രാർത്ഥിച്ചാൽ സുഖം നേടാം,
ദുഃഖങ്ങൾ മാറിപ്പോകും;
സത്യങ്ങൾ മാനിച്ചീടും,
ആശ്വാസം നൽകും നാഥൻ.

യഹോവായിരേയിരേ (2)
യഹോവശമ്മാ, ശമ്മാ,
യഹോവനിസ്സി, നിസ്സി.

1. ശത്രുക്കൾ ജയിക്കില്ല,
ദൈവമെൻ കൂട്ടല്ലയോ?
ഞാനുമെൻ ദൈവത്തോട്,
പ്രീയനും എന്നോടൊപ്പം.

2. എത്രയോ വൻകാര്യങ്ങൾ,
പ്രാപിച്ചെൻ വിശ്വാസത്താൽ;
എണ്ണമില്ലവയ്ക്കൊന്നും,
നന്മകൾ ദാനം മാത്രം.

3. വിശ്വാസം വർദ്ധിച്ചെന്നാൽ,
രോഗങ്ങൾ മാറിപ്പോകും;
വചനം പ്രമാണിച്ചാൽ,
നന്മകൾ കൈവന്നീടും.

## 154

ഇന്നുരാത്രി അത്ഭുത രാത്രി,
ദൈവികരാത്രി ഈ രാത്രി;
കർത്താവിവിടെ നടകൊള്ളുന്നു,
എന്തൊരു സുന്ദരരാത്രി!

1. വിടുതൽ നൽകാൻ വന്നരാത്രി,
മനസ്സു തുറക്കൂ പ്രാപിക്കാം,
ഹൃദയമൊരുക്കൂ പ്രീയനായി,
നന്മകൾ തന്നെ പ്രാപിക്കും.

2. രോഗബന്ധനം അഴിഞ്ഞിടും,
കാരുണ്യത്തിൻ കരങ്ങളാൽ;
കാണുന്നില്ലേ, സോദരരേ,
കാരുണാമയനാം കർത്താവിനെ.

3. തകരുന്നോ നീ അനുദിനവും,
താങ്ങും കരമായ് രക്ഷകൻ;
അരികിൽ നിൽപ്പൂ സോദരരേ,
കാണുന്നില്ലേ യേശുവിനെ ?

## 155

എന്റെ പ്രാർത്ഥന കേൾക്കുന്ന ദൈവം,
എന്റെ യാചന ശ്രവിക്കുന്ന ദൈവം;
അരിഷ്ടനും നിന്ദ്യനുമായ എന്നെ,
കൃപയാൽ പുലർത്തുന്ന ദൈവം.

1. നാശകരമായ വഴികളിൽ നിന്നും,
നയിച്ചിടുന്നവൻ നേർപാതേ;
നഗ്നനായ് ലജ്ജിതനാകാതെന്നെ,
നാൾതോറും നടത്തുന്നു ദൈവം.

2. കാരുണ്യമില്ലാത്ത ലോകത്തിലെന്നെ,
കരുണയിന്നുറവയായ് മാറ്റി;
കാപട്യമില്ലാതെ നാൾതോറും പുലർത്തി,
കാനാനിലെത്തിക്കും ദൈവം.

## 156 ഹാലേലൂയ്യാ...... (8)

വിശ്വാസത്തിൻ ചിറകുകളാൽ നാം-
പറന്നുയർന്നീടാം,
സാദ്ധ്യതയാകും വിഹായസിൽ നാം-
പറന്നുയർന്നീടാം.

1. ഊർജ്ജത്തിന്റെ പ്രവാഹത്താൽ നാം
വെളിച്ചമായ് മാറാം,
അന്ധതമസ്സിൻ കോട്ട പൊളിക്കാൻ
ഊർജ്ജസ്വലരാകാം.

2. പരിവർത്തകരായ് സാക്ഷികളായ് നാം
തേജോമയരാകാം,
ദൈവം നമ്മെ വിളിച്ച ദയയ്ക്കായ്
സാക്ഷ്യം നിറവേറ്റാം.

3. ചെന്നായ്ക്കൾ തൻ മദ്ധ്യേ പോവുക
ആട്ടിൻ കുട്ടികളായ്,
മേയും നേരം ദൂതർ ചുറ്റും
കാവലിനായ് നിൽക്കും.

## 157

മനുഷ്യാ നിൻ ദൗർബ്ബല്യമെല്ലാം -
അറിയുന്നു സ്നേഹനാഥൻ;
അവനായ് സേവനം ചെയ്യുവോരെ, -
കൈവെടിയാത്തവൻ യേശുനാഥൻ -(2)

1. ജീവിതമെല്ലാം കർത്താവിനായി,
വേറിട്ടവർക്കു നീ എതിരായ് നിന്നാൽ,
നീതിമാനാകും കാര്യസ്ഥനെല്ലാം -
ചിട്ടപ്പെടുത്തീടും നീതിപൂർവ്വം.

2. പാടുവാനായീ അധരം തന്നോനായ്,
പാടാൻ തുടങ്ങുമ്പോൾ തടഞ്ഞീടുകിൽ,
പരിശുദ്ധദേവൻ വഴി തുറന്നീടാൻ
പരിശുദ്ധാത്മാവെ അയയ്ക്കും വേഗം.

3. പരമോന്നതൻ പേർക്കെന്തുചെയ്താലും-
പരിശുദ്ധമായ് നാം നിവർത്തിക്കുകിൽ,
തടസ്സങ്ങളെല്ലാം അകറ്റിടും വേഗാൽ,
തിരുഹിതം പോൽ നമ്മെ വഴി നടത്തും.

## 158

എന്റെ ഹൃദയം കാണുന്ന യേശു എന്നെ,
അമൂല്യ നിധിയായ് പാലിക്കുന്നു;
ശോകത്തിലാഴ്ന്നിടും വേളകളിൽ തന്റെ-
മാറോടണച്ചെന്നെ ആശ്വസിപ്പിക്കും.

1. വാഗ്ദത്തം പാലിക്കുമേശുവിൻ വചനം,
സ്ഥിരമായ് ഇന്നും നിലനിൽക്കുന്നു;
തൃക്കരമടിയന്നനുകൂലമായാൽ,
തിരുനിവാസത്തിൽ ഞാനഭയം തേടും.

2. എണ്ണമില്ലാത്തതാം നന്മകൾ പകരുന്ന-
തഗതികൾക്കെന്തെന്താമോദമേ ?
നാശത്തിൻ കൂപത്തിൽ വീഴാതെ പാലിച്ച,
സ്നേഹപ്രവാഹത്തെ പുൽകീടും ഞാൻ.

## 159

നിത്യവും ദൈവത്തിൻ ദാനങ്ങളോർക്കാം,
നിത്യസഹായകൻ യേശുവെ വാഴ്ത്താം;
സത്യസ്വരൂപന്റെ ശാശ്വത നാമം,
നിത്യവും പാടി നാം ധ്യാനിച്ചിടാം.

1. നൈരാശ്യമേറും നിമിഷങ്ങളാത്മാവിൽ,
തിരകൾ പോലുയരും നേരത്തിലും;
അവനല്ലോ നമ്മുടെ സങ്കേതമെന്നും,
അവനാണു ശാശ്വത പാറ നിത്യം.

2. ഹൃദയം പകരാം മകനേ മകളേ,
പാർക്കാനിടം നൽകൂ വസിച്ചിടാം ഞാൻ;
വാലല്ലിനി മേൽ നീ തലതന്നെയാകും,
നായകൻ നമ്മെ ഓർപ്പിക്കുന്നു.

## 160

വിരഹത്തിൻ നോവേറ്റു കരിഞ്ഞിടാതെ,
വിരഹാർത്തനായെന്നാൽ തപിച്ചിടാതെ;
വിധിതീർത്ത വഴിയേ നാം നടന്നുനീങ്ങാം,
വിധികർത്താവൊരുവനെന്നേശുമാത്രം.

1. നന്മകൾ മാത്രം ചെയ്യുവാനാശിച്ച,
നന്മനിറഞ്ഞതാമെൻ മനമേ;
ഓർമ്മകൾ ഓളമായെത്തുന്നു മുന്നിൽ,
തിന്മകളോരോന്നുപിന്നിലായി.

2. ലജ്ജിതനാകാതെ കരുത്തേകുവാൻ,
ലജ്ജവഹിച്ചെന്നെ പാലിക്കയാൽ;
തീവ്രമാം വേദന മറന്നുപോയ് ഞാൻ,
ആശ്വാസമോടെന്നും നടന്നിടുന്നു.

3. വാഗ്ദത്തമെല്ലാം പാലിക്കുമെൻ,
ജീവനിൽ പ്രീതികരേറ്റുന്നവൻ;
ആയുരാരോഗ്യത്താൽ പുലർത്തിടുന്നു,
സ്നേഹിതനാണവൻ പ്രാണപ്രീയൻ.

## 161

അനുകൂലമെനിക്കേശു,
പ്രതികൂലമകറ്റുമവൻ;
കദനത്തിൻ താഴ്വരയിൽ,
കനിവേകും പ്രിയതോഴൻ.

1. ദുരിതങ്ങൾ നിറഞ്ഞവനായ്,
അതിവേദന പേറുകിലും;
സദയം കൃപ മാരിയതാൽ,
അതിശക്തിയവൻ തരുമേ.

2. പല ശോധനയാൽ തകരും-
മനമോടരികിൽ വരുകിൽ;
അതിമോദം നിറയാനായ്,
തവശാന്തി പകർന്നിടുമേ.

3. കരുണാമയനേശുപരൻ,
കനിവോടെ നടത്തിടുമേ;
അനുകൂലിയവൻ മതിയാം,
കൃപയേകി നടത്തുകയാൽ.

## 162

ദൈവത്തെ പരിഹസിക്കാൻ,
പാടില്ലെന്നോർത്തു കൊൾവിൻ;
ജഡീകർ നാശം കൊയ്തുകൂട്ടുമ്പോൾ,
ആത്മീകർ കൊയ്തിടും നിത്യജീവൻ.

1. മടുപ്പില്ലാതെപ്പോഴും നന്മചെയ്താൽ,
സമയം വരുമ്പോൾ നാം കൊയ്തു കൂട്ടും;
ആകയാലെല്ലാർക്കും നന്മചെയ്യാം,
പ്രത്യേകാൽ കൂട്ടുവിശ്വാസികൾക്കും.

2. കർത്താവാം യേശുവിൻ ക്രൂശല്ലാതെ,
പ്രശംസിക്കുവാനായ് ഇടവരല്ലേ?
അവനാൽ ഈ ലോകം എനിക്കുള്ളത്,
ഞാനോ ഈ ലോകത്തിനായ് ക്രൂശിതൻ.

## 163

യേശുവേപ്പോലാകാൻ വ്യഗ്രതകാട്ടി ഞാൻ,
യേശുവിൻ വാക്കുകൾ കാതോർത്തു കേട്ടു,
യേശുവിൻ സ്നേഹമുൾക്കൊണ്ടു നടന്നപ്പോൾ
യേശുവിൽ നിത്യം വസിക്കാൻ പഠിച്ചു.

1. സൗമ്യനായ് നാഥന്റെ കൈയ്ക്കുപിടിച്ചുകൊ-
ണ്ടങ്ങോട്ടുമിങ്ങോട്ടു മോടിനടക്കവേ;
സാധുക്കളായുള്ള കൂട്ടുകാർക്കൊക്കെയും,
സ്നേഹം പകർന്നു ഞാൻ നൽകി വന്നു.

2. ഞാനുമെൻ ദൈവത്തോടൊപ്പം നടന്നാൽ,
അനർത്ഥമൊന്നും വരില്ലതു നിശ്ചയം;
ആകുലഭാരങ്ങളകറ്റുമെൻ നാഥൻ,
അൻപോടെ സത്യത്തിൽ വഴിനടത്തും.

3. കരയുന്ന കാക്കകൾക്കാഹാരമേകും,
കാരുണ്യവാനായ തമ്പുരാനെന്നിൽ,
കരുണാർദ്രമാം തിരുസന്നിധ്യമേകി,
കാവൽ മാലാഖയെ അയച്ചുതന്നു.

## ധൈര്യം

## 164

കർത്താവിന്നാലയം കാവലിനായ്
സ്നേഹനാഥൻ നമ്മെ ഒരുക്കിടുമ്പോൾ,
രാവും പകലും വൈരികളെ,
ആട്ടിയോടിക്കുവാൻ പ്രാപ്തിനേടും.

1. സങ്കേതമായുള്ള ദൈവത്തെ നാം
കൈവിടാതെന്നും പിടിച്ചുകൊണ്ടാൽ,
മാറില്ലവൻ നമ്മെ കരുതലോടെ,
മാറോടണച്ചീടും ആശ്ലേഷിക്കും.

2. അക്കരേയ്ക്കുള്ളതാം ജൈത്രയാത്ര
അല്ലലും ഭീതിയുംആകിലും നാം,
കർത്തനാം ക്രിസ്തുവിൽ ആശ്രയിച്ചാൽ,
കരുണയോടേ നമ്മെ വഴി നടത്തും.

3. ലോകം നമുക്കെതിർ നിന്നീടിലും,
ശോകങ്ങൾ ഭാരങ്ങൾ ഞെരുക്കീടിലും,
ശോഭനമായുള്ള സ്വർഗ്ഗരാജ്യം
ലോകൈകനാഥൻ നമുക്കു നൽകും.

## 165

എനിക്കൊരു നന്മയ്ക്കും കുറവില്ലാതെ,
അനുദിനമവനെന്നെ നടത്തിടുന്നു;
പരിഹാസിയായെന്നെ കരുതിടുന്നോർ,
പരിശുദ്ധ ജീവിതം കണ്ടിടേണം.

1. വിശ്വാസ ജീവിതം തകർന്നിടാതെ,
വിജയത്തിൻ വാതിൽ തുറന്നിടുന്നു;
പ്രാർത്ഥനയാം തങ്കത്താക്കോലവൻ
സ്വർഗ്ഗം തുറന്നിടാൻ നൽകിടുന്നു.

2. ആത്മാവിൻ വാളോങ്ങി ശത്രുവെഞ്ഞാൻ
സംഹരിക്കാനായ് കാത്തിരിക്കും,
ആരാധ്യദേവനേ ധ്യാനിച്ചെന്നും
നിന്ദയകറ്റും ദൈവാത്മനിറവാൽ.

## 166

മനക്ലേശങ്ങൾ തെല്ലും വേണ്ട കുഞ്ഞേ,
ഇക്ഷിതിയിൽ രക്ഷയ്ക്കേശുവില്ലേ ?
ആകുലങ്ങൾ കർത്താവിൽ സമർപ്പിക്കുക;
ആശ്വസിക്ക, മോക്ഷകിരീടം ചൂടാം.

1. ഈ ലോകസൗഭാഗ്യം നശ്വരമത്രേ,
മിത്രങ്ങളോ അല്പകാലം മാത്രം,
ചിന്താശീലർ തേടും സത്യമാർഗ്ഗം താൻ,
യേശുവിൻ വെളിച്ചമേകും ആനന്ദമാർഗ്ഗം.

2. പ്രശംസിക്കുവാനെനിക്കൊന്നുമേയില്ല,
രക്ഷകനേശുവിൻ സ്നേഹം മാത്രമേ;
പാതാളത്തിൽ താണിടേണ്ടോരേഴയാമെന്നെ,
കരംപിടിച്ചാശ്ലേഷിച്ചതോ, തേജസ്സിൻ മാർഗ്ഗം.

## 167

1. നിന്റെ ശോധനയിൽ, വേദനയിൽ,
ആശ്വാസമായ്, യേശുവുണ്ട്;
വിലപിക്കുവോരേ അരികിൽ വരൂ,
യേശുവിൻ മാർവ്വിൽ അഭയം തേടൂ.

2. വീണുപോകുവാൻ സാദ്ധ്യമുള്ളതാം
ഈ മരുയാത്ര ക്ലേശപൂരിതം; ?
വീണിടാതെ നിന്റെ നാഥനേശുനിൻ,
കാൽകളേന്തിടും തൻപൊൻകരങ്ങളിൽ.

3. ഭ്രമിച്ചിടേണ്ട, കലങ്ങിടേണ്ട,
ആകുലങ്ങൾ തീരെ വേണ്ടിനിയും;
നാഥനേശു നിന്നെ വീണ്ടെടുത്തവൻ,
കൈവിടില്ലൊരിക്കലും ധൈര്യമായിടൂ.

4. മടിച്ചിടേണ്ട, മുന്നോട്ടാഞ്ഞിടു,
കഴുകനെപ്പോൽ നീ ശക്തിയാർജ്ജിക്കൂ,
ഉന്നതങ്ങൾ നീ കീഴടക്കുവാൻ,
ശക്തനാക്കിടും പ്രീയൻ യേശു നായകൻ.

## 168

കൊച്ചുകൊച്ചു മക്കളെ എന്റെ
അരികിൽ വിടുവിൻ വേഗം,
സ്വർഗ്ഗരാജ്യം അവർക്കുള്ളതാൽ
തടഞ്ഞിടല്ലെന്നരികിൽ വിടുവിൻ.

1. കാരുണ്യത്തിൻ തികവേശു
കുരുടനു കാഴ്ചയുമേകിയവൻ,
കാപട്യത്തിൻ മൂടുപടങ്ങൾ
കീറിമുറിച്ചവനേശു.

2. പോകാം പോകാം യേശുവിനരികെ
നീതിക്കായ് നാം പോരാടാം,
പാപം നീക്കും ശാപം പോക്കും
വിശുദ്ധ പാതയൊരുക്കീടും.

## 169

സ്നേഹിതനായ് പ്രിയനേശു ഉള്ളതിനാൽ
വേണ്ടിനിയും ഭയം സോദരരേ;
ആകുല ഭാരം വെടിയാമിവിടെ,
വഴിനടത്തും നമ്മെ തിരുക്കരത്താൽ.

1. സിംഹത്തിൻ കുഴിയിൽ എറിയപ്പെട്ടാലും,
ഭീകരർ നമ്മെ ആക്രമിച്ചാലും;
കരുണയിൽ നാഥൻ അരികിലെത്തും,
വിടുതലിൻ കരവുമായ് ആശ്വസിപ്പിക്കും.

2. നീറുന്ന മനസ്സാൽ കരഞ്ഞെന്നാലും;
ആലംബമില്ലാതലഞ്ഞീടിലും,
വ്യാകുല ചിന്തയാൽ തളർന്നാലും;
ആശ്വാസദായകൻ മറന്നീടുമോ?

3. മാനസ വ്യഥയേറി തകർന്നുപോയാലും
ദാഹനീരില്ലാതെ വരണ്ടെന്നാലും,
ജീവിതാന്ത്യം മുന്നിൽ കണ്ടാലും നീ
പതറരുതേശുവെ ത്യജിക്കരുതേ.

# 170

എന്നെ നന്നായറിയുന്നവൻ;
എന്റെ കുറവുകൾ ക്ഷമിച്ചുതന്നോൻ;
ആകുലവേളയിൽ ആശ്വാസമേകുന്ന;
ഏലിയാവിൻ ദൈവമെൻ കൂടെയുണ്ട്.

1. നന്ദികെട്ടകൃത്യങ്ങൾ ചെയ്തവരെ,
നിന്ദ്യരായെണ്ണാതെ സ്നേഹ ജ്വാലയാൽ;
പാലനം ചെയ്തവൻ കൂട്ടിനുള്ളവൻ,
നിത്യസ്നേഹിതൻ എത്രനല്ല യേശു.

2. പകയില്ലെൻ വൈരിയോടുമാരോടും,
സതതം യേശുവിൻ മാർവ്വിലല്ലയോ?
തലചായ്ചൻപോടെ മോദമോടത്രേ,
ആത്മാർപ്പണത്തോടെ വസിച്ചിടുന്നു.

# 171

അങ്ങയെപ്പിരിഞ്ഞെനിക്കൊന്നും ചെയ്യാൻ
ത്രാണിയില്ലേശുവേ സത്യമായും;
അവിടുത്തെ നാവിൽനിന്നടിയനേകിയതാം,
തേനൂറും വചനങ്ങൾ മാധുര്യമേ.

1. മുന്തിരിവള്ളിയാമങ്ങയിൽ ശാഖയാ-
ണേഴയിൽ നിന്നും ഫലമേകിടാം,
അവിടുത്തേയ്ക്കടിയൻ മഹത്വം നൽകാൻ
തത്രപ്പെടുന്നെന്റെ തമ്പുരാനേ.

2. അരുതാത്തതൊന്നുമേ ചെയ്യുവാനെന്നെ,
അനുവദിച്ചീടല്ലൊരിക്കലും നീ,
അങ്ങയിൽ ഞാനെന്നും സാമോദമായ്;
തലയോളം വളരട്ടേ പ്രീയപുത്രനായ്.

# 172

കരുണയിൻ കരങ്ങൾ ഉയർത്തേണമേ,
കാരുണ്യങ്ങൾ ചൊരിയേണമേ;
അങ്ങയെ നമിക്കും ഏഴകളെന്നും,
നന്ദികരേറ്റാം സായൂജ്യത്താൽ.

1. സുവിശേഷത്തിൻ പാതതെളിക്കാൻ,
വിശ്വാസത്താൽ പോരാടാം;
മോഹന വാഗ്ദാനങ്ങൾ നേടാൻ,
ധീരതയോടെ മുന്നേറാം.

2. വിജയപതാക വഹിക്കാൻ ഓടാം,
തളരാതേശുവിനായ് നമ്മൾ;
നായകനേശുവെ ധ്യാനിച്ചെന്നും,
പ്രതികൂലങ്ങളകറ്റീടാം.

3. അന്ത്യത്തോളം സഹനം വേണം,
നിത്യതമാത്രം ലക്ഷ്യമതേ;
കൈവെടിയരുതേ വിശ്വാസം നീ,
പരിശുദ്ധാത്മാവാശ്രയമേ.

# 173

പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ,
സ്തോത്രത്തോടതിൽ ജാഗരിപ്പിൻ;
സമയം തക്കത്തിൽ ഉപയോഗിപ്പിൻ,
ജ്ഞാനത്തോടേ നിങ്ങൾ പെരുമാറുവിൻ.

1. പ്രത്യുത്തരം പറയേണ്ടതെങ്ങനെ ?
എന്നുള്ളകാര്യം അറിഞ്ഞിടാനായ്;
കൃപയോടുമൊപ്പം, ഉപ്പിനാൽ രുചിയും,
വാക്കുകൾക്കെല്ലാമുണ്ടായിടേണം.

2. കർത്താവാം യേശുവിൻ നാമത്തിനായ്,
ബന്ധിക്കപ്പെടുവാൻ മാത്രമല്ല;
മരിക്കുവാനും പൗലൂസൊരുക്കമായപ്പോൾ,
'കരഞ്ഞെന്നെതകർക്കല്ലെ'ന്നോതിയവൻ.

# 174

ഉജ്ജ്വലരായ് നാം ക്രിസ്തുവിനെ,
ഉയർത്തിടാം പിൻഗമിച്ചിടാം;
അണി അണിയായ്, ക്രൂശിതനെ,
പാരിതിലെങ്ങും ഘോഷിക്കാം.

1. ശത്രുവിനെതിരായ് പോരാടാൻ താ,
അനുനിമിഷം നിൻ അമിതബലം;
രണവീരർ നാം രക്തമൊഴുക്കാ-
തേശുവിൻ പാതയിൽ നടകൊള്ളാം.

2. രക്ഷയാം ശിരസ്ത്രം രക്ഷയേകീടും,
നീതിയാം കവചത്തിലൊളിഞ്ഞിരുന്നാൽ;
സർവ്വായുധവർഗ്ഗം ധരിച്ചു നീങ്ങാം,
അടർക്കളത്തിൽ നാം പട ചേരാം.

## 175

ഭയപ്പെടുകില്ലനാം ദൈവജനമല്ലോ ?
ഭൂമിയാകെ മാറീടിലും;
പർവ്വതങ്ങൾ സമുദ്രമദ്ധ്യേ,
വീണാലും നാം ഭയപ്പെടില്ല.

1. സാഗരമാലകൾ ആർത്തുവന്നെന്നാലും
പർവ്വതങ്ങൾ ആകെ ഇളകിയാലും;
ഭയപ്പെടില്ല നാം ദൈവജനം,
ഭൂമിയാകെയും നശിക്കുകിലും.

2. വാക്കിനാൽ ഉളവാക്കാൻ ശക്തനായവൻ,
വില്ലു, കുന്തങ്ങളെല്ലാം, മുറിക്കും താതൻ;
യുദ്ധങ്ങളൊക്കേയുമവൻ നിറുത്തും,
ഭൂമിയിലൊക്കേയും ശുന്യതമാത്രം.

3. ജാതികൾ മദ്ധ്യേ താൻ ഉന്നതനാകും,
ഭൂമിയിലെൻ ദൈവം അതുല്യനത്രേ;
യാക്കോബിൻ ദൈവമെൻ ദുർഗ്ഗമല്ലയോ?
സൈന്യങ്ങളിൻ ദൈവം നമ്മോടുണ്ടല്ലോ.

## 176

ആത്മാവിൻ ദിവ്യാനുഭൂതിയാലേ,
ആകുലം നീങ്ങിടുന്നു;
അനുഗമിച്ചീടുമനന്തമാം നന്മകൾ,
പ്രീയനോടൊന്നിച്ചു യാത്ര ചെയ്കിൽ.

1. സീയോൻ യാത്രക്കാരല്ലയോ നമ്മൾ?
ക്ഷീണിതരായി നശിച്ചിടുന്നോ?
പരിഭ്രമമില്ലാതെ സന്തുഷ്ടരായ്,
മുന്നോട്ടു ധൈര്യമായ് യാത്ര ചെയ്യാം.

2. ദാഹ ജലത്തിനായ് കേണിടുന്നോ?
സത്യമായ് ദാഹത്താലാർത്തനോ നീ ?
സത്യസ്വരൂപൻ നിനക്കു നൽകും,
സൗജന്യപൂർവ്വം തൻ ആത്മാവിനെ.

## 177

പ്രാർത്ഥനയ്ക്കായ് മനം ജാഗരിക്കുമ്പോൾ,
പാടുകളേറ്റോനെ ഓർത്തീടുകിൽ;
തിരുവചനത്തിൻ ശക്തിയാലെല്ലാ,
മാലിന്യവും പാടേ അകന്നുപോകും.

1. യാഹിന്റെ കാരുണ്യം എന്നേയ്ക്കും തൻ,
ഭക്തർക്കുണ്ടാകുമെന്നോർത്തു കൊൾവിൻ;
തലമുറയായ് തൻമക്കളെയെല്ലാം,
സത്യവും നീതിയും പിന്തുടരും.

2. വാഴ്ത്തീടുകിൽ, ദൈവഇഷ്ടം ചെയ്കിൽ,
മനസ്സുകളെല്ലാം വിശുദ്ധമാകും;
തിരുരുധിരത്താൽ സുതരാക്കിടും നമ്മെ,
മാസ്മര ശക്തി പ്രവാഹത്തിനാൽ.

## 178

ശത്രുക്കളിൽ നിന്നു വിടുവിച്ച ദൈവത്തെ,
സ്വീകരിച്ചുന്നതി നേടിയപോൽ;
വഴിയിൽ കിട്ടിയ ദൈവങ്ങളെ തൃജി-
ച്ചത്ഭുതവാനാകാം ജോഷ്വയെപ്പോൽ.

1. നന്മയ്ക്കായ് മാത്രം മക്കളിൽ നാഥൻ,
ക്രീയ ചെയ്തീടുന്നതുൾക്കൊള്ളുവാൻ;
സന്മനസ്സാവുക, ഖേദം പൊറുക്കുക,
ധൈര്യം സ്വരൂപിക്ക, മുന്നേറുവാൻ.

2. ആനന്ദനൃത്തം ചവിട്ടുക, ദൈവത്തെ-
വാഴ്ത്തിപ്പുകഴ്ത്തുക നിത്യവും നാം;
നിർമ്മലരാവുക; സംശുദ്ധജീവിതം,
കർത്താവിൻ മുമ്പിൽ കാഴ്ചവെയ്ക്ക.

## 179

സുവിശേഷത്തിൻ മധുരിമപകരാൻ,
വരുവിൻ കുരിശിൻ വാഹകരേ;
തന്ത്രികൾ മീട്ടുക, കുഴലൂതീടുക,
യേശുമഹേശനു സ്തുതിയേകാൻ.

1. സ്നേഹസ്വരൂപൻ പ്രീയനാഥൻ,
സർവ്വേശ്വരന്റെ പ്രതിരൂപം;
യാഗമായ് പ്രജാപതിയീശോ,
ആശ്രിതവത്സലൻ കാൽവരിയിൻ.

2. കുരിശു ചുമന്നവനീശൻ നമ്മുടെ,
ആത്മാക്കൾക്കമൃതാം ജീവൻ,
പാപവിമോചകനാമെൻ ദൈവം,
ദാസരിൻ പ്രാർത്ഥന കേൾക്കുന്നോൻ.

3. സഭയിൽ വെളിച്ചമേകും നാഥൻ,
ശാന്തിഹൃദന്തേയരുളിടുമേ;
യേശുവസിക്കുമിടങ്ങളിൽ മക്കൾ-
ക്കാശിഷമായൊളിവിതറുമവൻ.

4. സ്വർഗ്ഗമൊരുക്കിയ നീതിസൂര്യൻ,
ഭക്തർക്കരുളും രക്ഷാമാർഗ്ഗം;
പ്രപഞ്ചമാകെ നയിക്കുന്നോനേ,
ഹാലേലൂയ്യാ സ്തുതിസ്തോത്രം.

(തെലുങ്കു ഗാനത്തിന്റെ പരിഭാഷ)

## 180

ഭയപ്പെടില്ലാ ഇനി ഭയപ്പെടില്ലാ,
രാജാധിരാജൻ വരാൻ കാലമായ്;
ക്ലേശങ്ങൾ വന്നാലും ഭാരങ്ങൾ വന്നാലും,
കർത്താവിൻ പാദത്തിൽ അഭയം തേടും.

1. ആയിരങ്ങൾ പതിനായിരങ്ങൾ,
കണ്ണിമയ്ക്കും നേരത്തിൽ ഒടുങ്ങിടുമ്പോൾ,
യേശുവേ നിൻ നാമം പൂജിതം ഞങ്ങൾക്ക്,
നീ മാത്രംമതി, എന്നും സ്നേഹനാഥാ.

2. ഭീകരന്മാർ കൊടും ക്രൂരന്മാരും,
ദുർഭൂതമന്ത്രങ്ങൾ ഉണർന്നിടുമ്പോൾ,
രക്ഷകാ നിൻ മക്കൾ ശക്തരായ് മേവിടും
നീ മാത്രം ജീവിക്കും ദൈവമല്ലോ.

3. കരുണയില്ലാത്തോർ കപടസ്ഥരും,
കരുണയിന്നുറവയെ ത്യജിച്ചിടുമ്പോൾ,
ആശ്വാസമേകണേ വല്ലഭാ ഞങ്ങൾക്കു,
നീ മാത്രം നിത്യനും രക്ഷിതാവും.

## 181

യേശുവിന്റെ, രക്തത്താലെ;
വീണ്ടെടുക്കപ്പെട്ടോരേ,
ഹല്ലേലൂയ്യാ പാടിടാം,
ജയം നമുക്ക് സ്വന്തം.

1. വിളിക്കപ്പെട്ടോർ നമ്മൾ, ജയിക്കും നമ്മൾ,
വിടുതലിൻ ദൈവം കൂടെയുണ്ടേ,
അടിപതറാതെന്നും മുന്നോട്ട്,
അടിമനുകത്തിൽ കുടുങ്ങല്ലേ.

2. യേശു നമ്മെ നടത്താൻ കൂടെയുള്ളപ്പോൾ,
ശത്രുസൈന്യം വേഗം ഓടിടുമേ;
ആത്മധൈര്യത്തോടെ നന്മയ്ക്കായ്-
ചെയ്താലോ ദൈവം പ്രസാദിച്ചീടും.

3. ആത്മഫലം നമ്മിൽ നിറഞ്ഞൊഴുകട്ടേ,
സ്വർഗ്ഗീയ താതൻ മഹത്വപ്പെടും;
യേശുവിൻ ശിഷ്യഗണങ്ങളായ്,
രൂപാന്തരപ്പെടാം അതിവേഗം.

## 182

നിശയുടെ ശാന്തതയിൽ,
ഏകനായ് ശേഷിക്കുമ്പോൾ;
ഉഷസ്സാവോളം ദൈവമേ നീ,
മൽപ്പിടിച്ചതതിശയമേ.

1. ഉഷസ്സുദിക്കുന്നുവല്ലോ,
പോകാൻ അനുവദിക്കൂ;
എന്നുര ചെയ്തവനേ,
അടിയൻ വിടുകയില്ല.

2. അനുഗ്രഹം പകരണമേ,
ആശ്രിത വത്സലനേ;
അനുഗ്രഹം വർഷിക്കാതെ,
വിടുകയില്ലിന്നു നിന്നെ.

## 183

ഉഷസ്സുദിക്കുന്നുവത്രേ,
പ്രിയനാഥൻ വിടവാങ്ങാൻ ആശിക്കുന്നു;
അനുഗ്രഹമാരികൾ പ്രാപിക്കാതെ,
അനുവദിച്ചീടല്ലേ പോയീടുവാൻ.

പെനിയേൽ ഇതു പെനിയേൽ (2)
യാക്കോബിന്മേൽ അനുഗ്രഹം;
പകർന്ന യാബ്ബോക്ക് കടവു-
നിത്യമായ് ഓർപ്പിക്കുന്നു പെനിയേൽ.

1. യാക്കോബിൻ ദൈവം കൂടെയുണ്ടിന്നും,
മൽപ്പിടിത്തത്തിൽ നാം ജയിച്ചിടേണം;
ഇസ്രായേൽ ദൈവത്തിൻ കാരുണ്യത്താൽ,
ആശീർവ്വാദം നേടി മാരിപോൽതന്നെ.

2. അനുഗ്രഹം സ്വന്തമാക്കാൻ താതനേയും,
സോദരനേയും വഞ്ചിച്ചകന്നുപോയോൻ;
കാരുണ്യത്തിൻ മൂർത്തിയോടു പൈതലെ ന്നപോൽ,
മൽപ്പിടിത്തത്താലവൻ കനിവുനേടി.

3. ദൈവത്തെ മുഖാമുഖം കാണേണം നാം,
നിത്യവും പ്രാപിക്കേണം കാരുണ്യവർഷം;
പെനിയേലിൽ പ്രത്യക്ഷനായല്ലോ ഭവാൻ;
ദൈവമിന്നും ദാനങ്ങൾ നൽകീടുമേ.

## 184

ലോകത്തിലാരുമേ മാനിക്കില്ലെന്നാലും,
ശോകങ്ങളേറുമ്പോൾ തുണയേശുതാൻ;
വൈരിയെപ്പോൽ നമ്മെ വെറുത്താലും,
മാന്യമിത്രംപോലുയർത്തും പ്രീയനാഥൻ.

1. ഭീതിവേണ്ടേശുവെ ധ്യാനിച്ചിടുന്നോർ,
മാനിതരായീടും എന്നെന്നുമേ;
കാലമാകെ പ്രതികൂലമാകയാൽ നിത്യം-
പ്രാർത്ഥനാ വീരരായ് മാറിടേണം.

2. ഏകാകിയാം നീ യേശുവിൻചാരേ,
അഭയം പ്രാപിക്കുകിൽ വെടിയില്ലവൻ;
തിരുനാമമല്ലാതില്ലൗഷധം വേറെ;
ശാശ്വത ശാന്തിക്കായ്, മറന്നീടാതെ.

# 185

ഏകനായ് നിരന്തരം പീഡയേൽക്കിലും,
മൂകനായ് നടന്നു നിന്റെ വേലചെയ്കിലും;
ശോകമാനസത്തിലാഴ്ന്നു വേദനിക്കിലും,
ഏക ആശ്രയം നിനക്കെന്നേശു മാത്രമേ.

1. ദാഹത്താൽ വലഞ്ഞു നിത്യമാധിയേറിലും,
മോഹമൊക്കെയും വെടിഞ്ഞ സാധുവാകിലും;
ദേഹമാകെ രോഗപീഡയാൽ ഞരങ്ങിലും,
കൂടെ യേശു ഉണ്ടെന്നാകിലെന്തുമോദമേ ?

2. ആർനിനക്കു ശത്രുവായി നേർക്കു നിൽക്കിലും,
ദൂരെ മാറിപ്പോയിടും മൽസ്നേഹനാഥനാൽ;
ഭീതിവേണ്ട തെല്ലുമേ യേശു ഉള്ളതാൽ,
ആരെയും വെറുക്കുവാൻ പോയിടേണ്ട നീ.

3. ആയുരാരോഗ്യം, വിദ്യ, സമ്പൽസമൃദ്ധി,
വിജ്ഞാനത്തിൻ ദാഹവും പൂവണിയുമ്പോൾ;
ദൈവദാസരായ് ഭൂലോകമാകെയും,
കർത്തൃസേവ ചെയ്യുവാൻ യത്നിച്ചീടുമോ ?

# 186

എന്തെന്തു പ്രതിസന്ധികൾ,
പ്രാണനിൽ നേരിട്ടാലും;
കാക്കും കരങ്ങളെൻ കൂട്ടിനുണ്ടല്ലോ?
നിർഭയനായ് വസിക്കും.

1. സർവ്വരും കൈവിട്ട നേരത്തിലും,
കാരുണ്യം കാട്ടിയോൻ ദൈവം;
ജീവൻ നശിക്കാതെ കാവലായ് നിന്ന,
സ്വർഗ്ഗീയ താതനെൻ സ്നേഹം.

2. സ്വാർത്ഥനായ് നിന്നെ മറന്നോനല്ലോ,
നിർദയ ശിക്ഷയ്ക്കു യോഗ്യനാം ഞാൻ;
ശാപത്തിലാഴ്ന്നു നശിക്കാതിരിക്കാൻ,
ക്രൂശിൽ ത്യജിച്ചുവോ ജീവൻ ?

# 187

ദൈവം വിശുദ്ധൻ പരിശുദ്ധനല്ലോ,
വാക്കുകൾ പാലിക്കുന്നോൻ;
തിരുസുതർ നാവിലുതിർക്കും പ്രവചനം,
സത്യമായ് തീരുന്നതെത്ര കാമ്യം!

1. ഹൃദയത്തിൻ കാപട്യം പാടേയകറ്റി,
ധൈര്യമേകീടുന്നു പ്രിയനാഥൻ;
ദുരിതമകറ്റിയ യേശുവെ സാക്ഷിക്കാൻ,
ശക്തനാക്കീടുന്നു സ്നേഹപൂർവ്വം.

2. നാവിനെ ശുദ്ധമാക്കീടുന്നു ത്രീയേകൻ,
ആത്മീയ അഗ്നിയാൽ അനുദിനവും;
പാടുവാൻ അധരം തുറന്നു തന്നീടുന്ന-
പാവന സ്നേഹമാണെന്റെ ദൈവം.

3. ലക്ഷങ്ങൾ കയ്യിൽ നിന്നന്യമായീടുവാൻ,
ലക്ഷത്തിലൊന്നേ മാത്ര വേണ്ടൂ;
നീതിസ്വരൂപന്റെ കൈകളിൽ നമ്മെ,
അർപ്പിക്കുകിൽ ഭാഗ്യമൊന്നുവേറെ.

# 188

വിജയവീഥിതെളിച്ചു മുന്നോ-
ട്ടനുദിനം മുന്നേറിടാം;
അരുമനാഥൻ തോഴനെങ്കിൽ,
അജഗണത്തിനു ഭീതിയോ ?

1. നേരിനായിട്ടൂറ്റമോടെ,
നമ്മളൊന്നായ് പൊരുതിടാം;
നന്മനേടാൻ തിന്മവെടിയാം,
സത്യമാർഗ്ഗേ പോയിടാം.

2. വഞ്ചനക്കെതിരായി വേദിക-
ളൊന്നുചേർന്നു പണിഞ്ഞിടാം;
ചതികളിൽപെട്ടാത്മ നൊമ്പര-
മേറ്റിടാതെ വളർന്നിടാം.

3. കൂരിരുട്ടിൽ പാതകാട്ടാൻ,
നല്ല ഹൃദയവുമായി നാം;
കുറ്റമറ്റവരായി സേവന-
ദൗത്യമോടെ നടന്നിടാം.

# 189

നാൾതോറും നമ്മുടെ ഭാരം ചുമക്കുന്ന,
രക്ഷയാം ദൈവം വാഴ്ത്തപ്പെടട്ടെ;
ഉദ്ധാരണങ്ങളിൻ ദൈവമായുള്ളോൻ,
മരണത്തിൽനിന്നും വിടുവിക്കുന്നു.

ശത്രുക്കളിൻ തലതകർക്കുന്നവൻ,
അകൃത്യമുള്ളോനെ തകർത്തിടുന്നു.

1. ശത്രുവിൻ രക്തത്തിൽ പാദം നനയ്ക്കാൻ,
നായ്ക്കൾക്കു മാംസത്തിന്നോഹരിയേകാൻ;
ബാശാനിൽ നിന്നും സമുദ്രാന്തരേ നിന്നും,
മടക്കിവരുത്തുന്നു തന്നിഷ്ടപോലെ.

2. ദേവാ നിൻ എഴുന്നള്ളത്തെന്തു ഹൃദ്യം,
ദൈവവും രാജാവുമായുള്ളോനേ;
ഗായകർ മുമ്പിലും വീണക്കാർ പിമ്പിലും,
തപ്പുകൊട്ടുന്നോരിരുവശത്തും.

## 190

അത്യുന്നതൻ സർവ്വശക്തൻ യഹോവ താൻ,
അവൻ എന്റെ സങ്കേതമേ;
തൻ നിഴലിൻ കീഴിൽ ഞാൻ വസിക്കുമ്പോൾ,
അവൻ എന്നെ കോട്ടയായ് പാലിക്കുന്നു.

1. കെണികളിൽ കുടുങ്ങാതെ സൂക്ഷിക്കുന്നോൻ,
മഹാമാരിയിൽ നിന്നു വിടുവിച്ചീടും;
തൂവലുകളാൽ നിത്യം മറച്ചീടുമേ,
ചിറകിൻ കീഴിൽ ഞാൻ ശരണപ്പെടും.

2. വിശ്വസ്തനവൻ എന്റെ പരിചയല്ലോ,
ഭയപ്പെടേണ്ടൊട്ടുമേ പേടിവേണ്ട;
രാത്രി ഭയങ്ങളും പകലിൻ മാരക-
സംഹാര ഭീതികളും ബാധിക്കയില്ല.

3. ആയിരങ്ങൾ, പതിനായിരങ്ങൾ;
വീണിടുന്നേരവും നിർഭയനായ്,
ദുഷ്ടരിൻ പ്രതിഫലം കണ്ടീടുമേ;
ശത്രു തീണ്ടാതെന്നെ കരുതിക്കൊള്ളും.

## 191

ഞാനേശുവിൻ ചാരേ അണഞ്ഞിടുമ്പോൾ,
നിത്യവുമവനെന്നെ കരുതീടും;
എന്നാത്മാവാനന്ദിച്ചാർത്തുപാടും,
അതുസഹിയാതനവധി വൈരികൾ കൂടും.

എനിക്കാരെയും ഭയക്കുവാൻ കാര്യമില്ല,
മനമാകെ യേശുവിൽ പകർന്നിടുമ്പോൾ;
അവനായി ഞാനെന്നും വേലചെയ്യും,
പരലോകം പൂകുവോളം.

1. നിർമ്മലമാനസം പേറിടുമ്പോൾ ഞാ-
നാരെയും പേടിച്ചു ഞരങ്ങിടില്ല!
പ്രാണന്റെ നാഥനെൻ കൂടെയുള്ളപ്പോൾ,
ആരെ ഞാൻ കാത്തുവലഞ്ഞിടേണ്ടു?
(എനിക്കാരെയും)

2. ആത്മാവിൻ വേദന നുരഞ്ഞിടുമ്പോൾ
ആത്മാവിൽ വിവശനായ് ആരാധിക്കും;
ആ ദിവ്യ നിമിഷങ്ങളലിവോടെൻ താതൻ,
വീക്ഷിക്കുമെന്നെയും സ്വർല്ലോകത്തിൽ.
(എനിക്കാരെയും)

### സ്വാതന്ത്ര്യം

## 192

സത്യത്തിൻ പൊൻപ്രഭവിതറും,
നീതിസൂര്യനിതാ;
സ്വാതന്ത്ര്യത്തിൻ വാഗ്ദാനവുമായ്,
യേശുനാഥനിതാ.

1. ക്രൈസ്തവ സ്നേഹം പാരിതിലെങ്ങും,
ഘോഷിക്കാൻ നീവാ;
സ്വാതന്ത്ര്യത്തിൻ നായകനേശുവെ-
വാഴ്ത്തിപ്പാടാൻ വാ.

2. യേശുമഹേശ്വരനാമം ഭൂവിൽ-
കീർത്തിച്ചീടാൻ വാ;
പാപിയെ നേടാൻ നിന്ദിതനായോൻ,
യേശുവെ വാഴ്ത്താൻ വാ.

3. ശാശ്വതശാന്തി പകർന്നിടുവാനായ്,
ക്രൂശിതനായോനാം;
സ്നേഹസ്വരൂപനെ വാഴ്ത്തിടുവാനായ്,
വിനയാന്വിതനായ് വാ.

4. അടിമത്തത്തിൻ ചങ്ങലപൊട്ടി-
ച്ചാർത്തുരസിക്കാൻ വാ;
യേശുമഹേശ്വര സവിധേനൻമകൾ,
പ്രാപിച്ചീടാൻവാ.

5. അണിയണിയായവനഭിവാദ്യങ്ങൾ,
അർപ്പിക്കാനായ് വാ;
മനസ്സൊരുക്കൂ സ്നേഹപിതാവിനു,
ഹൃദയം നൽകാനായ്.

## 193

അമരക്കാരൻ പ്രിയനേശു,
അടിമച്ചങ്ങല തകർത്തവൻ;
അധരം തുറക്കുവോർക്കെല്ലാം,
ഭോജനമേകും മൽപ്രീയൻ.

1. തരും നിനക്കതിശയമായ് വേണ്ടും,
നന്മകളനുദിനമേശുപരൻ;
യാചിപ്പോർക്കായ് നൽകും സ്നേഹ-
ത്തികവാം ഹൃദയമവൻ മേലിൽ.

2. അരുമക്കുഞ്ഞിൻ നൊമ്പരമെല്ലാം,
കരളലിവുള്ളോൻ മാറ്റീടും;
കാതോർത്തേറ്റം സ്നേഹത്തോടെ,
കദനക്കഥകൾ കേൾക്കുമവൻ.

3. കഠിനതകൾ കൈവെടിയാനിനിയും,
വൈകുകിലോ തലമേൽ ശാപം,
വഹിച്ചു ഭാരം വർദ്ധിച്ചീടും,
ആകെത്തകരുമതോർക്കുക നീ.

## 194

ആത്മാവിൽ നിറയാം ആനന്ദത്താൽ,
സ്തുതിയേകാം ഒരു മനസ്സോടെ;
പാവനസ്നേഹം നുകരാനെന്നും,
നടകൊള്ളാം യേശുവിൻ പാദാന്തികേ.

1. എന്റെ പിന്നാലെ വന്നീടുകയെന്നുര-
ച്ചേശു നിൻചാരത്തണഞ്ഞിടുമ്പോൾ;
കാതോർത്തവൻ പിൻഗമിക്കുവാനായി;
ഹൃദയത്തെ സജ്ജമാക്കീടുമോ നീ ?

2. പരിശുദ്ധനാമം ജപിച്ചെന്നുമീശനെ,
സ്തുത്യർഹനായെണ്ണി രക്ഷനേടാം;
ആദിയും അന്തവും ഉണ്മയുമായുള്ള,
നിത്യപിതാവിനെ സ്തുതിക്കുമോ നീ ?

3. സ്വാതന്ത്ര്യം തേടിയോ ദുർമ്മാർഗ്ഗത്തോടിനി?
യേശുനിന്നെത്തേടി, സ്വതന്ത്രനാക്കാൻ;
ആരിലും ഉന്നതനായവൻ യേശു, വൻ-
കാര്യങ്ങൾ നിന്നെക്കൊണ്ടവൻനടത്തും.

### പാപം

## 195

ഞങ്ങൾക്കായ് ക്രൂശിൽ യാഗമായോനേ
നിത്യജീവൻ നൽകാൻ വന്നവനേ
പാപികളാം ഞങ്ങൾ പാദേ നമിപ്പൂ,
തിരുകൃപമാരിപോൽ ചൊരിയേണമേ.

1. അപരാധങ്ങൾ ചെയ്തതേറെയാണേ,
അവിവേകത്താലല്ലോ പിഴച്ചുപോയി;
കുറ്റങ്ങളെല്ലാം കണക്കിട്ടാലേഴകൾ,
നിത്യനാശത്തിൽ പതിച്ചുപോമേ.

2. അരുതാത്തതെന്തെല്ലാം ചെയ്തെന്നാലും,
ആത്മാവിൻ നാശം ഭവിച്ചിടാതെ;
സ്നേഹത്തിൻ മാധുര്യ സ്പർശനമേകി,
ജീവന്റെ മാർഗ്ഗേ നയിച്ചുവല്ലോ.

## 196

നിർമ്മല മനസ്സിന്നുടമകളാകാൻ,
നിസ്തുലനേ കൃപ അരുളേണമേ;
നിത്യവും അഗതികൾ പ്രാർത്ഥിക്കുന്നേ,
സത്യാത്മാവിൻ വരമേകൂ.

1. പാപത്തിൻ ചെറുകീടങ്ങൾ,
അകമേവന്നു നിറഞ്ഞെന്നാൽ;
മനസ്സിനെ ദുർബ്ബലമാക്കിടുമേ,
മനമോടും വഴി മാറ്റേണമേ.

2. പാപക്കെണികൾ നിരത്തീടും,
ശത്രുവിനെതിരായ് പോരാടാൻ;
പ്രാർത്ഥനയാം നറുമന്ത്രങ്ങൾ,
ഉരുവിട്ടീടാൻ കൃപയേകൂ.

3. പാപം ചെയ്യും സോദരരേ,
ശമ്പളമെന്തു ഭയങ്കരമേ!
നാശം വിതറും ദോഷം നാം,
ത്യജിക്ക; നാഥനെ വരവേൽക്കാം.

## 197

യേശുവിൻ കരം പിടിച്ചുപിൻചെല്ലുവാൻ,
നാഥനേശുവേ കൃപയേകണേ,
ആഴങ്ങളിൽ താണുമുങ്ങിടാതെ,
സ്നേഹത്തിൻ കരത്താൽ ഉയർത്തേണമേ.

1. തിരകളാഞ്ഞു പൊങ്ങിയെന്റെ ജീവിത
ത്തിലും,
ബന്ധുമിത്ര സോദരരെ മൂടിടുമ്പൊഴും;
പ്രീയനോടു വാഴുവാനാശയാകയാൽ,
ഏഴകളെ ആദരിച്ചു കാത്തിടേണമേ.

2. അന്ധകാര കൂപമെന്റെ മുന്നിലായവൻ,
കൽവാതിലിൽകൂടി കാട്ടിയനേരം,
വീണിടാനൊരുങ്ങിടുന്ന മാത്ര യേശുവിൻ,
നിത്യരക്ഷയിൻകരം നീട്ടിരക്ഷിച്ചു.

## 198

ആനന്ദമായ് നമ്മെ ആനയിക്കും,
ആത്മനാഥാ അങ്ങേ നമിച്ചിടുന്നേ;
ആലംബഹീനരാം തിരുസുതരെ,
ആത്മബലം നൽകിവഴിനടത്തൂ.

1. അഭയം തേടുമീ യാത്രികർക്കാശ്രയം,
അവിടുന്നല്ലാതാര് ? നീതിമാനേ ?
ആകുലവേളകൾ ഞെരുക്കിടുമ്പോൾ,
ആശ്വാസദായകാ കൃപയേകണേ.

2. അന്യോന്യബന്ധങ്ങളതിർ കടക്കുമ്പോൾ,
അന്യരായന്യോന്യം കരുതിടുമ്പോൾ;
പാപം വാതിൽക്കൽ കാത്തു നിൽക്കിലും,
പാപം വെറുക്കുന്നോനരികിലെത്തും.

### പിന്മാറ്റം

## 199

വിനയത്തിൻ തോടുകളാകാം നമുക്ക്,
ഹൃദയത്തിൽ വിനയം വളർത്താം;
ശിഖരങ്ങൾ കുനിയുന്നതെപ്പോഴെന്നോ?
ഫലമാകെ നിറയുന്നനേരമത്രേ.

1. സമ്പത്തും ദാനമാം ഐശ്വര്യവും,
ത്രീയേക ദൈവത്തിൻ ഔദാര്യമേ;
അന്ധരായീടല്ലേ നന്മയേറുമ്പോൾ,
ആത്മാവിൻ ശക്തിയും ത്യജിച്ചിടല്ലേ.

2. ആയുസ്സും ആരോഗ്യം കീർത്തിയുമേ,
അഭിഷേകമുള്ളോർക്കു സ്വന്തമല്ലോ?
ദൈവത്തിൽമാത്രം നീ അഭയപ്പെട്ടാൽ,
ജീവിതം സാഫല്യം നിശ്ചയമേ.

3. വാർദ്ധക്യകാലത്തും ഫലമേകിടും,
ശക്തനാക്കീടുന്ന ദൈവപുത്രൻ;
ജ്ഞാനത്തോടൊപ്പം പരിജ്ഞാനവും;
സർവ്വദാ നൽകും അനുഗ്രഹിക്കും.

## 200

കരയുന്നമർത്യനു കാരുണ്യം കാട്ടാൻ,
കനിവുള്ള മിശിഹാ അരികിൽവരും;
കാണാത്ത ഭാവം നടിച്ചുപോകുന്നോരേ,
കാരുണ്യവാനെന്നെ തേടിയെത്തും.

1. കരയുവാൻ മാത്രമായ് നിർമ്മിച്ചോ ഏഴയെ,
കരകാണാക്കടലിതിൽ അലയുവാനും;
കരപറ്റാൻ കഴിയാതെ കൈകാൽ തളർന്നു പോയ്,
കർത്താവേ കൈതന്നു രക്ഷിക്കേണം.

2. കാരിരുമ്പാണികളേറിപ്പിടഞ്ഞിട്ടും,
കരുണാർദ്രനായ് മാത്രം മൊഴിഞ്ഞദേവാ;
കർത്താവേ അങ്ങയെ ക്രൂരമായ് മർദിച്ച,
കനിവില്ലാത്തോരെയും സ്നേഹിച്ചില്ലേ?

3. കൽമഷമൊക്കേയും കഴുകിനീരുധിരത്താൽ,
കാൽവരിക്കുന്നിലെ യാഗത്താലേ;
കാതോർത്തു വീണ്ടുമെൻ കാപട്യമാനസം,
കഴുകി സൽപാതയെ കാട്ടിടേണം.

## 201

പാപചിന്തകളെന്നിൽ നിന്ന-
ങ്ങാകെ മാറ്റുക നാഥനേ;
ചാവുദോഷമെനിക്കു വന്നുപി-
ണഞ്ഞിടാതെ നടത്തുകേ.

1. തൃണസമാനമിമനുഷ്യ ജീവിത-
മാകിലും തുണയേകണേ;
ശരണം പ്രാപിക്കുന്നമലനേ,
അഭയമേകിടുകെൻ പ്രിയാ.

## 202

എരിതീയിൽ നിന്നെന്നെ ഉദ്ധരിച്ചീടാൻ,
യാഗമായ് കാൽവരി ക്രൂശിലീശൻ;
തിന്മകളേറെ ചെയ്തുപോയെന്നാലും,
പ്രാണപ്രിയൻ ദയകാട്ടിയെന്മേൽ.

1. ആനന്ദനൃത്തം ചവിട്ടി എൻ ദൈവത്തെ,
ആരാധിച്ചാർക്കുവാൻ കൊതിച്ചിടുന്നേ;
നന്മകൾ ചെയ്യുവാനാശിക്കിലും,
ഓടുന്നു തിന്മകൾ ചെയ്തീടുവാൻ.

2. ദൗർബ്ബല്യമൊക്കേയും അറിയുന്ന ദൈവം,
ദുരിതത്തിൽ നിന്നും കരേറ്റിടുന്നു;
അൻപിൻ സ്വരൂപമേ ജൂഡാസായീടാതെ,
തവ സാന്നിദ്ധ്യത്താൽ നിറച്ചീടുക.

3. ചാപല്യമില്ലാത്തമനമില്ല നാഥാ,
മനമോടും വഴികളിൽ കൂടെവേണം;
തിരുസേവയാണെനിക്കാശപൊന്നീശോ,
സഫലമാക്കീടുകെൻ ജീവിതത്തെ.

# 203

എന്നിലെ കുറവുകൾ ക്ഷമിക്കുക നാഥാ,
തിന്മയെ ജയിക്കുവാൻ പ്രാപ്തിനീതാ,
ആഴത്തിൽ വീണ ഞാൻ കരകേറിടട്ടെ,
ആലംബമാവുക പരമോന്നതാ.

1. ചേറ്റിൽകിടന്നിതാ നിലവിളിക്കുന്നേ,
ചാകാതെ ചാകുന്നേ പ്രാണപ്രീയാ;
ദുർഗന്ധമൊക്കേയും നാലുപാടും വന്നെൻ,
മേലാകെ വീശുന്നു തമ്പുരാനേ.

2. ശുദ്ധനാക്കീടുവാൻ പാപം നീക്കീടുവാൻ,
യാഗമായ് തീർന്നങ്ങു കാൽവരിയിൽ;
തിരുനിണം ചിന്തിയ സ്നേഹമോർത്തെന്നും,
അനുതാപമിഴിനീരൊഴുക്കിടും ഞാൻ.

3. തിരുനിവാസത്തിൻ മറവിലൊളിച്ചാൽ,
സൗഭാഗ്യവാനായി മാറിടും ഞാൻ;
തിരുസ്നേഹമെന്നിൽ നിറഞ്ഞു നിന്നാലോ,
സൗന്ദര്യതീരേ അണഞ്ഞീടുമേ.

# 204

തിരുസുതരാം ഞങ്ങൾക്കഭയമങ്ങല്ലോ,
തിക്താനുഭവമങ്ങു മാറ്റേണമേ;
തിന്മകളെല്ലാമവിടുന്നു ശിരസ്സിൽ,
തിരുഹിതത്താലേ വഹിച്ചുവല്ലോ.

1. അരുതെന്റെ ദൈവമേ അധമരാക്കല്ലേ,
അവിവേകമോർക്കാതെ തണലേകണേ;
അരുമക്കിടാങ്ങളെ അനുഗ്രഹിച്ചെന്നും;
അടിയാർക്കു സായൂജ്യമേകീടണേ.

2. സർവ്വേശ്വരാ തവദാസരെമോദാൽ,
സർവ്വൈശ്വര്യങ്ങളാൽ ജ്വലിപ്പിക്കുകേ;
സകലചരാചര സ്രഷ്ടാവാം ദൈവമേ,
സന്തതസഹചാരിയായീടണേ.

3. ആത്മാവു പാർക്കുന്ന ഭവനങ്ങളാകുവാൻ,
ആവോളം നിറയട്ടേ ദൈവസ്നേഹം;
ആത്മീക വർദ്ധനയ്ക്കായല്ലോ നമ്മെയും,
ആത്മാവിൽ നിറയാൻ വിളിച്ചതീശൻ.

4. ആത്മാവിനമൃതാം വരദാനമോടെ,
ആത്മനിലങ്ങൾ ഒരുക്കീടുവാൻ;
ആത്മാർപ്പണത്തോടടിയാർ വരുന്നേ,
ആത്മനാഥാ അങ്ങുതുണയേകണേ.

# 205

അപരാധമൊന്നും ചെയ്യാതിരിക്കാൻ,
അരുളേണമേകൃപ കരുണാനിധേ;
മാലിന്യമില്ലാതെ ചിത്തംവിശുദ്ധമായ്,
കാക്കുവാനേകണേ ശക്തിയെന്നും.

1. പാപം വെറുക്കുമീ ഏഴയിൻമാനസം,
പാപത്തിന്നാസക്തിയാൽ നശിക്കാം;
കൃപയുള്ള ദൈവമേ കാവലായ് നീ വേണം,
2. കാപട്യമാനസം നശിപ്പിക്കുവാൻ.

അത്യുന്നതങ്ങളിൽ വാസം ചെയ്വോനേ,
പ്രത്യുത്തരം നൽകും ശാന്തനീശോ;
നിത്യമാം സൗഭാഗ്യവാസസ്ഥലം തേടും,
മർത്യന്റെ പിഴകൾ പൊറുക്കേണമേ.

3. അന്ധകാരത്തിൻ ദീപമായോനേ,
ഇന്ധനമവിടുത്തെ ആത്മാവല്ലോ;
ബന്ധുവായെന്നും കൂട്ടായിരിക്കണേ-
അന്ധനാമവിടുത്തെ ദാസനെന്നും.

# 206

ദൈവമേ അങ്ങെന്നെ വിസ്മരിച്ചീടാൻ,
ഇടവരാത്തതെൻ ഭാഗ്യമല്ലോ;
ഏഴയാം ദാസനെ സ്നേഹിച്ചതിൻ പ്രതി,
ഒന്നുമേ ചെയ്യാത്ത ദോഷീ ഞാൻ. - (2)

1. സ്നേഹിതനെപ്പോലെ കൂടെ നടന്നീടാൻ
ആശിച്ചുവെങ്കിലും വീണുപോയ് ഞാൻ;
ആകിലും ദൈവമേ; അങ്ങനെ വിസ്മൃത-
കൂപത്തിലാക്കിയില്ലെന്തു ഭാഗ്യം !

2. ആനന്ദ സാഗരതീരത്തിലൂടെ നിൻ,
കാൽപാടു പിൻപറ്റി ഞാൻ നടക്കേ;
ആത്മനാഥാ നിന്നെ പാടേ മറന്നുപോയ്,
ഭാഗ്യഹീനൻ നിന്റെ പ്രീയപുത്രൻ.

3. തളരുന്ന മനസ്സിന്റെ ആകുലം കണ്ടു നീ
കണ്ണീരൊഴുക്കുമ്പോഴോർക്കുകില്ലേ ?
നിന്നെപ്പിരിഞ്ഞിടാൻ ഒട്ടുമേ ആശിക്കാ-
ത്തേഴയാം ഞാനെന്നും നിന്റെ സ്വന്തം.

# 207

ലോകമേ നിന്നെ ഞാൻ സ്നേഹിച്ച കാലം,
വീണ്ടും വരാതെന്റെ അരികിൽനിന്നും;
എന്നേയ്ക്കുമായിപ്പോകുക, ബന്ധനം-
വിട്ടൊഴിഞ്ഞീടുകെന്നോർമ്മകളിൽ.

1. ഭൗതിക ജീവിതം മിത്ഥ്യയാണെന്നുള്ള,
സത്യം മറക്കാതെ യേശുവിൽ ഞാൻ;
ദൈനംദിനം വളർന്നെത്തുവാൻ മോഹിച്ചു,
ശിരസ്സോളമപ്പനെപ്പോലെയാകാൻ.

2. ആത്മാവിൻ ഫലമെന്നിൽ നിന്നുതിരേണം,
അതിനായി ജീവിതം സമർപ്പിക്കയാൽ;
ആനന്ദമോടെന്നും യേശുവിൻ മാർവ്വിൽ,
അനന്തമായ് ചാരി സംതൃപ്തനാകും.

# 208

ആരുമാരും കാണാതെ ആത്മനാഥൻ നമ്മെ,
അനുഗമിച്ചീടുവതെന്തു സ്നേഹം?
ആ ദിവ്യകാരുണ്യം നാമോർക്കുകിൽ,
വിനയത്തോടവനെ വണങ്ങീടേണം.

1. ലോകത്തിന്റെ പാശങ്ങളാൽ കുടുക്കിൽ വീണ്,
ബന്ധിതനായ് നിന്റെ, സ്വപ്നം തകർന്നോ ?
ആശകളൊക്കേയുമസ്തമിച്ചെന്നോ,
വ്യകുല ചിത്തനായ് നശിക്കുന്നുവോ ?

2. മോഹന വാഗ്ദാനമേകി നിന്റെ ജീവിതം,
താലോലിച്ചേശു നാഥൻ നയിച്ചിടുമ്പോൾ;
സങ്കല്പ സാഗരത്തിന്നാഴങ്ങൾ കണ്ട്,
ഭീതിപൂണ്ടോടീടുവതെന്തിനായ് നീ ?

3. ആത്മാവിനാനന്ദത്തിൻ സ്വാതന്ത്ര്യത്താലെ,
പീയൂഷധാര നിന്മേൽ വർഷിച്ചീടു മ്പോൾ;
നിത്യമാമാനന്ദ സാമ്രാജ്യത്തെത്താൻ,
ലോകൈകനാഥൻ നിന്നെ ക്ഷണിക്കുന്നു വാ.

## സ്നേഹം

# 209

നല്ല സ്നേഹിതൻ യേശു നായകൻ
ബാലകർക്കു തോഴനാണവൻ,
തോളിലേറ്റുവാൻ, ഉമ്മ നൽകുവാൻ
ആശിച്ചീടുന്നു, അമ്മപോലവൻ.

1. തെറ്റുകുറ്റവും ലംഘനങ്ങളും
സ്നേഹമോടവൻ മോചിച്ചീടുന്നു,
പാപമൊന്നുമേ ചെയ്തിടാത്തവൻ
സ്നേഹനാഥനാണേശു എപ്പോഴും.

2. പാപരോഗവും ശാപരോഗവും
ആധി, വ്യാധിയും, പോക്കിടുന്നവൻ,
കൂട്ടുകാരനായ് ഉറ്റബന്ധുവായ്
കൂട്ടിനെപ്പൊഴും കൂടെയുണ്ടവൻ.

# 210

സമ്പൂർണ്ണ ദൈവീക സ്നേഹം,
നമ്മിൽ വിളങ്ങിടാനായ്;
സന്താപ സാഗരതീരേ വസിക്കും,
സോദരർക്കാശ്വാസമേകാം.

ദൈവത്താൽ സ്നേഹിപ്പോരല്ലയോ നമ്മൾ,
അന്യോന്യം സ്നേഹിക്കാം നാമും.

1. വിശ്വാസം പ്രത്യാശ സ്നേഹമീ മൂന്നിൽ
സ്നേഹം താനല്ലയോ ശ്രേഷ്ഠം!
സ്നേഹത്താൽ ശത്രുവെ കീഴടക്കീടാം,
സാധ്യമതോർക്കനാം സത്യമല്ലോ?

2. ദൈവത്തിൻ മക്കളായ് വളർന്നീടുന്നോർ
സ്നേഹത്തിൻ ജ്വാല തെളിച്ചിടേണം,
പാരസ്പര്യത്തിന്റെ ചങ്ങല കോർക്കാം,
സ്നേഹത്താൽ ഭാരതം നേടാം.

# 211

പാപിയാമെന്നുടെ പാപങ്ങളൊക്കേയും,
പാതകം ചെയ്യാത്തോൻ ക്ഷമിച്ചുതന്നു;
പാതകർക്കായ് സ്വയം പാപികളോടൊപ്പം,
പാപം വഹിക്കാൻ ക്രൂശിലേറി.

1. എന്തൊരു സ്നേഹമീപുണ്യവാൻകാട്ടി,
എത്ര ഉദാത്തമീ ദിവ്യസ്നേഹം!
എത്രമഹത്തരമീ സത്യമാർഗ്ഗം,
എന്നെന്നും നിലനില്ക്കും ധന്യമാർഗ്ഗം.

2. ഉത്തരം കിട്ടാത്ത ചോദ്യങ്ങളനവധി,
ഉന്നയിച്ചെന്തു ഞാൻ നേടിടേണ്ടു?
ഉന്നതനായവൻ സർവ്വവും നിർമ്മിച്ചോൻ;
ഉദ്ദിഷ്ടകാര്യം നിവർത്തിക്കുന്നു.

3. എത്രകരഞ്ഞാലും കണ്ണീർ ചൊരിഞ്ഞാലും,
എന്നെ നന്നായിട്ടറിയുന്നവൻ;
എന്നിലെ ചൈതന്യം ദീപ്തമാക്കീടുന്നോൻ,
എന്നിഷ്ടമല്ല തന്നിഷ്ടം ചെയ്യും.

# 212

സ്നേഹത്തിൽ നിത്യം വസിക്കുന്ന നാമോ,
സ്വാതന്ത്ര്യമോടെ ജീവിച്ചിടുന്നു;
സ്നേഹത്തിൻ പാരമ്യമല്ലയോ നമ്മെ,
വിശ്വസ്തരായ് നിലനിർത്തിടുന്നു.

1. നീയില്ലാതേശുവേ ഞാനുമില്ല,
ജീവന്റെ ചൈതന്യം നിലച്ചുപോകും;
സ്നേഹത്തിന്നാവിഷ്ക്കാരം ജീവനിൽ,
മുറ്റും നിറഞ്ഞിടാൻ പ്രാപ്തിയേകൂ.

2. പാപത്തിൻ ബന്ധനമെത്ര കഷ്ടം!
വിടുതലയച്ചെന്നെ വീണ്ടദേവാ;
സ്നേഹിക്കും നിന്നെ കുടുംബമായ് ഞാൻ,
യോശുവാ ഹൃദ്യമായ് ചൊന്നപോലെ.

3. ക്രിസ്തുവിൻ സ്നേഹത്താലന്യോന്യമെന്നും,
കീഴ്പ്പെടുന്നേശുവേ നീ നയിക്ക;
ക്രിസ്തുവിൽ തന്നേ വസിച്ചിടും ഞങ്ങൾ,
തിന്മയെ നന്മയാൽ ജയിച്ചിടാനായ്.

## 213

ജീവിക്കുന്നിന്നും ഞാൻ ദൈവകൃപയിൽ,
തണലേകും വടവൃക്ഷം തൻചുവട്ടിൽ;
ജീവന്റെ മന്ന ഭുജിച്ചെന്നും വളരാൻ,
സ്വർല്ലോകനാഥൻ കൃപയേകുന്നു.

1. എൻ പ്രീയനെന്നെ താലോലിക്കുമ്പോൾ,
മണവാട്ടിയായ് ഞാൻ വസിച്ചിടുന്നു;
നിത്യസൗഭാഗ്യമെൻ കാന്തനേകുമ്പോൾ,
ലോകസുഖം തേടിപോകേണമോ?

2. കോടിദൂതർ മദ്ധ്യേ വാനമേഘത്തിൽ,
കർത്താധികർത്തൻ എഴുന്നള്ളുമ്പോൾ;
കൈവെടിയില്ലവൻ ഉപേക്ഷിക്കില്ല,
രൂപാന്തരപ്പെടാൻ ഇന്നൊരുങ്ങാം.

## 214

ശുദ്ധാത്മാവേ നിൻ സാന്നിദ്ധ്യം ഞങ്ങളെ,
പാപത്തിൽ വീഴാതെ കാത്തിടുന്നു;
പാപികൾപോലും പരിശുദ്ധനിൽ നിന്ന്-
പാപത്തിൻ മോചനം നേടിടുന്നു.

1. ദൈവമേ അഭയത്തിനായ് കേണു ഞങ്ങൾ,
യാചിക്കുമ്പോൾ കൃപയേകുമല്ലോ?
അല്ലായ്കിലേഴകൾ ഭൂമിയിൽ നിന്നെന്നേ,
മാറ്റപ്പെടാനിടയാകേണ്ടതല്ലേ ?

2. പാപബോധം നന്നായ് വെളിപ്പെടുത്തീടാൻ;
പാതാള വാതിൽ നീ തുറന്നുകാട്ടി,
ആകയാൽ നിത്യാഗ്നിതന്നിൽ പതിക്കാതെ,
സൂക്ഷിക്കുവാൻവരം തന്നുവല്ലോ.

3. എത്രനാൾ ദൈവമേ ദുസ്സഹമായുള്ള,
ഹീനപരീക്ഷകൾ നേരിടേണം?
താതന്റെ മാർവ്വിലെ കുഞ്ഞുങ്ങളെന്നപോൽ,
സംരക്ഷണം നൽകി നടത്തിടേണേ.

## 215

ആരും സഹായിക്കാനില്ലാതിരുന്നോനെ,
കൈപിടിച്ചുയർത്തിയ സ്നേഹമേശു;
എത്രമേലുച്ചത്തിൽ നന്ദിയർപ്പിച്ചാലും,
തൃപ്തിവരില്ലെന്റെ മാനസത്തിൽ.

1. ആർക്കുംവേണ്ടാത്തോരെൻ ജീവിതംനിത്യമാം-
നാശത്തിൽ വീണന്ത്യം കണ്ടിടാതെ;
കാരുണ്യപൂർവ്വം നീ കോരിയെടുത്തെന്നെ,
വാരിപ്പുണർന്നതോ നിത്യസ്നേഹം.

2. ആരും നിനയ്ക്കാത്ത നേരത്തിലെന്നെ,
പാപത്തിൽ നിന്നും കരേറ്റിയോനേ;
നിത്യംവണങ്ങി ആത്മാവിൽ ഘോഷിക്കും,
ആനന്ദത്താലുള്ളിൽ ആരാധിക്കും.

3. ആരെയും ക്രൂസാത്ത ജീവിതമാകെയും,
രൂപാന്തരത്താൽ നീ ധന്യമാക്കി;
ആത്മനാഥാ തവ കാരുണ്യമോർത്തിതാ,
സേവകനായ് ഞാനും മാറിടുന്നു.

(പുത്തളത്തെ ധ്യാനത്തിനിടെ രചിച്ചത്)

## 216

ആലംബമില്ലാതെ ആരെയോനോക്കി,
തേങ്ങുന്ന ഹൃത്തുമായ് ഞാനിരിക്കേ;
വിശ്വസിച്ചീടുവാനാകാത്ത മട്ടിലെൻ,
മുന്നിലായെത്തിമൽ പ്രീയനാഥൻ.

1. വാക്കുകളില്ലാതെ ഗദ്ഗദകണ്ഠനായ്,
വീർപ്പുമുട്ടുന്നേരമശ്രുകാൺകേ;
ദൈന്യമായ് വീക്ഷിച്ചു ശാന്തനായെത്തി,
ഗാത്രം പുണർന്നേകിയാശ്വാസവും.

## 217

ദൈവത്തിനായ് നമ്മെ സമർപ്പിക്കുകിൽ,
തിരുക്കരം പിടിച്ചവൻ വഴിനടത്തും;
ആനയിക്കും പ്രിയൻ ആനന്ദമോടെ,
അന്ത്യത്തോളം നൽസ്നേഹിതനായ്.

1. അകലങ്ങളിൽ നാം അലയുകയോ?
ഒരുമയില്ലാതെ സ്നേഹം തേടി;
ഒരുകൊടിക്കീഴിൽ അണിനിരത്താനായ്,
അരുമനാഥൻ നിന്നെ ക്ഷണിച്ചിടുന്നു.

2. ദൗർബ്ബല്യമെല്ലാം അറിയുന്ന നാഥൻ,
വീഴ്ചകളിൽ കൈതാങ്ങീടുവാൻ;
മനമോടും വഴിയതിൽ നായകനായ്,
സഹയാനം ചെയ്യും നാം ധന്യരാകാൻ.

3. ഒരുജനമായ് നാം ദൈവത്തെ സേവിക്കും-
നിമിഷങ്ങളിൽ തൻ ചിറകടിയിൽ,
പാലിക്കുമത്ഭുത സ്നേഹത്തിൻ ആഴം-
വർണ്ണിക്കുവാൻ നമ്മെ ഒരുക്കീടുമോ ?

## 218

ദൈവമെന്നെ സ്നേഹിക്കുന്നു,
പ്രൈസ് ദ ലോഡ് (2)
ശാപദോഷത്താൽ മൃത്യു ആക്രമിച്ചപ്പോൾ,
കാത്തുപാലിച്ചേശു എൻ രക്ഷകനായി.

1. ദൈവത്താൽ സ്നേഹിപ്പോരേ,
അന്യോന്യം സ്നേഹിക്കനാമും;
ഹൃദയത്തിൽ തീരുമാനിക്ക,
അശുദ്ധരാക്കില്ലിനി നമ്മെ.

2. സമ്പൂർണ്ണ ദൈവ സ്നേഹം,
നമ്മിലും നിറഞ്ഞിടാനായ്;
സന്താപ സാഗര തീരേ,
സോദരർക്കേകാമാശ്വാസം.

## 219

നിദ്രാ വിഹീനമാം രാവുകളിൽ,
ചാരത്തുവന്നെന്നെ ആശ്വാസത്തിൻ-
മാധുര്യവാക്കോതി സാന്ത്വനം നൽകി,
പ്രിയനേശു നാഥൻ, എൻ ദൈവപുത്രൻ.

1. ഹൃദയത്തിൻ താളം പിഴച്ചുപോകാം,
ഋണഭാരത്താൽ മനംനൊന്തുപോകാം;
യാചകൻപോൽ ജനം ചിന്തിച്ചിടാം,
യാഹന്നുവന്നെന്നെ കൈതാങ്ങിടും.

2. ശോധനയാൽ മനംക്ഷീണിച്ചിടാം,
ശാപങ്ങളാൽ മുഖം വിവർണ്ണമാകാം;
ശ്വാസം നിലയ്ക്കുന്നവക്കോളമെത്താം,
അന്നേരമൽഫായെന്നരികിലെത്തും.

3. ആനന്ദദായകൻ ജീവനാഥൻ,
അല്ലലകറ്റുന്ന ദൈവപുത്രൻ;
അന്ത്യംവരേയ്ക്കെന്നെ കൈതാങ്ങിടും,
ആനന്ദ നൃത്തം ഞാൻ ചവിട്ടും.

## 220

പൈശാചികന്റെ പരീക്ഷകളാൽ,
പാപി ഞാൻ പാരം വലഞ്ഞനേരം;
പാതാളത്തിൽ നിന്നും കരകയറ്റാൻ,
പരലോകനാഥനെന്നരികിലെത്തി.

1. കനിവിൻ കരങ്ങൾക്കായ് യാചിക്കുമ്പോൾ,
കരകാണാക്കടലിൽ മുങ്ങിടുമ്പോൾ;
ജീവിക്കും നാഥനാമേശുവേഗം,
കടലിന്മേൽ നടന്നെത്തും രക്ഷകനായ്.

2. അനുദിനമെന്നെ നടത്തുന്നോനേ,
അടിപതറാതെ നടന്നീടുവാൻ;
പാതതെളിച്ചെന്നും നായകനായ്,
മുന്നിൽ നടക്കണേ യേശുനാഥാ.

3. വേദന ഹൃദയത്തിലലയടിക്കുമ്പോൾ
ഹൃദയേശ്വരാ നീ മോചനം താ;
ശാശ്വത ശാന്തി പകർന്നെന്റെ മാനസ-
സാമ്രാജ്യത്തിന്നുള്ളിൽ വസിക്കുകെന്നും

## 221

ആനന്ദസാഗരതീരത്തു നാഥന്റെ,
ചാരത്തു ഞാനണഞ്ഞീടുന്നിതാ;
ആകാംക്ഷയോടെത്ര നാളായിദൈവമേ,
വാതായനത്തിങ്കൽ കാത്തിരിപ്പൂ.

1. ആത്മാവിൻ നിത്യമാം നാശത്തെ ഓർത്തി-
ട്ടാകുല മാനസരാകേണ്ടയോ?
ആത്മാക്കൾ പട്ടുപോകുന്നതും കാണാതെ,
ആത്മഭാരം വെടിഞ്ഞുറങ്ങുകയോ?

2. നിർദ്ദോഷിയായെന്നെ കരുതീടുവാൻ,
ഇത്രമാത്രം കൃപചൊരിഞ്ഞവനേ;
നിമിഷങ്ങൾ തോറുമെൻ ജീവിതത്തിൽ,
ശൂന്യതയകറ്റിയ മഹൽസ്നേഹമേ.

## 222

ദൂരസ്ഥരായിരുന്നോരേ നമ്മൾ,
ക്രിസ്തുവിൻ ചോരയാൽ അരികിലെത്തി;
അവനല്ലോ നമ്മുടെ സമാധാനവും,
ഏകത്വത്തിന്റെ ആത്മാവുമേ.

1. യേശുവിൻ ത്യാഗത്താൽ ന്യായപ്രമാണത്തിൻ,
ശത്രുത്വമെല്ലാമകറ്റുവാനായ്;
വേർപാടിൻ നടുച്ചുവർ പാടേയകറ്റി,
ദൈവവുമായ് നമ്മെ നിരപ്പിച്ചവൻ.

## 223

കാരുണ്യം വാർന്നൊഴുകീടുന്ന സ്നേഹം,
കാൽവരിയിൽ കാണും ദിവ്യ സ്നേഹം;
ഖിന്നരായുള്ളോർക്കു പാപവിമോചനം-
കർത്താവിലല്ലാതെ സാദ്ധ്യമല്ല.

1. ഏഴകളാകും ഞങ്ങളെ രക്ഷിക്കാൻ
സ്വന്തപ്രാണൻ തന്ന ദിവ്യ സ്നേഹം,
നന്മയില്ലാത്തോർക്കായ് ദാനമായേകിയ-
വൻകൃപ എത്രയോധന്യമെന്നും.

2. ശാഠ്യമഹങ്കാരമെന്നിവയാലുള്ളം,
ദൈവമേ അങ്ങയിൽനിന്നകറ്റി;
സാത്താനു കൂട്ടാളിയാകിയ ഞങ്ങളെ-
ജീവരക്തത്താൽ നീ വീണ്ടെടുത്തു.

3. പാപത്തിൻ പാശത്താൽ കെട്ടുപിണഞ്ഞുള്ളം
പാടേ അകന്നോരാം നിന്റെ മക്കൾ,
കാൽവരി രക്തത്താൽ പുത്രത്വഭാഗ്യം-
കൈവരിച്ചാനന്ദിച്ചാർത്തിടട്ടേ.

# 224

സ്നേഹത്തിൻ സംഗീതമേ എന്നിൽ വാഴ്ക,
ത്യാഗത്തിൻ സമ്പൂർണ്ണതേ എന്നെ കാൺക;
ആശ്രയിപ്പോർക്കെല്ലാം ദാനമായേകും-
ആത്മാവിൻ സങ്കേതമേ.

എക്കാലവും വാഴ്ത്തിപ്പുകഴ്ത്തിടും ഞാൻ,
എന്നെന്നും ഹൃദ്യമായ് സേവിക്കും ഞാൻ,
എന്നെപ്പോലുള്ളോരധർമ്മത്തിൻ മൂർത്തിയെ
വീണ്ടെടുത്തല്ലോ നൽ രക്ഷകാ നീ.

1. നന്ദിയാലുള്ളം നിറഞ്ഞിടുന്നേ,
നൈവേദ്യമായ് മനം അർപ്പിക്കുന്നേ; (2)
ആർക്കും വഹിച്ചു കൂടാതുള്ള എന്നെ നീ
മാറോടണച്ചല്ലോ സ്നേഹപൂർവ്വം. (2)
(എക്കാല)

2. ആത്മാർപ്പണം കണ്ടു സ്നേഹമോടെന്നേയും-
വചനം വിതയ്ക്കാൻ വിളിക്കുകില്ലേ ? (2)
വയലേലകൾ കൊയ്തു രക്ഷകനായ് നിത്യം
കളപ്പുര നിറയെ ഞാൻ കൂട്ടിടട്ടേ. (എക്കാല)

# 225

ദൈവത്തിൻ ഔദാര്യദാനമാം നമ്മൾ,
നന്ദികെട്ടോരായി തീർന്നിടല്ലേ;
മനമോടും വഴികളിൽ സഹയാനം ചെയ്യല്ലേ,
ദൈവത്തിന്നാലയം നമ്മളല്ലേ.

1. മനുഷ്യാധമന്മാരായ് മാദകലഹരിയിൽ
അടിതെറ്റി വീഴാതെ സൂക്ഷിക്ക നാം,
യേശുവിൻ തങ്കക്കരത്തിൽ സുരക്ഷയാ-
ണെപ്പോഴും സുരക്ഷിത മാർഗ്ഗേ പോകാം.

2. തോട്ടക്കാരൻ തന്റെ തോട്ടത്തിലുള്ളതാം
സൗന്ദര്യമേറിയ പൂക്കളെല്ലാം,
സംരക്ഷണം നൽകി പാലിക്കിലും,
പൂവിറുക്കാൻ വന്നാൽ ചെറുത്തിടാമോ. ?

3. ഓർക്ക, നാമെപ്പോഴും ദൈവകരങ്ങളിൽ,
കുശവന്റെ കളിമണ്ണുമാത്രമത്രെ;
തന്നിച്ഛപോലവൻ പദംവരുത്തും,
തച്ചുടച്ചനുരൂപ പാത്രമാക്കും.

# 226

സ്നേഹത്തിൽ ജീവിപ്പതെത്രമോദം !
സ്നേഹാദരങ്ങൾക്കെന്താത്മശാന്തി !
സ്നേഹത്തിൻ സാന്ത്വനമന്ദസ്മിതം,
സ്നാനംപോൽ സായൂജ്യമെന്നുമെന്നും.

1. ഹൃദയത്തിൻ കാപട്യങ്ങൾ വെടിഞ്ഞാൽ,
സൗഹൃദസൗരഭ്യം വാർന്നൊഴുകും;
ആത്മാവിനമൃതായ് ഭവിച്ചീടുമെന്നും,
ഹൃദ്യമാം പുഞ്ചിരി പകർന്നീടുകിൽ.

2. സൗരഭ്യപൂർണ്ണമാം ജീവിതങ്ങൾ,
സൗഗന്ധികക്കുളിർതെന്നലാകും;
ഹൃദയാന്തരാളത്തിന്നഗ്നി ശമിക്കാൻ,
സകലർക്കും ഔഷധം സ്നേഹധാര.

# 227

കർത്താവിലെപ്പോഴും സന്തോഷിപ്പിൻ,
വീണ്ടുമോർപ്പിക്കുന്നു സന്തോഷിപ്പിൻ;
സൗമ്യരായ് നിങ്ങൾ അറിയപ്പെടട്ടെ,
കർത്താവിൻ വരവേറ്റമടുത്തുപോയി.

1. അയ്യോ എത്ര മഹത്തര സ്നേഹം !
വാക്കുമാറാത്ത നൽസ്നേഹം;
താതന്റെ ചാരത്തു ക്ഷീണിതരായ് വരും
മക്കളെ മാറോടണക്കും സ്നേഹം !

2. വിളികേട്ടീടുവാൻ മനസ്സാകുമോ ?
ഇമ്പസ്വരം നീ കാതോർക്കുമോ ?
ആകുലഭാരം വലിച്ചെറിഞ്ഞിടാമോ ?
കർത്താവാം യേശുവിൻ കൂടെ വസിക്കാം.

3. കാരുണ്യവാനേ എൻ കർത്താവേ,
എനിക്കു നിൻസ്നേഹം മതി;
ആയിരം വൈരികൾ എതിരിട്ടാലും,
ആരെയും തെല്ലും ഭയം വേണ്ടിനി.

## 228

സ്നേഹമേ, കാൽവരി നാഥാ എൻ ദാനമേ,
കണ്ണീർക്കണങ്ങൾ, ഹൃദയത്തിന്നാഴത്തിൽ;
ചുടുചോര വീഴ്ത്തുമ്പോൾ അരികിലെത്തൂ.

1. ഇമ പൂട്ടാനാവാതെ രാവുകളെണ്ണി നീ,
നിദ്രാവിഹീനനായ് മാറിയാലും,
വ്യഥകൾ പലവിധ ശോധനയാലെ നീ,
വിലപിച്ചെന്നാലും നിന്റെ,
അരികിലെത്തും ദിവ്യസ്നേഹമല്ലേ ?

2. പഴിദുഷിനിന്ദയാൽ പലവുരു നിന്നെ നിൻ-
സ്നേഹിതർ പീഡിപ്പിച്ചീടുമ്പൊഴും;
കഥകൾ പറഞ്ഞുറക്കുന്ന പെറ്റമ്മയായ്,
അരികത്തു വന്നുണ്മയോട് നിന്നെ,
ശാന്തനായ് തലോടും സ്നേഹമല്ലേ.

## 229

ഹൃദയകവാടം തുറക്കുന്ന സ്നേഹം,
കാൽവരി ക്രൂശിലെ സ്നേഹം;
തമ്മിൽ തമ്മിൽ വൈരം വെടിയാൻ,
ബോധമുണർത്തും തിരുസ്നേഹം.

1. ശൈശവദശ മുതൽ ദൈവിക സ്നേഹം,
നിറയുവതുള്ളിൽ യേശുവിനാൽ;
അനുഭൂതികൾ നിൻ പ്രാണനിലേകും,
സ്നേഹിതനേശു നിരന്തരമായ്.

2. പകലിൻ ദൗത്യംപേറും നമുക്കു,
രക്ഷയിൻ ആശ ശിരസ്ത്രമതേ;
കവചമതായ് വിശ്വാസം സ്നേഹവും,
ഉൾക്കൊണ്ടെന്നും ജീവിക്കാം.

3. സർവ്വവും പൊറുക്കും, പ്രത്യാശയേകും,
നിഗളമില്ലാതെല്ലാം സഹിച്ചിടുകിൽ;
അന്നദാനത്തേയും ത്യാഗത്തെയുംകാൾ,
ശ്രേഷ്ഠമീ സ്നേഹം, ദിവ്യമന്ത്രം.

(സണ്ടേസ്കൂൾ ബാലവകുപ്പിന്റെ 2003 ലെ തീംസോംഗ്)

## 230

തള്ളിക്കളഞ്ഞില്ലുപേക്ഷിച്ചുമില്ലെന്നെ,
അരുമനാഥൻ നിത്യം നടത്തിടുന്നു;
പ്രാർത്ഥന കേൾക്കുന്നു കാരുണ്യം പകരുന്നു,
നിദ്രയിൽ നിന്നെന്നെ ഉണർത്തിടുന്നു.

ഹാ എത്ര ദിവ്യസ്നേഹം!
ഹാ എത്ര സൗഭാഗ്യമേ!

1. ജീവന്റെ അപ്പം ഭുജിക്കാം,
ശുദ്ധനിണം നാം കുടിക്കാം;
ചങ്കിലെ ചോര ചൊരിഞ്ഞെന്നെ നേടിയ,
ദിവ്യസ്നേഹത്തിന്നരികിലെത്താം.

2. വിൺമഹത്വം വെടിഞ്ഞീശൻ,
മണ്ണിതിൽ യാഗമായ് തീരാൻ;
നിത്യ ജീവൻ നമുക്കേകുവാനായി,
മർത്യനായ് ഭൂവിതിൽ അവതരിച്ചു.

(ആദ്യത്തെ ആറുവരി-അനന്യയുടെ കൈപ്പടയിൽ-പറഞ്ഞുകൊടുത്ത് എഴുതിച്ചത്)

## 231

ക്ഷീണം സഹിച്ചു മടുത്തു വലഞ്ഞപ്പോൾ,
ചാരത്തുവന്നൊരെൻ സ്നേഹദൂതൻ;
ആനന്ദസാഗര തീരത്തുകൂടെയെൻ-
കരംപിടിച്ചാനയിച്ചതതിശയമായ്.

1. ആത്മനിന്ദക്കിടം നൽകാതെ വേഗമെൻ,
മേലാകെ കോരിത്തരിപ്പേകുവാൻ;
കാരുണ്യപൂർവ്വം മിഴിതുറന്നാശ്ലേഷി-
ച്ചാമോദമേകി നീ മഹൽ സ്നേഹമായ്.

2. ദീനനാം എന്നെ കരേറ്റുവാനല്ലയോ-
ഹീനമാം ജന്മം വരിച്ചു പ്രീയാ ?
കാപട്യമില്ലാത്ത സൗഹൃദമേശുവിൽ,
ദർശിക്ക, വീണ്ടും നീ ജനിച്ചുകൊൾക.

### വാഗ്ദാനം

## 232

സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം
ലോകർക്കു ജീവനെ നൽകിടുന്നു;
സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം
ദൈവത്തിൻ അപ്പമല്ലോ.

1. ജീവന്റെ അപ്പമാം എന്നരികിൽ നീ
വന്നീടിൽ തെല്ലും വിശക്കയില്ല;
ദാഹിക്കയില്ലൊരു നാളുമേ സത്യം;
എന്നിൽ നീ വിശ്വസിക്ക, എന്നിൽ നീ വിശ്വസിക്ക.

2. സ്വർഗ്ഗസ്ഥനാകും പിതാവെനിക്കേകിടുന്ന-
തൊക്കെയും എന്റെ അരികിൽവരും;
അരികിൽ വരുന്നോരെ കൈവിടില്ലൊരു നാളും,
സത്യമായരുൾ ചെയ്യുന്നു, സത്യമായ് അരുൾ ചെയ്യുന്നു.

3. എന്നെ അയച്ച പിതാവിന്റെ ഇഷ്ടം
നിറവേറ്റുവാൻ ഞാനിറങ്ങിവന്നു;
എന്നെ ഏല്പിച്ചതിൽ ഒന്നും കളഞ്ഞിടാ;
അന്ത്യനാളിൽ ജീവനേകും, അന്ത്യനാളിൽ
ജീവനേകും.

## 233

1. സർവ്വശക്തൻ നിനക്കേകും ശിക്ഷകളൊന്നും
നിരസിച്ചിടല്ലേ, മുറിവേല്പിച്ചാലും;
ഭയപ്പെടേണ്ടവൻ തന്നെ മുറിവ് കെട്ടുന്നു,
തൃക്കൈകൾ ചതച്ചതു പൊറുപ്പിക്കുന്നു.

2. നാശം വരുമ്പോൾ നീ ഭയപ്പെടില്ല,
കാട്ടുമൃഗങ്ങളെയും പേടിക്കില്ല;
നിന്റെ സന്താനം അസംഖ്യമെന്നാലും
പാർപ്പിടം നിശ്ചയം, നിർഭയം തന്നേ.

3. ക്ഷാമകാലത്തോ നാശത്തിൽനിന്നും
യുദ്ധമദ്ധ്യേ വാളിൻവെട്ടിൽ നിന്നും
വിടുവിക്കുമേ ആറു കഷ്ടത്തിൽ നിന്നും
ഏഴാമത്തേതിലും തിന്മയാവില്ല.
(ഇയ്യോബ് 5)

## 234

കണ്ണീർ തൂകുമ്പോൾ മിഴികൾ തുടയ്ക്കുമ്പോൾ
കർത്താവിൻ കാരുണ്യമൊഴുകും,
താതൻ വഹിക്കും നിൻപങ്കപ്പാടെല്ലാം
പാപമോചനമേകും ശാന്തിയുമേ.

1. പ്രാകൃത മനുഷ്യൻ നിന്നുള്ളിൽ ഇന്നും
ക്രീയ ചെയ്കിൽ നീ കലങ്ങിടേണ്ട,
പ്രാഗത്ഭ്യത്തോടെൻ കാന്തൻ നിന്നുള്ളിലെ
മാലിന്യമാകെയും തുടച്ചു നീക്കും.

2. നീതി തേടുകയോ നീ യാനം ചെയ്യുമ്പോൾ,
കൂട്ടിനെത്തീടും ന്യായസ്ഥനായ്,
കൈവിടാതെന്നും ഉറ്റസ്നേഹിതനായ്,
അക്കരെ നാട്ടിൽ കൊണ്ടെത്തിച്ചീടും.

3. സ്വർഗ്ഗപിതാവിനാൽ ആകൃഷ്ടനായ് നീ
താതൻ കരങ്ങളിൽ അർപ്പിക്കുകിൽ,
അന്ത്യനാളിൽ നിന്നെ ഉയിർപ്പിക്കുമേശു
മേഘത്തേരിൽ നീയുമെടുക്കപ്പെടും.

## 235

മനസ്സുതകർന്നവരേ,
സന്മനസുള്ളവരേ,
സ്നേഹ പ്രഭ ചൊരിയുന്നോരേ,
ദിവ്യസമാധാനം.

1. പ്രവചനമാകെ പ്രപഞ്ചനാഥൻ
നിവർത്തിയാക്കുമ്പോൾ,
സർവ്വചരാചര സ്രഷ്ടാവായോൻ
മഹിമയിന്നുടയോനാകും.

2. ശരണം തേടി പടികൾ കേറി,
പാപ വിമുക്തിക്കായ്;
യാത്രികരായ് ജനമൊഴുകുന്നേ,
പ്രജാപതീപ്രഭ ചൊരിയെണമേ.

3. രക്ഷകനായൊരു നാമം വേറി-
ല്ലേശുവതല്ലാതേ,
വിനയാന്വിതരായ് ക്രൂശിൻ പാദേ,
അർപ്പിച്ചീടുക ഹൃദയങ്ങൾ.

## 236

മകനേ എൻ മകളേ നിൻ മനസ്സിന്റെ ഉള്ളിലെ,
ചിന്തകളൊക്കേയും അറിയുന്നു ഞാൻ;
മനസ്സിൽ വ്യാപരിക്കുന്നതാം അനുഭൂതി,
അണുകിടമാറാതെ ഞാനറിയും.

1. നിന്നുള്ളിൽ ഒളിവിതറും ചിന്മയനാമെന്നിൽ,
നിത്യം വസിക്കുകിൽ ഭാഗ്യമുള്ളോൻ;
ദൈവത്തോടൊപ്പം പ്രണയത്തിലാവുകിൽ,
നിറവേറും നിന്നുടെ അഭിലാഷങ്ങൾ.

2. പൂർണ്ണഹൃദയത്തോടെന്നെനീ തേടുകിൽ,
മടങ്ങിവന്നീടുക, ധൈര്യപ്പെടു;
സന്തത സഹചാരിയായി നിത്യം നിന്നെ,
നീതിയിൻ പാതയിൽ ഞാൻ നടത്തും.

3. താഴ്മയും ദാരിദ്ര്യ ദുഃഖവുമുള്ളോർ,
ശരണം പ്രാപിക്കുമെന്നിഛപോലെ;
ജാതികൾ മദ്ധ്യേ കീർത്തിയുള്ളോനായ്,
പ്രശംസയുള്ളോനുമായ് മാറിടും നീ.

## 237

മണ്ണോടുമണ്ണായ് നീ മാറും,
എന്നായാലും നീ മാറ്റപ്പെടും;
ഓർത്തുകൊള്ളേണമീ സത്യം,
അന്ത്യമല്ലാത്മാവിൻ അനന്തവാസം.

1. തങ്കക്കിരീടമൊരുക്കിടും പ്രീയൻ,
സൗഭാഗ്യവാസസ്ഥലം നിനക്കായ്;
താതന്റെ ചാരത്തു സാമോദമായ്,
നിത്യം നീ വാഴുവാൻ ഒരുങ്ങീടുക.

2. കണ്ണീരൊഴുക്കും വിതുമ്പി നിൽക്കും,
ഉറ്റോരെല്ലാം നിന്നുവിലപിച്ചിടും;
ആശങ്കവേണ്ടെന്റെ കുഞ്ഞേനിന-
ക്കേറ്റം പ്രിയങ്കരൻ ഞാനല്ലയോ ?

3. ഉള്ളിന്റെ നീറ്റലകന്നുപോകും,
കർത്താവിൽ ചേരുന്ന നൽദിനത്തിൽ;
ലോകത്തിലുള്ളോർ കരഞ്ഞിടുമ്പോൾ,
ആശ്വാസമോടെ നീ കടന്നുപോകും.

# 238

എന്നെ മനുഷ്യർക്കു മുന്നിലായ് നിങ്ങൾ,
ഏറ്റുപറഞ്ഞീടുകിൽ;
സ്വർഗ്ഗസ്ഥനാം മമതാതന്റെ മുന്നിൽ,
നിങ്ങളേയും ഞാനേറ്റു ചൊല്ലും.

1. സ്തുതികൾക്കു യോഗ്യനാം ദൈവത്തെ യെന്നും,
പാടിസ്തുതിച്ചീടുവിൻ;
വാദ്യസംഗീത താളത്തിനൊപ്പം,
ആർത്തുപാടി സ്തുതിച്ചീടുവിൻ.

2. സുവിശേഷഘോഷണ ദൗത്യം മനസ്സിൽ,
കാത്തു സൂക്ഷിച്ചീടുവിൻ;
അഗതികൾക്കാലംബമായിടുവാനായ്,
മനസ്സുകാട്ടീടേണം എപ്പൊഴും നീ.

# 239

നിന്റെ ഭാരങ്ങളഖിലവും സമർപ്പിക്കുക,
നിന്നെ നിർമ്മിച്ചയാഹിൽ നിരന്തരമായ്;
ഭാരം പ്രയാസങ്ങളേറിടും വേളയിൽ,
പുലർത്തിടും, അവൻ നിന്നെ ഐശ്വര്യമായ്.

1. നിന്നെ കരുതുന്നവൻ നിന്റെ ഭയമകറ്റും,
പാറമേൽ ശക്തനായ് നിറുത്തിടുമേ;
വേദനയാലുള്ളം തകർന്നിടുമ്പോൾ,
ആത്മാവിൻ ശക്തിയാൽ നടത്തപ്പെടും.

2. നിന്റെ പ്രശ്നങ്ങളാൽ നീ ആകുലനോ?
നിന്നെ സർവ്വരും ത്യജിച്ചെന്നു നിനച്ചി ടുന്നോ ?
ആരെല്ലാം ത്യജിച്ചാലും ഖേദത്താൽ വല ഞ്ഞാലും,
കൈവിടില്ലൊരുനാളും കർത്തൻ നിന്നെ.

3. നീട്ടും പിന്മാറാതെ ക്രിസ്തേശുവിൽ,
അർപ്പിക്ക; ആത്മാവിലാർത്തു ഘോഷിക്ക;
സത്യംവിടാതെന്നും പ്രത്യാശയോടവനായ്,
സമ്പൂർണ്ണമായ് നിത്യം സേവനം ചെയ്ക.

# 240

ലോകരെല്ലാം നിന്നെ വെറുത്തെന്നാലേ,
ദൈവത്തിൽ പൂർണ്ണമായാശ്രയിക്കൂ;
വൻവിനപോലുള്ള ദുഃഖം വരിച്ചാലേ,
നിൻമനം ശുഭ്രമായ് വെളിപ്പെടുള്ളൂ.

1. കരയേണ്ട കലങ്ങേണ്ട, പരിതപിക്കേണ്ട,
കുറ്റങ്ങൾ ക്ഷമിക്കുവാനേശു ഇല്ലേ?
അനുതാപ ഹൃദയം കാണുന്നനേരം,
ആശ്വാസമേകാൻ അരികിലെത്തും.

2. സ്വന്തസഹോദരർ വെറുത്തിടുന്നേരവും,
സന്തുഷ്ടനാകൂ നിൻയേശു സ്വന്തം;
കൂട്ടുകാരെല്ലാം ഒന്നായ് വെറുത്തോട്ടെ,
സ്നേഹവാനാമേശു കൂട്ടിനില്ലേ ?

# 241

നിന്ദിതനായ് ഞാൻ അലഞ്ഞിടുമ്പോൾ,
ജീവന്റെ ഉറവയെക്കണ്ടുമുട്ടി;
നാശത്തിൽ നിന്നെന്നെ വീണ്ടെടുക്കാൻ,
യാഗമായ് മൽപ്രീയൻ കാൽവരിയിൽ.

1. നിൻദയ വർണ്ണിക്കുവാൻ,
നാവുകൾ പോരെൻ പ്രീയാ;
നിൻദാനം അനുഭവിക്കാൻ,
ഉള്ളം തുറന്നീടുന്നേ.

2. വീഴ്ചകൾ കണ്ടെന്നാലും
വിശ്വസ്തതയ്ക്കൊട്ടുമേ,
മാറാത്തവൻ യേശുനാഥൻ
പിന്തുടരുന്നുവല്ലോ.

3. വാഗ്ദത്തമെന്മേൽ നൽകി-
വീഴാതെ കാത്തീടുന്നോൻ,
ജീവിതാന്ത്യത്തോളമെന്നെ,
വിശുദ്ധീകരിച്ചീടും.

# 242

അപ്പനോടു ഞാൻ അപ്പം ചോദിച്ചാൽ,
കല്ലുതരില്ലെന്നുമാത്രമോ?
മീനുചോദിച്ചാൽ, പാമ്പുതരില്ല,
മുട്ടചോദിച്ചാലോ ? തേളും തരില്ല.

1. യാചിക്കുന്ന ഏവനും ലഭിച്ചിടുന്നപോൽ,
അന്വേഷിച്ചിടുന്നവൻ കണ്ടെത്തീടുന്നു;
യേശുനാഥനരുളിച്ചെയ്തിടുന്നു സത്യമായ്,
തുറന്നു കിട്ടുമേ, നീ മുട്ടിവിളിച്ചാൽ.

2. അപ്പനെന്നെ അപ്രകാരം നല്ലദാനത്താൽ,
പോഷിപ്പിച്ചിടുന്നപോലെൻ സ്വർഗ്ഗ പിതാവും;
യാചിക്കുകിൽ നൽകിടും എത്ര അധികമായ്,
പരിശുദ്ധാത്മാവൻപായ് വാഗ്ദത്തം വേഗം.

# 243

നീ പ്രാർത്ഥിക്കുമ്പോൾ ഞാൻ കാതോർ
ത്തിടും,
നീ ചിന്തിക്കുമ്പോൾ ഞാൻ ഉൾക്കൊണ്ടീടും;
നീ ആത്മാർത്ഥമായെന്നെ ഭയപ്പെടുമ്പോൾ,
നീതിപൂർവ്വം നിന്നെ വഴിനടത്തും.

ഹലേലൂയ്യാ......... (4)

1. നീയെന്നെ സ്നേഹിച്ചതല്ല, നിന്റെ,
നീതിയുമല്ലെന്നെ നിന്നിലേയ്ക്കായ്,
സ്നേഹപൂർവ്വം വന്നണഞ്ഞിടുവാൻ,
കാരണമായതെൻ പ്രീയപുത്രനേ.

2. വാത്സല്യപുത്രനാമെന്റെ കുഞ്ഞേ,
അനുസരിക്കാനായ് സമ്പൂർണ്ണമായ്,
അർപ്പണം ചെയ്കയാൽ നിശ്ചയം തന്നെ,
വാലല്ല, നിന്നെ ഞാൻ തലയാക്കിടും.

3. ദാരിദ്ര്യദുഃഖം വരില്ലിനിമേലിൽ,
കൂട്ടാളിയായെന്റെ സൂനുവില്ലയോ ?
തെല്ലും ഭയം വേണ്ട നിന്റെ ചുറ്റിലും,
ദൂതഗണത്തെ ഞാൻ കാവലാക്കിടും.

# 244

യേശു ചോദിക്കുന്നു, സ്നേഹിക്കുന്നുവോ നീ ?
സ്നേഹിക്കുന്നോനെന്റെ കല്പനകാക്കും,
ആകയാൽ ചോദിക്കൂ താതനോടാത്മാവെ,
ദാനമായ് നിങ്ങൾക്കു നൽകയില്ലയോ ?

1. ലൗകികർക്കൊട്ടുമേ കാണുവാനും,
പ്രാപിച്ചിടാനും അറികയില്ല;
നിങ്ങളെൻ മക്കളായ് ആത്മാവിനോടുള്ള,
വാസത്താൽ അറിയുന്നു, കാര്യസ്ഥനെ.

2. നാഥനില്ലാത്തോരായ് തൃജിക്കയില്ല,
വന്നീടുമരികിൽ ഞാൻ സ്നേഹമോടെ;
ലോകർക്കോ കാണുവാനാവില്ല ഭാവിയെ,
നിങ്ങളോ എന്നിൽ വസിക്കുമെന്നും.

ഞാനെൻ പിതാവിലും നിങ്ങളെന്നിലും,
ഞാനെന്റെ മക്കളാം നിങ്ങളിലുമായ്;
വാസം ചെയ്യുന്നതാം സത്യം നിശ്ചയം;
അറിഞ്ഞിടുമന്ന്, ഞാൻ ജീവിക്കയാൽ.

# 245

യഹോവ ന്യായത്തിൻ ദൈവം, അവനായ്-
കാത്തിരിക്കുന്നവർ ഭാഗ്യവാന്മാർ;
കഷ്ടത്തിന്നപ്പവും ഞെരുക്കത്തിൻ വെള്ള
വും,
തന്നെന്നാലും ദൈവം നീതിസൂര്യൻ.

1. വിത്തിനു മഴയും, വിളവാകും അപ്പവും,
നൽകീടുമേ അവൻ നിനക്കായെന്നും ;
പുഷ്ടിയോടേറ്റം സമൃദ്ധമായ് നിന്റെ,
കാലികൾ വിസ്തൃതമായി മേയും.

2. സംഹാരനാളതിൽ ഗോപുരങ്ങൾ താഴെ-
വീഴുന്നനേരം, മലകളിന്മേൽ;
തോടുകളുണ്ടാകും, ഉയരങ്ങളിൽ,
കുന്നുകളിൽപോലും നീരൊഴുകും.

3. യഹോവ നിന്റെ മുറിവു കെട്ടുമ്പോഴും,
അടിപ്പിണർ പൊറുപ്പിക്കുമ്പോഴുമോർക്ക;
സൂര്യനെപ്പോലെ പ്രകാശിക്കും ചന്ദ്രൻ,
സൂര്യൻ പ്രകാശിക്കുമേഴിരട്ടി.

# 246

ദേവുനിനാമമുനു, ഭയപ്പെടിജീവിംചൂടി,
ആരാധനാതോ..... ജീവിം ചുമൂ;
കൃതജ്ഞത തോനു ഭയമുതോഭക്തിതോ,
യഥാർത്ഥമുഗാദിനം ആരാധിംചുടി

1. ധർമ്മാമുഗാനുണ്ണാ മ.... ഞ്ചിമാർഗ്ഗമുലു,
വിടുവകരോജു രോജൂ കാപ്പാടുദം;
സത്യമുവിടുവക നീതിനിവെമ്പടിഞ്ചി,
അന്ത്യമുതാക്കമീരു നിലിച്ചിയുണ്ടു ടി.

2. കലുവരികൊണ്ട പൈന, ബലിഗമരണിഞ്ചിന,
പ്രേമാസ്വരൂപിയെന ദേവുനിദിനം ദിനം
സന്തോഷമിച്ചീനീവു ജീ..... വിംചിനചോ,
പ്രേമാമയുഡേസു..... നടിപിംചുനു.

('ദൈവത്തിൻ നാമത്തെ ഭയപ്പെട്ടു ജീവി
പ്പിൻ' എന്ന ഗാനത്തിന്റെ തെലുങ്കു പരിഭാഷ)

# 247

കരയുന്ന കാക്കകൾക്കാഹാരമേകും,
കാരുണ്യവാൻ ഞാനല്ലയോ ? -(2)
ദിനവുമെൻ ചാരേ, അഭയം പ്രാപിക്കിൽ,
ആശ്വാസമേകാൻ ഞാനില്ലയോ ?
- (കരയുന്ന)

1. രോഗങ്ങൾക്കെല്ലാം, വൈദ്യനാമെന്നിൽ,
മറുമരുന്നുണ്ടെന്നറിക നീ മനമേ........... -(2)
ശാപങ്ങൾ പോലും, മോചിക്കാനല്ലേ ? -(2)
മാനുഷ വേഷം ഞാൻ ധരിച്ചുവന്നു.
(കരയുന്ന)

2. ആരും സഹായമില്ലെന്നാലുമെന്നിലെ,
വാത്സല്യമല്ലയോ ജീവനേകി ? -(2)
എക്കാലവും നിന്നെ പോറ്റിപ്പുലർത്താൻ - (2)
ശക്തനാം ഞാൻ നിന്റെ ദൈവമല്ലേ ?
(കരയുന്ന)

3. അവിശ്വാസബന്ധനം അഴിയട്ടേ നിങ്ങളിൽ
അവിവേകമാർഗ്ഗം വെടിയാൻ തുണയക്കാം,
നീതിബോധം നിങ്ങൾക്കാത്മബലം നൽകും
നിത്യതയോളം ഞാൻ ആനയിക്കും.
(കരയുന്ന)

**തമിഴ്**

കരയിന്റ കാകങ്കളുക്കു ആഹാരം കൊടുക്കിന്റ-
കരുണൈയുടയവൻ നാനല്ലവാ, - (2)
തിനമും എന്നരുകിൽ അടൈക്കലം പെറ്റാൽ
ആറുതലളിക്ക, നാനില്ലയോ. (കരയിന്റ)

1. നോയ്കളുക്കെല്ലാം വൈത്തിയനാമെന്നിൽ-
മരുന്തുണ്ട് എന്റ്റ് അറിനീമനമേ, - (2)
സാപങ്കൾ കൂട പോക്കയല്ലവാ, - (2)
മനിതവേടം നാൻ എടുത്തുവന്തേൻ.
(കരയിന്റ)

2. യാരിലും സഹായമില്ലൈയെനിലും എൻ-
അൻപല്ലവാ ജീവനൈതന്തത് ? - (2)
എക്കാലവും ഉന്നൈ പോറ്റിനടത്ത - (2)
വല്ലമയാന നാൻ ഉൻ തേവനല്ലവാ.
(കരയിന്റ)

3. അവിസ്വാസ കട്ടുകൾ ഒഴിയട്ടും ഉങ്കളിൽ,
പുത്തികെട്ടപാതൈകൾ വിട്ടിടതുണൈ
സെയ്വേൻ, - (2)
നീതിഉണർവ്വുങ്കളുക്കു ആവിക്കുരിയ
ബലൻതരും - (2)
നിത്യവാഴ്‌വുവരൈയിലും നാൻ വഴിനട
ത്തുവേൻ.

## 248

ഞാൻ തന്നേ വഴിയും സത്യവും ജീവനും,
എന്നെക്കൂടാതാർക്കും കഴിയില്ലൊന്നും; -(2)
സ്വർഗ്ഗസ്ഥനാമെൻ പിതാവിൻ അരികിൽ-
എത്തുന്നില്ലാരും എന്നെക്കൂടാതെ. - (2)
(ഞാൻ തന്നേ)

1. ഞാനെൻ പിതാവിലും അവനെന്നിലും
നിത്യം -
വസിക്കുന്ന സത്യം അറിയുന്നില്ലേ ? - (2)
സ്വയമായിട്ടല്ല, പിതാവെന്നിൽ വസിച്ചു തൻ-
പ്രവൃത്തികളൊക്കെയും ചെയ്തിടുന്നു.
- (2) (ഞാൻ തന്നേ)

2. ആമേൻ ആമേൻ ഞാൻ ചെയ്തിടും കാര്യങ്ങൾ
വിശ്വസിപ്പോർക്കെല്ലാം സാദ്ധ്യമല്ലോ ?
- (2)
ഞാനെൻ പിതാവിൻ സവിധേ കരേറുന്നു,
അതിനാൽ വലിയതും ചെയ്യും നിങ്ങൾ
- (2) (ഞാൻ തന്നേ)

3. നിങ്ങളെൻ നാമത്തിൽ ചോദിക്കും നന്മകൾ
താതൻ സുതൻ തന്നിൽ മഹത്വപ്പെടാൻ,- (2)
ചെയ്തു തന്നീടുമെന്നോതിയോനോടു നാം
യാചിക്കയേ വേണ്ടു, നൽകുമെല്ലാം.
- (2) (ഞാൻ തന്നേ)

## 249

മകനേ മകളേ നിൻ ജീവിതം,
വേദനിക്കുന്നതു കാണുന്നു ഞാൻ;
വിലയേറിടും നിൻ നാൾകളെല്ലാം,
പാഴിലാക്കീടാതെൻ അരികിൽ നീ വാ.

1. ഏകാകിയാം നിന്നെ പരിഹസിക്കും,
സ്നേഹിതരെല്ലാം മൗനരാകും;
തകരുന്ന ഹൃദയം വിലപിക്കുമ്പോൾ,
ചാരത്തണഞ്ഞാൽ ഞാനാശ്വാസമേ.

2. സ്വന്തസഹോദരർ ത്യജിച്ചിടുമ്പോൾ,
ബന്ധുജനം നിന്നെ വെറുത്തിടുമ്പോൾ;
ആത്മമണാളനാം തുണയാണു ഞാൻ,
ആത്മബലം തരാൻ മതിയായവൻ.

## 250

അന്യോന്യം സ്നേഹിപ്പിൻ നിങ്ങൾ,
പുതിയോരു കല്പന ഞാൻ തരുന്നു;
നിങ്ങളെ ഞാൻ, സ്നേഹിച്ചപോലെ,
അന്യോന്യം നിങ്ങളും സ്നേഹിക്കേണം.

1. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെന്നാൽ,
നിശ്ചയമായ് നിങ്ങളെന്റെ ശിഷ്യർ;
നിങ്ങളെ അറിയുന്നോരെല്ലാരുമപ്പോൾ,
യേശുവിൻ ശിഷ്യരായ് കണക്കുകൂട്ടും.

2. ദൈവത്തിൽ നന്നേ വിശ്വസിപ്പിൻ,
എന്നിലും പൂർണ്ണമായ് വിശ്വസിപ്പിൻ;
എന്റെ പിതാവിന്റെ ഭവനത്തിൽ നിങ്ങൾക്കായ്,
സ്ഥലമൊരുക്കാൻ ഞാൻ പുറപ്പെടുന്നു.

3. ഞാൻ പോയി നിങ്ങൾക്കു സ്ഥലമൊരുക്കും,
എന്നോടൊപ്പം നിങ്ങൾക്കിരിക്കയുമാം;
നിങ്ങളുമെൻ ചാരേ ഇരിപ്പതിനായ് വീണ്ടും-
ചേർത്തുകൊള്ളാനായ് ഞാൻ എഴുന്നള്ളിടും.

## ആഹ്വാനം

## 251

ആത്മാക്കൾ നേടുവാൻ യാത്രയാകാം,
അന്ത്യകാലം മുന്നിൽ കണ്ടുകൊണ്ട്;
ആത്മപ്രശംസയ്ക്കു നേരം പോക്കാതെ,
ആ നല്ല രാജ്യത്തിൽ എത്തിടാം നാം.

1. സർവ്വാത്മനാ നിങ്ങൾ ശീലിക്കുവിൻ,
സർവ്വവും സതതം സഹിക്കുവാനായ്;
ശത്രുക്കൾ ശാഠ്യം വെടിഞ്ഞിട്ടു വേഗം,
പിന്തുടർന്നീടട്ടെ സ്നേഹവാനെ.

2. വാളെടുക്കുന്നവൻ വാളാൽ നശിക്കുമെ-
ന്നരുളിയ വചസ്സിനാൽ ബോധപൂർവ്വം,
അനുഗമിക്കാം ദിവ്യനാഥനെത്തേടി,
ശാന്തിയിൻ തീരത്തിലൂടെയെന്നും.

3. ജഗദീശനാൽ മാത്രം സാധ്യമെന്നറിക,
അറിവിന്റെ ഉറവയെ തുറന്നു നൽകൽ;
നിത്യപ്രകാശത്താൽ ജ്ഞാനത്തിന്നാത്മാവു-
വഴിനടത്തും നമ്മെയന്ത്യം വരെ.

## 252

സുവാർത്താ വാഹികളേ,
തിരുരാജ്യമിതാ, ആഗതമായ്;
സർവ്വജനത്തെയുമതിവേഗത്തിൽ,
യേശുവിനായ് നാം നേടീടാം.

1. കാടും മേടും കൊടുമുടിയും,
ഭാരതമാകെയും യേശുവിനായ്,
ആർത്തുപാടും നല്ലൊരുനാളിൽ
മുൻനിരയിൽ നാം കാണേണം.

2. ഗ്രാമംതോറും, വചനം വിതറാൻ;
ജാഗ്രതയായ് നാം നടകൊള്ളാം;
സുവിശേഷത്തിൻ വിത്തുമുളച്ചെൻ-
ഭാരതമാകെ തളിരണിയും.

3. സമത്വസുന്ദര സാഹോദര്യം;
പുലർന്നിടുന്നൊരു സന്ദേശം;
യേശുനാഥൻ അരുളിയ വചസ്സാൽ,
തിളങ്ങിടുന്നതു കാണും നാം.

## 253

സ്വർഗ്ഗത്തിലാനന്ദഘോഷമുണ്ടേ,
സ്വർഗ്ഗീയ രാവുകിൽ പാട്ടുപാടാം;
നശ്വരമാകുമീ അന്ധകാരക്കാട്ടിൽ
ദീപങ്ങളാകാം ദീപം തെളിക്കാം.

1. തേജസിൻ വാടാക്കിരീടങ്ങൾ ചൂടാൻ
യോദ്ധാക്കളായ് സത്യമാർഗ്ഗേ നടക്കാം;
ശക്തിയാർജ്ജിക്കുക നമ്മളൊന്നായി;
ഭാരതം സ്നേഹത്താൽ വീണ്ടെടുക്കാൻ.

2. ശാന്തിയൊരിക്കലും സ്വന്തമായേകാൻ,
ആവില്ല നമ്മൾക്കതേശുവിൻ സ്വന്തം;
സമ്പൂർണ്ണ സംരക്ഷ യേശുതന്നേ, നിന്റെ-
തകരുന്ന ജീവിതം പണിയേണ്ടയോ?

3. സജ്ജനമേ നമുക്കൊന്നിച്ചു നീങ്ങാം,
രക്ഷകനേശുവിൽ അഭയം തേടാം;
നമുക്കടിയറവയ്ക്കാം, സമർപ്പണത്താൽ
ഹൃദയകവാടം തുറന്നു നൽകാം.

## 254

1. കണ്ണീരു തീരും വേദനമാറും
യേശുവിന്നരികിൽ നീവാ;
ലോകത്തിന്നിമ്പം നശ്വരമേ,
ശാപത്തിൽ വീഴാതെ വാ.

2. എണ്ണമറ്റോരാം യുവാക്കൾ നിത്യം,
യാത്രചെയ്യും തോണിതകർന്നിടുന്നേ
സത്യം ത്യജിച്ചാത്മ സായൂജ്യം പൂകാൻ
വഴിവിട്ട ജീവിതം സാദ്ധ്യമെന്നോ?

3. ധാർമ്മികമൂല്യം വികലമാക്കീടുവോർ
തകരുന്ന ജീവിതം കാണ്മതില്ല;
അന്ധരായിരുളിൽ തപ്പിനടന്നവർ,
നിത്യനാശത്തിൽ പതിച്ചിടുന്നു.

4. ഇന്നു നിന്നാത്മാവു ദേഹിവിട്ടെന്നാൽ
തേങ്ങിക്കരഞ്ഞിട്ടു കാര്യമുണ്ടോ?
രക്ഷാദിനം നിനക്കേശു നൽകീടുന്നു,
ഇന്നു നീ ഹൃദയം സമർപ്പിക്കുമോ?

## 255

മായയാമീ ലോകജീവിതം, നശ്വരം,
മാലിന്യത്തിൽ നീയും വീണുപോകല്ലേ;
കർത്തനാകുമേശു നീട്ടിടുന്നിതാ;
നിന്നെയും വീണ്ടുകൊള്ളുവാൻ വൻകരം.

1. ഉത്തുംഗ സോപാനമേറിയോനെന്നു നീ
മിഥ്യാഭിമാനിയായ് ജീവിക്കയോ?
ജ്ഞാനിയാണെന്നു നിന്നുള്ളം പറഞ്ഞിടാം,
ജ്ഞാനത്തിന്നാരംഭം ദൈവഭക്തി.

2. അകലങ്ങളിൽ നിന്നു സ്നേഹിതനേശു നിൻ
ചാരേയണഞ്ഞിതാ ക്ഷണിച്ചിടുന്നു;
വാതിൽ തുറന്നിടൂ, ഹൃദയം സമർപ്പിക്കു,
ഉള്ളിൽ കടന്നവൻ വസിച്ചിടട്ടേ.

3. പാപത്തിന്നിമ്പം വേണ്ടെന്റെ കുഞ്ഞേ,
ശാപത്തിൽ നീയും താണുപോവില്ലേ?
നിത്യത കൈവരിക്കേണമോ? നിന്നെ-
സമ്പൂർണ്ണമായിന്നു സമർപ്പിച്ചിടൂ.

# 256

സ്നേഹിതരെല്ലാരും കൈവെടിഞ്ഞീടും
ലോകത്തിന്നിമ്പം നിലയ്ക്കും;
കൈവിടില്ലൊരുനാളും സ്നേഹിതൻ
ഈശോ;
നിന്നേ വിളിക്കുന്നിതാ.

കടന്നു വന്നിടൂ ദൈവമക്കളേ
യേശു നിന്റെ സവിധെയില്ലയോ ?
മകനേ നീവാ, മകളേ നീയും;
ഇന്നു നിന്റെ രക്ഷയിൻദിനം.

1. ലോകത്തിനിമ്പം വേണ്ട കുഞ്ഞേ,
നിഷ്പ്രഭനായ് നീ നശിച്ചു പോകും;
സ്വർഗ്ഗീയ സൗഭാഗ്യം കൈവരിച്ചീടൂ,
നിത്യത, അക്ഷയം, അനശ്വരമേ.

2. ഉറ്റോർ ബന്ധുക്കൾ മിത്രങ്ങളും,
അകന്നകന്നകലെയായ് പോകും,
ഹൃദയത്തിൻ തേങ്ങലിൻ ദീന ശബ്ദം
കാതോർത്തു കേട്ടിട്ടും അരുമനാഥൻ.

3. വിദ്യാധനം നീ കൈവരിക്കേണം,
വിമലരായല്ലോ യാത്രവേണം;
വിശ്വാസ പടകതിൽ യാത്രചെയ്യുമ്പോൾ
വിശ്വം ജയിക്കും നീ ധന്യനാകും.

# 257

കാലിനു ദീപം വചനം
പാതയ്ക്കു പ്രകാശമേ;
ദൈവവചനം നമ്മിൽ നിറഞ്ഞാൽ
യേശുവിൽ നാമും വളരും.

1. വളരാം യേശുവിൽ വളരാം,
തലയോളം നാം വളരാം;
അധിപതിയാമവനാജ്ഞകൾ ശിരസ്സാ-
വഹിച്ചു പിമ്പേ നടകൊള്ളാം.

2. സഭയുടെ തലയെ നമിക്കാം,
മാനിച്ചെന്നും വളരാം;
സോദരരേ പ്രിയനേശുവെ സതതം-
വാഴ്ത്തിപ്പാടാം സാക്ഷികളായ്.

# 258

രക്ഷണ്യ സന്തോഷത്താൽ സായൂജ്യമുണ്ടാകും;
നീതിമാന്മാരുടെ സങ്കേതത്തിൽ, ആനന്ദ
ഘോഷമുണ്ട്;
ക്രിസ്തീയ സംയുക്ത പോരാട്ടത്താൽ
സാത്താന്യ ശക്തി തകർന്നു പോകും.

1. തലമുറയ്ക്കായ് ദിവ്യസ്നേഹ മന്ത്രം,
തിരുസവിധത്തിൽ നിന്നാർജ്ജിച്ചിടാം,
ആശ്വാസമേകുന്ന ധ്യാനമന്ത്രം,
ഉരുവിട്ടു പ്രാപിക്കാം ആത്മധൈര്യം.

2. പോരാട്ടമുള്ളോരീ ഭൂവിലെന്നും,
പാപത്തിനെതിരായ് മുന്നേറിടാം,
ജഡരക്തങ്ങൾക്കാത്മ ദാഹമേകാൻ,
പടയാളിയായ് നിത്യം പ്രാർത്ഥിച്ചിടാം.

# 259

സജ്ജനമാവുക നമ്മൾ
പൂജിതരാവുക നമ്മൾ,
ഭാരതദേശം സജ്ജന ദേശം
എന്നെന്നും നാം ഒന്നല്ലോ.

1. സജ്ജനസമിതി ജയിക്കട്ടെ
ഭാരതമാകെ പടരട്ടേ,
സാഹോദര്യച്ചങ്ങലയാൽ നാം
ഭാരതമാകേ നേടേണം.

2. ഭാരതസജ്ജന സമിതി
പനതപുരത്തിൻ മുളയല്ലോ,
വളർന്നു പടരും പരിമളമുതിരും
സായുജ്യം നാം നേടീടും

3. ജാതിമതദ്വേഷങ്ങൾ ഇവിടെ
മനുഷ്യനിർമ്മിത ശാപം,
സ്വാർത്ഥത വളർന്നു വിഷവിത്തായി
മനുഷ്യമനസ്സിൽ വിതയ്ക്കുന്നു.

## 260

ഒലിവു മലയിൽ രാജരാജൻ
എഴുന്നള്ളീടുമ്പോൾ;
യരുശലേമിൽ ശേഷിപ്പോരേ,
സ്തുതികൾ പാടുകനാം.

ഒരുങ്ങിടാം നമുക്കൊരുങ്ങിടാം
ദൈവജനമായ് മാറിടാം.

1. യെരുശലേമിൽ യഹൂദ്യയിൽ
ശമര്യയിലും നാം പോകണം;
ഭൂമിയിൽ നാം അറ്റംവരെയും
സാക്ഷിഗണമായ് തീരണം.

2. പെരുത്തമീൻ കൂട്ടം നിറയ്ക്കാൻ
വല ഇറക്കുക ഒരുമയായ്;
താതൻ യേശുവിൻ ആജ്ഞശിരസ്സാ
വഹിക്കുകിൽ നാം വിജയിക്കും.

## 261

ക്ഷീണിക്കാനല്ല, തളർന്നിടാനല്ല,
ക്രിസ്തേശുവിൽ നമ്മൾ ജീവിക്കുമ്പോൾ;
അന്നന്നത്തേയ്ക്കുള്ളാഹാരമെല്ലാം,
സർവ്വേശ്വരൻ നമുക്കേകുന്നില്ലേ?

1. ദുഃഖങ്ങളെല്ലാം നിസാരമായെണ്ണാൻ
ആത്മാവിലാനന്ദം നേടാം;
ആനന്ദ നൃത്തം ചവിട്ടാനൊരുങ്ങാം,
ഹല്ലേലൂയ്യാഗീതം പാടാം.

2. പരിഹാസപാത്രമായ് തീർന്നുവോ നിന്റെ,
ഹൃദയം തകർന്നുവോ മകനേ.
ആലംബമരുളും കൈവിടാ നിന്നെ,
ക്രിസ്തുവോടൊപ്പം യാത്ര ചെയ്യൂ.

3. കത്തിജ്വലിക്കാം യോദ്ധാക്കളാകാം,
കർത്താവിനാലയം പണിയാം;
ആലം ബഹീനർക്കാശ്വാസമേകി,
പരിതാപമകലാൻ യത്നിക്കാം.

## 262

ദുർന്നടപ്പാകെ ത്യജിക്കാം വിശുദ്ധമാം,
സംസർഗ്ഗത്താൽ നൽശുശ്രൂഷയേകാം;
ധൂപമായുയരുന്ന പ്രാർത്ഥനയാൽ മനം,
ദൈവത്തോടനുദിനം സംഭാഷിക്കാം.

1. പ്രാർത്ഥന നമ്മെനയിച്ചിടും സൽഗുണ–
സമ്പന്നരാക്കിടും നിശ്ചയമേ;
ആത്മാവു പരിശുദ്ധാത്മാവോടു സംവാദം,
ചെയ്യുകിൽ ദൈവം പ്രസാദിച്ചിടും.

2. മണവാട്ടി വർഗ്ഗമായണിനിരക്കാൻ നാം,
ഭക്ത്യാദരങ്ങളാൽ പരിശീലിക്കാം;
മണവാളൻ വരവേറ്റം അടുത്തുവല്ലോ,
നീതീകരിക്കപ്പെട്ടൊരുങ്ങി നിൽക്കാം.

## 263

അന്യോന്യമേവരും സ്നേഹത്തിൻ ചങ്ങല,
ശക്തമാക്കീടുന്ന ദർശനത്തെ;
കെട്ടിപ്പടുക്കുവാനാത്മാവിൻ ശക്തിക്കായ്,
മുട്ടിപ്പായ് പ്രാർത്ഥിക്കാം, നാഥനോട്.

1. ദേവാധിദേവന്റെ സന്ദേശമുൾക്കൊണ്ടു,
ദൈവരാജ്യത്തിന്റെ പൂർത്തിക്കായ് നാം;
പൊട്ടാത്ത മാധുര്യചഷകമായ് മാറാം,
കുടുംബ ബന്ധങ്ങൾ സൂക്ഷിച്ചിടാം.

2. അനുരഞ്ജനത്താൽ വിശ്വസ്തരാകാം,
നീതി സമാധാനമെന്നിവയ്ക്കായ്;
ദൈവപുത്രർ നാമെല്ലാരും ആടുകൾ,
യേശുവെ പിൻപറ്റും തൻജനങ്ങൾ

3. യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുകിൽ,
പ്രത്യുത്തരം നൽകും നീതിമാനായ്;
ധൂപമായുയരും സുഗന്ധയാഗംപോൽ,
അർപ്പിച്ചീടാം ജീവശ്വാസവുമേ.

## 264

സ്നേഹിച്ചോരെല്ലാം കൈവെടിഞ്ഞീടുമ്പോൾ,
സ്നേഹവാനെപ്പോലും ത്യജിച്ചിടുമ്പോൾ,
സ്നേഹാർദ്രചിത്തനായരികിൽ വന്നേശു,
സ്നേഹമായിന്നും ക്ഷണിച്ചിടുന്നു.

മകനേ മകളേ ഹൃദയം നീ നൽകൂ,
പാർക്കാം പ്രിയനായ് നിന്നുള്ളിൽ ദിനവും. (2)

1. ആത്മാവു ദുഃഖത്താൽ കേഴുന്നുവോ നിന്റെ–
ആശകളെല്ലാം നിലയ്ക്കുന്നുവോ ?
ആരും തുണയ്ക്കുവാനില്ലാതിരിക്കയോ?
ആലംബമായെന്നെ സ്വീകരിക്കൂ.

2. സമ്പൂർണ്ണമായൊരു സമർപ്പണത്താൽ നിന്നെ,
കാഴ്ചയായെൻ മുന്നിലർപ്പിച്ചിടൂ,
തുൻപങ്ങളെല്ലാം അകറ്റിടാം, നിന്നെ–
ഇൻപമായ് സീയോനിലെത്തിച്ചിടാം.

## 265

പ്രാർത്ഥനയ്ക്കുത്തരം നിശ്ചയമേ,
പ്രാപിക്കാൻ വേണം വിശ്വാസം;
ഓട്ടക്കളത്തിൽ നാമോടിടുന്നോർ,
ആത്മവിശ്വാസം വെടിഞ്ഞിടാമോ?

1. സൗജന്യമായേകും നൽവരങ്ങൾ നിത്യം,
താതൻ പ്രിയമക്കൾക്കായ് മാറ്റിടുന്നു;
നൽകാം നാമും അന്യർ തൻ നന്മയ്ക്കായ്,
പ്രീയൻ നമുക്കേകും നൽവരങ്ങൾ.

2. വിശ്വസിപ്പോർക്കവൻ ശാശ്വത പാറ,
ജീവന്റെ ഉറവിടമേശുവത്രേ;
ആനന്ദമോടെ തൻ മഹത്വത്തിനായ്,
ജീവജലം നാമും പങ്കുവെയ്ക്കാം.

## 266

Will you allow me to beless you?
Will you allow me to love you?
Will you allow me to enter in you?
Asking my saviour to you.

## 267

ഹൃദയകവാടം തുറക്കൂ,
ഹൃദ്യതയായ് പെരുമാറൂ;
ഹൃദയത്തിൻ ഭാഷകളെല്ലാം,
ഹൃദയേശ്വരനറിയാം മനമേ.

1. കരുണയ്ക്കായ് നീ കേഴുമ്പോൾ,
കരളലിയുന്നവൻ ഒരേ ഒരാൾ;
കരയുന്നേരം അടുത്തുവരും,
കരളലിവോടവനെന്നെന്നും.

2. തുണയെന്നേശു ഒരാൾമാത്രം,
തുൻപമകറ്റാൻ നീ വേണം;
തുടുതുടെ തുടിക്കും ഹൃദയകവാടം,
തുറന്നവനേകാം വസിച്ചിടട്ടേ.

## 268

ആരാധ്യനായവനേ,
ആശ്വാസദായകനേ;
ആലംബമേകിയോനേ,
ആമയം നീക്കുകില്ലേ?

1. സംശുദ്ധമായുള്ള അന്തരംഗം,
സങ്കോചമോടുര ചെയ്യുകില്ല;
സമ്പന്നനായുള്ള നാഥൻ ചാരേ,
സായൂജ്യം പ്രാപിക്കാൻ വേഗമെത്താം.

2. കർത്താവിൻ നാമം പുകഴ്ത്തീടുവാൻ,
കാപട്യമില്ലാത്ത ഹൃദയത്തോടെ;
കാൽവരി നാഥനെ ധ്യാനിക്കുകിൽ,
കാരുണ്യവാൻ നമ്മെ കൈവിടുമോ. ?

3. സാക്ഷ്യമില്ലാതുള്ള ജീവിതങ്ങൾ,
സർവ്വേശ്വരൻ നന്നേ വെറുക്കുകില്ലേ ?
സർവ്വരും നമ്മെ ത്യജിക്കുകില്ലേ?
സത്യൈക ദൈവത്തെ അനുഗമിക്കാം.

## 269

തിരുമുഖദർശനം സായൂജ്യദായകം,
നവനീതംപോൽ സുഖപ്രദം;
ആഹ്ളാദചിത്തനായ് മാറിടുമേ ഞാൻ–
എന്നെ മറക്കാൻ കഴിഞ്ഞിടുമ്പോൾ.

1. സംഘർഷഭൂവിതിൽ പാരസ്പര്യത്തിൻ–
ചങ്ങല കോർക്കാം വിശുദ്ധിയോടെ,
അന്ധകാരക്കോട്ട നിർമ്മിക്കും തിന്മയെ–
ഒരുമയായ് തകർക്കാൻ യത്നിച്ചിടാം.

2. മർത്യന്റെ പാപങ്ങൾ കുന്നുകൂടീടുന്നു,
മാനുഷരധർമ്മികളായിടുന്നു,
മിത്രങ്ങളെപ്പോലും തേജോവധത്താൽ,
താളടിയാക്കുന്നു സ്നേഹപൂർവ്വം.

## 270

പരിശുദ്ധറൂഹായേ കൂട്ടായിരുന്നെന്നെ
ആനയിച്ചീടണേ നിത്യമെന്നെ ?
സ്തുതികളിൽ വാഴുന്ന ദൈവത്തോടഭിമുഖ–
ദർശനം പ്രാപിക്കാൻ വാഞ്ഛിക്കുന്നേ.

1. താതന്റെ ദാനമാം കൃപകളാർജ്ജിക്കാൻ,
ഹൃദയമൊരുക്കുന്നേ വചനത്തിനാൽ;
നന്നിലമാക്കാൻ, നമ്മെയൊരുക്കാൻ,
ദൈവത്തോടർപ്പിക്കാം പ്രാർത്ഥനകൾ.

2. മനുഷ്യന്റെ പോരായ്മ അറിയുന്ന ദൈവം,
സൗജന്യമായ് രക്ഷയേകിടുന്നു;
ദോഷികളായ നാം മക്കൾക്കു നൽദാനം,
നൽകുകിൽ സ്രഷ്ടാവെന്തധികമേകും?

3. വിനയത്തിൻ തോടുകളാകാം നമുക്ക്,
രക്ഷയും കൃപയും നിറഞ്ഞൊഴുകാൻ;
ദുർമ്മാർഗ്ഗം പാടേയൊഴിഞ്ഞശ്രു ചിന്താം,
ആശ്രയം നൽകുമെൻ യേശുനാഥൻ.

# 271

ദൈവജനമേ ആത്മാവിൽ ആരാധിപ്പിൻ,
കൃപയുടെ വാതിൽ അടയാറായ്!
ആരാധ്യനാകും നമ്മുടെ ദൈവത്തെ-
വാഴ്ത്തിപ്പാടി, ആരാധിപ്പിൻ.

1. ഉള്ളം നുറുങ്ങി കരയുന്ന കണ്ണുകൾ,
കാണുന്ന നേരമുള്ളലിയുന്നവൻ;
കുറവുകളഖിലം മനസ്സാ ക്ഷമിക്കും,
കൃപയാലേ നൽ കരുണയുള്ളോൻ.

2. പ്രാർത്ഥനയിൽ നിത്യം ഉറ്റിരിപ്പിൻ,
സ്തോത്രത്തോടതിൽ ജാഗരിപ്പിൻ;
സമയം തക്കത്തിൽ ഉപയോഗിപ്പിൻ,
ജ്ഞാനത്തോടെന്നും പെരുമാറുവിൻ.

3. പ്രത്യുത്തരം നിങ്ങൾ ഏതുവിധം,
മൊഴിയേണ്ടൂവെന്നറിയാനായ്;
കൃപയൊടുമൊപ്പം ഉപ്പാൽ രുചിയും,
വാക്കുകൾക്കെന്നുമുണ്ടാകേണം.

# 272

പ്രവചനം നിറവേറുന്നു,
ജാതിജാതിയോടും;
വംശം വംശത്തോടും;
കലഹിക്കുന്നു.

1. സത്യമേ നീ നയിച്ചാലും,
സത്യവീചികൾ തെളിച്ചാലും;!
പരമരാജാ വക്ഷസിൽ നിൻ-
പ്രജകളെ സംരക്ഷിക്കൂ.

2. സത്യവേദമുരച്ചിടും നൽ-
നിത്യജീവൻ ത്യജിക്കുകിൽ;
ദന്ത ഗോപുരവാതിൽ തേടും,
അന്ധരായ് നാം മാറിടും.

3. തമ്മിൽ തമ്മിൽ വൈരമുണ്ടോ?
സ്നേഹച്ചങ്ങല കോർത്തിടാം;
ക്രിസ്തുനാഥൻ പടുത്തുയർത്തിയ,
ദൈവരാജ്യമതോർക്ക നാം.

# 273

എന്റെ ബുദ്ധിമുട്ടുകൾ തീർത്തു തരുന്നൊരു,
സങ്കേതമാം യേശു കൂട്ടിനുണ്ട്;
അല്ലായ്കിലെന്നേ ജീവിതം വേരറ്റ-
വടവൃക്ഷംപോലെ തകർന്നുപോയേനേ.

1. നീയില്ലാത്ത ജീവിതം ജീവിതമോ?
നീയില്ലാത്തോരായുസ്സൊട്ടും ഹിതമേയല്ല;
ആശ്രയം വയ്ക്കും ഞാൻ യേശുവിൽ മാത്രം,
നീയില്ലാത്ത ജീവിതം ജീവിതമെന്നോ ?

2. തേങ്ങിക്കരഞ്ഞീടും മർത്യാനിനക്ക്,
യേശുവിൻ സാമീപ്യത്താൽ സാഫല്യമേ?
വിനയമോടരികിൽ നീ വന്നീടുകിൽ,
ഭാഗ്യവാനാകും മനം മാറ്റിടും.

# 274

കണ്ണീരൊഴുക്കൂ നിലവിളിക്കൂ,
ആത്മാവിൻ ശക്തിയാൽ ധൈര്യമായിടൂ;
കൈവെടിയാത്ത നൽ സ്നേഹിതൻ യേശു,
വാക്കുമാറാത്തവനായ് കൂടെയുണ്ടല്ലോ ?

1. വിളിക്കുന്ന ദൈവം വിശ്വസ്തനല്ലോ,
വിനയത്തോടവനെ നാം അനുഗമിക്കാം;
അനുതാപഹൃദയങ്ങൾ കാണും നാഥൻ,
ചാരേ അണച്ചെന്നും വഴിനടത്തും.

2. ജീവിക്കും ദൈവത്തിൻ സാക്ഷിയാകാൻ,
സത്യത്തിൻ മാർഗ്ഗത്തിൽ നടന്നീടേണം;
ജാതികൾ നേർവഴിതേടിയെത്തിടാൻ,
മാർഗ്ഗം തെളിക്ക നാം വിശ്വസ്തരായ്.

3. അകമേ നിറയുന്ന സ്നേഹം ചുരത്താം,
ആത്മാവിൻ ഫലവുമായ് മുന്നേറിടാം;
അകലുന്ന സോദരർക്കാശ്വാസമേകിയീ,
മാനവജാതിയെക്കീഴ്പ്പെടുത്താം.

# 275

ഇത്ര നല്ല ദൈവമുണ്ടോ ?
ഇത്ര വലിയ രക്ഷയുമുണ്ടോ ?
യേശുനാഥനെ, സ്നേഹിക്കുന്നുവോ ?
സർവ്വനന്മയും നിനക്ക് സ്വന്തമാക്കിടാം.
സർവ്വരും ത്യജിക്കിലും കരുണകാട്ടു മീശ്വരൻ,
രക്ഷകനാം യേശു അല്ലയോ ? (2)

1. യേശു നിന്റെ സ്നേഹിതനായ് തോളിലേറ്റും അമ്മയായ്,
സന്തതം തുണയ്ക്കുകിൽ ഭാഗ്യമല്ലയോ?
ഇത്രനല്ല സ്നേഹിതനാം വാക്കുമാറിടാത്ത വനെ,
രക്ഷകനായ് സ്വീകരിച്ചു പിൻഗമിച്ചിടൂ.

## 276

ആത്മാർപ്പണം ചെയ്തു വന്ദിക്കുവിൻ,
ആശ്രിതവത്സലൻ യേശുവിനെ;
നിന്ദ ചുമന്നു മരക്കുരിശേറിയ,
സ്നേഹാധിനാഥനെ സ്തുതിച്ചീടുവിൻ.

1. നന്ദിയാൽ ഉള്ളങ്ങൾ നിറയുമീ നിമിഷം,
നാവുയർത്തീടാം മഹത്വമേകാം;
നിന്ദകളേറ്റുള്ളു പിടഞ്ഞിടും നേരം,
നിർണ്ണയമേ അവൻ കൂട്ടിനെത്തും.

2. യേശുവിൻ നാമത്താൽ വിറച്ചിടുമ്പോൾ ശത്രു,
തന്ത്രങ്ങളുതിർത്തിടും നമുക്കു നേരേ;
സാത്താനെ നിർദ്ദയം തകർത്തിടാനായ്,
പതറാതെ ഘോഷിക്കാം യേശുവെ നാം.

3. പരിശുദ്ധാത്മാവുള്ളിൽ ആവസിച്ചീടാൻ,
കേണപേക്ഷിക്കുവിൻ ഹൃദയപൂർവ്വം;
തിരുനാമമെന്നും പുകഴ്ത്തിടാം നാഥനു-
സ്തുതിയേകിടാം അവൻ അരികിലുണ്ട്.

## 277

ദൈവത്തെ ഞാനെന്നും സ്നേഹിച്ചീടും,
തുൻപങ്ങളിൽപോലും സത്യമായും;
അവൻ പരമോന്നതൻ ആത്മസ്നേഹിതനും,
പരിചയും കോട്ടയും സങ്കേതവും.

1. എത്രമാത്രമെന്റെ മേൽ ദയചൊരിഞ്ഞവൻ?
വർണ്ണിച്ചിടാനെന്റെ നാവുകൾ പോരാ;
അത്രമാത്രം സ്നേഹമെന്മേൽ വർഷിക്കുന്നതാൽ,
സാദരം സ്തുതിച്ചു നിത്യം വാഴ്ത്തിപ്പാടുമേ.

2. ലോകരിൽ നിന്നുള്ളതോ തിന്മകൾ മാത്രം,
ലോകം നേരിൽ കണ്ടിട്ടങ്ങേ നമിച്ചിടുമ്പോൾ;
സർവ്വലോകനായകൻ നമുക്കു നൽകിടും,
കാലാകാലങ്ങളിൽ കൃപമാരിപോലെന്നും.

3. തിരുസുതരായ് മാറിടാനാശയോടെ നിൻ,
അരികിൽ വരുന്നോർക്കെന്നുമാശ്വാസമേ;
സുവിശേഷ വിത്തവർക്കായ് വിതച്ചീടുമോ ?
തിരുഹിതത്തിനായ് നിന്നെ സമർപ്പിക്കുമോ?

## 278

തിന്മകളാൽ മനമുഴലുകയോ ?
നാഥനെ ദിനവും ധ്യാനിക്കൂ;
നന്മകളാൽ നീ ഉയരാനായ്,
സന്തതസഹചാരിയെ നേടൂ.

1. അന്നവസ്ത്രാദികളൈശ്വര്യങ്ങൾ,
ചിന്മയനേശുവെ വണങ്ങീടുകിൽ;
നിശ്ചയമേനിനക്കവൻ നൽകും;
അന്ത്യത്തോളം നിന്നെ വഴിനടത്തും.

2. ഒന്നേ അവനുള്ളൂ ആശ, നീ വേഗം-
ഓടിയണഞ്ഞിടേണം സവിധേ;
അനുസരിച്ചീടുമോ തിരുവചനം?
ആശിസുകൾ നിന്മേൽ വർഷിച്ചിടും.

3. സീയോൻ പുരിയതിലെത്തീടുവാൻ,
സാമോദാൽ നിത്യം വാണിടുവാൻ;
ചപലതയകലാൻ പ്രാർത്ഥനയിൽ,
നിരന്തരമവനെ നീ ധ്യാനിക്കുമോ ?

## 279

തിരുസഭയുണരട്ടേ;
തിരുസ്വരമെങ്ങും ശ്രവിച്ചിടട്ടേ,
ക്രൂശിൽ ചൊരിഞ്ഞൊരതുല്യസ്നേഹം,
പകരാം സേവകരായ് വേഗം.

ഇരുപത്തൊന്നാം നൂറ്റാണ്ടത്ഭുത,
കാഹളനാദമുതിർക്കുന്നു;
മനസ്സു പുതുക്കുക നാമെല്ലാരും,
പുതുയുഗ ദർശനമുൾക്കൊള്ളാം.

അനന്ത നന്മകളനുദിനവും സഭ,
കൈവരിച്ചതു കൃപയാലേ;
വിസ്മൃതമാനസരായ് നാമെങ്ങോ,
നാശം തേടിപ്പോവുകയോ?

നിരന്തരം തവസാന്ത്വന ഭാഗ്യം,
സ്വീകരിച്ചോർ, ദോഷികൾ നാം;
അങ്ങയെമാത്രം ധ്യാനിച്ചതിനാൽ,
പുതുമ തരുന്നു മഹാദൈവം.

## 280

('എത്രയോ നന്മകൾ പിതാവു നൽകിലും' എന്ന ഗാനത്തിന്റെ തെലുങ്കുപരിഭാഷ)

എന്നിദീ വനലു ദേവുഡിച്ചിനാ,
തൃപ്തിപൊന്തുട, ലേതു നീജനമുലു;
തപ്പുലുമറച്ചിമനം പ്രേമിംചുടകൈ,
നിത്യസത്യ സൽഗുരോ തോഡെയുണ്ടുമു.

1. ബാധലതൊ, നിണ്ടിന, എഡാരി ദാരിലൊ,
നാഥുഡേശുഇച്ചുനു കൃപാവരമുലു;
ദിനദിനമു, പെരുകി നിത്യജീവമൂകൊരക്കൈ,
നാഥുഡേശുതോ കലസി സാഗിവെല്ലുദാം.

2. പ്രപഞ്ച ആശലോമുനുകിയുണ്ണമനമു,
നിശിഞ്ചിയുണ്ണമി ജനുല രക്ഷിം ചാലനി;
ആത്മവാഞ്ഛതോദിനമുസേവിം ചുടകൈ,
ജാഗ്രതാദയലതോനു വച്ചിചേരുഡീ.

3. ചിവരബുറധ്വനിംചു സമയംവച്ചിനന്തുന,
ആത്മശോധനാ സമയം വച്ചിയുന്നദി;
നാശനമുനക്കുയോഗ്യം ഡൈനസോദരാ,
പ്രഭുവുദഗ്ഗര നീവുരമ്മു തൊരഗ ഈദിനം.

## 281

(‘യുവചേതനയൊന്നുണരട്ടേ’ എന്ന ഗാനത്തിന്റെ തെലുങ്കുപരിഭാഷ)

യൗവ്വനജനമാമെലുകൊനുമാ,
ദേശപുഗൊപ്പമഗു വാഗ്ദാനമുലു;
മെലുക്കുവഗാപെരുഗുനുഗാക്കാ,
യൗവ്വനജനമാമെലുകൊനുമാ.

യുവജനമാപ്രിയ ജനാംഗമാ
ക്രിസ്തുകൊരക്കൈയുദ്ധമാടുദം.

1. സന്മാർഗ്ഗമുലൊദാരിചൂപ്പിംചി,
ചെടുഗുണമുലന്നി ഉപേക്ഷിംഞ്ചുദം;
സർവ്വശക്തുനി ധ്യാനം ചേശി,
രക്ഷകുനിദാരിലോ സാഗിവെല്ലുദാം.

2. ഐക്യദായകുഡേശുനിനാദമുലു,
ദിനദിനമറുവഗഗുർത്തിഞ്ചെദമു;
കാലുജാരക്ക പയണംചേശി,
നിത്യമഗുശാന്തിമനം പൊന്തുചുന്നാമു.

3. ഉത്സാകമുതോ മനം സേവലുചേസി,
വിശ്രാന്തി, കൊഞ്ചമു, ലേക്കുണ്ടാ;
കുലമതഭേദവുമീരുവിടിച്ചി,
ആത്മശാന്തിമനം സ്വീകരിഞ്ചുദാം.

## 282

(‘ദൈവം ജീവിക്കുന്നു’ എന്ന ഗാനത്തിന്റെ തെലുങ്കു പരിഭാഷ)

ദേവുഡൂ ജീവിസ്തുന്നാഡു
നേഡുതാക്കനാലോപ്പലാ
പ്രത്തിരോജൂ ജീവിംചുനൂ......
നാച്ചിവരസമയമുതാക്കാ.....

1. നിന്തലത്തോബാധപ്പെടു സമയമുലോ,
ബയമുലേക്കാ മനം വെമ്പാടിഞ്ചെദം;
നിത്യത വരക്കു ബംഗാരചേത്തുലത്തോ,
തല്ലിവലേ ആയന, നടിപിംചുനു.

2. ജീവിതബാധലു പെരുകിനച്ചോ,
രോഗമുലത്തൊബാധപ്പടിനപ്പുടു;
ഭയമുവിടിച്ചിമനം വെമ്പടിഞ്ചെദം,
ധൈര്യമുഗലയേസു തോടെയുന്നാടു.

## 283

വന്നിടുവിൻ സുവിശേഷകരായ്,
കുരിശിൻ മധുര സന്ദേശവുമായ്;
തംബുരുഗിത്താർ നാദവുമായ്,
യേശുദയാനിധി സന്നിധിയിൽ.

1. യേശുപിതാവോ അൻപിൻ രൂപം,
ദൈവത്തിന്റെ പ്രതിരൂപം;
യേശുപ്രജാപതി രക്ഷകനേകൻ,
ആശ്രിതവത്സലൻ അഭയകേന്ദ്രം.

2. യേശുമരക്കുരിശേറിയ ദൈവം,
യേശു അനശ്വര ജീവനുമേ;
യേശുചെവിക്കൊണ്ടീടും പ്രാർത്ഥന,
പാപവിമോചകപ്രഭു ദൈവം.

3. യേശുപ്രകാശമതല്ലോ സഭയിൽ,
യേശു ഹൃദന്തേയരുളും ശാന്തി;
യേശു കുടുംബങ്ങൾക്കു വെളിച്ചം,
ആശിഷമരുളും പൈതങ്ങൾമേൽ.

4. യേശു രക്ഷകൻ ഏകൻ സതതം,
ഭക്തർക്കെന്നും വഴികാട്ടി;
യേശു പ്രപഞ്ചക ശാന്തിമന്ത്രം,
സത്യവിശ്വാസികൾ സ്തുതിയേകാം.

## 284

അകലങ്ങളിൽ നിന്നു കാവൽ ചെയ്തീടുന്ന–
അഖിലേശപാദത്തിൽ നമിക്കുവോരേ;
ആത്മാവിനേകുന്ന ദാനമാം രക്ഷ നാം,
അവഗണിച്ചീടാതെ അനുഗമിക്കാം.

1 ദോഷൈകദൃക്കുകൾ ആകുലഭാരത്താൽ,
ദോഷം ചെയ്തീടുവാൻ കാത്തിരിക്കും;
ദോഷമായിട്ടൊന്നും ചെയ്യാത്ത ദൈവം,
ദോഷങ്ങളെല്ലാമകറ്റുകില്ലേ ?

2 ആത്മാവിനെതിരായ് അടരാടുവോരേ,
അടിമനുകത്തിന്റെ വക്താക്കളേ;
ആനന്ദമേകുന്ന ദൈവത്തെ നിന്ദിച്ചും,
ആധിപേറുന്നോരായ് മാറുന്നുവോ ?

3 വിലമതിച്ചീടുവാനാകാത്ത സ്നേഹത്തിൻ-
വല്ലഭത്വം തെല്ലും മറന്നിടല്ലേ;
വാത്സല്യ ദാതാവാം രക്ഷകൻ പാദേ,
വിനയത്തോടെന്നും ജീവിച്ചിടാം.

## 285

സൂര്യകിരണം പ്രഭവിതറുംപോൽ,
ജ്വാലയാവുക സ്നേഹിതരേ;
ആളിപ്പടരുക സ്നേഹവാനായ്,
സത്യമാർഗ്ഗേ ദീപമതായ്.

1. മനസ്സിനെ നിർവ്വീര്യമാക്കുന്ന സർവ്വത്ര-
മര്യാദകേടിനുമറുതി കാണാൻ;
നിർദ്ദോഷിയാം നിന്റെ ചേതോവികാരം,
നന്നേ നിരീക്ഷിക്കുമേശുപരൻ.

2. ദൈവഹിതത്തിനായ് വിനയപ്പെടാൻ,
ആവതും വേഗത്തിൽ ഏല്പിക്കുകിൽ,
ആധികൾക്കന്ത്യം വരുത്തിടും നാഥൻ,
നാവുകൾ സ്തുതിഗീതം മുഴക്കിടുമ്പോൾ.

## 286

ദു:ഖിക്കാനല്ല, പ്രാർത്ഥിക്കാനത്രേ,
നാഥൻ ക്ഷണിച്ചിടുന്നു,
നന്നായറിയുന്നോൻ നിന്നേ വിളിക്കുന്നു,
സ്നേഹമോടരികിൽ നീ വാ. - (2)

1. കണ്ണീരൊഴുക്കുമ്പോൾ തേങ്ങലിൻ ശബ്ദം,
കാതോർത്തു കേട്ടിടുന്നോൻ - (2)
കാരുണ്യപൂർവ്വം നിൻ വേദനയെല്ലാം
പാടേയകറ്റിടും നിശ്ചയമായ്. -(2)
(ദു:ഖിക്കാനല്ല)

2. മകനേ എൻ മകളേ നീ നിത്യവും നാഥന്റെ
സേവയ്ക്കായ് സമർപ്പിക്കുമോ ? - (2)
ഭാഗികമായുള്ള നേരമാണെങ്കിലും
വിലമതിച്ചീടുമെൻ യേശുനാഥൻ. - (2)
(ദു:ഖിക്കാനല്ല)

## 287

ആശ്വാസമില്ലാതലയുന്നോരേ,
യേശുവിൻ ചാരേ വരൂ;
ശാന്തിയേകും ആത്മധൈര്യമേകും,
സർവ്വശക്തൻ എന്റെ ദൈവം.

1. സ്വർഗ്ഗസ്ഥനാമെന്റെ പ്രീയൻ തരുന്നു,
സ്വർഗ്ഗീയ മന്നയെന്നും, (2)
നിത്യാഗ്നിയിൽ നാഥൻ തള്ളിടാതൻപായ്,
നീതിയിൻ പാതയിൽ നയിക്കുമെന്നും. (2)
(ആശ്വാസ)

2. ഭാരം വഹിക്കുന്നോർക്കാശ്വാസമേകും-
സ്വർഗ്ഗീയ പാറയാണേശു, (2)
ദാഹം ശമിപ്പിക്കാൻ ജീവജലം നൽകാൻ
പാറപിളർന്നേകിപുണ്യ രക്തം. (2)
(ആശ്വാസ)

3. കാരുണ്യവാൻ നൽകും നിത്യമാം സ്നേഹം
ശുദ്ധറൂഹായിൻ ദാനം,
ആത്മഫലങ്ങളാൽ ദൈവനാമം നീ-
മഹത്വീകരിക്കൂ നൽ ശിഷ്യനാകൂ. (2)
(ആശ്വാസ)

## 288

ഒരുമയിലുയരാം ഉണർവ്വേകീടാം,
ഒരു നവലോകം പണിയാം. -(2)
സുവിശേഷത്തിൻ അഗ്നി പടർത്താം,
സ്നേഹജ്ജ്വാലയിൽ അമരാം. - (2)

1. ഗതകാലത്തിൻ സ്മരണയുയർത്തും-
സ്വർഗ്ഗം പണിയാം ഇവിടെ; - (2)
സ്വർല്ലോകത്തിൻ ചിന്ത വളർത്തും-
ചങ്ങല കോർക്കാം ഇവിടെ. - (2)

2. തമ്മിൽ തമ്മിൽ തെറ്റുതിരുത്താം-
ശുദ്ധാത്മാവിൽ വളരാം; - (2)
അനന്ത നന്മകളനുദിനവും നാം-
പ്രാപിച്ചീടാം കൃപയാൽ. - (2)

## 289

യേശുവിൻ കരങ്ങളിൽ സമർപ്പിക്കുമോ?
മകനേ മകളേ നിൻ ജീവിതം,
ക്ലേശങ്ങൾ വന്നാലും ഖേദത്താൽ ജീവിതം,
പാടേ തകർന്നാലും പതറിടേണ്ട.

1. ഓർക്കുമോ നീതിമാനായ ദൈവം,
ജോബിന്റെ ജീവനെ കരുതിയില്ലേ?
സർവ്വം നശിച്ചാലും സർവ്വരും ത്യജിച്ചാലും,
സർവ്വേശ്വരൻ നമ്മെ പാലിച്ചിടും.

2. ആനന്ദമൊക്കെയും നഷ്ടമായാലും,
ആദരവായ് നമ്മെ പാലിക്കുന്നോൻ;
അത്യന്ത ശക്തി പകർന്നവൻ കൃപയാൽ,
ആത്മാവിൽ ചൈതന്യമേകിടുന്നു.

3. ജീവിക്കുവോളം സാക്ഷ്യമോടെന്നും,
താതന്റെ വരവിനായ് കാത്തിരിക്കാം;
അനുതാപ ചിത്തരായ് ദൈനംദിനം നാം,
വിശുദ്ധിയിൻ വസ്ത്രം വെളുപ്പിച്ചിടാം.

# 290

അറിയുന്നു ഞങ്ങൾ ദേവാ,
ആശ്രയിപ്പോർ, തവനാമം;
അവികല നൈമ്മർല്യ സുതാര്യനേ,
അജഗണങ്ങൾക്കങ്ങാശ്രയമേ.

1. ജീവിതയാത്രയിൽ കാലിടറാതെ,
പാതതെളിക്കുന്ന ചൈതന്യമേ;
സത്യപ്രകാശമേ നയിച്ചീടണേ,
നിത്യ രാജ്യത്തിങ്കലെത്തുവോളം,

2. ആത്മാവിലാനന്ദപീയൂഷ വർഷം,
കാംക്ഷിക്കുവോരേ നിരാശയെന്തേ?
നിദ്രാവിഹീനരായ് മാറിടാതെന്നും,
കർത്താവിനെത്തന്നെ ധ്യാനിക്കുവിൻ.

3. നിത്യേന ദൈവത്തെ വാഴ്ത്തീടുവിൻ,
അത്യന്തമുത്സുകരായിമേവിൻ;
അദ്ധ്വാനഭാരം വഹിക്കുന്ന മർത്യാ,
മൂർദ്ധാവിലാശിഷം നേടീടുവിൻ.

# 291

പർവ്വതങ്ങളെ നിർമ്മിച്ചവൻ,
കാറ്റിനെ സൃഷ്ടിച്ചവൻ;
മനുഷ്യനോടുതൻ നിരൂപണം,
ഇന്നതെന്നറിയിക്കുന്നോൻ.

1. പ്രഭാതമിരുളാൽ മൂടിടുമ്പോൾ,
ഭൂമിയിൻമേൽ നടകൊള്ളുന്നോൻ;
സൈന്യങ്ങളിൻ ദൈവമത്രേ,
യഹോവ എന്നവൻ നാമം.

2. ന്യായത്തെ കാഞ്ഞിരമാക്കുന്നോരേ,
നീതിയെ തള്ളിക്കളയുന്നോരേ;
കാർത്തികയേയും മകയിരത്തേയും,
സൃഷ്ടിച്ചനാഥനെ, അന്വേഷിപ്പിൻ.

3. അന്ധതമസ്സിനെ പ്രഭാതമാക്കും,
പകലിനെ രാത്രിയുമാക്കും;
സമുദ്രജലമീഭൂതലെ പകരും,
യാഹിനെത്തന്നെ അന്വേഷിപ്പിൻ.

# 292

പരദേശിയെ സ്നേഹിപ്പിൻ, നിങ്ങളും ഒരു നാൾ,
പരദേശികളായിരുന്നോർത്തു കൊൾവിൻ;
ഭയപ്പെടേണം നിന്റെ ദൈവത്തെയെന്നും,
യാഹിനെത്തന്നെ നീ സേവിക്കേണം.

1. ദൈവത്തോടല്ലോ നീ ചേർന്നിരിക്കേണം,
സത്യം സനാതന ധർമ്മമല്ലോ;
അവനല്ലോ നിന്റെ പുകഴ്ചയാം ദൈവം,
വൻകാര്യങ്ങൾ കണ്ണാൽ കണ്ടുവല്ലോ?

2. ആകയാൽ നിന്റെ യഹോവയാം ദൈവത്തെ,
സ്നേഹിക്കാൻ എപ്പോഴും മനസ്സൊരുക്ക;
പാലിച്ചിടേണം തൻപ്രമാണങ്ങളെപ്പൊഴും,
ചട്ടങ്ങൾ, വിധികളും, കല്പനയും.

3. ഭൂമിപിളർന്നു ദാഥാനെയും കൂട്ടരേം,
അബീരാമോടൊപ്പം സർവ്വത്തേയും;
വിഴുങ്ങിയ സത്യം അറിഞ്ഞവർ നിങ്ങൾ,
കല്പനകൾ നിത്യം പാലിക്കുവിൻ.

# 293

ദൈവത്തിന്റെ കൈയിൽ നമ്മെത്തന്നെ ഏല്പിക്കിൽ,
ഓരോനാളും ദൈവം നമ്മിൽ വൻകാര്യം ചെയ്യും;
തന്നിഷ്ടത്താൽ ദൈവത്തിൽ നിന്നന്യരായപ്പോൾ,
നിത്യസ്നേഹം വർഷിച്ചേശു വീണ്ടെടുത്തല്ലോ.

1. ആദംചെയ്ത പാതകത്തിൻ കയ്പുനീരു നാം,
നിത്യവും പാനം ചെയ്തു ദുഃഖിച്ചീടുമ്പോൾ;
കാരുണ്യത്തിൻ മൂർത്തിയാകും തേജോരൂപിയിൻ,
ആശ്വാസത്തിൻ വാഗ്ദാനത്താൽ ജീവിക്കേണം നാം.

2. യാക്കോബെപ്പോൽ വഞ്ചകരായ് ജീവിച്ചെന്നാലും,
ജോസഫെപ്പോൽ ശ്രേഷ്ഠരായ് മാറ്റി നമ്മേയും;
ദാവീദിന്റെ ജീവിതത്തിൻ ദോഷം നമ്മേയും,
ബാധിച്ചെന്നാലും മൽപ്രീയൻ വീണ്ടെടുത്തീടും.

3. പത്രോസെപ്പോൽ ഭീതിപൂണ്ട ദാസരാം ഞങ്ങൾ,
ശക്തിഹീനരായിട്ടങ്ങേ ത്യജിച്ചീടാതെ;
ക്രിസ്തുസഭയ്ക്കാപത്തേറ്റം വിതച്ചോനാകും,
ശൗലിനേയും, പൗലോസാക്കിയതോർത്തി
ടും ഞങ്ങൾ.

4. യേശുവേ ഈ ദാസർ തിരുപ്പാദപീഠത്തിൽ,
അർപ്പിക്കുന്നേ കാണിക്കയായ് ജീവിതങ്ങളെ;
സ്വീകരിച്ചീടേണം ദേവാ മാമഹത്വത്തിൻ,
സാക്ഷ്യമോടെ ജീവിച്ചീടാൻ പ്രാപ്തരാക്കേണം.

## 294

എത്ര മനോഹര തീരമാണാത്മാവിൻ-
സൗഭാഗ്യമേകുന്ന ദൈവരാജ്യം !
ക്രിസ്തുവസിക്കുന്നൊരാലയമാവുകിൽ,
അന്യോന്യസ്നേഹം പുലർന്നിടുമേ.

1. ആർക്കും വഹിക്കുവാനാവാത്ത കാലുഷ്യ-
ഹൃത്തിന്നുടമകളായ നമ്മൾ,
ചേതോഹരങ്ങളാം സൗഹൃദബന്ധം
നിത്യവും വചനത്താൽ പടുത്തുയർത്താം.

2. കാപട്യമില്ലാത്ത, കൗശലമില്ലാത്ത-
കാരുണ്യമൂർത്തികളായി നമ്മൾ,
മോദേന വാഴുന്ന ജീവിതമല്ലയോ ?
ദൈവരാജ്യം നിത്യ സ്വർഗ്ഗരാജ്യവും.

## 295

നൽവരങ്ങൾ പ്രാപിക്കാൻ ഒരുങ്ങീടുമോ,
നേർവഴിക്കു നടക്കാൻ പഠിച്ചീടുമോ;
കർത്താവിൻ സാന്നിദ്ധ്യം നിരസിക്കല്ലേ ?
ഭദ്രമായ ജീവിതം നീ തകർത്തിടല്ലേ.
എൻ മകനേ ധൈര്യഹീനംവേണ്ട, നിൻ
പേർക്കായ്,
യാഗമായ സ്നേഹവാനെ ധ്യാനിച്ചിടുക.

1. കൗശലങ്ങൾ, ക്രൂരതയും അവിശ്വാസവും,
ദൈവസ്നേഹം വെടിയാനിടയാക്കിലും;
സ്നേഹവാൻ യേശു, നിത്യരാജാവായ്,
കൺതുറപ്പിച്ചീടുമെന്നും ഉദയത്തിങ്കൽ;

2. ആത്മനിന്ദ തളർത്തി ജീവിതത്തിങ്കൽ,
വിള്ളലേല്പിച്ചീടാൻ ശത്രു അടുക്കിൽ,
ശാന്തനാം യേശു, സന്ദർശിക്കുമ്പോൾ,
ശീഘ്രമവൻ പാദേമുട്ടുകുത്തീടൂ.

## 296

അനന്തസ്നേഹത്തിന്നുറവയിൽ നിന്നും
പാനം ചെയ്തീടുവാൻ കടന്നു നീ വാ,
ആത്മഭാരത്താൽ വലഞ്ഞിടുന്നോ ?
മടുത്തുപോകാതെന്നും പ്രാർത്ഥിക്ക നീ.

1. സുവിശേഷ മന്ന നീ ശേഖരിക്കൂ;
കാതോർത്തിരുന്നതു ശ്രവിച്ചീടുക,
മനസ്സിന്റെ മായാജാലകങ്ങൾ
തുറന്നിടൂ, യേശുവേ സ്വീകരിക്കാൻ.

2. സ്നേഹിതരെത്രയോ നശിച്ചിടുന്നു ?
ലക്ഷ്യമില്ലാതേറെ ചരിച്ചിടുന്നു;
വാഗ്ദത്ത നാടിനെ ലക്ഷ്യമാക്കാൻ-
പഠിപ്പിക്കുമോ നീ സ്നേഹപൂർവ്വം ?

3. നൈരാശ്യമൊന്നും വേണ്ട കുഞ്ഞേ;
നാഥനാമേശു നിൻ കൂടെയില്ലേ?
ആശ്വാസമേകാൻ സാന്ത്വനമോതും-
അരുമനാഥൻ നിന്റെ അരികിൽവരും.

## 297

അദ്ധ്വാനിക്കുന്നോരെ, ഭാരം ചുമപ്പോരെ,
ഏവരുമേ എൻ സമീപേ വരൂ..................
ആശ്വാസമേകാം ഞാൻ എന്നുമേ. (2)

1. സൗമ്യതയുള്ളോൻ ഞാൻ താഴ്മയുമുള്ളോൻ,
ആകയാൽ എൻ നുകം ഏറ്റുകൊൾവിൻ;(2)
നിങ്ങൾതൻ ആത്മാക്കൾ ആശ്വാസം പ്രാപി
ക്കും,
എന്നോടു നീയും പഠിച്ചുകൊൾക.

2. എൻ ചുമടെത്രയോ ലഘുവല്ലേ കാൺമീൻ!
മൃദുവത്രേ എൻ നുകം എന്നുമെന്നും;
സകലവും ഭരമേല്പിച്ചൻപാൽ തൻ പുത്രനെ;
ആകിലും അറിയുന്നില്ലവനെആരും.

3. ദൈവം തരുന്നതാം ദാനമാം നൽ മനം
പ്രാപിക്കുകിൽ ഭാഗ്യം നിത്യമല്ലോ ?
ചോരത്തിളപ്പിന്റെ തീ ചിന്തും ചിന്തയ്ക്കു-;
കടിഞ്ഞാണി ഭാഗ്യം.

### സമർപ്പണം

## 298

വീണ്ടും സമർപ്പിക്കുന്നേശുവേ ഞാൻ
വിനയത്താൽ ഹൃദയം സമർപ്പിക്കുന്നു;
അഗതിയാം എന്നെ അറിയുവോരെല്ലാം
പരിത്യജിക്കുമ്പോഴും നീ വല്ലഭൻ.

1. ആത്മാർപ്പണം ഞാൻ ചെയ്തിടുന്നേ,
ദൈനംദിനം തിരുക്കരങ്ങളിലായ്;
പാതകമൊന്നുമെ, ചെയ്യാൻ കഴിയാത്ത
നിർജ്ജീവ ദാസനായ് മരുവുന്നു ഞാൻ.

2. ആത്മനിലങ്ങളെ തൊട്ടുണർത്താൻ
അഭിഷേകത്താൽ ഞാൻ നീതനായാൽ,
കുറവുകളഖിലവും തിരുകൃപയാലെ
പൂർണമായ് മാറ്റുമെൻ യേശുനാഥൻ.

3. അറിയാത്തിടങ്ങളിൽ അനുയാനം ചെയ്യാം,
ആത്മനാഥാ എന്നിൽ വസിക്കുകില്ലേ?
ദുർന്നിമിത്തങ്ങളാൽ അന്യം നിന്നീടാൻ
അനുവദിച്ചീടാത്ത നൽ രക്ഷകാ.

# 299

വിശുദ്ധനിണം വിയർപ്പായ് ചൊരിഞ്ഞോ ?
വിശുദ്ധിയിൽ ജനിച്ചവനെ?
വിശുദ്ധിയിൽ വളരാൻ വിമലരായ് മേവാൻ
വിശുദ്ധ വസ്ത്രാലങ്കാരത്തോടെ വരുന്നേൻ.

1. തപ്പിനോടും നൃത്തത്തോടും കിന്നരത്തോടും
ആത്മാവിൽ നിറയാം കീർത്തനം പാടാം,
സ്തുതികൾക്ക് യോഗ്യനാം പരിശുദ്ധ ദൈവം
സ്തുതികളിൻമേലല്ലോ വസിച്ചിടുന്നു.

2. നിർമ്മല മനസ്സിന്നുടമകളായ് സേവനം ചെയ്യാൻ
നിരന്തരം അവനെ നാം സ്തുതിച്ചിടേണം,
സെറാഫുകൾ മദ്ധ്യേ ഉന്നതനായോൻ
സിംഹാസനത്തിൽ കാണുന്നിതാ.

# 300

മരണത്തിനപ്പുറം ജീവിതമുണ്ടോ ?
ദേഹമില്ലാതൊരു വാഴ്ചയുണ്ടോ ?
ദേഹിയായ് മർത്യൻ വസിക്കുമിടങ്ങൾ
ആത്മാവ് കണ്ടെത്തും നിശ്ചയമേ.

1. ദേഹിയിൽ നിന്നും ആത്മാവു വേർപെട്ട്,
ദൈവസന്നിധിയിൽ ചേർന്നീടുകിൽ;
ആത്മഭാരം കൊണ്ടാത്മാവു തേങ്ങിലും-
ആശ്വാസമേകും പറുദീസയിൽ.

2. നിത്യമാം ജീവിതം, അക്ഷയരായോർ-
ദിവ്യരായ് വാഴുന്നിടമാകയാൽ;
മരണത്തിനപ്പുറമാനന്ദതീരേ-
മണവാളനോടൊന്നായ് വാസം ചെയ്യും.

# 301

1. നിലവിളിക്കുന്നെന്റെ ദൈവമേ ആത്മാവു-
കേണു യാചിക്കുന്നു നിന്റെ മുമ്പിൽ,
പരിതപിച്ചീടുവാൻ മാത്രമായെന്തിനീ
പരിഹാസ പാത്രത്തെ നീ മെനഞ്ഞു?

2. കണ്ണീരൊഴുക്കിയും കാഴ്ചയായർപ്പിച്ചും
കാലത്തെ വെല്ലുവാൻ നിത്യവും ഞാൻ,
കാരുണ്യവാനെ പ്രഭാതത്തിൽ പ്രാർത്ഥിച്ചു
കീർത്തനാലാപത്താൽ മിഴികൾ പൂട്ടും.

3. ദിവ്യാനുരാഗത്താൽ അങ്ങയെ പുൽകുവാൻ
സർവ്വേശ്വരാ ഭക്തിയോടെയെന്നും,
രാവിലും പകലിലും പ്രണമിക്കുവാനായ്
സ്നേഹനിധേയിതാ തിരുസവിധേ.

# 302

ദൈവമേ നിന്നോടടുത്തിടുമ്പോൾ നാഥാ,
ദൈവിക ചിന്ത വെടിഞ്ഞീടുവാൻ,
ദുഷ്ടാത്മസേന നിരന്തരമായ് എന്നെ,
പീഡിപ്പിച്ചീടുവാനടുത്തിടുന്നേ.

1. അപരാധം ചെയ്യുവാനാശയേകീടുന്ന,
അന്ധതയാൽ മനമോടിടുമ്പോൾ;
കരതലത്തിൽ നിത്യം ഗ്രസിച്ചിടും പ്രീയൻ,
തിരുസുതനായെന്നെക്കരുതുന്നതാൽ.

2. കനിവേറും പരമപിതാവിന്റെ സന്നിധേ,
തിരുഹിതം നിവർത്തിക്കാനേഴയിതാ;
സമർപ്പണം ചെയ്യുമീ മാനസം പ്രീയാ
കരുണയോടെന്നെന്നും കാത്തീടണേ.

# 303

ക്ഷമയെന്നിൽ കനിവേകി നൽകീടണേ,
ക്ഷണികനാമെന്നെ കൈതാങ്ങിയോനേ;
കാണിക്കയായിതാ അർപ്പിക്കുന്നേ,
സ്വീകരിക്കേണമീ ഏഴയേയും.

1. എന്തൊക്കെ ചെയ്യേണം തമ്പുരാനേ,
നിന്നാജ്ഞയൊക്കേയും നിറവേറ്റിടാം;
എന്നിച്ഛപോലൊന്നും ചെയ്തിടാതെ,
സർവ്വേശനേ നിന്നെ പുകഴ്ത്തിടും ഞാൻ.

2. ഭൂവിലും സ്വർഗ്ഗത്തും ദൈവമായെൻ,
രക്ഷകനാമൊരാൾ യേശുമാത്രം;
വിശ്വാസജീവിതം തകർന്നിടാതേ,
കരമണച്ചീടണേ ദൈവപുത്രാ.

## 304

എന്റെ കഷ്ടതകളിൽ, ആകുലങ്ങളിൽ
കൈവിടാത്ത നല്ല ദൈവമേ,
നന്ദിയോടെന്നും ഞാൻ തിരുസവിധേ,
ആരാധിച്ചീടും ദൂതർതുല്യമായ്.

1. ജയഘോഷമോടങ്ങേ വാഴ്ത്തീടുമേ,
നിത്യവും പ്രീയനേ, പുത്രനാകയാൽ;
സാക്ഷ്യമോടെൻ വിശുദ്ധ ത്രിയേക ദൈവത്തെ
പുകഴ്ത്തിടും ഞാൻ എക്കാലവും പാടും.

2. കരുണയ്ക്കു യോഗ്യമല്ലേ എന്റെ ജീവിതം?
കരുണയിന്നുറവയെ നമിച്ചിടുന്നേ;
അന്ധകാരച്ചങ്ങലയിൻ ബന്ധനത്തെ ഞാൻ,
തകർത്തെറിയാനായ് ശക്തനാക്കേണം.

## 305

അത്യന്ത ശക്തിയെ നിറക്കണേ നാഥാ,
ആത്മാവിൽ ദാരിദ്ര്യം അനുഭവിപ്പോരിൽ;
അനുദിനം പുതുക്കണേ കൃപാവരത്തിൻ-
ആത്മപ്പകർച്ചയാൽ സായൂജ്യമേകാൻ,

1. അലതല്ലുമാമോദം ഹൃദയത്തിൽ നിറയാൻ,
അകമേവസിക്കാൻ തിരുഹിതമാക;
ആഗ്രഹിപ്പോർക്കേകും പരിശുദ്ധാത്മാവേ;
ആവസിക്കെങ്ങളിൽ കാര്യസ്ഥനായ്.

2. അല്ലലില്ലാത്തതാം സ്വർഗ്ഗരാജ്യത്തിൽ
ആജീവനാന്തം ജീവിക്കുവാൻ;
അൻപോടെ മാടിവിളിക്കുന്ന താതാ,
അടിയങ്ങൾ പാദേ നമിച്ചിടുന്നു.

## 306

സമർപ്പണം ചെയ്യാം, ഒരുക്കിടാം നമ്മെ;
ബുദ്ധിയുള്ളാരാധനയായിടാനായ്;
ജീവനും വിശുദ്ധിയും, ദൈവത്തിനേറ്റം
പ്രസാദയാഗമായ് സമർപ്പിച്ചിടാം.

1. മായയാം ലോകത്തോടനുരൂപരാകാതെ
നന്മയും പ്രസാദവും പൂർണ്ണതയുംനേടി;
ദൈവഹിതം തിരിച്ചറിഞ്ഞീടാൻ
മനസ്സു പുതുക്കിടാം, രൂപാന്തരത്താൽ.

2. സ്നേഹമോ നിർവ്യാജമായിരിക്കേണം,
തീയതിനേയെല്ലാം വെറുത്തീടെണം;
സോദരർ, തമ്മിൽ, പ്രീതിപൂണ്ടെന്നും,
മുന്നോട്ടുപോകാം ബഹുമാനിക്കാം.

3. സേവിക്കാം ആത്മാവിൽ എരിവുള്ളോരായി,
മടുത്തു പോകാതെന്നും ഉത്സുകരായ്,
കൂട്ടായ്മയാലെല്ലാ വിശുദ്ധരോടൊപ്പം
പ്രാർത്ഥനയിൽ നാമും ഉറ്റിരിക്കാം.

## 307

ഇടതടവില്ലാതെ ധ്യാനിക്കുവാൻ
ഹൃദയത്തിൽ ദാഹം പകരേണമേ,
തളരുന്ന മനസ്സിന്റെ വ്യാധികളെല്ലാം
പാടേയകലാൻ കൃപയേകണേ.

നീമാത്രമെന്റെ ദൈവം,
നീമാത്രമെന്റെ ശരണം,
നീമാത്രമെന്റെ സങ്കേതം,
നീമാത്രമാണെനിക്കഭയം.

1. ഉള്ളിന്റെ ഉള്ളിൽ നിന്നാത്മാവു മന്ത്രിക്കും
തേങ്ങലായ് മാറുമെൻ പ്രാർത്ഥനകൾ,
കാതോർത്തിരിക്കും പിതാവേ നിൻ മാനസം-
പ്രത്യുത്തരം നൽകി സുഖമേകില്ലേ ?

2. കണ്ണീരൊഴുക്കുന്ന മർത്യാനിനക്കെന്റെ
കണ്ണീരിൻ കാരണമറിയുമോ ചൊൽ ?
ആരാരും കാണാതെ ആരുമേ കേൾക്കാതെ
കണ്ണീരൊഴുക്കും ഞാൻ, യേശുവിൻ പാദേ.

## 308

ദൈവമേ അവിടുത്തെ കാരുണ്യത്താലീ
ഏഴയിൽ ജീവിതം സാഫല്യമായ്;
വീണ്ടുമീലോകേ തിരുസേവ ചെയ്യാൻ
കരുണയാൽ തവദാസൻ യാത്രചെയ്യും.

1. മനസ്സിന്റെ നൈർമ്മല്യമല്ലെൻ പിതാവേ,
തിരുസുതനായിടാൻ കൃപകാട്ടി നീ തന്നു;
ആകയാലെന്നെന്നും അഭിമാനമോടെ ഞാൻ
തിരുസേവ ചെയ്തിടും അന്ത്യത്തോളം.

2. കരളലിവുള്ളോരു താതനെനിക്കായി-
കാൽവരിക്കുന്നതിൽ യാഗമായി,
അതുക്കണ്ടെന്നുള്ളത്തിൽ തിങ്ങിയ ദുഃഖത്താൽ
പിൻഗമിച്ചീടും നിൻ സേവകനായ്.

3. തങ്കക്കരത്തിന്റെ താലോലമേൽക്കുവാൻ
തിരുഹിതമായതെൻ സൗഭാഗ്യമേ,
ആകയാലേശുവെ പാടിപ്പുകഴ്ത്തി ഞാൻ
കാലം കഴിച്ചീടും അന്ത്യം വരെ.

## 309

ജഡത്തിൽ വിതയ്ക്കും മർത്യാ നീ കൊയ്തിടും,
നാശം, ജഡത്തിൽനിന്നു തന്നെ;
ആത്മാവിൽ വിതയ്ക്കുകിൽ കൊയ്തിടാം നന്നായ്,
ആത്മാവിനാൽ നിത്യജീവനേയും.

1. ദൈവത്തിൻ ദാനമായ് നിങ്ങൾക്കു നൽകിയ
പരിശുദ്ധാത്മാവിന്റെ മന്ദിരത്തെ;
വിലയ്ക്കവൻ വാങ്ങിയിരിക്കുകയാൽ നിങ്ങൾ
മഹത്വമേകീടുവിൻ ശരീരത്തിനാൽ

2. കല്പിച്ചതെല്ലാം ചെയ്യുന്ന ദാസരായ്
നിത്യവും നിങ്ങൾ മാറുമ്പൊഴും,
ചെയ്യേണ്ടതല്ലാതെ, ഒന്നുമേ ചെയ്യാത്ത-
പ്രയോജന രഹിതരായെണ്ണിക്കൊൾവിൻ.

## 310

കർത്താവേ തിരുഹിതം അറിയട്ടേ ഞങ്ങൾ
നിവർത്തിക്കുവാൻ ഇതാ തിടുക്കമോടടിയർ;
തിരുസവിധേ വന്നു വിനയമോടല്ലോ-
ഹൃദയം സമർപ്പിപ്പൂ കാണിക്കയായ്.

1. സർവ്വവും അറിയുന്ന നീതിമാനേ,
അന്തരംഗം തന്നെ അറിയുന്നോനേ;
നീതിപാതകളിൽ നടത്തണേ നാഥാ,
മേയ്പരായ് മാറ്റണേ ഞങ്ങളേയും.

2 ദൈവത്തെ അറിയാത്ത കാലമല്ലായ്കിൽ,
ആത്മാവിൻ ശക്തി നീ പകർന്നീടണേ;
ഞങ്ങളെ ദർശിപ്പോരേശുവേ നിന്നുടെ-
സുഗന്ധം നുകരാൻ കൃപയേകണേ.
(2006 മഹായിടവക കൺവെൻഷൻ ക്വയ
റിൽ ഇരിക്കവേ രചിച്ചത് 26.01.06 വ്യാഴം)

## 311

ഹൃദയത്തിൻ ആഴത്തിൽ നിന്നിതാ ഞാൻ-
അർപ്പിച്ചീടുന്നേൻ എന്നേശുവേ,
നൈവേദ്യമായെന്നെ സ്വീകരിച്ചീടണേ;
മാനപാത്രമായ് എന്നും നിലനിർത്തണേ.

കദനത്താൽ നീറുന്ന മനസ്സാകവേ,
ശുദ്ധീകരിച്ചാത്മ ശക്തിയേകൂ,
മൺപാത്രമുടയാതെ കാക്കേണമേ
ആത്മാവു പകരുവാൻ ശക്തിയേകൂ.

1. ആഴത്തിൽ വേരൂന്നി വളരുന്നിതാ,
വാടാതെ ഇലകൾ തഴച്ചിടട്ടേ,
ആത്മനാഥാ വരപ്രാപ്തിയേകൂ,
രോഗോപശാന്തിയാൽ ധന്യനാക്കൂ.

2. നന്നിലമായ് വിത്തു വിതച്ചിടാനായ്,
ഒരുക്കമോടടിയൻ തിരുസന്നിധേ;
കാത്തിരിക്കുന്നിതാ ശാന്തനായ് ഞാൻ,
അഭിഷേകത്തിൽ ശക്തി വെളിപ്പെടട്ടേ.

## 312

അനുഗ്രഹത്തിൻ ഉറവതുറക്കുക,
അനുഗ്രഹ ദാതാവേ,
ആത്മമാരി ചൊരിഞ്ഞു നിത്യം
വളരാൻ തുണയേകൂ.

1. ആത്മമന്നഭുജിച്ചു ദിനവും,
ആത്മനിറവിൽ വളരാൻ;
ആത്മനാഥാ വരമരുളേണം
ആലയമായ് നീ പണിയേണം.

2. തിരുമുൽക്കാഴ്ചകൾ അർപ്പിപ്പൂ,
അമലാ തൃപ്പാദേ ഞങ്ങൾ;
ബലിയായ് അർപ്പിക്കുന്നേ അടിയരിൽ-
സ്ഥിരവാസം ചെയ്യണമീശോ.

3. കുരിശു വഹിപ്പാൻ പ്രാപ്തിയേകൂ,
ദാസരെ നിത്യം കൃപയാൽ,
സംരക്ഷിക്കുക നല്ലിടയാനിൻ;
മാറോടണയും വരെയും.

## 313

ഞാനറിയാതെന്നിൽ അതിശയം ചെയ്തോൻ
രാപകലെന്നും വസിച്ചിടുന്നു,
ഓരോ നിമിഷവും തിരുസവിധേ ഞാൻ
ആത്മാർപ്പണം ചെയ്തു ജീവിക്കുന്നു.

1. സ്തുതിച്ചിടുന്നടിയൻ ആമോദത്താലേ,
ആകയാൽ ദൈവം പ്രസാദിക്കുന്നു;
ഉള്ളത്തിൽ നിറയും സന്തോഷമെന്നിൽ,
നിലനിന്നിടാൻ കൃപ ചൊരിയേണമേ.

2. വഴിതെറ്റി അലഞ്ഞോരുനാളിലീശൻ
നേർവഴികാട്ടിയ സ്നേഹമല്ലേ ?
നിർമ്മലമാനസമനുദിനം വളരാൻ,
നിരന്തരമടിയനു കൃപയേകി നീ.

## 314

ദൈവത്തിനായ് സമർപ്പിച്ചിടാം,
അവൻതന്ന താലന്തുകൾ;
നൽകിടാം പൂർണ്ണ ഹൃദയമോടെ,
താതൻ തൻ കാര്യങ്ങൾക്കായ്.

വിദ്യയും മാനം ധനങ്ങളുമേ,
ദൈവത്തിൻ ദാനമല്ലേ?
പൂർണ്ണമനസ്സോടെ നൽകാമെല്ലാം,
ദൈവത്തിൽ മഹത്വത്തിനായ്.

## 315

യേശുവേ നിൻപേർക്കെന്തു ചെയ്താലും,
അംഗീകരിക്കുന്ന മൽപിതാവേ;
തിരുരാജ്യ വർദ്ധനയ്ക്കെന്നെ നൽകുന്നേ,
ആശീർവ്വദിച്ചെന്നും നടത്തീടണേ.

1. തിരുനാമമല്ലാതെയൊന്നുമില്ലേയീ,
മണ്ണിതിൽ പ്രശംസിക്കുവാൻ;
വിണ്ണിലും നിന്നെ പുകഴ്ത്തി സ്തുതിക്കാൻ,
നൽകണേ നിത്യമാം ആശീർവ്വാദം.

2. ആനന്ദനൃത്തത്താൽ തിരുസവിധേ ഞാൻ,
സ്തുതിഗീതമാലപിക്കുന്നു;
ഇഹലോകത്തിൻ വരമേകിടും പോലെ,
പരലോകമതിലും തന്നനുഗ്രഹിക്കൂ.

## 316

അവിവേകിയെന്നാരും പറഞ്ഞിടാതേ,
അറിവിന്റെ കേദാരം തന്നിലെന്നും;
അദ്ധ്വാനിച്ചീടുവാൻ ഉത്സുകരായ്,
അറിവിന്റെ നാഥനോടൊത്തുചേരാം.

1. ആരെല്ലാം ഭീതിപരത്തിയാലും,
ആദർശം വിട്ടൊഴിഞ്ഞീടരുതേ;
ആരംഭശൂരത്വം മാത്രമല്ല,
ആത്മാവിൻ തേരോട്ടം കണ്ടിടേണം.

2. നിന്നെയുമെന്നെയും വീണ്ടെടുത്തോൻ,
നിത്യമാം സന്തോഷമേകുമല്ലോ;
നിത്യതയ്ക്കായുള്ള ദാഹമോടെ,
നീതിയോടെന്നും നടന്നുകൊൾക.

3. ആത്മാവിൻ നിർദ്ദേശം കേട്ടുനീയും,
ആനന്ദമായ് നടക്കേണ്ടതല്ലേ ?
ആലംബഹീനനായ് മാറിടുമ്പോൾ,
ആത്മനാഥൻ ചാരേവന്നുകൊൾക.

## 317

മുറിവേറ്റ ഹൃദയവുമായ്,
വ്യഥയേറും മനസ്സുമായ് ഞാൻ;
തിരുമാർവ്വിലണയുന്നു നാഥാ,
ആശ്വാസമരുളേണമേ.

1. ഈ ലോക ജീവിതപാതകളിൽ,
വഴികാട്ടിയാമെന്റെ തമ്പുരാനേ;
കാലുകൾ പതറിടുമ്പോൾ,
കരുണാനിധേയെന്നെ താങ്ങീടണേ.

2. തിരുനാമം പൂജിതമായിടുവാൻ,
അനുദിനവും നിൻകരങ്ങളിലായ്;
സമർപ്പണം ചെയ്തിടുമ്പോൾ,
സർവ്വേശ്വരായെന്നെ സ്വീകരിക്കൂ.

## 318

സർവ്വേശ്വരാ, സർവ്വം സമർപ്പിക്കുന്നേ,
കൈക്കൊള്ളണേ എന്റെ പ്രാർത്ഥനകൾ.
വിനയമായ് പ്രാർത്ഥിക്കും മാനസങ്ങൾ പ്രിയാ,
സ്വർഗ്ഗീയ ദാനത്താൽ നിറച്ചീടണേ.

1. അബ്ബാ നിൻ ദാനമാം ആയുസെല്ലാം,
അവിരാമമീഭൂവിൽ സേവചെയ്യാൻ;
ആത്മപ്രിയാ കൃപ പകർന്നീടണേ,
അവിടുത്തെ സുതരായ് വിരാജിച്ചിടാൻ.

2. തിരുസേവയാലുള്ളം ആശീർവ്വദിക്കപ്പെ-
ട്ടാത്മാവിനാലെന്നെ നയിച്ചീടുകിൽ,
ആരെല്ലാം കൈവെടിഞ്ഞെന്നാലും പ്രീയാ;
തിരുഹിതം നിറവേറ്റി ജീവിച്ചിടാം.

## 319

കർത്താവേ കണ്ണീർ കാണേണമേ,
കാരുണ്യത്താൽ കാക്കേണമേ;
കരുണയില്ലാത്തോർക്കിടയിൽ ഞങ്ങൾ,
കാപട്യമില്ലാതെ ജീവിച്ചിടാം.

1. കല്ലോലജാലം ആർത്തിരമ്പുന്നേ,
കരകാണാതാഴിയിൻ നടുവിൽ ഞങ്ങൾ;
കാറും കോളും ഭീതിവിതറുമ്പോൾ,
കാരുണ്യവാനേ ശാസിക്കണേ.

2. കൺമണിപോലീ ദാസരെ നിത്യം,
കാക്കുന്ന പ്രീയാ തൃപ്പാദത്തിൽ;
കാണിക്കയായിതാ അർപ്പിക്കുന്നേ,
കണ്ണീരിൽ കഴുകിയ ഹൃദയങ്ങളെ.

## 320

സാന്നിദ്ധ്യം നിറയട്ടേ ദൈവമേ നിൻ-
സാന്നിദ്ധ്യത്താലുള്ളു കുളിർത്തിടട്ടേ;
സായൂജ്യമോടെന്നും യേശുവിൻപാദേ,
സമർപ്പണം ചെയ്യുന്നേ സമ്പൂർണ്ണമായ്.

1. ആകുലമെല്ലാം അകന്നുപോയി,
ആലസ്യമൊക്കേയും പോയ് മറഞ്ഞു;
ആലിപ്പഴംപോൽ കണ്ണീർക്കണങ്ങൾ,
ആലയവാതിൽക്കൽ അടർന്നു വീണു.

2. തിന്മകൾ ചിറകറ്റു വീണുപോകെ,
തീതിന്നുമനുഭവം ശാന്തമായി;
തീയമ്പുപോൽ കുത്തിനോവിക്കുവാൻ,
തിന്മകൾ രാപകലെത്തിനോക്കി.

3. ആർക്കും സഹിക്കുവാനാവാത്ത തിന്മ,
ആത്മനാഥാ ഞാൻ സഹിച്ചതാലേ;
ആതങ്കഭാരങ്ങൾ അകറ്റുമാത്മാവേ,
ആശ്വാസമായ് നീ വന്നിടേണം.

# 321

ഹല്ലേലൂയാ.............. (3)
അന്ത്യകാല സന്ദേശം കാതോർക്കാം,
കാരുണ്യത്തിൻ വാഗ്ദാനം പ്രാപിക്കാം;
നല്ലവൻ വല്ലഭൻ പ്രീയനെൻ നായകൻ,
രക്ഷിതാവമർത്യനാം സ്നേഹദായകൻ.

1. യാഗമായി നാം നമ്മെ നന്ദിയായ്,
അർപ്പണം ചെയ്തിടാം തൃക്കരങ്ങളിൽ;
ഭക്തിയോടേശുവിൻ പാദപീഠത്തിൽ,
കണ്ണുനീർ വാർത്തുനിന്നിടാം.

# 322

അനുപമസ്നേഹത്തികവാമീശൻ,
അനുദിനമകമതിൽ വാഴട്ടേ;
അകമേതിങ്ങുമനശ്വരസത്യം,
അനുനിമിഷം പുകൾ കൊള്ളട്ടേ.

1. വികലമനസ്സിന്നുടമകളാകിയ,
വിധിയുടെ ക്രൂരമൃഗങ്ങളേ;
വിമലാത്മജരായ് വിശ്വം നേടാം,
വിജയപതാകകൾ പാറിക്കാം.

2. കീറിമുറിക്കും, കഠിനത പേറും,
കീർത്തികളാരാഞ്ഞുഴലുന്നോർ;
കീർത്തനനാദമുതിർത്തുടയോനായ്,
കീഴ്പ്പെടുകിൽ അജഗണമാകും.

3. കാപട്യത്തിൻ മൂടികളണിയും,
കാലുഷ്യത്തിൻ ചെപ്പുകളേ;
കാരുണ്യത്തിൻ തികവായ് മാറുക,
കാൽവരിനാഥനിലർപ്പിക്ക.

# 323

ദൈവാത്മാവേ എന്നെ കൈവിടല്ലേ,
സംശുദ്ധ മാനസം കാത്തിടേണേ;
നിത്യതയോളം നീ കൂട്ടുവേണം നാഥാ,
എൻ ഉള്ളത്തിൽ നീ വസിച്ചിടേണം.

1. പലതരം ശോധന പെരുകിടുന്നേ,
പലരുമെൻ ദേഹിയെ മെതിച്ചിടുന്നേ;
വിലയില്ലാത്തോനായ് വെറുക്കപ്പെടുന്നേ,
പകയോടെൻ നേർക്കവർ ചീർത്തിടുന്നേ.

2. അനുതാപക്കണ്ണീർ ഞാനൊഴുക്കിടുന്നേ,
അലിവില്ലാതേവരും പൊരുതിടുന്നേ;
തിരുസ്നേഹം നുകരാൻ അടുത്തുവന്നേ,
തിരുമാർവ്വിൽ ചാരിടാൻ കൊതിച്ചിടുന്നേ.

3. ആത്മാവിൻ ആഴത്തിൽ വേരോടുമെൻ,
അലിവുള്ള മാനസം വിനയമോടെ;
തിരുമുൽകാഴ്ചയായ് അർപ്പിക്കുന്നേ,
ഏഴയെ എന്നെന്നും കാക്കേണമേ.

# 324

ദൈവമേ എന്റെ നിലവിളി കേൾക്കേണമേ,
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണേ;
എന്റെ ഉള്ളം ഞരങ്ങവേ, നാവും വരളുന്നേ,
സ്നേഹത്തിന്നുറവ നീ തുറന്നു തരൂ.

1. എന്റെ അധരം ലാവണ്യ നാദമോടേശുവെ,
പാടി സ്തുതിച്ചാർക്കുമേ;
സ്തുതിഗീതികൾ തിരു സവിധെ ഉയർന്നെൻ-
യാഗമായ് മാറീടുമേ.

2. എന്റെ ആകുല ചിന്തകൾ വെടിയാനെന്നും,
യേശുവിൽ അഭയം പ്രാപിക്കുന്നേ;
അനുതാപമോടേഴ കരഞ്ഞു കലങ്ങിയ,
കാഴ്ച നീ കാണുന്നില്ലേ ?

3. എന്റെ ജീവിതലക്ഷ്യമതേശുവിൻ മഹത്വം,
അതു ഞാൻ വെളിപ്പെടുത്തീടട്ടേ;
അതിനായ് ജീവിതകാലമെല്ലാം നിൻ,
സേവകനായീടുമേ.

# 325

യേശുവിൻ പൈതലാണു ഞാൻ,
ഞാനവന്റെ സ്വന്തമെന്നുമേ;
രക്ഷയേകി വീണ്ടെടുത്തതാൽ,
ജീവിച്ചീടും അവനുവേണ്ടി ഞാൻ.

1. അരുവികളേ കുഞ്ഞരുവികളേ,
വിനയത്തിൻ തോടുകളേ;
നിശബ്ദമായിട്ടൊലിച്ചു വമ്പൻ,
പ്രവാഹമായ് നാം മാറേണം.

# 326

അബ്ബാ നിൻ സന്നിധിയിൽ,
അടിയാർ വന്നിടുന്നേ;
ആത്മാവിൽ ആരാധിക്കാൻ,
ആദരാൽ വരുന്നു ഞങ്ങൾ.

1. അടിയങ്ങൾ തിരുസുതരായിടട്ടേ,
ആത്മവരം നീ തരികയെന്നും;
അവകാശികൾ സേവകരെന്നും,
അവിടുത്തെ ആലയങ്ങൾ.

2. അന്യരെന്നെണ്ണിയില്ലാരേയുമേ,
ആരെല്ലാമേശുവിന്നരികെ വന്നാലും;
അകലാതവൻ തിരുക്കരത്തിനാലേ,
അഭയമേകീടുന്നതിശയമേ.

# 327

അൻപിൻ കരങ്ങൾ നീട്ടണേ നാഥാ,
അവിവേകികൾതൻ പിഴകൾ ക്ഷമിക്ക;
അപരാധമൊന്നും ചെയ്യാതെ ഞങ്ങൾ,
ആവതും ചേർന്നു നടന്നുകൊള്ളാം.

1. പടകിന്മേൽ ശാന്തഗംഭീരനെൻ യേശു,
കടന്നനേരം കടൽ ശാന്തമായി;
അതുവരെ ഏകാന്ത ചിത്തനായ് നാഥൻ,
കടലിന്റെ മറുകരെ പ്രാർത്ഥിക്കയായ്.

2. തിരുസാന്നിദ്ധ്യം അടിയാരോടൊപ്പം,
പോരുവാൻ മനസ്സാകുമോ ? പ്രീയാ;
അല്ലായ്കിലങ്ങേ വിട്ടെങ്ങുമേ പോകാൻ,
ഇടയാക്കിടല്ലെന്റെ തമ്പുരാനേ.

3. സ്നേഹമേയ്പാ നീയല്ലാതെ ആരുമേ,
ആശ്രയിപ്പാനില്ല ഭൂവിലാരും;
ജീവിതം നീ തന്ന ദാനമതല്ലോ ?
അന്ത്യംവരേയ്ക്കും നിൻസേവ ചെയ്യും.

# 328

തമ്പുരാനേ മഹാദൈവമേ ഞങ്ങൾ,
തവനാമം കീർത്തിക്കാൻ ഒരുങ്ങിടുന്നേ;
തിരുമനസ്സായിടാൻ, അടിയാർക്കു ഭാഗ്യം,
തരുവതിനീശോ കൃപയരുൾക.

അബ്ബാപിതാവേ എന്നാദരാലങ്ങേ,
അനുദിനം ധ്യാനിച്ചു മാനിക്കുവാൻ;
അദൃശ്യനാകിലും അരികിൽ വരേണമേ,
ആനന്ദദായകാ നമിച്ചീടുവാൻ.

മെയ് മറന്നങ്ങയെ മാനിക്കുവാനും,
മലകൾ കടന്നാർത്തുഘോഷിക്കാനും;
മാനസങ്ങൾ നാഥാ അർപ്പിച്ചിടുന്നേ,
മമ നാഥനേ അങ്ങു സ്വീകരിക്കൂ.

പരമപിതാവിന്റെ മക്കളായാലും,
പരിശുദ്ധമാനസം കൈവന്നാലും;
പരിപക്വമായുള്ള മനുഷ്യനായാലും,
പരിശുദ്ധ ജീവിതം ദാനമല്ലോ ?

# 329

ദൈവത്തിനായ് നമ്മെ സമർപ്പിച്ചിടാം,
അവനല്ലോ നമ്മേയും നിർമ്മിച്ചവൻ;
ദാനമായ് നമുക്കവനേകിയല്ലോ,
താലന്തുകൾ, ഭുജബലമിവകൾ.

1. കൊടുക്കാമിവ, പൂർണ്ണഹൃദയത്തോടെ,
നിർബ്ബന്ധത്താലല്ല, സന്തോഷത്തോടെ,
സ്വീകരിച്ചവൻ നമ്മെ മാറോടണയ്ക്കും,
വൻ കാര്യങ്ങൾ നമ്മിൽ നിറവേറ്റും.

2. വിശ്വസ്തനാം ദൈവം സ്നേഹമല്ലോ ?
വിനയപ്പെടാം തിരുകരങ്ങളിൽ നാം;
വിദ്യാധനം മാനം എന്നിവകൾ സദാ,
ദൈവത്തിനായ് തന്നെ അർപ്പിച്ചിടാം.

# 330

കന്യയാൾ പിന്നിട്ടുഭയസമ്മതം;
ദാമ്പത്യജീവിതം തുടങ്ങിയില്ല;
ആകിലും വാഗ്ദാനം സ്വാംശീകരിച്ചോൾ
ഉദരത്തിലിടമേകി ദൈവപുത്രന്.

1. ആത്മാവിൽ നീതികരിക്കപ്പെടാൻ
ദൂതർക്കു പ്രത്യക്ഷനായ ഈശോ,
ലോകർക്കു വിശ്വാസമേകുംവിധം
ജാതികൾ മദ്ധ്യേ വെളിപ്പെടുത്തി.

2. തേജസിൽ ചേർത്തു കൊള്ളേണ്ടുന്നവൻ
കാൽവരിക്കുന്നിന്റെ അരികിലായി
കല്ലറവാതില്ക്കൽ ഉയർത്തെണീറ്റ്,
പ്രത്യക്ഷനായ് മഗ്ദല മറിയയ്ക്കവൻ.

# 331

നിർമ്മലമാനസം ഞങ്ങളിൽ ദർശിക്കും,
സർവ്വേശ്വരാ തവ ദാസരിതാ;
ആത്മാർപ്പണത്തിന്റെ സായൂജ്യമോടിതാ,
ആരാധിക്കുന്നു, സ്തുതിച്ചിടുന്നു.

1. ഗലീലാക്കടലിന്റെ ആഴത്തിൽ വീഴാതെ,
കരംഗ്രസിച്ചടിയാരെ നടത്തുവോനേ;
തിരുമനസ്സാകുമോ? പത്രോസിനെ തന്റെ-
പാണിയിൽ വഹിച്ചപോൽ ഞങ്ങളേയും ?

2. അത്യഗാധത്തിങ്കൽ താണുപോയീടാതെ,
മുമ്പിലും പിമ്പിലും തുണവേണം നീ;
മേഘസ്തംഭത്തിലും അഗ്നിസ്തംഭത്തിലും,
നടകൊൾക പ്രിയനാഥാ തുണയേകുവാൻ.

3. ശിശുക്കളാമടിയങ്ങൾ തൃക്കരം പിടിച്ചുകൊ-
ണ്ടനുദിനം നടക്കുവാൻ അഭ്യസിക്കും;
അന്നേരമേശുവേ പാദം ഉറയ്ക്കായ്കിൽ,
കരം ഗ്രസിച്ചീടണേ വീണിടാതെ.

# 332

യേശുവേ ഞങ്ങൾ നിസ്സഹായരായിതാ,
അവിടുത്തെ സന്നിധേ അഭയത്തിനായ്;
ചഞ്ചലമാനസമാകെ വെടിഞ്ഞിതാ,
ശരണം പ്രാപിക്കുന്നു നീതിമാനേ.

1. തളരുന്ന മനസ്സിന്റെ നൊമ്പരങ്ങൾ,
അറിയുന്ന സത്യപ്രകാശമേ നീ;
നീതിബോധം നൽകി നേർവഴികാട്ടൂ,
അജഗണങ്ങൾ പിന്നിൽ അണിനിരക്കും.

2. എത്രമഹത്തരമായുള്ള ചിന്തയും,
ദൈവത്തിൻ മുമ്പിൽ നിസ്സാരമത്രേ;
ചിന്തകളെല്ലാം അറിയുന്ന തമ്പുരാൻ,
ചന്തമായ് നമ്മെയും വഴിനടത്തും.

# 333

കരുണയ്ക്കായനുദിനം കാത്തിരിപ്പൂ,
ആകാംഷയോടിതാ കാത്തിരിപ്പൂ;
തിരുനാമകീർത്തനം സായൂജ്യദായകം,
ആകയാൽ സേവകർ നമിച്ചിടുന്നേ.

1. അമരത്തിരിക്കുന്ന നായകാ തിരുമുമ്പിൽ,
അനുതാപ മിഴിയുമായ് വിനയമോടെ;
സ്നേഹം പകരുവാനുള്ള മോഹത്താൽ,
ആർദ്രതയോടിതാ ദാസർ ഞങ്ങൾ.

2. ചപലമാമുള്ളങ്ങൾ സ്ഥിരമാക്കണേ,
തവനാമം കീർത്തിക്കാൻ വരമേകുമോ?
സർവ്വേശപാദം വണങ്ങാനിതാ,
തിരുസവിധേ നിത്യം ഒരുങ്ങിടുന്നേ.

# 334

ആത്മാർപ്പണം ചെയ്യും ദാസരായ് ഞങ്ങൾ,
ആത്മാവിലാരാധിക്കാം;
സ്വർഗ്ഗസ്ഥനാം പിതാവാശീർവ്വദിച്ചതാൽ,
സർവ്വം സമർപ്പിച്ചിടാം.

1. അറിവിൻ കവാടം തുറന്ന പ്രാണേശാ,
അറിവുകൾ പകരാൻ തുണയേകണേ;
അറിവില്ലാത്തോരാം ഞങ്ങളെയെല്ലാം,
അറിവുള്ളോരാകാൻ വരം തന്നുനീ.

2. സത്യസ്വരൂപനെ പിൻപറ്റിടാനെന്നും,
നിത്യചൈതന്യമേ കൃപയേകണേ;
സത്യത്തിൻ മാർഗ്ഗം തിരിച്ചറിവേകുമ്പോൾ,
നിത്യമാം സത്യത്തെ അറിഞ്ഞിടുന്നു.

3. തിരുമാർവ്വിലഭയം പ്രാപിച്ചിടുന്നേ,
തിരുസ്നേഹമെത്രയോ ധന്യമെന്നും;
അരുതാത്ത തെറ്റുകൾ വന്നുപോയി;
അരുമക്കിടാങ്ങൾക്കു ക്ഷമയേകണേ.

# 335

കളിമണ്ണുകുശവന്റെ കരങ്ങളിലെന്നപോൽ,
ദൈവമേ ഞാനും തൃക്കരങ്ങളിലായ്;
കുശവൻ തന്നിഷ്ടംപോൽ മെനഞ്ഞിടും പോലെ,
മാനപാത്രമായെന്നെ മാറ്റേണമേ.

1. മനം തിരിഞ്ഞീടുമ്പോൾ ഏതൊരാളേയും,
മഹത്വവാനാം ദൈവം ആദരിക്കും;
ദുർമ്മാർഗ്ഗം വിട്ടോടി നടപ്പും പ്രവൃത്തിയും,
നന്നാക്കുകിൽ നാഥൻ അനുഗ്രഹിക്കും.

2. ദൈവത്തെയെന്നാളും വിസ്മരിച്ചീടിൽ,
അനർത്ഥങ്ങളിൽ മുഖം മറച്ചിടുന്നോൻ;
ദുഷ്ടതവിട്ടു തിരിഞ്ഞീടുകിൽ ദോഷം
ഭവിക്കാതവൻ സ്വയം അനുതപിക്കും.

3. ദൈവമേ അവിടുത്തെ സമ്പൂർണ്ണ അധികാരം,
വിസ്മരിക്കുന്നില്ല നീതിമാനേ;
അനുതാപചിത്തനായ് തിന്മകൾ വിട്ടെന്നും,
താതന്റെ വചസ്സുകൾ ധ്യാനിച്ചിടും.

## 336

എന്നിൽ ചൊരിയും സ്നേഹം,
അഭൗമ ദാനം, സൗഭാഗ്യം;
സൗരഭ്യം പരത്തീടാനായ്,
കർത്താവൊന്നേ തുണയാളി.

1. വിശ്വാസത്തിൽ വളർന്നിടാൻ,
വീഴാതെന്നും നിലനിൽക്കാൻ;
അഗ്നിപരീക്ഷ ജയിച്ചീടാൻ,
നാഥനിലഭയം പ്രാപിക്കാം.

2. സത്യവ്രതനായ് മാറീടാൻ,
കുറ്റം വെടിഞ്ഞു ജീവിക്കാൻ;
സത്യ നിഷേധിയാകാതെ,
കൃപയാൽ പാലിക്കും ദൈവം.

## 337

എനിക്കായ് തകർന്നവനേ,
കുരിശതിൽ മരിച്ചവനേ;
തിരുനിണമെനിക്കായ് ചൊരിഞ്ഞല്ലോ ?
യാഗമായ്, കാൽവരിയിൽ.

1. വിശുദ്ധമാം പാത ഞാൻ കണ്ടിടുവാൻ,
അനുനിമിഷം തവപാദമതിൽ;
തിരുഹിത നിവൃത്തിയെന്നാശയതാൽ
ശരണം! വഴിനീ കാട്ടേണമേ,

2. സ്വർഗ്ഗപിതാവിന്നേക സുതൻ യേശു,
തിരുഹിത നിവൃത്തിക്കായൊരുങ്ങി
ഭയരഹിതനായ് ഞാൻ തിരുസുതനായ്,
യേശുവിനായ് നിത്യം സേവ ചെയ്യും.

## 338

പാപിയാമെനിക്കു സ്വന്തമേശുമാത്രമേ,
പാരിടത്തിലാശ്രയം പൊന്നേശുവേമതി;
പാതതെറ്റി ഓടുമെന്റെ പാത കാക്കുവാൻ
പാലനം ചെയ്താശിഷം ചൊരിയേണമേ.

1. കദനഭാരമേറിടുന്നു പാപമോചകാ,
അഗതിയോടു കനിവുതോന്നി കരുണ കാട്ടുകേ;
കഠിനഹൃദയനല്ല ഞാൻ പൊന്നുതാതനായ്,
സർവ്വവും സമർപ്പണം നടത്തിടുന്നിതാ.

2. നീതിബോധമുള്ളിലേകി മാനസം സദാ,
വിനയമോടു പ്രതികരിക്കുവാൻ വരം തരൂ,
പാപബോധമേകിയാത്മശുദ്ധി കൈവരാൻ,
കരുണയേകണേ ഭവാൻ തുണക്കയെന്നെയും.

## 339

ദൈവമേ അങ്ങയെ വേദനിപ്പിച്ചുവോ ?
തിരുനാമം ഞങ്ങളാൽ ദുഷിച്ചുവെന്നോ ?
തവദാനമൊക്കേയും അനുഭവിച്ചോർ ഞങ്ങൾ,
നിർമ്മല ജീവിതം കാഴ്ചവെയ്ക്കാം.

1. തിരുനിവാസത്താൽ സമ്പന്നരാക്കിയ,
തവദാസരാം ഞങ്ങൾ നിന്റെ മക്കൾ;
നിരുപമ സ്നേഹത്തിൻ ലഹരിനുകർന്നവർ,
അനശ്വര നാമത്തിൻ പോരാളികൾ.

2. അജയ്യരായ് തീരാൻ ഓരോ നിമിഷവും,
അവിടുത്തെയപദാനം ഘോഷിക്കുവിൻ;
നിർമ്മലമാനസമനുദിനം വളരുവാൻ-
അതിശക്തി വേണം ദേവാത്മജാ.

3. കനിവേറും നാഥാ അമലാ നിൻ മാർവ്വിൽ,
ആശയോടേഴകൾ അഭയാർത്ഥിപോൽ;
വിലയം പ്രാപിക്കുവാൻ ആശിച്ചിടുന്നേ,
കാരുണ്യവർഷം തിരു ദാനമല്ലോ ?

## 340

ഞാൻ പാടും യേശുവിനായ്,
സ്തുതി ഗീതങ്ങളെന്നെന്നും;
അവൻ ചെയ്ത നന്മകൾ അനുദിനവും,
സ്തുതിച്ചാർത്തുപാടി ഞാൻ അരികെയെത്തും.

1. പഴിദുഷിനിന്ദകൾ ഞെരുക്കങ്ങളും,
തീരാവ്യാധികളലട്ടിടുമ്പോൾ;
ആത്മമണാളൻ ചാരെയുണ്ടെന്നാൽ,
ആകുലമെല്ലാം മാറിടുമേ.

2. വിശുദ്ധനായ് നാഥാ നാവിൽനിന്നും,
പരമ പിതാവിനു സ്തുതിയേകാൻ;
ഒരുക്കിടുമടിയൻ ഹൃദയത്തെയും,
കാണിക്കയായിതാ സമർപ്പിക്കുന്നേ.

3. എന്നെയും മനുഷ്യനായ് മാറ്റിയ ദേവാ,
തിരുഹിതമടിയനു ദർശ്ശിച്ചീടുവാൻ;
മനസ്സായീടുക പരമാത്മാവേ,
സ്ഥിരമായ് വാസം ചെയ്കയെന്നിൽ.

4. വാഗ്ദത്തങ്ങൾ നിവർത്തിക്കുമേശു,
കരുണയിന്നുറവിടമാകയാലേ,
ദർശ്ശന സൗഭാഗ്യമേകിയെന്റെ,
മനസ്സിനു ശാന്തി ചൊരിഞ്ഞീടണേ.

## 341

ആത്മാവുകേഴുന്ന മൽപിതാവേ,
സായൂജ്യമോടെന്നും ജീവിക്കുവാൻ;
വരമേകണേ തിരു പാദാന്തികേ,
അഭയംതേടും തവ സുതനിന്നു നീ.

1. കൃപയാലങ്ങേകിയ വരദാനങ്ങൾ,
തൃജിക്കുവാൻ ഞാനില്ല പൊന്നുനാഥാ;
തിരുമുഖമെന്നിൽ നിന്നകന്നിടല്ലേ?
തിരുസുതനായ് ഞാനണയുന്നിതാ.

2. തവനാമത്തിന്നു പുകഴ്ചയേകാൻ,
കൃപാവരങ്ങൾ ജ്വലിപ്പിക്കുമോ ?
കർത്താവേയെന്നെ നീ തള്ളിക്കളഞ്ഞാൽ,
തുണയില്ലാതെന്തു ഞാൻ ചെയ്യുമീശോ?

3. അന്ന വസ്ത്രാദികൾ നൽകിയെന്റെ,
തിന്മയുമെല്ലാം അകറ്റിടുന്നോൻ;
ഖിന്നരിലാനന്ദം മന്നപോൽ വർഷി-
ച്ചനുഗ്രഹമാരിയാൽ നയിച്ചിടുന്നു.

4. പാറയാം ക്രിസ്തു അരികിലുള്ളപ്പോൾ-
ഏഴയെന്നെന്നും സന്തുഷ്ടനായ്;
വിശ്രമിച്ചെന്നും സായൂജ്യംനേടും,
പാറയിൽ അഭയം പ്രാപിക്കയാൽ.

## ക്രിസ്തുമസ്

## 342

ബത്ലഹേമിൽ മടിയിൽ
രാജരാജൻ പിറന്നു;
ഉണ്മയാമേശു താരകംപോൽ
മേദിനിതന്നിൽ ജാതനായി.

1. ശിശിരക്കുളിർ കാറ്റിളകിയ വാനിൽ
ദൂതഗണങ്ങൾ അണി നിരന്നുനിന്നൂ;
അത്യുന്നതൻ തൻ ജന്മഗേഹം
സ്തുതികളിനാൽ നിറഞ്ഞുനിന്നു.

2. ശരറാന്തൽ മെല്ലെ തെളിഞ്ഞുനിന്നു,
അജപാലർ ചെമ്മേ കടന്നുവന്നു,
ഗോശാലനന്നേ നിറഞ്ഞുവേഗം
അത്യുന്നതന്നേകി മഹത്വവും.

## 343

ശീതള ചന്ദ്രിക പാലൊളിതൂകും,
ശീതനിശീഥിനിതന്നിൽ;
ബേദലഹേമിൽ കാലിതൻമേട്ടിൽ,
ദേവസുതൻ പിറന്നൂ.

1. കന്യകസുതനാമുന്നതനേ,
സുന്ദരനാം മമനായകനേ;
രാജകുലോത്തമ മിശിഹായേ,
തിരുസവിധേ നമിച്ചിടുന്നേ.

2. വഴിയമ്പലവും ഉന്നതഗേഹവും,
രാജാധിരാജന്നേകാതെ;
തിരുഹിതമായ് ദൈവപുത്രനു,
കാലിക്കൂടതിലഭയമതേ.

3. കൊട്ടാരവാസം സ്വർഗ്ഗീയരാജനു,
ചേരാത്തതെന്തെൻ ദൈവമേ?
മർത്യാവതാരം വരിച്ചു നീയെൻ,
പാപത്തിൻ ശാപം ചുമന്നു തീർക്കാൻ.

## 344

ശാശ്വത ശാന്തിപകർന്നിടുവാൻ,
ധരണിയിലേശു പിറന്നു;
ഉണർന്നുപാടാം സ്തുതിഗീതം നാം,
ഘോഷിക്കാം തൻ നാമത്തെ.

1. സർവ്വേശ്വരനാമേശുയിഭൂവിൽ,
സർവ്വജനത്തിനുമാഹ്ളാദം;
പകർന്നു നൽകാൻ മാനുഷനായ്,
അവതാരം ചെയ്തതിശയമേ.

2. വിണ്ണിൽ സ്തുതിഗീതങ്ങൾ മുഴക്കി,
ദൂതഗണങ്ങളുമൊന്നായി;
അജപാലകരതിമോദത്താൽ,
ഉണ്ണിപിറന്നതു ഘോഷിച്ചു.

## 345

ഹിമകണ മലരുകൾ പുതച്ചുറങ്ങും,
സുരഭില സുന്ദര ബേദ്ലഹേം;
ഞെട്ടിയുണർന്നൂ ദൂതഗണത്തിൻ,
ആരവമവിടെ മുഴങ്ങുകയാൽ.

ആ........ ആ........ ആ........ ആ........ (2)
അത്ഭുതമന്ത്രിയേശു.........
വീരനാം ദൈവം യേശു.......
നിത്യപിതാവവൻ യേശു
സമാധാനപ്രഭുവും യേശു:

1. പാലൊളിതൂകും ശീതളചന്ദ്രിക,
പുഞ്ചിരിയാൽ സുരനാഥന്മേൽ;
ആശിഷമരുളും നേരം ഘോഷി-
ച്ചത്യുച്ചത്തിൽ, ഭയപ്പെടേണ്ട.
ആ........ ആ........ ആ........

2. അത്യുന്നതനായ് വാസം ചെയ്യും,
പരമപിതാവിനു മഹത്വവും;
ഭൂവിതിൽ ദൈവപ്രസാദമുള്ളോർ-
ക്കേകീ ദൂതർ ശാന്തിയുമേ.
ആ........ ആ........ ആ........

3. കൗതുകമോടതിവിനയാന്വിതരായ്,
വണങ്ങിനിന്നജപാലഗണം;
കോൾമയിർകൊണ്ടനുഭൂതിയുമായ് ശിശു-
മിശിഹാസവിധേ നിർമ്മലരായ്.
ആ........ ആ........ ആ........

# 346

കുരിരുൾ തന്നിൽ സൂര്യോദയംപോൽ,
ശ്രീയേശുനാഥൻ ഭൂജാതനായ്;
ഭൂലോകമാകെ കോരിത്തരിപ്പിൻ,
മലരുകൾ വസന്തംപോൽ വിടർന്നുവന്നു.

1. ഈശോ പിറന്നതാം നിർദ്ദിഷ്ടനേരം,
മാലാഖമാരെത്തി വിണ്ണിൽ നിന്നും;
കാതോർത്തുമറിയം, ദൈവപുത്രന്റെ;
പൊട്ടിക്കരച്ചിലിൻ ശബ്ദമപ്പോൾ.

2. മാറാത്ത ഭീതിയാൽ ഈശോമാതാവ-
ന്നേറ്റം വിഷണ്ണയായ് ഗോശാലയിൽ;
ദൈവപുത്രൻതൻജന്മഗേഹം ക-
ണ്ടുള്ളം കലങ്ങി സംഭീതയായി.

3. അതിമോഹമുള്ളിൽ വളർന്ന ഹേറോദാ,
അവനിയിൽ മര്യാദ ലംഘിക്കയാൽ;
അഗതിയാം ജോസേഫ് മറിയവുമായ്,
അതിവേഗം നാടുവിട്ടന്നു രാവിൽ.

# 347

കന്യകഗർഭിണിയായ് മകനെ പ്രസവിച്ചു,
പരിശുദ്ധാത്മാവാൽഎല്ലാം സാദ്ധ്യമാണല്ലോ?
ലോകത്തിന്റെ കൊടും പാപങ്ങൾ ചുമന്നു
തീർക്കാനായ്,
ദൈവംതന്നെ മനുഷ്യനായ് അവതാരം
ചെയ്തു.

വിണ്ണിനു സംപ്രീതി.............
മണ്ണിനു സൗഭാഗ്യം..............
വിനയാന്വിതനായ് പാരിൻ പാപം
ചുമലതിലേറ്റിയതാൽ.

1. അത്യുന്നതനുടെ വിശുദ്ധ ശക്തി,
നിഴലിട്ടീടുകയാൽ;
ഉത്ഭവിപ്പതു വിശുദ്ധ പ്രജയാ-
ണറിയേണം നീ മറിയേ.

2. ഭവിച്ചിടട്ടേ തിരുസ്വരമതുപോൽ,
ദാസിയിതാ സവിധേ;
കർത്താവരുളിയ വസ്തുതയെല്ലാം,
നിവൃത്തിയാകട്ടെന്നിൽ.

3. ഹേരോദാവിൻ കുടിലമനസ്സിൻ,
നിരൂപണങ്ങളറിഞ്ഞവൻ,
ശാസ്ത്രികൾക്കതിവേഗം തന്നെ,
മാർഗ്ഗദർശനമേകി.

4. വിദ്വൽ ജനമേ, മടങ്ങി നിങ്ങൾ,
പോയീടരുതേ അരമനയിൽ;
ധന്യർ നിങ്ങൾ വേറേ വഴിയായ്,
എത്തുക സ്വന്തം ദേശേ.

# 348

ലോകനാഥൻ യേശുപിറന്നു,
പാപിയെ നേടീടാൻ;
ബേത്‌ലഹേമിൽ ശീതനിലാവിൽ,
കരുണയിൻ അവതാരം.

എങ്ങും - ശാന്തിപകർന്നീടാൻ,
ദേവൻ - ഹീനനായവതരിച്ചു;
നിത്യതയിൽ നമ്മെ ചേർക്കാൻ,
സ്വർഗ്ഗസൗഭാഗ്യം വെടിഞ്ഞു.

1. വിദ്വാന്മാരതിവേഗം,
കാഴ്ചകളേകാൻ എത്തി;
ഹേരോദാവിന്നരികിൽ,
അത്ഭുതവാനെ വണങ്ങാൻ.

തങ്ക - കട്ടിലുകൾ വെടിഞ്ഞു,
ഈശൻ - വാൾമുനയേൽക്കാതെ;
ചുറ്റും ഭയത്തിന്റെ തേങ്ങൽ,
കേട്ടുൾകുളിർത്തെന്റെ രാജൻ.

2. അത്ഭുതവാനെക്കാണാതെ,
അതിശയമോടവർ മൂവർ;
വാൽ നക്ഷത്രം നോക്കി,
ഉണ്ണിപിറന്നിടമെത്തി.

# 349

സന്തുഷ്ടരായ് നാം ആഘോഷിക്കാം,
ക്രിസ്തുയേശുവിൻ ജന്മോത്സവം;
ലോകമെങ്ങുമേ സത്യവാർത്തയായ്,
ദൂതർ വാനിലത്യുച്ചത്തിൽ ഘോഷിച്ചീടുന്നു.

1. മർത്യവംശമാകെ ചെയ്ത ദോഷമെല്ലാം,
സ്നേഹമോടെ താതൻ വഹിച്ചു തീർക്കാൻ;
സ്വർഗ്ഗഗേഹം വിട്ടിറങ്ങിവന്ന മേയ്പനേ,
കൈതൊഴാം കൈതൊഴാം സ്നേഹനാഥനേ.

2. ക്രൈസ്തവർക്കു മോദമേകിടുന്ന നല്ലനാൾ,
ജാതികൾക്കു നിത്യമോചനം വരുത്തിടും;
രക്ഷകൻ പിറന്ന വാർത്തകേട്ടു നിങ്ങളും,
സത്യദേവനെ വണങ്ങി പിൻഗമിക്കുവിൻ.

# 350

പരിമളമുതിരും രാത്രീ - പാവനരാത്രി,
പരമപിതാവിന്നവതാരം - അവതാരം;
പരമപിതാവിന്നവതാരം.
ശീതളരാവിൽ - നീലനിലാവിൽ-
പരമപിതാവിന്നവതാരം, അവതാരം;
പരമപിതാവിന്നവതാരം.

ആ...............ആ.........................ആ...........

1. ശീലകൾ ചുറ്റി, ഗോശാലതന്നിൽ,
മേവുന്നു രാജാധിരാജൻ;
താണുവണങ്ങി, കാഴ്ചയുമായി
ശാസ്ത്രികൾ വന്നന്നുരാവിൽ. - (പരിമള)

2. മാലാഖവൃന്ദം നിരന്നന്നു നിന്നു
ഓതുന്നുദിവ്യമാം വാക്യം,
അജപാലരെല്ലാം ഒന്നിച്ചു കൂടി
ദേവനു സ്തുതി ഗീതം പാടി. - (പരിമള)

# 351

രോമാഞ്ചകഞ്ചുകമോടേശു നാഥനെ,
ബത്‌ലഹേം ഗോശാല തന്നിൽ;
കണ്ടു നമിച്ചാശിഷം നേടിഇടയർ,
ശീതനിശീഥിനി തന്നിൽ.

1. ദിവ്യാവതാരം ദർശിക്കാൻ മൂവർ,
ഹേരോദാ രാജാവിൻ അരമനയിൽ;
ആശയോടെത്തി, ദേവജന്മം തേടി,
ആശയറ്റോരായ് യാത്രയായി.

2. അത്യുന്നതൻ ദൈവപുത്രൻ പിറന്നു,
ഭൂമിയിൽ ശാന്തിയിൻ വാഗ്ദാനമായ്,
സ്വർഗ്ഗീയവാർത്തയോടെത്തിയോർ വേഗം,
അത്യുന്നതന്നേകി മാമഹത്വം.

# 352

ദീപാവലി ഐക്യദീപാവലി,
ഭൂലോകമെങ്ങും പ്രഭാപൂരമേകും;
ദിവ്യാത്മജൻ തന്റെ ജന്മോൽസവം.

1. പാപാന്ധകാരം പാടേയകറ്റാൻ,
പരിശുദ്ധ ദീപമായ് പിറന്നുദേവൻ;
മാനവരാശിക്കു മോക്ഷമേകാനായ്,
മിശിഹാ ജാതനായ് മേദിനിയിൽ.

2. ആത്മാർപ്പണം ചെയ്യുന്നാരെയും വക്ഷസിൽ-
താങ്ങിനടത്തുന്നോൻ രക്ഷകനായ്;
തീരാത്ത ദുഃഖങ്ങൾ എല്ലാം വഹിക്കുവാൻ-
പ്രാപ്തനാണേശുവെ, വാഴ്ത്തീടുവിൻ.

3. സംപ്രീതരായെന്നും സന്തോഷപൂർവ്വം
സംശുദ്ധമാനസം കാത്തുകൊൾവിൻ;
സർവ്വേശനേകും പ്രഭാമയമാത്മം,
സംപൂജ്യരായിടാൻ പ്രാപ്തിയേകും.

# 353

ബത്‌ലഹേം നാട്ടിൽ ഞാൻ ചെന്നു,
ഉണ്ണിപിറന്നിടം കാണാൻ;
കാലത്തിൻ മാറ്റം വരുത്തിയപാടുകൾ,
ആലയത്തിന്നുള്ളിൽ കണ്ടു,

1. വിദ്വാന്മാർ ശിരസ്സു നമിച്ചിടം കണ്ടപ്പോൾ,
ഹൃദയക്കൊടുങ്കാറ്റു വീശി;
അതിനുള്ളിലതിവേഗം എന്റെയുള്ളത്തിൽ,
മിശിഹാ പിറന്നെന്നറിഞ്ഞു.

2. മാനവർക്കെല്ലാം ഹരം പകർന്നീടുവാൻ,
കാലിത്തൊഴുത്തിൽ പിറന്നോൻ;
ഈ നല്ലനാളിൽ ജനിക്കുന്നു നമ്മളിൽ,
സ്വീകരിച്ചാർത്തു ഘോഷിക്കാം.

# 354

നറുനിലാവൊഴുകുന്ന ജൂതരാത്രി,
ശിലകളിൽ മഞ്ഞുവീണലിഞ്ഞ രാത്രി;
അജഗണമായിരം കോരിത്തരിപ്പോടെ,
ദൂതരിൻ സ്തുതികേട്ടരാത്രി.

1. ആ നല്ലരാവിൻ മടിത്തട്ടിലമ്മയും,
രാജാധിരാജനും ഭീതിയോടെ;
കാരുണ്യമില്ലാത്ത സേനകൾ കാണാതെ,
കാനനം തന്നിൽ പാർത്തുരാവിൽ.

2.അത്ഭുത മന്ത്രിയും വീരനാം ദൈവവും,
നിതൃപിതാവും സമാധാനത്തിൻ-
ദാതാവുമായുള്ള ത്രീയേക ദൈവം,
ജാതനായ് മാനുഷനായി ഭൂവിൽ.

3. ലോകചരിത്രത്തെ രണ്ടാക്കി മാറ്റിയ,
ലോകൈകനാഥൻ പിറന്ന രാത്രി;
ആ ദിവ്യ രാജന്റെയോർമ്മ പുതുക്കിടാം,
സായുജ്യമേകാമീലോകർക്കു നാം.

# 355

യേശു പിറന്നീ ഭൂവിൽ
മാലോകർക്കാഹ്ളാദം
ദൂതരുമാനന്ദത്താൽ
മർത്യനു ശാന്തി പകർന്നു.

അത്യുന്നതങ്ങളിൽ മഹത്വം....
ഭൂമിയിൽ മർത്യന്നു ശാന്തി....

1. ധരണിയിലവതരിച്ചതിശയമായ്,
രക്ഷകനായ് മമനാഥൻ;
ലോകരിൻ പാപം ചുമന്നു തീർക്കാൻ
മറുവിലയാകാൻ അവതരിച്ചു.

2. ആലംബമില്ലാതെ ഗോശാലയിൽ,
അഭയാർത്ഥിയായവനവതരിച്ചു;
പാപിയാമെന്നെയും വീണ്ടുകൊള്ളാൻ
കാരുണ്യവാനായവതരിച്ചു.

# 356

## ഹോശന്ന

കർത്താവിനോശാന പാടുന്നു ഞങ്ങൾ,
ക്രൂശിക്കയെന്നാർത്ത ജനതേ;
സ്തുതിഗീതധാരകളർപ്പിച്ചു ഞങ്ങൾ,
വിനയപ്പെടുന്നെന്നും ജനതേ.

1. മനസ്സിന്റെയൾത്താരയെരിഞ്ഞിടുമ്പോൾ,
അകതാരിൽ അലയാഴി മൂടിടുമ്പോൾ;
ദിവ്യചൈതന്യമേ, ധാരപോലൊഴുകി നീ,
സാന്ത്വനം നൽകിടു ആശ്രിതർക്ക്.

2. ജീവന്റെ ആധാരമായവനേ ഉള്ളിൽ,
ജീവന്റെ ചൈതന്യം പകർന്നവനേ;
പരമസത്യമേ ധാരപോലൊഴുകിനീ,
അനശ്വര സ്വർഗ്ഗത്തേയ്ക്കാനയിക്കൂ.

# 357

ഹോശന്നാ പാടിടാം യേശുവിൻ ദാസരേ,
ഉന്നതൻ ദാവീദിൻ പുത്രനെന്നെന്നും; ഹോശന്നാ;

1. മുൻപും പിൻപും ശാലേം ബാലർ
ആർത്തുപാടി ഹോശന്നാ,
അന്നെന്നപോലിന്നും നാമും
അൻപായ് സ്തുതി പാടിടാം.

2. കുട്ടിയാം ഗർദ്ദഭത്തിന്മേൽ,
യേശുരാജൻ പോകുന്നു;
തിട്ടമായിട്ടെന്നും നാഥൻ,
എന്നുള്ളത്തിൽ വാണീടും.

3. പാപശാപം നീക്കീടാനും,
പാപിയെക്കൈതാങ്ങാനും;
പാവനാത്മൻ യേശുനാഥൻ,
ശാലേമതിൽ പോകുന്നു.

4. ബാലർഗീതം കേട്ടുരാജൻ,
ആമോദമായ് നീതനായ്;
പാലകനെ വന്ദിച്ചീടാം,
വാദ്യഘോഷത്തോടേ നാം.

5. ആരാധിക്കാം വന്ദ്യൻപാദേ,
കുരുത്തോലയേന്തിനാം;
വീരനാകും ത്രീയേകനെ,
സ്തുതിച്ചാശിഷം നേടാം.

(തമിഴ് ഗാനത്തിന്റെ പരിഭാഷ)

# 358

## ക്രൂശീകരണം

വചനം ജഢമായവതരിച്ചു,
പ്രജാപതീയാഗം സ്വയംവരിക്കാൻ;
പാപത്തിൻ മോചനം മാനുഷർക്കേകാൻ,
മൂന്നാണിമേൽ പ്രീയൻ ക്രൂശിതനായ്.

1. ഗാഗുൽത്താമാമലയിൽനിന്നയ്യയ്യോ,
മാറ്റൊലിക്കൊള്ളുന്നു ദീനശബ്ദം,
സ്വർഗ്ഗപിതാവിനടക്കുവാനാവാത്ത
വേദന ചേക്കേറി ഇരുണ്ടു ഭൂമി.

2. ആത്മാവു ദൈവത്തിൻ തൃക്കരത്തിൽ
സദയം സമർപ്പിക്കവേ യേശുതാൻ;
അമ്മയും ശിഷ്യനും ചാരത്തുകണ്ടിട്ടു
മാതാവിനേകീ സുരക്ഷിതത്വം.

## 359

ക്രൂശിൽ തറച്ചെന്റെ നാഥന്റെ ചോര,
ഊറ്റിക്കുടിച്ചാത്മ ദാഹം തീർത്തോർ;
ഇന്നുമെൻ പ്രീയനെ ക്രൂശിലേറ്റീടുന്നു,
മുൾക്കിരീടങ്ങൾ തറച്ചിടുന്നു.

1. ചാട്ടവാറേറ്റുപിടഞ്ഞിടുന്നിന്നും,
യേശുവേ നിൻജനം നിന്റെയൊപ്പം;
എന്തിനായ് ദൈവമേ ദുഃഖവും പേറിയീ,
ക്ഷോണിതലേ ഞങ്ങൾ പാർത്തിടേണം.

2. ആത്മദാഹം തീർക്കുമത്ഭുത സ്നേഹമേ,
ആർത്തരായീടുന്നു, ഭൂവിൽ ഞങ്ങൾ;
ആലിലപോലെ വിറച്ചിടുന്നേയിതാ,
ആശ്രിതരാം ഞങ്ങൾ പീഡിതരായ്.

3. സ്വർഗ്ഗം തുറന്നെഴുന്നള്ളണേ രാജാ,
ദുഃഖിതർക്കാശ്വാസം പകർന്നിടാനായ്;
അക്ഷയരായ് തിരുരാജ്യത്തിൽ ഞങ്ങൾ,
നിത്യം വസിക്കട്ടേ നിന്റെയൊപ്പം.

## 360

സർവ്വശക്തന്റെ വലം ഭാഗത്തായ്,
കണ്ടീടും പ്രീയനെ എന്നുരചെയ്തോൻ;
ദൈവപുത്രൻ ക്രിസ്തുസത്യം; വാനിൽ
വന്നീടും,
ആകാശ മേഘങ്ങൾ വാഹനമാക്കി.

1. കള്ളസാക്ഷികൾ പ്രീയന്റെ നേർക്കായ്,
ആരോപണങ്ങൾ ഉയർത്തീടവേ;
നാഥനെതിരായ് സാക്ഷ്യം ശക്തമാകിലും,
ഉത്തരമതൊന്നുമേ പറഞ്ഞുമില്ല.

2. ക്രിസ്തുവാണോ നീ, സത്യം ചൊല്ലൂ,
പറയുകെന്നാണയിട്ടാരായവേ;
'ഞാനാകുന്നെന്ന'വൻ ഉത്തരം നൽകി,
സംശയലേശവും ഇല്ലാതവൻ.

3. കർത്താവിൻസ്വരം, സുവ്യക്തമായി,
കേട്ടുടൻ സ്തബ്ധനായ് പുരോഹിതൻ;
സാക്ഷികളാലിനി ആവശ്യമെന്തുള്ളൂ?
ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ ?

## 361

ചാട്ടവാറാഞ്ഞുപതിച്ചതിലൂറിയ,
നിത്യസ്നേഹത്തിന്റെ പുണ്യാഹരക്തമേ;
ത്യാഗത്തിന്നുജ്ജ്വലഭാവമാമാനിണം,
കാൽവരിക്കുന്നിൽ ചൊരിഞ്ഞുവോ നീ?

1. സ്നേഹപ്രവാചകരായ് നടന്നോരെല്ലാം,
മാർവ്വതിലൂർന്നിറങ്ങീടും നിണം;
നക്കിക്കുടിക്കാൻ പണിപ്പെട്ടു ദിവ്യമാം,
സ്നേഹത്തെ പാടേ മറന്നിടുന്നു.

2. സ്നേഹം പകർന്നിടാനാശയുണ്ടെങ്കിലും,
സ്വാർത്ഥതയാകും കടിഞ്ഞാണുകൾ;
സ്വത്വത്തെയൂട്ടിയുറപ്പിച്ചിടാനായ്,
ഭൂമികുഴിച്ചതിൽ വാസം ചെയ്വൂ.

3. മാളങ്ങളിൽ കിടന്നാകാശഗോളങ്ങ-
ളൊക്കെയും പുത്തനായാരചിപ്പോർ,
സ്നേഹധനാദികളൊക്കെപ്പകുത്തിട്ടു,
സ്നേഹ സ്വരൂപനെ നിന്ദിക്കുന്നു.

## 362

കുരിശിന്റെ വഴിയിലൂടടിയൻ നടന്നു,
ഇടറുന്ന പാദങ്ങൾ ബലപ്പെടുത്തി;
തിരുസേവ ചെയ്യാൻ ആത്മാക്കൾ നേടാൻ,
അടരാടി ജീവകിരീടം നേടാൻ.

1. ഭാരക്കുരിശും വഹിച്ചുകൊണ്ടീശോ,
നീചനെപ്പോൽ വീണനേരത്തുമീ-
നീചനെയോർത്തുള്ളു നീറിക്കരഞ്ഞതു,
കുരിശിന്റെ ഭാരമോർത്തല്ല പ്രീയാ.

2. ചുടുനിണം വാർന്നൊലിക്കുന്ന മൽപ്രീയാ,
തിരുമുഖദർശനം ശോചനീയം;
തൂവാലയാൽ നിൻ മുഖം വെറോനിക്ക,
ഹൃദയത്തിൻ ആധിയാൽ ഒപ്പിവേഗം.

3. കുരിശിന്റെ വഴിയിലിന്നോടുന്നു കാറുകൾ,
നാഥന്റെ വേദനവിസ്മരിച്ചോർ;
വിലപിക്കുവാനായ് തെല്ലുനേരംപോലും,
മനസ്സില്ലാതേവരും ജീവിക്കുന്നു.

## 363

ഒലിവുമലയിൽ പ്രീയനെത്തി,
അനുഗമിച്ചൂ ശിഷ്യരും;
പ്രാർത്ഥിക്കാനുപദേശിച്ചവരെ,
പരീക്ഷയിൽ ജയം നേടുവാൻ.

1. അധർമ്മിയായ് പ്രിയനേശുനാഥൻ,
എണ്ണപ്പെടുമെന്ന പ്രവചനം;
കർത്തനിൽ നിറവേറിടേണ്ടതി-
നാദ്യമേ വാൾവാങ്ങിപോൽ.

2. ശിഷ്യരെ, ഗദ്ശമനെ നിർത്തീ-
ട്ടൊരുകല്ലേറിൻ ദൂരെയായ്;
പാനപാത്രം നീക്കിടാനായ്,
കേണപേക്ഷിച്ചേറെയായ്.

3. എന്റെ ഇഷ്ടം വേണ്ടതാതാ,
നിന്റെ ഇഷ്ടമതാകട്ടെ;
എന്നുചൊല്ലി പിതാവിനിംഗിത-
മേറ്റുവാങ്ങി മഹാപ്രഭു.

# 364

വാളെടുക്കാനായ് അഭ്യസിച്ചോരേ,
വാളാൽ പതിക്കുമെന്നോർത്തുകൊൾക;
ലോകം നമുക്കന്യമല്ലതു സ്നേഹത്താൽ,
നേടാം, വിനീതരായ് ത്യാഗികളായ്.

1. കുരിശിന്റെ വഴിയിലൂടനുഗമിച്ചീടാം,
കാൽവരിതന്നിൽ പോയിടാം നാം;
കുറേനക്കാരനോടൊപ്പം വഹിക്കാം,
കാൽവരിനാഥന്റെ ക്രൂശുമരം.

2. കാരിരുമ്പാണിയാൽ പാണിതുളയ്ക്കവേ,
പ്രാണൻ പിടഞ്ഞതിവേദനയാൽ;
ആകിലും പ്രീയനീ ദോഷിക്കുവേണ്ടി,
പ്രാർത്ഥിച്ചതോർത്തിതാ നമിച്ചിടുന്നേ.

3. മൂന്നാണിമേൽ തൂങ്ങി ചോരചിന്തി,
മൂന്നാൾ പ്രസംഗിച്ചഗാധതയിൽ;
മൂന്നാം നാൾ ആലയം പുതുക്കി നാഥൻ,
മുന്നമേ ചൊന്നപോലുയിർത്തെണീറ്റു.

## ഉയിർപ്പ്

# 365

എന്റെ പ്രിയനെ കണ്ടുവോ നിങ്ങൾ?
എന്റെ യേശുവെ കണ്ടുവോ നിങ്ങൾ?
കല്ലറയിൻ കല്ലുരുട്ടി കല്ലിന്മേലിരിക്കവെ,
ദൂതനോടു മറിയ ചോദിച്ചെവിടെയെൻ പ്രിയൻ ?

1. ഭയപ്പെടേണ്ടതില്ല നീ, മരിച്ച യേശുവെ,
അന്വേഷിക്കും വസ്തുത, ഞാനറിയുന്നു;
വന്നു കാണ്മിൻ, അവൻ കിടന്നസ്ഥലമി
തല്ലയോ ?
അവനില്ലിവിടെ, ഉയിർത്തെണീറ്റു; പറഞ്ഞ
പോലെ താൻ.

മന്ദിരം പൊളിക്കുവിൻ മൂന്നുനാൾക്കകം
വീണ്ടും പണിയുമെന്നുരച്ച പ്രീയനേശുവിൻ;
വാക്കുകൾ നിവൃത്തിയായതോർത്തു ശിഷ്യരും;
ആശ്ചര്യത്താൽ ഭീതിപൂണ്ടു തൻ ജനങ്ങളും.

# 366

ജീവനുള്ള കാലമെല്ലാം ഞാൻ,
യഹോവയ്ക്കായ് പാടും;
സ്തുതി നിറഞ്ഞ ഹൃദയവുമായി,
ദൈവത്തിനു കീർത്തനം പാടും.

1. കല്ലറയ്ക്കുള്ളിൽ നിന്നുത്ഥാനം ചെയ്തോനെ,
വാഴ്ത്തിപ്പുകഴ്ത്തുമീദിവ്യനാളിൽ;
ഇടയനായ് തിരുസഭയ്ക്കുണർവ്വേകും
നാഥന്റെ-
യപദാനം കീർത്തിച്ചു ധന്യരാകാം.

2. ഏകാകിയായ് ഞാൻ യേശുവിൻ ചാരേ തിരു-
സേവയ്ക്കായ് അഭയം പ്രാപിച്ചപ്പോൾ;
സാന്ത്വനം നൽകിയെന്നെ മാറോടണച്ചെന്റെ,
ആകുലം നീക്കിടാൻ അരികിൽ വന്നു.

# 367

ആഴ്ചവട്ടത്തിന്റെ ആദ്യനാളിൽ,
സുഗന്ധവർഗ്ഗത്തോടെത്തിയവർ;
കല്ലുരുട്ടിക്കണ്ടതതിശയമല്ലയോ?
തിരുശരീരം കണ്ടതില്ലയാരും.

1. മിന്നുന്ന വസ്ത്രം ധരിച്ച രണ്ടാൾകളെ-
കല്ലറയ്ക്കുള്ളിൽ കണ്ടനേരം,
നമ്രശിരസ്ക്കരായ് ഭീതിപൂണ്ടപ്പോൾ,
ചോദിച്ച കാര്യമോ സ്നേഹപൂർവ്വം!

2. ജീവനുള്ളോനാകുമേശുവെ നിങ്ങൾ,
കല്ലറയ്ക്കുള്ളിൽ തിരക്കുന്നുവോ?
ഇവിടില്ലവൻ ചൊന്ന വാർത്തയോർമ്മിക്ക,
പുനരുത്ഥാനം ചെയ്തു, ദൈവപുത്രൻ.

3. വല്ലഭൻ ചൊന്നതാം വാക്കുകൾ സത്യം,
ക്രൂശിക്കുവാനും മരിച്ചുയിർക്കാനും;
പാപികളായോർക്കേല്പിക്കയെന്നതും,
നിറവേറിഭൂവിൽ, തിരുഹിതംപോൽ.

# 368

ഭൗമശരീരം തകർത്തവൻ കുരിശിൽ
യാഗമായ് മാനവർക്കായ്, (2)
പ്രവചന നിവൃത്തിയും സാദ്ധ്യമതായി,
രക്ഷകനായിന്നും ജീവിക്കുന്നു. (2)
(ഭൗമശരീരം)

1. കല്ലറവാതിലിൽ കല്ലുമില്ല,
കർത്താവിനേയും കാണുന്നില്ല; (2)
കരയാതിരിക്കാനാവാതെ മറിയം
കല്ലറയ്ക്കുള്ളിൽ, നോക്കി നിന്നു. (2)
(ഭൗമശരീരം)

2. പിതാവിനരികെ പോയില്ലിതുവരെ,
ആകയാലെന്നെതൊടേണ്ട നീ; (2)
എന്നുരചെയ്തിട്ടുയിർത്തവനരുളീ;
കയറിപ്പോകുന്നവനരികേ. (2)
(ഭൗമശരീരം)

3. പാപവിമോചിതയായ മറിയം,
വർണ്ണിച്ചവനെ കണ്ട കാര്യം ; (2)
തന്നോടരുളിയവസ്തുതയെല്ലാം,
സോദരരോടവൾ വിവരിച്ചു. (2)
(ഭൗമശരീരം)

## ന്യായവിധി

## 369

യേശുവേ നിൻ ദയവർണ്ണിക്കുവാൻ,
നാവുകൾക്കേകണേ പ്രാപ്തിയെന്നും;
കാൽകളും ശക്തമായ് ഓടുവാൻ നൽകണേ,
ദിവ്യമാം കാരുണ്യ സാന്നിദ്ധ്യവും.

1. അശ്വാരൂഢനായ് പാലകനായ്,
മണവാളനെപ്പോലെ ദൂതരൊപ്പം;
മദ്ധ്യാകാശേ വിശ്വംഭരനേശു,
മേഘത്തേരിൽ വീണ്ടും എഴുന്നള്ളുമേ.

2. ശാപദോഷത്താൽ മൃത്യു ആക്രമിക്കവേ,
കാത്തുപാലിച്ചേശു രക്ഷകനായ്;
കാരുണ്യത്താൽ എന്നെ വീണ്ടെടുത്തോനെ,
പ്രൈസ്ദലോർഡ് ചൊല്ലി ഞാൻ ആരാധിച്ചീടും.

(24.06.2000 ന് ജില്ലാകളക്റ്ററുടെ വസതിയിൽ പോയി മടങ്ങവേ, ഇടറോഡിലേയ്ക്കിറങ്ങിയ സ്കൂട്ടറിൽ ഒരു മാരുതികാർ തൊട്ടുരുമി ബ്രേക്കിട്ടുനിന്നു. ഹാന്റിൽ വെട്ടി ഒഴിപ്പിച്ച് ദൈവം രക്ഷിച്ചു.)

## 370

കൊയ്ത്തിനു സമയമായ്, നേരംപുലർന്നു,
അണിയണിയായ് നാം വയലിലെത്താം;
വേലക്കാരെല്ലാം കൂലിക്കു യോഗ്യർ,
ആകയാലാവോളം കൊയ്തുകൂട്ടാം.

1. കൊയ്ത്തിന്റെ യജമാനൻ വയലിൽ നിൽക്കുന്നു,
കൊയ്ത്തിനു വയലുകൾ പാകമായി;
നെൽക്കതിർ കൊയ്യാം ധാന്യം മെതിക്കാം,
കളപ്പുരയ്ക്കുള്ളിൽ കൂട്ടിവെയ്ക്കാം.

2. വേലക്കാരേ ക്രിസ്തു ഭക്തരേ നിങ്ങൾ,
ഭാഗ്യവാന്മാർ എത്ര സുകൃതം ചെയ്തോർ;
വിത്തും വളങ്ങളും പേറിടാതൊട്ടും
കഷ്ടം സഹിക്കാത്ത കൊയ്ത്തുകാരേ.

3. ഭാരതമക്കൾക്കു നിത്യജീവൻ നൽകാൻ,
വചനത്തിൻ വിത്തുകൾ പാകിടാമോ ?
പറവകളാകും സാത്താന്റെ തന്ത്രത്താൽ,
വിത്തുകൾ പാഴിലാകാതെ നോക്കാം.

## 371

കാഹളധ്വനിയോടെഴുന്നള്ളുമേശു,
രാജാധിരാജാവായ്;
വിശുദ്ധന്മാരുയിർക്കും കർത്താവിൽ മരിച്ചോർ,
നിശ്ചയം നിശ്ചയമേ.

1. അകൃത്യങ്ങൾ ചെയ്തോർ തിരസ്കൃതരാകും,
അന്ത്യനാളിലേശുവിന്റെ വരവതിങ്കൽ;
കല്ലറകൾ തകരും, മൃതന്മാരുയിർക്കും,
രാജരാജനെഴുന്നള്ളുമ്പോൾ.

2. ശുദ്ധരെ കൈക്കൊൾവാൻ മദ്ധ്യവാനിൽ വേഗം,
എന്റെ പ്രീയൻ എഴുന്നള്ളുമേ;
അനുഗമിക്കും നാം വാനമേഘത്തേരിൽ,
വിശുദ്ധന്മാരുയിർത്തിടുമ്പോൾ.

## 372

എന്റെ വചനം കേൾക്കുക പ്രീയരെ,
നിത്യ ജീവൻ നിങ്ങൾക്കുണ്ട്; (2)
എന്നെ അയച്ചവനെ, വിശ്വസിക്കുന്നോർ
ക്കെന്നെ
അയച്ചവനെ, വിശ്വസിപ്പോർക്ക്. (2)

1. അവർ ന്യായവിധിയതിൽ ആയിടാതേ,
മരണത്തിൽ നിന്നും-
ജീവങ്കലേയ്ക്കല്ലൊ-
കടന്നിരിപ്പൂ. (2)

2. നന്മചെയ്വോർ ജീവനും, തിന്മ ചെയ്വോർ,
ന്യായവിധിക്കായും,
പുനരുത്ഥാനത്തിൻ
സമയമിതാ. (2)

3. തിരുവചനം ശോധന ചെയ്യുവോരേ,
നിത്യജീവൻ അതിൽ,
ഉണ്ടെന്ന സാക്ഷ്യത്തെ-
പ്രാപിക്കേണ്ടയോ ? (2)

# 373

മദ്ധ്യാകാശേ യേശുനാഥൻ മേഘേവന്നീടും,
തിരുസുതരെ തൻ ചുമലിലെടുത്തങ്ങാശ്ലേ
ഷിച്ചീടും;
വിസ്മയമേറും കാഴ്ചകളാലേ ക്ഷീണിതരാ
യീടും,
രക്ഷിതഗണമായ് മാറാത്തോരാ രക്ഷാസുദിന
മതിൽ.
പരനെപ്പൂൽകി വരിക്കാം സ്വർഗ്ഗം, പരമാനന്ദമേ;
ദുരിതം നീക്കി അനശ്വരരാക്കാൻ യേശു
വിളിക്കുന്നു.

1. നശ്വരമാമീ ലോകത്തിന്റെ പുറംമോടികളാലേ,
വിശ്വാസം ത്യജിച്ചീടരുതേ, പിന്തുടരാമവനെ;
അനന്തനന്മകളനുദിനവും നാമാസ്വദിച്ചീടാൻ,
രക്ഷയിനോഹരി നേടീടാനായ് യേശുവിളി
ക്കുന്നു.

2. ആകാശത്തിൻ ശക്തികളിളകും കർത്തൻ
വരവിങ്കൽ,
വിനീതരായ് നാം യേശുവിനൊപ്പം പറന്നു
യർന്നീടും;
അജ്ഞാനാന്ധർ കണ്ണുതുറന്നതു കണ്ടിടു
മന്നേരം,
നിത്യപിതാവു നോക്കിനിൽക്കിലുമറിയില്ലാ
രെയുമേ.

## ദൈവാലയപ്രതിഷ്ഠ

# 374

തിരുനിവാസം ഞങ്ങൾക്കൊരുമയിന്നാധാരം,
അജഗണങ്ങൾ വാസം ചെയ്യുമീയാലയം;
പ്രതിഷ്ഠിച്ചിടാനിന്നു വരമേകിയോനെ,
അതിരറ്റു സ്നേഹിക്കുന്നാരാധ്യനേ.

1. തിരുസവിധേകരചരണങ്ങളാലെ,
ഭക്ത്യാദരത്തോടെ നമിച്ചിടുമ്പോൾ;
വൈകിടല്ലേ പൊന്നു താതനേ സായുജ്യം,
വത്സല ശിഷ്യരിൽ വർഷിക്കുവാൻ.

2. നിത്യമാം വാസസ്ഥലത്തെത്തുവോളം,
നിത്യനാം യാഹിനെ ധ്യാനിച്ചിടാൻ,
സത്യമാർഗ്ഗത്തിലൂടത്യന്തം ഭക്തിയാൽ,
നിത്യസ്നേഹിതനെയിതിലാരാധിക്കും.

## ജൂബിലി

# 375

സുദിനം സുദിനം; ജൂബിലി നാളല്ലോ ഇത്;
വിനീതരായ് സ്തുതി പാടുക നാം
ശാശ്വത പാറയ്ക്കാർപ്പിടുവിൻ,
ദൈവജനം നാം ഒന്നല്ലോ.

1. അറിവിൻ വരദാനത്താൽ ഞങ്ങളെ-
ഒരു ജനമാക്കിയ സർവ്വേശാ,
സുവിശേഷത്തിൻ ജ്വാലയതല്ലോ
മണ്ണിനെ വിണ്ണായ് മാറ്റുന്നു.

2. പൂർവ്വ പിതാക്കൾ കൈമാറിയതാം
വിശ്വാസത്തിൻ കൈത്തിരിയാൽ,
നേർ വഴി കണ്ടു നടന്നൂ നമ്മൾ,
വിശ്വം നേടാൻ ശക്തരുമായ്.

3. അടിമത്തത്തിൻ ചങ്ങല പൊട്ടി -
ച്ചവിവേകം വിട്ടോടിടുവാൻ,
വിശുദ്ധ മാർഗ്ഗം കാലിനു ദീപം;
നിത്യവുമടിയാർ പിന്തുടരും.

4 അരനൂറ്റാണ്ടായൂട്ടി വളർത്തിയ
ഐക്യത്തിന്റെ ഈ സന്ദേശം,
നാടിനു ശാന്തിയുമാനന്ദവുമായ്,
വളരുന്നനുദിനമീ മണ്ണിൽ.

(കാഞ്ഞിരംകുളം ഐക്യകൺവെൻഷന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സ്മരണികയിൽ ചേർത്തത്.)

# 376

സ്വാഗതം .................... സ്വാഗതം
റൈറ്റ് റവറണ്ട് ഡോക്ടർ ഗ്ലാഡ്സ്റ്റൻ തിരുമേനീ,
സ്വാഗതം ചെയ്യുന്നു ഞങ്ങൾ,
തിരുരാജ്യവർദ്ധനയ്ക്കായിട്ടഭിഷിക്ത-
ഇടയാ ഒരായിരം സ്വാഗതം.

1. ട്രിപ്പിൾ ജൂബിലി ഹാളിന്റെ നിർമ്മാണം,
സുന്ദരമാക്കിയ യേശുദേവാ;
പനതപുരം ദേശവാസികൾക്കായി,
പരമോന്നതൻ തന്നദാനം;
പ്രതിഷ്ഠിച്ചിടുന്നൊരീ അജപാലകന്മേൽ,
ആശിഷം പൊഴിയേണം നാഥാ.

2. അഗതികളാകിലും ആത്മീയ മന്നയാൽ,
സമ്പുഷ്ടമാക്കിയ സ്നേഹനാഥാ;
സമ്പൽസമൃദ്ധിയും ആയുരാരോഗ്യവും,
നൂറ്റമ്പതാണ്ടിലും നൽകിയോനേ;

തലമുറയായ് തിരുനാമത്തെ വാഴ്ത്താൻ,
വാഗ്ദത്ത പാലകാ കൃപ നൽകിടൂ.

(പരണിയം ട്രിപ്പിൾ ജൂബിലി ഹാൾ പ്രതിഷ്ഠാഗാനം)

## വിവാഹം

## 377

സുരഭില സുന്ദര ജീവിതം,
സുദീർഘമായ് മംഗളമാകാൻ;
സുകൃതം നിത്യം ചെയ്വോരായ്
വസിക്കുകയീഭൂവിൽ നിങ്ങൾ.

1. ആദിപിതാവിനു തുണയായ് ഹവ്വയെ-
എന്നതുപോൽ നവവധു, വരനായ്,
ഹിതകരമായൊരു തുണയായി,
സതതം മരുവുക ഇനിമേലിൽ.

2. ക്രിസ്തുസഭയ്ക്കൊരു പുത്തൻ തൂൺ,
നിങ്ങളിലൂട്ടിയുറപ്പിക്കാൻ;
ജഗദീശനെയനുനിമിഷം ധ്യാനി-
ച്ചതിശയകരമായ് മുന്നേറൂ.

3. ജീവിതമലർവാടിയിലേയ്ക്കേറ്റം,
സൽസുമവല്ലികളായ് നിങ്ങൾ;
അനുദിനമനുചിത ക്രൈസ്തവ ദൗത്യം,
നിറപടിയായ് നിറവേറ്റിടുവിൻ.

## 378

സ്വർഗ്ഗസിംഹാസനത്തിൽ,
വാണരുളും പ്രിയരാജനേ;
തിരുസവിധേ, നവദമ്പതികൾ,
കുടുംബമാകാൻ ഇതാ ആഗതരായ്.
ആശംസകൾ ആശംസകൾ!
നവമിഥുനങ്ങൾക്കാശംസകൾ!

1. ആരാധനയോടേ ആദരാൽ നിൻമക്കൾ,
പ്രതിജ്ഞകൾ പാലിച്ചിടാൻ;
കൃപയേകണേ തവദാസരിൽ നിത്യം,
തിരുഹിതമിവരിൽ നിറവേറിടാൻ.

2. മുന്തിരിവള്ളിയിൻ കൊമ്പുകളായിവർ,
സതതം വസിച്ചീടുവാൻ;
ആത്മഫലത്താൽ ആനന്ദമോടെ,
ക്രിസ്തുവിൽ സാഫല്യമടഞ്ഞിടട്ടേ.

3. ആത്മദീപത്താൽ സൽ പാതകാട്ടാൻ,
അന്യോന്യമുപകരിച്ചെന്നാളുമേ;
ആത്മഹർഷത്തോടെ ആയുരാരോഗ്യം,
ആത്മനാഥാ കനിഞ്ഞേകേണമേ.

## 379

നാഥാ പൊഴിയണമാശിഷമീ,
മംഗല്യത്തിൻ സുദിനമിതിൽ;
കാനാവിൽ നൽ കല്യാണ നാളിൽ-
വെള്ളംവീഞ്ഞായ് മാറ്റിയോനേ.

1. ദൈവത്തെയനുദിനം പിൻപറ്റിമോദാൽ,
ആജീവനാന്തം ജീവിക്കുമോ?
ആദർശരായ് പുതുജീവിതം നയിക്കാൻ,
നവമിഥുനങ്ങൾക്കാശംസകൾ.

2. നിസ്തുലസ്നേഹിതനേശുവെ നിങ്ങൾ,
രക്ഷകനായ് ഉള്ളിൽ വരിച്ചീടുമോ?
സുവിശേഷത്തിൻ സന്ദേശം നിങ്ങൾ,
നവജാതർക്കേകി വളർത്തീടുമോ?

3. ആയുസ്സിന്നുടയോനായിട്ടു നിങ്ങൾ,
ജീവിതചര്യകൾ മാറ്റീടുമോ?
ധനവും മാനവും ജീവനുമേകി,
കരുണാമയൻ നിത്യം പാലിച്ചിടും.

## 380

ഈ പുണ്യനാളിന്റെ ഓർമ്മയെന്നും,
ചൈതന്യമേകട്ടെ ജീവിതത്തിൽ;
സ്വർഗ്ഗീയ സൗഭാഗ്യം ഭൂമിയിൽ നാഥൻ,
നവമിഥുനങ്ങൾക്കായ് നൽകിടട്ടേ.

1. തേന്മാവിൽ മുല്ലപോൽ നിങ്ങളെന്നും,
സൗരഭ്യപൂരം പരത്തീടുവിൻ;
ക്രിസ്തീയ മൂല്യങ്ങൾ തകർന്നിടാതെ,
മാതൃകാജീവിതം നയിച്ചീടുവിൻ.

2. പാരസ്പര്യത്തിന്റെ ചങ്ങലകോർക്കുവിൻ,
വിട്ടുവീഴ്ചയ്ക്കുള്ളു തുറന്നീടുവിൻ;
ആശ്വാസദായകൻ യേശുവെ ധ്യാനിച്ചു,
ജീവിതം സൗഭാഗ്യമാക്കീടുവിൻ.

## പരിഭവം

## 381

സഹതാപമർഹിക്കുന്നില്ലേ പിതാവേ ഞാൻ ?
ഉമിത്തീയിലെരിയുന്നനുനിമിഷം (2)
പാപങ്ങൾ സർവ്വവും നീ ക്ഷമിച്ചില്ലേ ?
എന്തേപിതാവേ എൻ തീ കെടുന്നില്ല ? (2)
(സഹതാപ)

1. ഖിന്നനായെത്ര നാൾ കണ്ണീരൊഴുക്കേണം ?
നിത്യമാം സന്തോഷം അകലെയാണോ? (2)
അത്രയും നാളെനിക്കൂഴിയിൽ പ്രീയരെ
സഹകരിക്കാനായ് നീ തന്നിടേണം. (2)
(സഹതാപ)

2. എണ്ണിയാൽ തീരാത്ത നന്മകൾ തന്നെന്നെ
പുണ്യവാനാക്കിയ ദൈവമേ നീ (2)
കാണുന്നില്ലേ എന്റെ ചുറ്റിലും ശത്രുക്കൾ
താളടിയാക്കാനായ് കാത്തിരിപ്പൂ. (2)
(സഹതാപ)

3. കള്ളത്തരങ്ങളും പൊള്ളത്തരങ്ങളും
കണ്ടുകൂടാത്തവനെന്നാകിലും, (2)
എന്തുകൊണ്ടെന്നെ നീ മാർവ്വോടണച്ചെന്റെ -
വേദനയഖിലവും നീക്കുകില്ല ? (2)
(സഹതാപ)

# 382

പാടുവാൻ മോഹമായ് നാഥനേ ഞാനിതാ
പാദപീഠത്തിലിന്നേകനായ് വരുന്നിതാ;
തിരുസ്വരം കാതുകൾക്കിമ്പമല്ലയോ?
രോഗസൗഖ്യമേകിടാൻ നീ വരില്ലയോ?

1. ആത്മദീപമൊളികെടാതെ കാവലായിനീ,
നിത്യവും നയിക്കുകെന്റെ പ്രാണനായകാ;
തിന്മകൾ നിറഞ്ഞുനിന്നു ഭീതിവിതറിടും
വേളയിൽ കൃപാരസം പകർന്നിടാൻ വരൂ.

2. കരയുവാൻ കൺകളിൽ കണ്ണുനീരില്ല,
കാഠിന്യം മാനസത്തിൽവന്നതെന്തിനോ?
കരുണയറ്റ ഹൃദയനായ് അന്ധനായിടാൻ,
കാരണം തിരക്കി ഞാൻ വലഞ്ഞിടുന്നിതാ.

# 383

1 സർവ്വശക്തന്റെ അസ്ത്രമെന്നിൽ തറച്ചു,
അവയാൽ വിഷമെൻ ആത്മാവുകുടിച്ചു;
ദൈവത്തിന്റെ ഘോരത്വങ്ങൾ എന്തേ?
എന്റെ നേരേ അണിനിരന്നു?

2. പരിശുദ്ധനേ നിന്റെ വചനങ്ങളിൽ ഞാൻ
നിഷേധിയല്ലാതിരിക്കിലും നാഥാ,
ദീർഘക്ഷമയ്ക്കെന്റെ ശക്തിയെന്തുള്ളൂ?
തുണയില്ലാതുള്ളവൻ, അല്ലയോ ഞാനും ?

3. ഓർത്തുപോയ്, ദൈവം പ്രസാദിച്ചുവെങ്കിൽ!
തൃക്കരം നീട്ടി എന്നെ തകർത്തുവെങ്കിൽ!
കനിവറ്റവേദന ഉല്ലാസമായേനെ,
ഖണ്ഡിച്ചുവെങ്കിൽ ഞാൻ ആശ്വസിച്ചേനെ.
(ഇയ്യോബ് 6)

# 384

കണ്ണീർവറ്റാത്ത വേദനമാറാത്ത
ജീവിതം ജീവിതമോ?
കാറ്റത്തുലയുന്ന ഓടപോലല്ലയോ?
നിർഭാഗ്യ ജീവിതവും ?

1. ആനന്ദ സാഗര തീരത്തു നിത്യവും
ആർത്തുല്ലസിച്ചു നമ്മൾ,
നിർവ്യാജസ്നേഹം കൊതിച്ചു ജീവിക്കിൽ
സത്യമങ്ങകലെയല്ലോ?

2. സന്തോഷസന്താപ സമ്മിശ്രമാകുമീ
ജീവിതം നശ്വരമേ,
കണ്ണീരുമാറും വിലാപങ്ങൾ നീങ്ങും
നിത്യത അക്ഷയമേ,

3. ആത്മാവിലെപ്പോഴുമാനന്ദമുണ്ടെന്നാൽ
സൗഭാഗ്യ ജീവിതമേ,
അകതാരിലെപ്പോഴുമാതങ്കമാകിലോ
ജീവിതം ദുസ്സഹമേ.

# 385

വളരുമാറാക്കുന്നവൻ കൃപയാൽ;
അനുവദിച്ചേകിയില്ലായെങ്കിലോ,
ഫലവത്തായ് തീർന്നീടുമോ.
നട്ടതും നനച്ചതും വ്യർത്ഥമല്ലോ,

1. അനുസരിക്കുന്നവർക്കാർശീർവ്വാദം,
യാഗത്തെക്കാളേറ്റം ദിവ്യമല്ലോ;
ആകയാൽ വചനത്തിൽ വളർന്നീടുവാൻ,
വാത്സല്യനാഥനെ അനുസരിക്കാം.

2. കർത്താവിൻ നാമം മഹത്വപ്പെടാൻ,
പാട്ടുകൾപാടി നാം സ്തുതിയേകുമ്പോൾ;
സ്വർഗ്ഗത്തിൽ നിന്നവൻ കേട്ടുനമ്മെ,
താതന്റെ ചാരത്തു ചേർത്തുകൊള്ളും.

3. കണ്ണിമയ്ക്കുന്നേരം ദൈവമുമ്പിൽ,
എത്തുവാൻ സൗഭാഗ്യം നേടിയോരേ;
ഭാഗ്യമുള്ളോർ ഏറ്റം ഭാഗ്യമുള്ളോർ,
ഒരുക്കമുള്ളോരായ് നാം ജീവിച്ചിടാം.

# 386

നട്ടതും നനച്ചതും വ്യർത്ഥമെന്നെണ്ണി,
കണ്ണീർക്കയത്തിൽ ഞാനായിരിക്കേ;
കരളലിവുള്ളോൻ രക്ഷകൻ ചാരേ,
ആശ്വാസമേകാനായ് കടന്നുവന്നു.

1. പനിനീർ സുമംപോൽ പരിമളമുതിരുന്നോൾ,
പതിനേഴു പിന്നിട്ട വേളയൊന്നിൽ;
ദുർവ്വിധിയെത്തിയനന്യനാം ദൈവത്തിൻ,
വക്ഷസിലേൽപ്പിച്ചനന്യമോളെ.

2. ദുഃഖം തളംകെട്ടി ഹൃത്തടം വിങ്ങി-
പ്പൊട്ടുമാറാകുന്ന മാത്രയൊന്നിൽ;
ഓർത്തുപോയ് ദൈവം സ്നേഹിക്കുകൊണ്ടോ?
ചേർത്തുകൊള്ളുന്നു, തൻ രാജ്യത്തിലായ്.

3. ദൈവദൂതൻ തന്റെ വക്ഷസിലെന്റെമോൾ,
സാമോദാലൊപ്പമുയർന്നു പോകെ;
വാങ്മയ ചിത്രങ്ങളാലേഖനം ചെയ്തു,
വാതോരാതെന്തോ ഞാൻ മൊഴിഞ്ഞു.

4. പിന്നെയൊരിക്കലെൻ ഓമനപ്പൈതലിൻ,
സുസ്ഥിരവാസം വെളിപ്പെടുത്താൻ;
അർത്ഥിച്ചു കണ്ണീരൊഴുക്കിയ മാത്രയിൽ,
പൊന്നേശു ദേവന്റെ രൂപമെത്തി.

5. തങ്കക്കിരീടം ചൂടിയ മോളെയൊ-
രൈശ്വര്യ റാണിയായ് ഉത്സുകയായ്,
ഉന്നതസ്ഥാനത്തിൽ സഞ്ചരിക്കുംവിധൗ;
കണ്ടുമൽ പ്രീയന്റെ സന്നിധേ ഞാൻ.

6. സ്വർഗ്ഗരാജ്യത്തിൽ നിന്നത്യഗാധത്തിലായ്,
കോടികൾ നിത്യനാശത്തിലായോർ;
യാതനയോടലറുന്നതാം കാഴ്ചയും,
അസ്ഥികൂടങ്ങളും ദർശിച്ചു ഞാൻ.

# 387

എന്റെ സങ്കടങ്ങൾ എന്നുതീരുമോ ?
എന്റെ ആധികളും എന്നുമാറുമോ ?
എന്റെ നിത്യഗേഹം പൂകിടാനായി,
എന്റെ പ്രിയനാഥാ എത്രനാൾ വേണം?

1. കൺകളെത്ര കൊതിക്കുന്നെൻ പ്രിയനെ ക്കാണാൻ,
മാനസത്തിൽ പൂത്തുലയും ആശയല്ലയോ?
ആധിയേറിൽ വ്യാധിയേറും സത്യദൈവമേ,
അക്കരെ ഞാനെത്തുവോളം ശക്തിയേകണേ.

2. തിന്മകൾ നിറഞ്ഞ ലോകേ യാത്രചെയ്യു മ്പോൾ,
നിർമ്മലർക്കു പ്രാപ്യമല്ലേ ശാന്തി സൗഖ്യവും?
ധർമ്മബോധം കൈവിടാതെ യാത്രചെയ്യും ഞാൻ;
തൃക്കരത്തിൽ എത്തുവോളം നീതിമാർഗ്ഗത്തിൽ.

# 388

കർത്താവാം ദൈവമേ നിന്നിൽമാത്രം ഞങ്ങൾ,
ആശ്രയിപ്പോർ, നിത്യം കരുണയേകൂ;
നിന്നെപ്പോലുള്ളൊരു രക്ഷകനൂഴിയിൽ,
കേൾക്കുവാനിന്നോളം കഴിഞ്ഞുമില്ല.

1. അറിയായ്മ ഞങ്ങളെ പാപത്തിലാഴ്ത്തുമ്പോൾ,
അറിവിന്നുടയോനേ കോപിക്കല്ലേ ?
കാലങ്ങൾ മാറുമ്പോൾ പാപങ്ങൾ വെടിയു മ്പോൾ,
പിന്നെയും ഞങ്ങൾക്കു ശിക്ഷയെന്നോ?

2. ചോദ്യം ചെയ്തീടുവാൻ യോഗ്യതയില്ലാ ത്തോർ,
നീതികെട്ടോരെന്നും നിന്ദ്യർ ഞങ്ങൾ;
ആകിലും ദൈവമേ നിത്യസ്നേഹം നീയേ,
വാഗ്ദത്തം ചെയ്തോനേ നമിച്ചിടുന്നു.

3. അരുതാത്ത ദോഷങ്ങൾ അഗതികളിൽ വന്നു,
തകർത്തീടുവാനൊട്ടും ഇടയാക്കല്ലേ;
ശത്രുക്കളാകുലം ചുറ്റും വിതയ്ക്കുന്നേ,
വിശ്വാസമാനസം ദീപ്തമാക്കൂ.

# 389

എന്നാണു നാഥാ എൻസങ്കടങ്ങൾ,
പാടേയകറ്റുക? നീതിമാനേ;
അല്ലലില്ലാത്തതാം സ്വർഗ്ഗരാജ്യം,
കാംക്ഷിക്കുമേഴയെ കൈവിടല്ലേ.

1. അറിവിന്റെ ജലരേഖമാഞ്ഞിടുമ്പോൾ,
അവിവേകമെത്രയോ ചെയ്തിടുന്നു?
തിരുരാജ്യവർദ്ധനയ്ക്കെന്റെ പക്കൽ;
തരുവാനെനിക്കില്ലെൻ മനമല്ലാതെ.

2. തകരുന്ന തോണിപോലാണു നാഥാ,
അടിയന്റെ ചിന്തകൾ സർവ്വവുമേ;
അങ്ങയെക്കൂടാതെ ഒന്നുമേ ഈ,
ഏഴയ്ക്കു ചെയ്യുവാൻ പ്രാപ്തിയില്ലേ.

3. കരളിന്റെ നൊമ്പരമൊരു തീരത്തും,
കരകാണാത്താശകൾ മറുകരയ്ക്കും;
പരിഹസിക്കുന്നെന്റെ നേർക്കുരണ്ടും,
രക്ഷകാ തൃക്കരത്താകിലും ഞാൻ.

4. അടിതെറ്റിവീഴാതെ നടത്തീടണേ,
അവിവേകമൊക്കേയും ക്ഷമിച്ചീടണേ;
അറിവിന്റെ മൂശക്കു കൊതിയേറുന്നേ,
അഗതിയിന്നാശകൾ തിരുഹിതമേ.

## 390

കുറ്റം ചെയ്യാതെന്റെ നാഥനെ കാൽവരി-
ക്രൂശിൽ തറച്ചവരേ,
എന്നേയുമെൻ പ്രിയനാഥനെപ്പോൽ നിന്ദ-
വർഷിച്ചു നിന്ദിച്ചു സന്തോഷിപ്പിൻ.

1. വിസ്മയമായെന്റെ ജീവിതത്തോണിയിൽ,
കർത്താവുകൂടെ തുഴഞ്ഞിടുമ്പോൾ;
ക്ഷീണിതനാകുമെൻ ഉള്ളത്തിൻ വേദന,
പമ്പ കടക്കുന്നു സത്യമായും.

2. അക്രമം വിട്ടൊഴിഞ്ഞാത്മ നിയന്ത്രണം,
സ്വായത്തമാക്കുമെൻ ജീവിതത്തിൽ;
ശത്രുവാം സാത്താനെൻ മിത്രങ്ങളിൽ കൂടി,
വഞ്ചനകാട്ടുന്നു സത്യമായും.

## 391

നീയെന്നെ സ്നേഹിക്കും ദൈവം,
മാറോടണച്ചും മാനിച്ചുമെന്നെ;
സാന്ത്വനമേകുന്നു സ്നേഹപൂർവ്വം!

1. പ്രകൃതിയിന്നധിപതി നാഥനല്ലോ ?
പ്രാർത്ഥന കേൾക്കുന്ന ദൈവം;
തിരുനാമ മഹത്വം ദർശിക്കുവാൻ,
യാചിക്കുന്നേരം, എഴുന്നള്ളുന്നോൻ.

2. വിശ്വാസത്തോടേറ്റം പ്രാർത്ഥിച്ചപ്പോൾ,
മഴയില്ലാക്കാലത്തും മഴനൽകിയോൻ;
മഴപെയ്യാനൊരുങ്ങവേ പ്രാർത്ഥിച്ചപ്പോൾ,
മഴനിർത്തിയെന്നതും അത്ഭുതമേ.

3. മഴനിന്നുവേഗം യോഗം പിരിഞ്ഞു,
കുഞ്ഞുങ്ങളെച്ചൊല്ലി അയച്ചശേഷം;
സ്നാനത്തിനായി ജനം നിരന്നു,
ആരാധനാ വീട്ടിൽ വചനം വിളമ്പി.

4. ആരാധനയ്ക്കായ് മുറ്റത്തിരുന്നോർ,
അമിതവിശ്വാസം വെടിഞ്ഞനേരം;
അവിശ്വാസമില്ലാതിരിക്കിലും ഞാനും,
അവരോടൊപ്പം വീട്ടിനുള്ളിലേറി.

## 392

പ്രീയാ നിൻ പൊൻമുഖം കാണ്മാനെന്നാശ,
ഉള്ളം കൊതിക്കുന്നേ കൂടെ വാഴാൻ;
പാപത്തിന്നിമ്പം വേണ്ടെനിക്കൊട്ടും,
സ്വർഗ്ഗീയ വാസമാണെന്നാശയേ.

1. കാന്തയായ് നിത്യം സീയോനിലൊപ്പം,
വാസം ചെയ്യാനായ് സ്വീകരിക്കണേ;
ആർത്തുപാടും നിസ്തുല്യ സ്നേഹമോ നിൻ
സ്നേഹത്തിന്നാഴവുമേ.

2. ഈ ലോകദുഃഖം തീരുവോളം നീ,
കൈവെടിഞ്ഞീടല്ലേ തമ്പുരാനേ;
സ്വർഗ്ഗകനാനിൻ സൗഭാഗ്യമോർത്തെൻ,
നാളുകളെണ്ണിടുന്നേ.

3. ആർക്കും വേണ്ടാത്തൊരീ ജീവിതം നാഥാ,
സ്വീകരിക്കാനായ് നീ മാത്രമേ;
ആനന്ദ തീരേ സാമോദാൽ വാഴാൻ,
ശുദ്ധീകരിക്കേന്നേയും.

## 393

യേശു എനിക്കു തുണയല്ലയോ ?
എത്രയോ ധന്യൻ ഞാൻ;
മനുഷ്യരിലാശ്രയം ദുഃഖകരം,
കൃപയോ ദൈവത്തിൻ ദാനം.

1. പരിശുദ്ധാത്മാവേ ഉള്ളത്തിൽ നിന്നും,
പോയിടല്ലേ, തിരുകൃപ വേണം;
നാശയോഗ്യൻ ഞാൻ തിരുക്കരത്തിൽ,
അഭയം പ്രാപിക്കുന്നു സർവ്വേശ്വരാ.

2. ദുഃഖങ്ങളെല്ലാം വഹിക്കുമെൻ നാഥാ,
ശാപങ്ങളാകെയും മാറ്റീടേണം;
കലങ്ങില്ല, വിശ്വാസം വെടിയില്ല ഞാൻ
കരുണയുള്ളോനല്ലോ എന്റെ കാന്തൻ.

3. നിരാശ എന്നെ തകർക്കുവതെന്തേ ?
സുവിശേഷമന്ന ഞാൻ വിതറേണ്ടയോ?
മദ്ധ്യസ്ഥനായ് ഞാൻ പ്രാർത്ഥിച്ചിടേണ്ടേ ?
നിരസിക്കുമോ എന്റെ പ്രാർത്ഥനകൾ ?

## 394

ദൈവമേ നീ എന്നെ ശോധന ചെയ്വാൻ,
എന്തുമാത്രം ഞാനുള്ളൂ പിതാവേ ?
പ്രവചനം കേട്ടൊരെൻ മാനസം നീ തന്നെ;
കുരുടാകുവാനായ് ഇടയാക്കുമോ ?

1. സർവ്വേശ്വരാ തവദാനങ്ങളൊക്കെയും,
അനുവാദമേകുകിൽ സ്വീകരിക്കാം;
അരുതാത്തതാകിലോസത്യം വദിക്കാം,
പ്രിയനാഥനേ വേണ്ട; കൃപതരണം!

2. നന്മചെയ്‌വാനായിച്ഛരിക്കുകിൽ പോലും,
തിന്മ ചെയ്തീടുന്ന മക്കൾ ഞങ്ങൾ;
നന്മ മാത്രം ചെയ്തുനിൻ കൂടെ വാഴാൻ,
കാതോർത്തിരിപ്പൂ എൻ തമ്പുരാനേ.

3. തിരുസ്വരം അനുസരിക്കാനെന്തു മോഹം!
അപസ്വരം അടിയനു ദുസ്സഹമേ;
ആത്മാവിനുള്ളിൽ മുഴങ്ങുന്ന ഗീതം,
ആനന്ദസാഗരം, ധന്യവുമേ.

# 395

കണ്ണീരൊഴുക്കുവാൻ മാത്രമേ കഴിയൂ,
കാരുണ്യവാനേ ഞാൻ എന്തുചെയ്യാൻ ?
കാപട്യമില്ലാത്തൊരേഴയിന്നുള്ളം,
ശോധനചെയ്തു നീ അനുഗ്രഹിക്കൂ.

1. സമ്പന്നനാകുമെൻ തമ്പുരാനേ നിന്റെ,
സമ്പത്തിലോഹരി നൽകുകില്ലേ ?
ധർമ്മിഷ്ഠനായ് നവജീവിതം കാഴ്ചവ-
ച്ചാനന്ദപൂർവ്വം ഞാൻ വസിച്ചിടട്ടേ.

2. യാചകനാക്കി നീ കൈവെടിഞ്ഞീടുമോ,
യാനം ചെയ്തീടുവതാർക്കുവേണ്ടി?
സ്വാർത്ഥനായ് സമ്പത്തു കൂട്ടുവനായിട്ടോ,
കാട്ടിലലഞ്ഞു ഞാൻ വലഞ്ഞിടുന്നു ?

3. എണ്ണിയാൽ തീരാത്ത നന്മകൾ പേറി ഞാൻ,
എന്നെന്നും നന്ദിയാൽ സ്തുതിച്ചിടുമ്പോൾ;
എന്തിനായ് ദൈവമേ ശോധനയാൽ മനം,
വെണ്ണീറായ് മാറ്റുന്നു സ്നേഹപൂർവ്വം! ?

# 396

ആരുണ്ടുദൈവമേ ഏഴയ്ക്കൊരാലംബം,
ആരുമില്ലേയെന്നു വിലപിക്കുമ്പോൾ;
ആത്മാവിലാളിപ്പടർന്നു ചേക്കേറുന്ന,
ആത്മാവിൻ രോദനം കാതോർത്തിടൂ.

1. കരയുവാൻ മോഹമുണ്ടെങ്കിലുമാത്മാവു-
കരയാതിരിക്കുവാൻ കാംക്ഷിക്കുന്നു;
കരയുകിൽ കാഠിന്യചിത്തമലിഞ്ഞിടും,
കദനത്തിൻ വേരറ്റൊഴുകിപ്പോകും.

2. അരുതാത്തതൊന്നുമേ ചെയ്യരുതെന്നുള്ള,
ആത്മാർത്ഥമാം ആശ ഭരിച്ചിടുമ്പോൾ;
അവിവേക ചിന്തകടിഞ്ഞാണിടാനെത്ര-
അതിശയമോടേശു കടന്നുവരും!

# 397

തിരുനാമം, ദുഷിക്കപ്പെടുന്നേ;
ദർശനഭാഗ്യവും മറഞ്ഞിടുന്നേ;
കല്പനപോലെ, വളർന്നുവരാനായ്,
തിരുമനസ്സായങ്ങു വരമേകണേ.

1. ആനന്ദമോടെന്നും തിരുസേവ ചെയ്യാൻ,
ശിക്ഷണമേകണേ സർവ്വേശ്വരാ;
നിത്യവുമാത്മാവിൻ വാസത്താലുള്ളം,
സമ്പന്നമാക്കണേ പരമോന്നതാ.

2. അങ്ങയെമാത്രം പിൻപറ്റിടാനായ്,
ആശീർവ്വാദത്താൽ നയിക്കേണമേ;
അന്ത്യത്തോളം തിരുഹിതം നിറവേറ്റാൻ,
ആത്മനാഥാ കൃപ അരുളേണമേ.

3. ദൈവമേ അങ്ങേയ്ക്കനുകൂലമല്ലാത്തോർ,
പ്രതികൂലമല്ലയോ നീതിമാനേ?
ദോഷങ്ങളെന്തു ഞാൻ ചെയ്തുമൽ പ്രീയാ,
നീതിലഭിക്കാതിരുന്നീടുവാൻ.

# 398

പൊന്നേശുതമ്പുരാൻ നസ്രേത്തിലെത്തി,
ശിഷ്യഗണങ്ങളോടൊപ്പം,
വിസ്മയമാം വിധം ശാബ്ബതിൽപള്ളിയിൽ-
ഉപദേശിച്ചൊരുനാളിലേശു.

1. തച്ചനായോനിവനെവിടുന്നുകിട്ടിയീ-
ജ്ഞാനവും ദൈവീക കൃപയുമെല്ലാം ?
തൃക്കരത്താലുള്ള വീര്യപ്രവൃത്തികൾ-
എന്തെന്നു ചിന്തിച്ചുണർന്നു ഗ്രാമം.

2. ഇടറുന്ന സ്നേഹിതർ അകലുന്ന കാഴ്ച
യാൽ-
ഖിന്നനാമെൻപ്രീയൻ മൊഴിഞ്ഞതു കേൾ,
പിതൃനഗരത്തിലും ചാർച്ചക്കാർ മദ്ധ്യേയും,
ബഹുമാന്യനാമോ പ്രവാചകനും ?

# 399

നിർമ്മല മാനസം നൽകുകദേവാ,
നീതിയോടെന്നും ജീവിച്ചിടാൻ;
പാവനമാം തിരുപാതയിലൂടെ,
പ്രാണനാഥാ ഞാൻ വന്നിടുന്നേ.

1. കുറ്റങ്ങൾ കുറവുകൾ എത്രമേൽ വന്നാലും,
വറ്റാത്ത സ്നേഹത്തിൻ ഉറവയല്ലോ ?
ആറ്റുനോറ്റോമനിച്ചാൽമരംപോലെന്നെ,
ഏറ്റവും നന്നായ് നീ പാലിച്ചല്ലോ ?

2. മർത്യന്റെ ദുഃഖങ്ങൾ പെരുകുന്ന വേളയിൽ,
മിത്രങ്ങൾ വഴിമാറിപോയിടുന്നു;
എത്രമനം തുറന്നെന്നാലും സ്നേഹിതർ,
മിത്രഭാവംപേറും, സ്വാർത്ഥരെല്ലാം.

## 400

സാന്ത്വനം നൽകുന്ന പരിശുദ്ധാത്മാവേ,
മുമ്പുംപിമ്പും എന്നെ അടച്ചുനിൻ കൈ;
എന്റെമേൽവച്ചു നയിക്കുന്നതത്ഭുതം!
ഈ പരിജ്ഞാനമഗാധവുമേ;
സുഗ്രാഹ്യമല്ലിതെന്തത്ഭുതമേ ?

1. പരിശുദ്ധാ എന്നേയും അറിയുന്നോനേ,
ശോധനചെയ്തുള്ളം അറിയും നാഥാ;
അതിശയം എത്രഭയങ്കരമീ സൃഷ്ടി !
അതിശയവാനേ സ്തോത്രം സ്തോത്രം !

2. എന്റെ നടപ്പും കിടപ്പുമെല്ലാം തന്നെ-
നന്നായറിയുന്ന ഉടയവനേ;
തിരുസന്നിധിവിട്ടെവിടേയ്ക്കോടും പ്രിയാ ?
എവിടെ ഒളിക്കും ആത്മാവേ ഞാൻ ?

3. സ്വർഗ്ഗത്തിൽ മെല്ലെ ഞാൻ കയറിയെന്നാലോ ?
നാഥാ നീയുണ്ടവിടെന്നോടൊപ്പം;
കടലിന്നടിയിൽ പാർക്കുവാൻ പോയാൽ,
അവിടേയുമെന്നെ നടത്തുന്നു നീ.

## 401

തട്ടിയുണർത്തുക, ദേവാ എന്നിലെ,
നിഷ്ക്രിയമാം മനസ്സാക്ഷിയെ നീ;
നിതൃത തന്നിൽ ലയിച്ചിടുവോളം,
സത്യ പിതാവേ പാലിക്ക.

1. സാധുവെനിക്കു കരുത്തേകാനായ്,
സാരഥിയാവുകപരമേശാ;
സർവ്വഗുണങ്ങളിനുടയോനേ തിരു-
സവിധേ അണയുന്നടിയനിതാ.

2. ഭീതിയൊരിക്കലുമില്ല മരിക്കാൻ,
കൈയ്പുകളൊക്കെ രുചിച്ചടിയാൻ;
ആകിലുമേ വേർപാടു സഹിക്കാ-
നടിയനു വയ്യെൻ പ്രിയനാഥാ.

## 402

അഗതിയാമെന്നെയും സ്നേഹിതനായ്,
സ്വീകരിക്കാൻ വന്ന തമ്പുരാനേ;
ദുരിതത്തിൽ നിന്നെന്നെ കരകയറ്റൂ,
പരമോന്നതാ അങ്ങേ നമിച്ചിടുന്നേ.

1. അതിരറ്റ വാത്സല്യം പകർന്ന താതാ,
പതിതർക്കായ് ജീവനെ നൽകിയോനേ;
അതിയായ് സ്തുതിക്കുന്നേ മോദമോടെ,
ഹൃദയത്തിന്നാഴത്തിൽ നിന്നിതാ ഞാൻ.

2. ആനന്ദ നൃത്തം ചവിട്ടി ഞാനേശുവെ,
വിനയത്തോടാലിംഗനം ചെയ്യുവാൻ;
കനക പ്രഭാമയാ അനുവദിക്കില്ലേ?
അനുപമ സ്നേഹത്തിന്നുടയവനേ.

## 403

നീ എന്നെ മറന്നതെന്തെന്റെ ദൈവമേ ?
ശത്രുക്കളാൽ ഞാൻ പീഡിതനല്ലോ;
ദുഃഖിച്ചു നടപ്പതുമെന്തിനാവാം,
പാറയാം ദൈവമേ കേൾക്കേണമേ.

1. ഇടവിടാതെന്റെ നേർക്കാക്രോശത്താൽ,
എതിരാളികൾ ചോദ്യം ചെയ്തീടുന്നേ;
നിന്ദാപാത്രമായ് തമ്പുരാനേ, നിന്റെ-
ദൈവമെവിടെയെന്നാരായുന്നേ.

2. അസ്ഥികളെല്ലാം തകർന്നിടും വണ്ണമീ,
നിന്ദയാലെൻ മനമുരുകീടിലും;
ആത്മാവേ ഉള്ളിൽ ഞരങ്ങുന്നതെന്തു നീ,
ദൈവത്തിൽ പ്രത്യാശവച്ചീടുക.

3. വീണ്ടും സ്തുതിക്കും ഞാൻ, ദൈവമെന്റെ-
രക്ഷയും, എൻ മുഖപ്രകാശവും;
ഇവ്വണ്ണം വീണ്ടും സ്തുതിക്കും നിന്നെ,
ദൈവമേ ന്യായത്തിൻ പാലകനേ.

## 404

കൃപയുടെ കരങ്ങളിൽ വഹിക്കേണമേ,
കരുണാമയനാം ത്രീയേകനേ;
കാരുണ്യപൂർവ്വം നടത്തേണമേ,
വീഴാതെ എന്നും കാത്തീടണേ.

1. ഈ ലോക നന്മകളനുഭവിക്കാൻ;
അനുവദിക്കുമ്പോഴും സർവ്വേശ്വരാ,
തിരുജനം നിന്നിൽ നിന്നകലുവതെന്തേ ?
അനുദിനം കൃപയിൽ നിന്നന്യരെപ്പോൽ.

2. ജനിച്ചാൽ മരണമുണ്ടതു നിർണ്ണയം,
അകാലചരമങ്ങളനിവാര്യമോ?
പരമപിതാവിനു സ്തുതി ബഹുമാനങ്ങൾ,
നിരന്തരമേകുവോർ പ്രിയങ്കരരോ?

3. തിരുഹിതമായിഹെ വളർത്തീടുവാൻ,
ദാനമായേകുന്ന പൈതങ്ങളെ;
നേർവഴികാട്ടി നൽ ശിഷ്യരായി,
വരുതിയിലാക്കുമ്പോൾ ത്യജിച്ചിടല്ലേ.

# 405

ആത്മനാഥനോടു ചേരുവാൻ,
ആത്മവാഞ്ഛയേറിടുന്നിതാ;
ആകിലും പ്രാണപ്രീയനേ,
ആകുലം മൂടിടുന്നിതാ.

1. മൃത്യുവരിക്കുവാൻ മാത്രമായോ ഈ
ഭൂമിയിലെന്നെയും സൃഷ്ടിച്ചു നീ ?
ചേതസ്സിലിത്തിരിയാത്മാവിൻ വെട്ടവും,
ദാനമായേകണേ വരപ്രസാദമായ്.

2. അന്ധകാരം വ്യാപിച്ചാധിയേറുന്നേ,
ആഞ്ഞടുക്കുന്നേ ശത്രു ബന്ധിക്കുവാൻ;
ആത്മബന്ധുവായ് സാന്ത്വനമേകാൻ,
ആശയോടരികിലെത്തും എന്റെ വല്ലഭൻ.

## പ്രത്യാശ

# 406

എന്റെ പ്രീയൻ യേശുമഹേശൻ
വീണ്ടും വന്നീടും,
ആകുലമാകെയകറ്റിയ യേശു
വീണ്ടുമെഴുന്നള്ളും.

1. പാടും ഹല്ലേലൂയ്യാ സ്തുതികൾ
വാഴും പ്രിയനായ് പാടും,
ആത്മമണാളൻ ചാരേ ഞാനും
മോദാൽവാഴും യുഗേയുഗേ.

2. ആദിയുമന്ത്യവുമായോനേ എൻ,
യേശുമഹേശനു നിത്യം-
സ്തുതി പാടീടുമിയധരം പരനേ,
പരിചൊടു കാക്കണമെന്നും.

3. എന്നോടൊപ്പം സ്വന്തജനങ്ങൾ
എല്ലാപേരും കണ്ടിടുവാൻ,
മണ്ണിൽ വേലതികയ്ക്കും ഞാനെൻ
കർത്താവിൻ വരവോളം.

4. കണ്ടിടും എന്റെ പിതാവിൻ ചാരേ,
ഞാനും എന്റെ കുടുംബവുമേ;
ആശയതാൽ ഞാനോടും പ്രിയനായ്,
വീഴാതെന്നും കാക്കണമേ.

5. ആത്മനാഥൻ യേശുവിനായ് ഞാൻ
അന്ത്യത്തോളം പാടും;
അന്ത്യശ്വാസം പോകുംവരെയും
സ്തുതിച്ചു പാടും യേശുവെ ഞാൻ.

# 407

1. ആത്മാവു വേദനിക്കുന്നുവോ നിന്റെ-
ആനന്ദമെല്ലാം നിലച്ചുവെന്നോ?
ആത്മാവു തേങ്ങുന്ന ഒച്ചകേട്ടുണ്മയാം
ആത്മനാഥൻ തേങ്ങിക്കരയുകില്ലേ?

2. കൃപയാലല്ലോ നീ ഇന്നോളം ജീവിച്ചു,
ഹൃദയത്തിൻ വാതായനം തുറക്കൂ;
കണ്ണെത്താദൂരത്തിരുട്ടത്തിരിക്കുന്ന-
കുരുടന്റെ കണ്ണും തുറക്കുമീശൻ.

3. ദൈവത്താൽ സ്നേഹിക്കപ്പെട്ടോരല്ലോ നാം
അന്യോന്യം സ്നേഹിക്കാം നാമും,
സന്താപസാഗര തീരേവസിക്കുന്ന-
സോദരർക്കാശ്വാസമേകാം.

4. സമ്പൂർണ്ണ ദൈവികസ്നേഹം നിനക്കും
ചുറ്റിലും മന്ദം വെളിപ്പെടട്ടേ,
കൂരിരുളാകെയകന്നിടും, സൗഭാഗ്യം-
കൈവരിക്കാം മോദപൂർവ്വം.

# 408

കഷ്ടതയനവധി ഉണ്ടെന്നാലും,
കർത്തൃസേവയാണെനിക്കിഷ്ടം.
വേർപാടെന്തോരു തീരാ ദുഃഖം,
ആകിലും ഉത്തമം തിരുസേവ.

1. മരണത്തിനപ്പുറം അദൃശ്യജീവൻ;
നിത്യജീവൻ അതല്ലയോ?
കൈവിട്ടെന്നാലെന്തൊരു നഷ്ടം!
തീരാനഷ്ടമതല്ലയോ?

2. കർത്താവിൽ നാം മറയുകിലും അതു-
ഭാഗ്യമല്ലോ സൗഭാഗ്യം!
വീണ്ടും നാഥനെഴുന്നള്ളുമ്പോൾ
ഉയിർത്തെണീൽക്കും വിൺമയരായ്.

3. നഷ്ടമതാക്കീടല്ലേ കൃപയെ,
അഗണ്യമായ് കരുതീടല്ലേ?
കൃപയാലല്ലോ വരപ്രസാദം
ഒരുങ്ങിടാമതു പ്രാപിക്കാൻ.

# 409

ആരുമേയില്ലെനിക്കാശ്രയമായിട്ടൊ-
രാളുമേ ഭൂമിയിൽ കാണ്മതില്ല;
ആരോരുമില്ലാത്തൊരേഴയാമെന്നെയും
കരുതുവാൻ വല്ലഭനേശുവുണ്ട്.

1. ശത്രുക്കൾ മദ്ധ്യേ വാഴുവാനായിട്ടു
ചെങ്കോൽ നീട്ടുമെൻ ദൈവം,
യുദ്ധത്തിൽ ദാനമായ് തിരുജനമെത്തും
വിശുദ്ധ വസ്ത്രം ധരിച്ചാർത്തുകൊൾക.

2. രാജാക്കന്മാരെ തകർക്കുന്ന ദൈവം
ക്രോധ ദിനത്തിൽ വെളിപ്പെടുമ്പോൾ,
ജാതികൾ മേൽ അവൻ ന്യായം വിധിക്കും,
തകർത്തിടും ദേശാധിപതിയേയുമേ.

# 410

എന്റെ ആധികൾ തീർക്കാൻ ശക്തനവൻ
തിരുമാർവ്വിൽ ഞാനെന്നും അഭയമതേ;
എന്റെ ശോധനകൾ തിരുഹിതമല്ലോ,
അതിനാൽ ഞാനെന്നും സ്തുതിക്കും.

1. ജീവകിരീടമെനിക്കായ്,
പ്രീയൻ ഒരുക്കിയല്ലോ;
അനുഗ്രഹദാതാവെനിക്കു നൽകും,
ആനന്ദ തീരത്തിൽ ചെന്നിടുമ്പോൾ.

2. അനുദിനമവനിൽ വസിക്കും,
ആകുല മഖിലവുമകലും;
ജീവ മന്ന ഞാൻ ഭുജിക്കും,
നിത്യാനന്ദം പ്രാപിച്ചീടും.

# 411

കർത്താവിൽ മരിക്കുന്നോരുയിർക്കും സുനിശ്ചിതം!
കാഹളധ്വനിയോടെഴുന്നള്ളും മദ്ധ്യാകാശേ;
മൃതന്മാരുയിർക്കുമ്പോൾ, ജീവനിൽ കടക്കേണ്ടോർ,
രൂപാന്തരപ്പെട്ടന്നേശുവിൻ കൂടെച്ചേരും.

1. പ്രത്യാശയേകീടുന്ന തന്ത്രമല്ലോർക്കേണം,
യേശുതാനരുൾ ചെയ്ത വാഗ്ദത്തം മാറീടുമോ ?
സത്യവാൻ പ്രസ്താവിച്ച വസ്തുത നിറപടി-
പാലിച്ചു കയറിപ്പോയ് താതന്റെ സന്നിധിയിൽ.

2. സ്വർഗ്ഗപിതാവിന്റെ ചാരത്തു പോകേണം താൻ,
അല്ലാതെ കാര്യസ്ഥനെ ലോകത്തേയ്ക്കയയ്ക്കില്ല;
എന്നു താനരുളിയ വാഗ്ദത്തം പോലെ മൃത്യു-
വരിച്ചുയിർത്തു വേഗമെത്തി പിതാവിൻ ചാരേ.

3. സ്വീകരിച്ചാത്മാവിനെ, മടങ്ങി, ശിഷ്യർക്കേകാൻ,
അടഞ്ഞ വാതിൽക്കുള്ളിൽ, പ്രത്യക്ഷനായീ ഭവാൻ;
നിങ്ങൾക്കു സമാധാനം, എന്നരുൾ ചെയ്തോൻ ഊതി,
ആത്മാവെ സ്വീകരിക്കെന്നവരോടരുൾചെയ്തു.

# 412

കരുണയുള്ളോൻ, ദീർഘക്ഷമയുമുള്ളോൻ
കരളലിയുന്നോൻ ദൈവപുത്രൻ;
ന്യായപ്രമാണം പാലിക്കുവാൻ
കഴിയാത്തവർക്കായ് കൃപപകർന്നോൻ.

1. അരൂപിയായ് വന്നകമേ നിറയും
ആഹ്ളാദചിത്തരായ് മാറ്റീടും;
കനിവിൻ കരങ്ങളാൽ താലോലിക്കും
മണവാട്ടിയായ് നാഥൻ സ്വീകരിക്കും.

2. ബന്ധനമാകെയും അകറ്റിടുന്നോൻ
മോചനമേകും - തിരുകൃപയാൽ;
ആശീർവ്വാദവും അഭിഷേകവുമായ്
നിത്യത തന്നിൽ, പ്രീയൻ എത്തിക്കും.

# 413

വീണ്ടെടുത്തീടണേ പാപിയാമെന്നെ,
വിശുദ്ധീകരിക്കണേ തിരുസുതനാൽ,
വേദന തിങ്ങും ഈ മാനസ്സേ,
നിറഞ്ഞു വസിക്കണേ സ്നേഹപൂർവ്വം!

1. വഞ്ചനയാൽ ഞാൻ അകന്നുപോയല്ലോ,
സോദരനിൽ നിന്നു ദേവാ;
ഭീതിയേറുന്നീ, മാനസതീരേ,
ദൈവത്തിൻ പൊൻകരം കാണുന്നിതാ.

2. കരുണനിറഞ്ഞവനല്ലയോ ദൈവം,
വചനമെൻ കാലിനു ദീപവുമേ;
പ്രാപിച്ചീടാം നിത്യമോക്ഷം
സ്വർഗ്ഗീയദാനങ്ങൾ സമ്പൂർണ്ണമായ്.

3. അക്കരയെത്താം സ്നേഹത്തിൻ മാർഗ്ഗേ,
മനസ്സാനേടാമെല്ലാരെയും;
യാബ്ബോക് കടവിൻ, ദർശനഭാഗ്യം,
ഓർക്കുക ദൈവം സമ്പൂജ്യനേ.

## 414

ഒരുതിരിനാളമായ് എരിഞ്ഞമരും ഞാൻ,
യാഗമായ് തീർന്ന മൽപ്രിയനായി;
കൂരിരുളിൽ ഞാൻ മെഴുതിരിനാളമായ്,
ഉരുകി ഉരുകി പ്രീയനിൽചേരും.

1. ശത്രുക്കളാരും ഇല്ലെനിക്കെന്നാലും,
ശക്തനാം ദൈവം കൂട്ടിനായില്ലെങ്കിൽ;
മല്ലനാം സാത്താൻ വൈരിയായ് പിന്നിൽ
വീഴ്ചയെക്കാണാൻ പിന്തുടരും.

2. ശുദ്ധരായോരിഹെ ആരുമേ ഇല്ലെന്നാൽ,
വിശുദ്ധത്രിത്വം എന്നിൽ വസിക്കയാലേ;
ശുദ്ധീകരിച്ചിടും ക്രൂശിലെ രക്തത്താൽ,
അനന്ത നന്മകളേകി തിരുസുതനായ്.

## 415

ശുദ്ധര,ത്യാനന്ദത്താലെന്റെ പ്രീയനെ,
വാനത്തിലെതിരേൽക്കുമ്പോൾ;
ഞാനുമെന്നേശുവെ സ്വീകരിച്ചീടാൻ,
വാനമേഘേ അന്നുപറന്നുയരും.

1. കണ്ണിമയ്ക്കുന്നേരം രൂപാന്തരപ്പെട്ടു,
പ്രീയനോടൊന്നിച്ചുയർന്നു പോകും,
നിത്യമാം വാസസ്ഥലത്തെത്തിമോദമായ്;
എക്കാലവും നാഥനോടുപാർക്കും.

2. ജാതികൾ മാതൃകയാക്കട്ടെ പ്രീയന്റെ,
ക്രൈസ്തവ സന്ദേശം പാരിലെങ്ങും,
നിത്യതയ്ക്കായ് മനമൊരുക്കത്തിനായ്,
നേരിന്റെ മാർഗ്ഗം വെളിപ്പെടുത്താം.

3. രാജസദസ്സിന്റെ തൊട്ടടുത്തായി ഞാൻ,
സ്തോത്രഗീതങ്ങളുതിർത്തു നിൽക്കും;
ദിവ്യസ്വരൂപത്തെ, ദർശിച്ചുന്മത്തനായ്,
ആത്മവിവശനായ് പാട്ടുപാടും.

## 416

ഈ ജീവിതം എത്ര മനോഹരമേ,
ഈ ജീവിതം എത്രമഹത്തരമേ;
ഭാഗ്യഹീനർ നഷ്ടമാക്കീടുമീ-
ജീവിതയാത്ര; സുന്ദരമേ.

1. നാളുകൾ നീളുകിൽ, രോഗമില്ലായ്കിലേ,
നാവനക്കാനാവൂ, സന്തുഷ്ടരായിടൂ;
സ്വർഗ്ഗനരകങ്ങൾ ഭൂമിയിൽതന്നെ നാം,
സ്വീകരിച്ചീടണം നിർണ്ണയമെ

2. സ്വർഗ്ഗമീ ഭൂമിയിൽ നൽകുന്നു കൈകളിൽ,
സ്വീകരിച്ചാമോദാൽ വാണീടുവാൻ;
ചാരത്തായ് ദണ്ഡനോപാധിയായ് അഗ്നി
യും,
ഉണ്ടെന്ന സത്യം നാം ഓർത്തിടേണം.

3. ജീവജലനദി പുൽകിടുന്നെന്നേയും,
ആകയാൽ അഗ്നിഞാൻ കെടുത്തീടുമേ;
ദൈവമെൻ സങ്കേതം ആകയാൽ നിശ്ചയം,
സ്വസ്ഥതതന്നെ ഞാൻ കൈവരിക്കും.

## 417

വിശ്വാസത്താലേ ഞാൻ വൻകാര്യം ചെയ്യും,
വിശ്വമെൻ നാമത്തെ സ്നേഹത്താലോർക്കും;
വിത്തമെനിക്കൊന്നും നേടിത്തരില്ലെന്നാലും
വിനയത്താൽ ദൈവത്തിൻ കൂട്ടാളിയായിടും.

1. യേശുവിൻ സ്നേഹത്തിൻ മാധുര്യത്താൽ,
കർത്താവിനായെന്നും ആത്മാക്കൾ നേടും;
ജാതികളായുള്ളോർ നാഥനെ സേവിപ്പാൻ,
കൂട്ടമായെത്തീടും ആരാധിക്കും.

2. ഹിന്ദുമുസൽമാനും മറ്റുള്ളോരെല്ലാരും,
ഏകമായ് യേശുവെ, കൈക്കൊണ്ടീടും;
ആ നല്ലനാളിനായ് ഓടുമെൻകാലുകൾ,
ശക്തിയാർജ്ജിച്ചീടും നിശ്ചയമായ്.

3. ആശ്വാസമില്ലാത്തോർക്കാശ്വാസമേകാൻ,
സുവിശേഷഘോഷണം ഞാൻ നടത്തും;
ആത്മപ്രവാഹത്തിൻ അത്ഭുതം കാണുന്നോർ,
കൈക്കൊള്ളുമേശുവിനെ ആനന്ദത്താൽ.

## 418

സാത്താനേ ഓടിപ്പോകെൻ
മുന്നിൽ നിന്നും വേഗം;
നിന്നെപ്പോലൊരു ദുഷ്ടനിബ്ഭൂവിൽ,
വേറാരുള്ളൂ ലൂസിഫറേ?

1. നിന്നെത്താളടിയാക്കാനെന്നിൽ,
ശക്തിപകർന്നെൻ പ്രിയനാഥൻ;
ക്രൂശിൽ രക്തത്താലെൻ പ്രീയൻ,
വിലയ്ക്കു വാങ്ങിയ സ്നേഹത്താൽ.

2. സാത്താനേ നിൻ തല ഞാൻ തല്ലി,
തകർത്തിടും നീ സൂക്ഷിച്ചോ;
കർത്താവെന്നെ നിനക്കു തരില്ല,
കൊതിച്ചിടേണ്ടെൻ ദേഹിക്കായ്.

3. രക്ഷകനേശു നിനക്കെതിരായെൻ,
ആയുസു വർദ്ധിപ്പിക്കുന്നു;
നിന്റെ കുശുമ്പും കുടിലതയും ഞാൻ,
ഭസ്മമതാക്കും രക്തത്താൽ.

## 419

എൻ വിഷാദം മാറാൻ കാലമായ്,
എന്റെ പ്രീയൻ വാനിൽ വരാറായ്;
തെല്ലും കുലുങ്ങില്ല ഞാൻ, ഭാരപ്പെടില്ല,
ശാശ്വത ഭവനത്തിൽ നാഥനെത്തിക്കും.

1. നിന്ദകൾ മാറാൻ നേരമായല്ലോ,
യേശു എന്നിൽ സന്തോഷിക്കുന്നേ;
എന്റെ ഉള്ളം തുള്ളുന്നേ, നന്ദിപൊങ്ങി പ്പാടുമേ,
ഹല്ലേലൂയ്യാ, അത്യുച്ചത്തിൽ പാടിയാർക്കുമേ.

2. ബന്ധുജനം കൈവെടിയുന്നേ,
ഭോഷനായിട്ടെണ്ണീടുന്നെന്നെ;
യേശു എനിക്കെന്നുമെന്നുംമതി പ്രീയനേ,
ഹല്ലേലൂയ്യാ, അത്യുച്ചത്തിൽ പാടിയാർക്കുമേ.

## 420

അനുദിനമടിയനെ ബന്ധനത്തിൽനിന്നു,
മോചനമേകുന്ന സർവ്വശക്താ;
തിരുസവിധേ പുലർകാലേ നമിക്കുവോർ-
ക്കരുളുന്ന വാഗ്ദത്തമെന്തു മോദം!

1. തകരുന്ന മനമൊക്കെ ആശ്വസിപ്പിക്കും-
വല്ലഭാ നിന്നെ ഞാനൊന്നു കാണാൻ;
അല്ലലോടെത്രമേലാകുല ചിത്തനായ്
കാതോർത്തു തിരുവായ്മൊഴികൾ കേൾ ക്കാൻ ?

2. നരകത്തിൻ ദർശനമേകി സൽപാതയെ,
കാംക്ഷിക്കുവാൻ ആശ നൽകിയോനേ;
തൃക്കരത്താൽ മമ കൈകൾ ഗ്രസിച്ചെന്നെ,
അക്കരെ നാട്ടിൽ നീ ചേർക്കുമല്ലോ?

3. ആത്മനാഥൻ തന്റെ മണവാട്ടിയാകാനായ്,
ആത്മീയദാഹം നീ തന്നതാലെൻ;
ആകുലമാകവേയെങ്ങോ മാഞ്ഞുപോയ്,
ആശീർവ്വാദം തന്ന യേശുനാഥാ.

## 421

തീയിങ്കൽ ഉരുകുന്ന മെഴുകുപോലെ,
ദുഷ്ടന്മാർ നശിച്ചിടും തിരുസവിധേ;
നീതിമാന്മാരോ ദൈവത്തിൻ സന്നിധേ,
സന്തോഷിച്ചുല്ലസിക്കും പ്രീയരേ.

1. യാഹിന്റെ മുമ്പിൽ ഉല്ലസിപ്പിൻ അവൻ-
താതനില്ലാത്തോർക്കു നാഥനല്ലോ ?
വിധവമാർക്കെല്ലാം ന്യായപാലകനാം,
ദൈവമേകിടുന്നു സൗഭാഗ്യങ്ങൾ.

2. മത്സരികൾക്കവൻ വരണ്ടദേശം,
പാർക്കുവാനായിട്ടു നൽകിടുമ്പോൾ;
തിരുസുതർക്കുള്ളതാമവകാശമോ,
ശീതളമായുള്ള ഭൂപ്രദേശം.

3. രക്ഷയാം ദൈവമായ് നാൾതോറും ഞങ്ങടെ
ഭാരങ്ങൾ ചുമക്കുന്ന കർത്താവേ;
മരണത്തിൽനിന്നും നീക്കുപോക്കേകുന്ന,
ദൈവമേ അടിയങ്ങൾ വാഴ്ത്തിടുന്നു.

## 422

ജീവനുള്ള ദൈവത്തെ നാം ആരാധിക്കുമ്പോൾ,
ജീവജലം പാനം ചെയ്തു ജീവിച്ചീടുമ്പോൾ;
ജീവനാഥനായ് നമ്മെ സമർപ്പിക്കുമ്പോൾ,
ജീവനും ദേഹിയും ആർത്തുഘോഷിക്കും.

1. അത്യുന്നതൻ നീതിമാനും സ്നേഹതാതനും,
നിത്യത്തോളം പാലിക്കുന്ന സ്നേഹമേയ്പനും;
അത്യാപത്തിൽ വീഴാതെന്നും കാത്തുപാലിക്കും,
സത്യാത്മാവാം കാര്യസ്ഥൻ, ആനയിച്ചീടും.

2. മാറത്തു പൊൻകച്ച ധരിച്ചിരിക്കുന്നോനാം,
സ്വർഗ്ഗത്തിൽ വസിപ്പോനെ പ്രാർത്ഥിക്കുമ്പോൾ;
സ്നേഹത്തിൻ ജ്വാലയാൽ കാരുണ്യത്താലേ,
സത്യമാർഗ്ഗത്തിൽ നാം ജീവിച്ചീടും.

## 423

വിശ്വാസത്താൽ വിടുതൽ പ്രാപിക്കാം,
വിനയത്താൽ നാം പ്രീതിയുംനേടാം;
വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനല്ലോ ?
വാക്കുമാറില്ലവൻ ദൈവമല്ലയോ?

1. കോടാനുകോടി സൂര്യനേക്കാളും,
തീക്ഷ്ണതയുള്ളോനെന്റെ പ്രീയൻ;
അഗ്നിജ്വാലയ്ക്കൊത്ത കണ്ണുകളുള്ളോൻ,
വെള്ളോട്ടിൻ സാദൃശ്യം കാലുകൾക്ക്.

2. കാലമില്ലേറെയെൻ പ്രീയൻ വരാറായ്,
പുത്തൻ ജറുസലേം കാണണം നമ്മൾ;
ഒലിവു മലയിൽ വിള്ളൽ, വീണുകണ്ടതാൽ,
കാലം തികഞ്ഞതിൻ ലക്ഷണമല്ലോ.

3. സ്ഥലമൊരുക്കാനത്രേ പോയവൻ സ്വർഗ്ഗേ,
വീണ്ടുംവരും നമ്മെ ചേർത്തുകൊൾവാൻ;
ലജ്ജിച്ചിടാതവനെ സ്വീകരിക്കാനായ്
വേഗമൊരുങ്ങിടാം പ്രീയ തോഴരേ.

# 424

ദൈവാത്മാവെന്നുള്ളിൽ വസിച്ചിടുമ്പോൾ,
പ്രതിബന്ധമെല്ലാം അകന്നുപോകും;
സ്ഥിരവാസം ചെയ്യാതിരുന്നീടുകിൽ,
ദുരിതങ്ങളെല്ലാം അരികിൽ വരും.

1. കാര്യങ്ങളൊക്കേയും മുടങ്ങിടുമ്പോൾ,
ജീവിതമാകേയും തകർന്നിടുമ്പോൾ;
ആർത്തിരമ്പുന്നൊരെൻ മാനസത്തിൽ,
സ്പർശനത്താൽ നീ ശാന്തിയേകൂ.

2. ശാശ്വത ശാന്തിക്കായ് വരുന്നിതാ ഞാൻ,
ദൈവമേ നീമാത്രം അഭയമല്ലോ?
കണ്ണീർ തുടയ്ക്കുന്ന സ്നേഹമേ നീ
പകരൂ ഉള്ളത്തിലാനന്ദവും.

3. കർത്താവു വീണ്ടുംവരും സത്യമേ,
ശാശ്വത വാസസ്ഥലത്തെത്തിടാം;
ഞാനൊരുങ്ങീടുമാ ആനന്ദതീരത്തിൽ-
ആമോദമായ് വാണുല്ലസിക്കാൻ.

# 425

ചിറകിന്റെ മറവിൽ മീവൽ പക്ഷിക്കുഞ്ഞായ് നാം,
അനുദിനം കൃപയാൽ വളർന്നിടുന്നു.
അഗ്നിപരീക്ഷകൾ ഭീതി പരത്തുമ്പോൾ
പരിശുദ്ധാത്മാവിൽ മറയുന്നു നാം.

അത്യന്തസ്നേഹമേ സ്തുതി നിനക്ക്,
ആത്മാവിൻ അഭിഷേകം വ്യാപരിക്കട്ടേ. - (2)

1. വിശുദ്ധർ ഘോഷിക്കും സ്വർഗ്ഗരാജ്യത്തിൽ
നീതിയിൻ വസ്ത്രം ധരിച്ചു നാമും;
ദൈവത്തെപ്പാടിപ്പുകഴ്ത്തിയാമോദത്താൽ-
നിത്യം വസിക്കുവാൻ വരം തരിക. - (അത്യന്ത)

2. ദൂതരിൽ ഭാഷയിൽ ദൈവത്തോടൊപ്പം
സ്വർഗ്ഗസീയോനിൽ സ്തുതിച്ചു നാമും,
അത്യപൂർവ്വാഹ്ളാദം പങ്കുവയ്ക്കാം സ്തോത്ര-
ഗാനങ്ങൾ പാടിയും സ്തുതിമുഴക്കാം. -(അത്യന്ത)

# 426

പ്രാർത്ഥനയാൽ നേടാം ദൈവസ്നേഹം,
കൃപയാലല്ലാതെന്തു സൗഭാഗ്യങ്ങൾ ?
ആത്മവരങ്ങളും ജീവിത ഭാഗ്യവും
ദൈവപ്രസാദത്താൽ സമ്പാദിക്കാം.

1. കൃപമേൽ കൃപയല്ലോ മാരിപോൽ നീ,
വർഷിച്ചിടുന്നു തൻമക്കളിന്മേൽ;
കൃപ പെരുകുമ്പോൾ പാപവും വർദ്ധിച്ചു
ദൈവത്തിൽ നിന്നു നാം അകലുന്നുവോ ?

2. ലംഘനത്താൽ നഷ്ടമാക്കിടും നന്മകൾ
കൃപയുടെ സമ്പത്താം ദാനമല്ലോ ?
പാപശരീരങ്ങൾ മാറ്റം വരുത്തുമെൻ,
യേശുവോടൊപ്പം നാം ക്രൂശുപേറാം.

3. പാപസംബന്ധമായ് മരിച്ചവർ നമ്മൾ,
ജീവിപ്പതോ ഇനി ക്രിസ്തുവിനായ്;
പാപത്തിനില്ലിനികർത്തൃത്വം നമ്മളിൽ
കൃപയ്ക്കധീനർ നാം ദൈവമക്കൾ.

# 427

അക്കരെ നാട്ടിലെ വാസമെന്നാശയേ
ആത്മാവു വാഞ്ഛിക്കുന്നേശുവെക്കാണാൻ,
ഈ ലോകജീവിതം നശ്വരമല്ലയോ ?
ആനന്ദമാണെന്റെ പ്രീയനെക്കാണുകിൽ.

1. ഈ മർത്യമായവയെല്ലാമുപേക്ഷിച്ചു
സായൂജ്യം പ്രാപിക്കാനാശയോടെ,
മോഹങ്ങളെല്ലാം ക്രൂശിച്ചു നിത്യവും
പ്രാണന്റെ നാഥനെക്കാത്തിരിപ്പൂ.

2. നശ്വരമാകിലും മർത്യന്റെ ജീവിതം
ഭാഗ്യമേയല്ലെന്നു ചൊന്നിടാമോ ?
ദൈവത്തെക്കാളല്പം താഴേ തലത്തിൽ
തേജസ്സോടല്ലയോ വാഴിക്കുന്നു. ?

3. ഹാമഹാവല്ലഭാ രാജാധിരാജാ,
സ്വർഗ്ഗീയ സൗഭാഗ്യദായകാനിൻ,
ആശിഷം പ്രാപിക്കാനാശയോടെന്നും
സാദരാൽ ഏഴ നിൻ ചാരത്തുണ്ട്.

# 428

സൗഖ്യമാക്കാൻ നിന്റെ കരം നീട്ടുന്നതിനാലും
യേശുവിൻ അത്ഭുതം കാൺകയാലും,
തിരുവചനം പൂർണ്ണധൈര്യമായ് ദാസർ
പ്രസ്താവിപ്പാൻ കൃപനൽകേണമേ (2)

1. അപ്പോസ്തലന്മാർ പ്രാർത്ഥിച്ച വേളയിൽ
കൂടിയിരുന്നിടം കുലുങ്ങിയപ്പോൾ (2)
ആത്മനിറവിനാൽ ധൈര്യപൂണ്ടന്നേരം
ദൈവത്തിൻ വചനം പ്രസ്താവിച്ചു (2)

2. വിശ്വസിച്ചോരെല്ലാം ഏകമനസ്സോടെ,
ഹൃദയത്തിലൈക്യം പ്രാപിച്ചപ്പോൾ; (2)
സ്വാർത്ഥതയില്ലാതെ സകലവും പൊതുവായ്
കരുതി അവർ ദൈവമക്കളായി (2)

3. മുട്ടുള്ളോരാരുമേ കണ്ടില്ലവിടെങ്ങും,
ഏവർക്കും കൃപമേൽ കൃപ പകർന്നു; (2)
വീടും നിലങ്ങളും ദൈവരാജ്യത്തിങ്കൽ-
ഒന്നുമേയല്ലെന്നവർ ഗണിച്ചു (2)

## 429

ഉയിർത്തെണീറ്റെൻ പ്രീയനാഥൻ,
ഉയരത്തിൽ നിന്നു കാണും നമ്മെ;
നിത്യതയിൽ നമ്മോടൊന്നിച്ചു വാഴാൻ,
വാഗ്ദത്തംപോൽ പ്രീയൻ വീണ്ടും വരും.

1. മദ്ധ്യാകാശേ മേഘത്തേരിൽ,
ദൂതരുമായന്നാഗമിക്കും;
കാത്തിരിക്കാം വാഞ്ഛയോടാ-
ദിവ്യനാളിൽ സ്വീകരിക്കാനായ്.

2. ഒലിവു മലയിൻ മുകളിൽ നിന്ന്,
അഭിവാദ്യങ്ങളുതിർക്കുമ്പോൾ;
വിശുദ്ധരെല്ലാം പ്രാപിച്ചീടും,
രൂപാന്തരവും തേജസ്സുമേ.

3. സുവിശേഷത്തെ ത്യജിക്കുവോരേ,
ലജ്ജിതരായ്ത്തീർന്നീടാതെ;
സത്യം കേൾക്കൂ, ഹൃദയം നൽകു,
രക്ഷകനെ, അനുഗമിക്കൂ.

## 430

ഈ ലോക ജീവിത ദുഃഖങ്ങളിൽ,
ആശ്വാസമേകാൻ അരികിൽ വന്നോൻ;
ആത്മാവും സത്യവുമായ മൽപ്രീയൻ,
മദ്ധ്യാകാശത്തിൽ എഴുന്നള്ളുമേ.

1. ഭോഷരെന്നീലോകം പരിഹസിക്കാം,
ദുരിതങ്ങൾ ചുറ്റിലും കെണിവിതയ്ക്കാം;
ആശ്രയിപ്പാനായ് ആരോരുമില്ലാതെ,
തളരുന്ന നേരമെന്നേശുവുണ്ട്.

2. മാരക രോഗത്താൽ വീണീടിലും,
മനമാകെ സംഭ്രമം ബാധിക്കിലും;
പരമോന്നതൻ തന്റെ സാന്നിദ്ധ്യമേകും,
ആശ്വാസമരുളും ഭുജബലത്താൽ.

## 431

ദൂരസ്ഥരായിരുന്നോരേ നിങ്ങൾ,
ക്രിസ്തുവിൻ ചോരയാൽ അരികിലെത്തി;
അവനല്ലോ നമ്മുടെ സമാധാനവും,
ഏകനാം ദൈവവും ആത്മാവുമേ.

1. ശത്രുത്വമെല്ലാമകറ്റുവാനായ്,
ദൈവവുമായ് നമ്മെ നിരപ്പിച്ചവൻ,
വേർപാടിൻ നടുച്ചുവർ പാടേയകറ്റി,
യേശുവിൻ ത്യാഗത്താൽ ഒരുമിപ്പിച്ചു.

2. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കും,
പ്രകൃതിയിന്നധിപന്റെ വരദാനം;
പ്രാകൃതമായുള്ള സൃഷ്ടികൾക്കെന്നും,
പ്രത്യാശയേകുന്നു മോക്ഷവുമേ.

## 432

പ്രത്യാശയേകും വിശുദ്ധ റൂഹായേ,
അത്യന്ത ശക്തി പ്രദായകനേ;
നിത്യനും മർത്യന്റെ സങ്കേതവും നീ,
സത്യസ്വരൂപനാം ഏകനും നീ.

1. ഭൂസീമാവാസികളാർത്തു ഘോഷിക്കും,
നിസ്സീമ സ്നേഹത്തിൻ മാധുര്യത്തെ;
നന്ദികരേറ്റിയെന്നുള്ളത്തിൽ സ്വീകരി-
ച്ചാനന്ദമോടെന്നും വസിച്ചിടും ഞാൻ.

2. ആരുമെനിക്കില്ല ശാന്തിയേകാനായ്,
പിൻഗമിപ്പോനെന്നെയോർക്കേണമേ;
ശങ്കയെന്യേ പ്രീയനോടൊത്തുവാഴുവാൻ,
ആശയേറീടുന്നു ത്രീയേകനേ.

3. സങ്കടമേറിവരും നേരമീശോ,
സന്തതം നിൻ മാർവ്വിൽ ആശ്വസിക്കും;
ആത്മഭാരംനീക്കും മുക്തിദായകനേ,
സർവ്വദോഷങ്ങളും പൊറുക്കേണമേ.

## 433

എത്രയോ സന്തോഷം യേശുവേ നിൻ,
സാന്നിദ്ധ്യം ആസ്വദിക്കിൽ;
തിരുസന്നിധാനത്തിലഭയം പ്രാപിക്കും,
ഏഴകൾക്കാലംബം നീ.

1. മാറോടണച്ചെന്നെ പുൽകുവാൻ നാഥാ,
ദയതോന്നണേയെന്മേൽ കൃപ തോന്നണേ;
നിദ്രാവിഹീനമാം രാവുകളിൽ വന്നു,
ദുർന്നിമിത്തങ്ങളകറ്റുകില്ലേ?

2. മനസ്സിന്നു ശാന്തി പകർന്നിടാനീശോ,
അരികിൽവരേണമേ നിർമ്മലാത്മാ;
ആത്മാവിൻ വാളുമായ് നിത്യതയോളവും,
പിൻഗമിക്കാനായ് വരമേകുമോ ?

## സത്യം

# 434

സത്യത്തിൽ നടന്നിടാനാശയാണേ,
സത്യമെൻ ജീവന്റെ ശക്തിയാണേ,
സത്യത്തിൻ മാർഗ്ഗേ ചരിക്കുകിൽ ഞാൻ
സത്യവാനാകില്ലേ തമ്പുരാനേ ?

1. അകൽചയാൽ ചെയ്യുന്ന കർമ്മമെല്ലാം,
അശുദ്ധിയല്ലാതെ മറ്റൊന്നുമല്ലേ;
അകൽച്ച മാറ്റീടുവാൻ ദൈവത്തിനല്ലാതെ
സാദ്ധ്യമായീടില്ല സുനിശ്ചിതമേ.

2. ആത്മീകനാമേഴ അനാഥനാവില്ലേ?
ദൈവം പിതാവായിട്ടില്ലയെങ്കിൽ?
പരിശുദ്ധിയുള്ളിടത്താഹ്ളാദമുണ്ടല്ലോ?
സ്നേഹ സന്തോഷം സമാധാനവും.

3. ആരാധിക്കുമ്പോൾ വിശുദ്ധിയുണ്ടെങ്കിലേ,
സന്തോഷപാരമ്യം നേടിടൂ നാം;
നീതിപാലിച്ചു നാം നിർവൃതി പ്രാപിക്കാം,
ശുദ്ധരായ് ജീവിക്കാം യേശുവിന്നായ്.

# 435

സത്യത്തിൻ സാക്ഷിയായ് ജീവിക്കുവാൻ,
ലോകാവതാരം ചെയ്തേശുനാഥൻ;
സത്യത്തെ പുൽകുവോരെല്ലാരുമേ;
യേശുവിൻ വചനങ്ങൾ അനുസരിപ്പിൻ.

അനുഗമിക്കും ഞാനെൻ യേശുവിനെ,
സത്യത്തിൽ നടന്നിടും എന്നാളുമേ,
പ്രീയന്റെ വചനത്തിൽ ജീവിക്കും ഞാൻ,
കാതോർക്കുമേശുവേ തിരുസ്വരം ഞാൻ.

1. ക്ലേശങ്ങൾ അനവധി വന്നീടിലും,
നീതിയിൻ മാർഗ്ഗമെൻ ആധാരമേ.
സത്യത്തിൻ സാക്ഷിയായ് കൂട്ടാളിയായ്;
ലക്ഷ്യത്തിലെത്താൻ തുണയ്ക്കുമീശൻ.

2. നിർഭയരായ് നമുക്കനുഗമിക്കാം,
കൈവെടിയില്ലവൻ ഒരുനാളുമേ;
സത്യവാനുള്ള കിരീടത്തിനായ്,
സത്യത്തിൻ മാർഗ്ഗേ നടന്നുപോകാം.

# 436

വചനം വിളയുന്ന നിലമാകനാം,
വചനത്തിൽ വേരൂന്നി വളർന്നിടാം നാം;
വചനത്തിൻ ആഴത്തിൽ ആഴ്ന്നിറങ്ങാം,
വചനം കാലിനു ദീപമല്ലോ!

1. സത്യം വിതയ്ക്കാം നീതിയെ കൊയ്യാം,
സത്യനമസ്ക്കാരികളായിടാം നാം;
സത്യം ധരിച്ചും സമാധാന സന്ദേശം,
സത്യമായ് കീർത്തിച്ചും മുന്നേറിടാം.

2. ആത്മാവിൻ ബലം ധരിച്ചണിനിരക്കാം,
ആത്മാവിൻ സദ്ഫലത്താൽ നിറയാം;
ആത്മാവിലാനന്ദിച്ചന്യോന്യം വർത്തിക്കാം,
ആത്മാഭിഷേകത്താൽ നിറഞ്ഞിടാം നാം.

# 437

സത്യത്തിൽ നടന്നിടാം പ്രിയരേ,
ദൈവത്തിൻ പൈതങ്ങളായ് നാം;
മാലിന്യമില്ലാതെ വളർന്നീടാമോ?
വചനത്തിൽ വേരൂന്നി അനുദിനവും.

1. മുന്തിരിവള്ളിയാം യേശുവിൽ ഞങ്ങൾ,
ചില്ലകളായ് ഫലംപേറും;
ആത്മഫലം വഹിക്കാൻ തുണച്ചീടും,
കർത്താവു ഞങ്ങളിൽ മഹത്വപ്പെടും.

2. സത്യത്തിൻ പാതയിൽ മാത്രം ചരിച്ചും,
നിത്യം നടന്നിടും മോദാൽ;
സത്യാത്മാവിൻ കൃപയാൽ വളർന്നീടും,
നിത്യമായ് യേശുവിൽ വാണിടും നമ്മൾ.

# 438

കേൾക്കുവാൻ വേഗത വേണമെന്നോർക്കുക,
അനുസരിക്കുന്നോർക്കു നന്മ തന്നെ;
ദൈവത്തിൻ കല്പന കാതോർത്തു കേൾക്കുകിൽ,
നിശ്ചയമായ് നാം അനുഗൃഹീതർ.

1. ആത്മാവിനത്ഭുത ദാനമായേകുന്ന,
പരിശുദ്ധാത്മാവേ വന്നാവസിക്ക;
യേശുവിൻ നാമത്തിൽ ഞങ്ങൾക്കു നൽകിയ,
ഇമ്മാനുവേൽ നമ്മെ നയിച്ചിടട്ടെ.

2. സത്യത്തിൻ മാർഗ്ഗേ മുന്നോട്ടു പോയിടാം,
സത്യം നമുക്കെന്നും ആശിസ്സേകും;
സത്യം സ്വതന്ത്രരായ് മാറ്റിടും നമ്മെ,
സത്യം സനാതന ധർമ്മമല്ലോ ?

3. യേശുവിൻ നാമത്തിൽ നമ്മെ വിട്ടാൽ
പോവുക നിശ്ചയദാർഢ്യമോടെ;
നമ്മേ നയിക്കുന്നോൻ മുമ്പേനടത്തുകിൽ,
അനുസരിച്ചാടുകളായ് ഗമിക്കാം.

# 439

സത്യത്തെയെന്നാലും തടഞ്ഞു നിർത്തീടു
വാൻ,
അനീതിയിൻ മക്കൾക്കസാദ്ധ്യമേ;
നീതിക്കുവേണ്ടി നാം നിലകൊള്ളുകിൽ
വേഗം,
സത്യത്തെപ്പിൻപറ്റിയാത്രചെയ്യാം.

1. മാർഗ്ഗമദ്ധ്യേ കല്ലും മുള്ളുകളും
പാദങ്ങൾ കീറിമുറിച്ചിടുമ്പോൾ,
ലക്ഷ്യത്തിലെത്താൻ പണിപ്പെടുന്നോരേ,
സ്വാർത്ഥലാഭങ്ങൾ ത്യജിച്ചിടേണം.

2. തിരുനിവാസത്തിൽ മറഞ്ഞീടുമേഴകൾ,
തകർന്നിടാതെന്നും സുരക്ഷിതരായ്;
പാർത്തിടട്ടേയീ മക്കളോടെല്ലാ,
പിഴകളും പൊറുക്കണേ സ്നേഹപൂർവ്വം.

# 440

ഒരുവൻ തൻ സ്നേഹിതനോടഭിമുഖമായി
സംസാരിക്കുമ്പോലെ ഒരുനാളിൽ,
യഹോവയ്ക്കുറ്റ തൻ ദാസനാകും,
മോശയോടൊരുനാൾ സംഭാഷിച്ചു.

1. കൂടാരത്തിൻ അരികിൽ ജനം,
നോക്കി നിൽക്കുന്ന നേരം;
യിസ്രേലെല്ലാം, കാൺകെ മോശ,
കടന്നുമെല്ലെയതിനുള്ളിൽ.

2. കൂടാരത്തിൽ, കടന്നു, പിന്നെയും-
ഇറങ്ങി വാതില്ക്കൽ മോശെ;
യഹോവ മേഘസ്തംഭമതിൽനിന്നും,
സംസാരിച്ചല്ലോ മോശയുമായ്.

3. കൂടാരത്തിന്റെ വാതില്ക്കലായ്,
മേഘസ്തംഭം വന്നു നില്ക്കുന്നേരം,
കണ്ടോരെല്ലാം നമസ്കരിച്ചു,
കൂടാര വാതില്ക്കൽ ഭക്തിയോടെ.

# 441

## നിത്യത

ആത്മാവിൻ ആനന്ദം നിത്യാനന്ദം,
ആലോചനാമൃതം അവർണ്ണനീയം;
ഈ ലോകജീവിതം നശ്വരമല്ലയോ,
മായയെ ഓർത്തു നീ തകർന്നിടല്ലേ.

1. നിത്യമാം ഭവനം ഒരുക്കിടാനായ്,
ആരോഹണം ചെയ്തു ദൈവപുത്രൻ;
വാഗ്ദത്തമല്ലയോ പ്രത്യാശിക്കാം നാം,
ഉത്ഥാനം ചെയ്തോന്റെ വാക്കല്ലയോ?

2. ജീവന്റെ മാർഗ്ഗത്തെ അറിഞ്ഞ നീയും,
ജീവനിൽ കടക്കുവാൻ അനുനിമിഷം;
വളരേണം വചനത്തിൽ വേരൂന്നേണം,
വിശ്വാസം വെടിയാതെ മുന്നേറണം.

3. കള്ളന്റെ ആഗമം അറുക്കുവാനും,
മുടിക്കുവാനും തന്നെ, ഓർമ്മവേണം;
നിത്യസൗഭാഗ്യം കവർന്നീടുന്നോൻ,
കള്ളനാണേ അവൻ സാത്താനല്ലോ.

# 442

നിത്യതയ്ക്കായിട്ടൊരുങ്ങാം സഹജരേ,
ആത്മാവു സ്വസ്ഥമായ് തീർന്നിടട്ടേ;
ഏതുനേരം നാം നിലംപരിചാകിലും,
എത്തേണമക്ഷണം ദൈവമുമ്പിൽ.

1. കർത്താവു ഗംഭീരനാദമോടെത്തും,
അക്ഷയരായ് നാമുയർത്തെണീൽക്കും;
അല്ലലില്ലാത്തതാം നിത്യ രാജ്യത്തിൽ
ക്രിസ്തുവോടൊപ്പം നാം ജീവിച്ചിടും.

2. ആയിരമാണ്ടുള്ള വാഴ്ചയിൻ മോഹം,
ആഭ്യന്തരം കൈയ്ക്കലാക്കിടാനോ ?
ആശനിരാശയായ് മാറിടാതേറ്റം,
യോഗ്യമായുള്ളതു കൈക്കലാക്കാം.

3. പാടാം സ്തുതിക്കാം ആരാധിക്കാം നാമും,
ആഹ്ളാദചിത്തരായ് വർത്തിച്ചിടാം;
ശത്രുവില്ലാത്തതാം നിത്യരാജ്യത്തിൻ,
താക്കോൽ നമുക്കും സ്വന്തമാക്കാം.

4. പൊൻകിരീടം ധരിച്ചാനന്ദമോടെ,
കർത്താവിൻ സന്നിധേ നിർഭയമായ്;
പോകാം വരാം തന്നനുജ്ഞപോലെ,
എത്താം അനന്തവിദൂരങ്ങളിൽ.

# 443

നിത്യവാസം പുനരാഗമനത്തിൽ,
സംഭവിക്കുന്നതു കാണ്മതിനായ്;
കാത്തിരുന്നെൻ കണ്ണുകലങ്ങിടുന്നേ,
ഉള്ളം തപിച്ചതിവേദനയാൽ.

1. മൂന്നമേപോയവർ എന്നെപ്പിരിഞ്ഞവർ,
ആഹ്ളാദചിത്തരായ് മേവിടുമ്പോൾ;
ആത്മഭാരം പേറി നൂറുസംവത്സരം,
ഭൂവിലെ വാസമോ നരകതുല്യം.

2. തിരുസുതനായിടാൻ ദാഹമോടേഴയീ,
തിരുസേവ ചെയ്തു നിൻ പിൻഗമിക്കേ;
തിരുഹിതമൊക്കേയും നിറവേറി,
തകരാനായ് സമർപ്പിച്ചു സമ്പൂർണ്ണമായ്.

3. ഇനിയുമീ ഏഴയെ പണിയുവാനേശുവേ,
മനസ്സാകുമോ നാഥാ കൃപയേകുമോ ?
കണ്ണീരിൽ ആഴ്ന്നു ഞാൻ ആകെ തളർന്നേ,
സംപ്രീതനാവില്ലേ ? സാധുവിൽ നീ ?

# 444

പൂർണ്ണനായീടുവാനാശയുണ്ടോ ?
ദാനമായേകൂ നിൻ സമ്പാദ്യങ്ങൾ
സാധുക്കളായുള്ള സ്നേഹിതരുള്ളിൽ
നന്മനേരും സ്വർഗ്ഗരാജ്യം പൂകാം.

1. സ്വർഗ്ഗരാജ്യത്തിൽ കടക്കുവാനാശിക്കും,
സമ്പന്നരേ; അത്ര എളുപ്പമല്ല;
ഒട്ടകം സൂചിക്കുഴയതിലൂടതിൽ-
എത്രയോവേഗം കടന്നീടുമേ.

2. തിരുനാമം പൂജിതമായിടാൻ പ്രീയൻ,
ക്രൂശതിൽ സ്നേഹം വെളിപ്പെടുത്തി;
ആ ദിവ്യ സന്ദേശമെന്നെന്നും ഞങ്ങൾ,
പ്രത്യാശാപൂർവ്വം വെളിപ്പെടുത്തും.

# 445

തിരുനിണമെന്നെയും ശുദ്ധനാക്കി,
തൃക്കരത്താലെന്നെ വീണ്ടെടുത്തു;
കാരിരുമ്പാണിയാൽ കുരിശിൽ മരിച്ചു,
തിരുനിണമൂറ്റി എനിക്കുവേണ്ടി.

1. പാപത്തിൻ മോചനം രക്തത്താലല്ലോ,
ഭാഗ്യവാനാക്കിയ സ്നേഹം നീയേ;
ശാപമോക്ഷം നൽകി ജീവനേകി,
നിത്യതയ്ക്കായെന്നെ ഒരുക്കിയല്ലോ.

2. ആധിയും വ്യാധിയും മാറ്റുന്ന രക്തം,
ആത്മാവിൽ ശക്തിപകർന്ന രക്തം;
ശത്രുവെ താളടിയാക്കുന്ന രക്തം,
എന്മേൽ പതിച്ചു തൃക്കരത്തിൽ നിന്നും.

3. നിദ്രയിൽ നിന്നെന്നെ ഉണർത്തിയല്ലോ,
ജീവന്റെ മാർഗ്ഗത്തിൽ നടത്തിയല്ലോ;
കാരുണ്യമെന്മേൽ പകർന്നുവല്ലോ,
രക്തത്താൽ പാപം കഴുകിയല്ലോ.

# 446

കർത്താവേ അങ്ങേയ്ക്കായ് ജീവിക്കാൻ,
കാംക്ഷിക്കുന്നേശുവേ സ്വീകരിക്ക;
അനുതാപമോടേഴ വന്നിടുന്നേ,
കാരുണ്യം കാട്ടണേ സ്നേഹമേ നീ.

1. കാൽവരിക്കുന്നിന്റെ നെറുകയിലായ്,
കാൽകരങ്ങൾ മൂന്നാണിയിന്മേൽ;
ക്രൂശിതനായ മൽപ്രാണപ്രിയാ,
കൽമഷം പോക്കണേ തിരുനിണത്താൽ.

2. മൂന്നാംനാൾ കല്ലറയ്ക്കുള്ളിൽ നിന്നും,
ഉത്ഥാനം ചെയ്തോനേ ദൈവപുത്രാ;
സ്വർഗ്ഗീയ രാജന്റെ ചാരത്തുനീ,
ഞങ്ങളേയും ചേർക്ക സ്നേഹപൂർവ്വം.

3. നിത്യത തന്നിൽ വസിച്ചീടുവാൻ,
സായൂജ്യമോടെന്നും സ്തുതിച്ചീടുവാൻ;
നിത്യവും ആരാധിച്ചാനന്ദിക്കാൻ,
അക്ഷയനാം ദേവാകൃപയരുൾക.

# 447

ദോഷങ്ങളാലെന്നെ പരീക്ഷിക്കാത്തോൻ,
ശാപങ്ങൾ മോചിച്ചു പാലിക്കുന്നോൻ;
യേശുവത്രേ അവൻ വീണ്ടും വരും,
സ്വർപുരേ നമ്മെയും ചേർത്തുകൊൾവാൻ.

1. മണവാട്ടിവർഗ്ഗമായണിഞ്ഞൊരുങ്ങാം,
വചനത്തിൽവേരൂന്നി വിശുദ്ധിനേടാം;
നിത്യവും ചാരത്തു കാന്തയായി,
വാണിടാനൊരുങ്ങിടാം മോദപൂർവ്വം.

2. വിശുദ്ധ വസ്ത്രാലങ്കാരത്തോടെ നാം,
വിമലരായ് മരുവാമിപ്പാരിടത്തിൽ;
താതന്റെ സ്നേഹത്തിലാനന്ദിക്കാൻ,
ആത്മനിറവിനാൽ വളർന്നുയരാം.

# 448

കൂടാരമാകുമീ ഭൗമ ഭവനം,
തകർന്നിടും ഞൊടിയിടയ്ക്കുള്ളിൽ,
കൈപ്പണിയല്ലാത്ത സ്വർഗ്ഗീയ ഭവനം;
പ്രീയൻ എനിക്കേകും നിശ്ചയമേ.

വാഗ്ദത്തമേകിയോൻ അനശ്വരനായ്,
സ്വർഗ്ഗത്തിലിന്നും ജീവിക്കുന്നു.

1. പാപിയാമെന്നെയും ചോരയാൽ രക്ഷിച്ച,
ദിവ്യമാം സ്നേഹമേ കൈതൊഴുന്നേ;
നിത്യതയ്ക്കായെന്നെ കാരുണ്യപൂർവ്വം നീ,
വേർതിരിച്ചൻപോടു സ്വർഗ്ഗരാജൻ.

2. പരിശുദ്ധാത്മാവാൽ നടത്തേണമേ എന്നെ,
അഭിഷേകത്താലെന്നും നിറക്കേണമേ;
കൃപയിൻ വരങ്ങളെ ഒന്നൊന്നായ് നൽകി,
ഒളിമങ്ങാതനുദിനം നയിക്കേണമേ.

3. എത്ര മനോഹരം! യാഹേ നിൻ പൊൻമുഖം,
ആരാധിച്ചെന്നും ഞാൻ ആനന്ദിക്കും;
ശുദ്ധരായ് സത്യസ്വരൂപന്റെ സവിധേ,
പാർക്കുന്നവർക്കൊപ്പം ആരാധിക്കും.

## 449

ശക്തനായവൻ നൽകും ശിക്ഷകളൊന്നും,
നിരസിക്കാനാവില്ലല്ലോ?
നന്മയ്ക്കായ് താതൻ ചെയ്യുന്നതെല്ലാം,
പിന്നത്തേതിൽ നാം തിരിച്ചറിയും.

1. നീതിക്കായ് പൊരുതാനിറങ്ങിടുമ്പോൾ,
വിശ്രമമില്ലാതോടിടും നീ,
നിർബ്ബന്ധം നിന്മേൽ വന്നീടുകിൽ,
ശങ്കകൂടാതെന്നും യാത്ര ചെയ്ക.

2. നിത്യതയിൽ നിന്നെ കാണുവാനായ്,
നീതിമാനായ്ത്തന്നെ ജീവിക്കുമോ ?
കഷ്ടതകൾ വെറും ശോധനയായെണ്ണി,
കാൽവരിനാഥനെ പിൻപറ്റുമോ ?

## 450

ദൈവമേ അവിടുന്നീ ഏഴകൾക്കേകിയ,
സൗഭാഗ്യമൊക്കേയും ദാനമല്ലോ?
നഷ്ടമായ്പ്പോകുന്ന നന്മകളോർത്തെൻ,
ചിത്തം കലങ്ങുവതെന്തിനായോ?

1. നിർദ്ദോഷരായിട്ടും നീചരെപ്പോൽ നമ്മെ,
നിത്യവും വീക്ഷിക്കും ദുർജ്ജനങ്ങൾ;
സായുജ്യമോടെന്നും പാർത്തലേ ജീവിതം,
നയിച്ചുകണ്ടീടുവതെന്തു കഷ്ടം ?

2. ദുർന്നിമിത്തങ്ങളൊഴിഞ്ഞിടാതെന്നും,
ദുർചിന്തകുന്നുപോൽ വന്നിടുമ്പോൾ;
ആധിയും വ്യാധിയും ആളിപ്പടർന്നിട്ടു,
പ്രാണനിൽ ഭീതിപരത്തിടുന്നു.

3. കഷ്ടനഷ്ടങ്ങൾ സഹിച്ചെന്നുമേഴകൾ,
ശാന്തി നശിക്കുമ്പോൾ തമ്പുരാനേ;
നിത്യതയെന്നുള്ള പ്രത്യാശവെച്ചുകൊ–
ണ്ടാഹ്ളാദചിത്തരായ് ജീവിക്കട്ടെ.

## 451

എളിയവരോടെന്നും കാരുണ്യം കാട്ടാൻ,
വിനയത്തോടങ്ങയെ അനുഗമിക്കാൻ;
കാംക്ഷിക്കുന്നേ മനം കൊതിച്ചിടുന്നേ,
യേശുവെപ്പോൽ ഞങ്ങൾ ജീവിക്കുവാൻ.

1. ആയുസ്സിൽ ശേഷിക്കും നാൾകളെല്ലാം,
അവിടുത്തെ നാമത്തെ കീർത്തിക്കുവാൻ;
ആശയോടേഴകൾ വന്നിടുന്നേ,
ആലംബഹീനർക്കങ്ങഭയമേകൂ.

2. ദൈവരാജ്യം ഭൂവിൽ മെനഞ്ഞിടുന്നോർ
ദൈവീക സാന്നിദ്ധ്യം മറന്നീടുമോ?
ജീവിക്കും നാഥന്റെ ചിന്തകളല്ലയോ,
തിരുസുതർ നൽകുന്നു ഭൂവിതിങ്കൽ ?

3. സ്വർഗ്ഗരാജ്യത്തിൻ ഓഹരിക്കായ് നാം,
ദൈവരാജ്യത്തിൽ വളർന്നിടേണം;
തീപ്പൊയ്കയിൽ വീണെരിഞ്ഞിടാതേ,
കാണേണം പേർ, ജീവപുസ്തകത്തിൽ.

## 452

വാഗ്ദത്തം ചെയ്ത വിശ്വസ്തനേ,
ഞങ്ങൾക്കു വാതിലടച്ചിടല്ലേ;
നിത്യതയിൽ ഞങ്ങൾ സ്വസ്ഥരായ്മേവാൻ,
വാതായനം തുറന്നാനയിക്കൂ.

1. ആത്മമിത്രം മമ പ്രാണനാഥൻ മാത്രം,
ആരാദ്ധ്യനാണവൻ, എന്റെ രാജൻ;
ആഴക്കടൽ തന്നിലാണ്ടു പോകുന്നേരം,
ആഞ്ഞടുത്തെത്തി, കരം തരുന്നോൻ.

2. പ്രീയന്റെ നാമം മഹത്വപ്പെടുത്താൻ,
പ്രാണത്യാഗത്തോളം ചെയ്തിടേണം;
പ്രാർത്ഥനയാൽ അന്ത്യകാലത്തെദോഷം,
പ്രാണനെത്തീണ്ടാതകന്നു പോകും.

## 453

അൻപിൻ രവമെന്തിൻപമതേ,
തുൻപമകറ്റിയ സ്നേഹിതനേ;
എൻപേർക്കേറി മരക്കുരിശിൽ,
നിൻപരിതാപം കാൺമൂ ഞാൻ.

1. അനുതാപക്കണ്ണീർ നിലച്ചിടുമ്പോൾ,
അന്തരാത്മാവിൽ നിന്നുയരുംരോഷം;
അണപൊട്ടിയൊഴുകും അശ്രുബിന്ദുക്കൾ,
തളരുന്നമേനിക്കു നിർവൃതിയല്ലോ.

2. പാരംവിഷണ്ണരായ് തീരുന്നനേരം,
പാരിനു ദീപമായ് മാറിയെങ്കിൽ;
പരിതപിച്ചുഴലുമീ പരകോടികൾ,
മാതൃകയാക്കും നിൻ ജീവിതത്തെ.

3. നിത്യമായുള്ളൊരു വാസത്തിനായ്,
സത്യത്തിൻ നായകൻ സ്ഥലമൊരുക്കും;
നിത്യമാം വൈരിയൊരുക്കുന്നിടം,
അത്യഗാധം അന്ധകാരകൂപം.

## 454

നിന്ദ്യരായ് തീരാതെ നിർഭയം ജീവിപ്പിൻ,
ആശയറ്റോരായ് ജീവിപ്പോരേ;
ഈ ലോകജീവിതം ധന്യമാക്കീടുവിൻ,
നിത്യതതന്നിൽ നാം ദൂതരല്ലോ.

1. മാനുഷചിന്തകൾ ചാപല്യമാർന്നതായ്,
അന്തരാത്മാവിൽ വാസം ചെയ്കിൽ;
സൂര്യതാപത്താൽ മഞ്ഞുരുകുംപോൽ,
മാലിന്യമാനസം യേശുമാറ്റും.

2. സൂര്യോദയത്തിങ്കലന്ധകാരം മാറും,
യേശുവസിക്കുകിൽ പാപവും മാറും;
വൈകൃതചിന്ത വളർന്നുയരുമ്പോൾ,
നിർമ്മലരാജനെ ധ്യാനിക്കനാം.

3. സൗവർണ്ണരാജിതൻ ചേതോഹരത്താൽ,
മാനസപീഡയകന്നുപോയാൽ;
വേറെന്തുവേണമെന്നേശുമാത്രംമതി,
ജീവിതം ധന്യമായ് തീർന്നീടുവാൻ.

## 455

നരകത്തിൻ യാതന അകറ്റീടുവാൻ,
പാപാന്ധകാരത്തെ ജയിച്ചീടുവാൻ;
മർത്ത്യാവതാരമായ് യാഗമായോൻ,
എത്ര നൽ സ്നേഹിതൻ യേശുനാഥൻ ?

ആരാധിക്കുന്നിതാ നന്ദിയോടെ,
സ്തുതികൾ കരേറ്റുന്നു മോദമോടെ;
സ്തോത്രം ചെയ്തീടാം ആദരവോടെ,
ത്രീയേക ദൈവമേ തിരുസവിധേ.

1. നന്മകളേകുന്ന ദൈവപുത്രൻ,
തിന്മകൾ മക്കൾക്കു നൽകീടുമോ?
നിത്യവും ദോഷങ്ങളാലെ നമ്മെ;
പരീക്ഷിക്കുമോ? പ്രീയൻ ചാരെയില്ലേ?

2. നിത്യതതന്നിൽ നാം കടന്നീടുവാൻ,
ജീവപുസ്തകത്തിൽ പേരുവേണം;
പേരില്ലാത്തോരെല്ലാം തീപൊയ്കയിൽ,
വെന്തെരിഞ്ഞീടും നീ മറന്നിടാതെ.

3. ആത്മാവിൻ ശാന്തി നിൻ ജീവിതത്തിൽ,
നിത്യവും ലഭിക്കുവാൻ കാംക്ഷിക്കുമോ?
കൃപയുടെവരങ്ങളാൽ സമ്പന്നമാം,
ജീവിതം നേടുവാൻ പ്രാർത്ഥിക്ക നീ.

## 456

വിടുതലിൻ ദൈവം കൂടെയുള്ളതിനാൽ
വിനയപ്പെടാം, - (2)
അവൻസ്രഷ്ടാവല്ലോ സ്നേഹമല്ലോ
ത്യാഗമല്ലോ - (2)
ശത്രുക്കളെ തകർക്കുന്ന ദൈവമല്ലോ.
(വിടുതലിൻ)

1. വെള്ളത്താലും ആത്മാവാലും ജനിച്ചോർ
നമ്മൾ,
അഗ്നിയാലേ നശിക്കാതെ കാക്കും മൽ
പ്രിയൻ - (2)
(അവൻ സ്രഷ്ടാവല്ലോ) - (വിടുതലിൻ)

2. പതിർനീക്കി അഗ്നിയിന്മേൽ ദഹിപ്പിക്കുന്നോൻ,
നന്മണികളായി നമ്മെ കരുതിക്കൊള്ളും.
- (2)
(അവൻ സ്രഷ്ടാവല്ലോ)- (വിടുതലിൻ)

**തമിഴ്**

விடுதலையின் தேவன் கூடெயிருப்பதால்
அர்ப்பணிப்போமே, - (2)
அவர் படைத்தவரே, அன்பல்லவா, தியா
கமல்லவா - (2)
சத்துருவை தகர்க்கின்ற தேவனல்லவா.
(விடுதலையின்)

1. ஜலத்தினாலும் ஆவியினாலும் பிறந்தவர்
நாமே,
அக்கினியாலே அழியாமல் காக்கும்
நேசரே -(2)(அவர்)

2. പതിർനീക്കി അക്കിനിയിൽ സുട്ടെരിപ്പവർ നൽമണികളായി നമ്മെ കരുതിക്കൊൾ വാർ (അവർ)

**തെലുങ്ക്**

വിടുപ്പിംചു ദേവുഡുതോഡെയുന്നന്തുന,
ലോബഡുദാം - (2)
ആയനസൃഷ്ടികർത്താ, പ്രേമയൂ, ത്യാഗമൂ, - (2)
ശത്രുവുലനുശിക്ഷിംചു ദേവഡു. (വിടുപ്പിംചു)

1. നീട്ടിത്തോനു, ആത്മത്തോനു, ജന്മിഞ്ചിന വാരമു,
അഗ്നിലോനശിംപക കാപ്പാടുനു. -(2) (ആയനസൃഷ്ടി)

2. പൊട്ടുതീശി അഗ്നിലൊ, പടവേയുനു,
മഞ്ചിധാന്യമുഗാമനലനുകാപ്പാടുനു -(2) (ആയനസൃഷ്ടി)

## 457

സ്തുതിക്കുയോഗ്യൻ യേശുവേ നീ
സ്തുതികളിൽ നിൻ വാസമല്ലോ ?
സറാഫുകൾ ചുറ്റും സ്തുതി മുഴക്കും
ദൈവസന്നിധി അവർണ്ണനീയം!

1. തീ കലർന്നൊരു പളുങ്ക് കടലിൻ-
അരികിലായ് ജയശാലികൾ,
ദൈവത്തിന്റെ വീണകളേന്തി
നിൽപ്പതും ഞാൻ കാണുന്നു.

2. പാടിടുന്നവർ മോശയുടെയും-
കുഞ്ഞാടിന്റെയും പാട്ടുകൾ,
സർവ്വശക്താ നിൻ പ്രവൃത്തികൾ
അത്ഭുതം, നീതി, സത്യവും

3. ആർ നിൻ നാമത്തെ ഭയപ്പെടാതെ-
മഹത്വപ്പെടുത്താതേയുമിരിക്കും ?
നീയല്ലോ ഏക പരിശുദ്ധൻ നാഥാ,
സർവ്വരും നിന്നെ നമിച്ചിടും.

## 458

ജീവകിരീടം ചൂടാനൊരുങ്ങാം,
ഓട്ടക്കളത്തിൽ മുന്നേറാം;
വീരനാമേശുവിൻ നാമം ധരിക്കാം,
നിർമ്മലരായ് നാം മാറീടാം.

1. ജീവജലം നാമും പാനം ചെയ്തീടാം,
ജീവന്റെ നാഥനു സ്തുതിപാടാം;
നിത്യതയിൽ തൻ സന്നിധിയിൽ നാം,
സാമോദാലെന്നെന്നും വസിച്ചീടാം.

2. ജീവജല നദീതീരത്തനന്ത-
ഭാഗ്യം സുതർക്കവൻ നൽകിടുന്നു;
തേജോമയൻ പ്രിയൻ യേശുവെക്കണ്ടാൽ,
നിത്യാനന്ദം നാം അനുഭവിക്കും.

3. ജീവന്റെ പാതയിൽ നടക്കുവോരേ,
ജീവദായകൻ തന്നരികിലെത്താം;
ജീവവൃക്ഷത്തിൻ തണലതിൽ മോദാൽ,
ജീവദായകനായ് ജീവിച്ചിടാം.

## 459

മാറത്തു പൊൻകച്ച ധരിച്ചവനായ്,
കാണപ്പെടുന്ന മൽദൈവപുത്രാ;
തിരുസുതരായ് മേവാൻ വരമേകണേ,
കാരുണ്യവാരിധേ സ്നേഹപൂർവ്വം.

1. നിർവൃതി ദായകാ യേശുദേവാ,
ദീനരിൽ ചൊരിയൂ കൃപാവരങ്ങൾ;
അൻപിൻ കരങ്ങളാലാശീർവ്വദിക്കൂ,
ആലംബമായങ്ങരികിൽ വരൂ.

2. യേശുവിൻ മാർഗ്ഗേ പിൻഗമിക്കിൽ,
യേശുവിൻ സാദൃശ്യമായീടുമേ;
നോട്ടവും ഭാവവും നന്നായിടും,
പാപത്തിൽ പിന്നെ നാം വീഴുകില്ല.

## 460

ചൈതന്യമേകുന്നു ദൈവം,
നന്മകളഖിലവും നൽകിടുന്നു;
ആലംബഹീനരെന്നറിഞ്ഞിടുമ്പോൾ,
ആശ്രിതവത്സലൻ കൂട്ടിനെത്തും.

1. നാളുകളെത്രയോ ചേതനയറ്റോരായ്,
ദൈവമുമ്പാകെ നാം ജീവിച്ചുപോയ്;
കാരുണ്യവാരിധി നേർവഴികട്ടാൻ,
മാർഗ്ഗം തുറന്നു ഹാ, നിത്യസ്നേഹം!

2. സന്മാർഗ്ഗ ജീവിതം നയിക്കും ജനത്തിൻ,
വീഴ്ച കൊതിക്കുവോരേറിടുമ്പോൾ;
സന്താപഹേതുവായ് മാറിടാതീജന്മം,
സായുജ്യം പൂകുവാൻ യത്നിച്ചിടാം.

## 461

പരിശുദ്ധാത്മാവേ വരൂ,
പരമരാജാവേ വരൂ;
തിരുസുതരഭയം തേടുന്നിതാ,
തിരുസമാധാനം പ്രാപിക്കുവാൻ.

1. നിത്യസഹായകാ എൻ പാറയേ,
സത്യമായേഴകൾ നയനങ്ങളിൽ;
നിത്യവും കണ്ണീർ ചാലുകീറുമ്പോൾ,
സത്യവാനായങ്ങു വഴിനടത്തൂ.

2. ശക്തി പ്രദായകനാം ദൈവമേ,
വാഗ്ദത്തമോർത്തങ്ങു തുണയാകണേ;
വിശ്വസ്തമാനസ്സാ ത്രീയേകനേ,
അഗതികൾക്കരുളൂ നിത്യജീവൻ.

3. നശ്വരമാകുമീ ലോകത്തിൽ ഞങ്ങൾ,
നല്ലപോർ പൊരുതുവാൻ വരമേകണേ;
വിശ്വാസമാർഗ്ഗം ത്യജിച്ചിടാതെ,
വിജയങ്ങൾ നേടാൻ കൃപ ചൊരിയൂ.

## 462

നിർമ്മലരാവുക ദിനവും നമ്മൾ,
നിസ്തുലനാം ക്രിസ്തേശുവിനായ്;
നിർമ്മല കന്യക മണവാളനുമായ്,
തേജസ്സോടെ വസിച്ചിടുവാൻ.

1. ആരിലുമുന്നതനായവനേ,
ആർദ്രതയുള്ളൊരു രക്ഷകനേ;
തിന്മയെയഖിലം മാറ്റിടുവാൻ,
നിർമ്മല സ്നേഹം പകരണമേ.

2. നമ്ര ശിരസ്ക്കർ നാം നമ്മെ,
നിർദോഷികളായ് മാറ്റീടാം;
തിരുരുധിരത്തിൻ മറവിൽ നാം,
നിശബ്ദ സേവനമേകീടാം.

3. വിനയത്തിൻ കുഞ്ഞരുവികളായ്,
ഒന്നിച്ചണിയായൊഴുകാം നാം;
തിരുസഭ ഭാരതമാകെയുമേ,
പടർന്നു വളരും വേഗത്തിൽ.

## 463

എന്റെയുള്ളിൽ നുരഞ്ഞുപൊങ്ങും,
സ്തുതിമുഴക്കങ്ങൾ തെല്ലും,
വർണ്ണിക്കാനെളുതല്ല നാവിനാൽ,
സത്യമേ, സത്യം ! നാഥാ.

1. എന്നെ നിർമ്മല കന്യകയാക്കാൻ,
യാഗമായ യേശുദേവനേ,
തിന്മവിട്ടൊഴിഞ്ഞു നേർവ്വഴി,
കാണുവാൻ നൽകി വൻ കൃപ.

2. ദുരിത കാര്യമറികയില്ലീ,
ശാപഭൂവിൽ വാസം ചെയ്യുവോർ,
അകമഴിഞ്ഞു പ്രാർത്ഥിക്കുന്നേ,
ശാപദോഷം മാറിടാനായ്.

3. ആത്മദാഹം തീർപ്പതിന്നായ്,
ജീവനേകിയ നൽ സ്നേഹമേ;
നിത്യജീവൻ നൽകി മോക്ഷ-
പ്രാപ്തി നൽകേണം രക്ഷകാ.

## 464

ഒരുനാളും പിരിയാത്ത സഖിയായ് മരുവു
മ്പോൾ
അപരാധമവനോടു ചെയ്തിടാമോ ?
അറിവിന്റെ നൈർമ്മല്യമകതാരിലേകിയ,
പരമോന്നതൻ ചാരേയണഞ്ഞീടുമോ ?

1. ചിത്ത വിശുദ്ധിപൂണ്ടാത്മാവിൻ നിറവാൽ,
മാലിന്യമാലാകെയകറ്റിവേഗം;
വിനയമോടെശുവേയനുഗമിച്ചീടുക,
ശാന്തിയിൻതീരം നാം കാണുവോളം.

2. സാന്ത്വനമേകും വിശുദ്ധ ത്രിത്വത്തെനാ-
മാരാധിച്ചീടുക സമ്പൂർണ്ണമായ്;
ദേഹം വെടിഞ്ഞൂഴിതന്നിൽ നിന്നുദ്ഗമി-
ച്ചാകുലമില്ലാതെ വാണിടാം നാം.

### തിരുവോണം

## 465

തെക്കൻ കേരളമുണരുന്നു,
മഹായിടവകയുണരുന്നു;
തിരുവോണത്തിൻ ലഹരിയിൽ ഞങ്ങൾ,
തിരുനാമത്തിൽ പാടുന്നു.

1. ആഘോഷിക്കാം ആനന്ദിക്കാം
ക്രിസ്തുവിൽ നേടിയ സ്വാതന്ത്ര്യം;
മാതൃകയായ് നാം ക്രൈസ്തവമായ്
സ്തുതിഗീതങ്ങളുതിർത്തീടാം.

1. കർത്താവേ തിരുനാമത്തിൽ,
കാരുണ്യത്തിൻ തീരമതിൽ;
അലയൊലി സൃഷ്ടിച്ചഭിഷിക്തർ,
ആത്മികരായ് സ്തുതി പാടുന്നു.

2. പ്രതിദ്ധ്വനിച്ചുയരും ഗാനം,
കേരളമണ്ണിൽ നിന്നല്ലോ?
ഉയിർത്തെണീറ്റവനായ് സ്തുതികൾ,
അലയലയായി മുഴക്കുന്നു.

## 466

കേരളനാടിന്നുത്സവമീ പൊന്നിൻ ചിങ്ങ മാസം,
തിരുവോണത്തിന്നലകൾ നിറഞ്ഞൊരു-
സമൃദ്ധ സുന്ദരമാസം,
ഹാഹാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ
നീതി സൂര്യനു ഹല്ലേലൂയ്യാ.

1. മലയാളക്കരയാർത്തു രസിക്കും,
സുരഭില സുന്ദരവാരമതിൽ;
തിരുമനസ്സായിക്കരുണയതേകി,
പരിചൊടു നമ്മെ നടത്തി;

2. കരകാണാക്കടലാകിയദേവാ,
സ്തുതിയർപ്പിപ്പൂ പാദേ;
തിരുഹിതമായീ ദാസരെയെന്നും,
തവസവിധേ ചേർക്കേണം.

3. മലയോരത്തിൽ വയലേലകളിൽ,
കടലോരങ്ങളിലെല്ലാം;
പട്ടിണിയില്ലാതേറെ ജനങ്ങൾ,
ഉത്സവമായിക്കഴിയുന്നു;

4. ദൈവിക പദ്ധതി പ്രാവർത്തികമായ്,
പുളകച്ചാർത്തായ് മാറുമ്പോൾ;
ദക്ഷിണകേരള ക്രൈസ്തവരൊന്നായ്,
ഹല്ലേലൂയ്യാ സ്തുതി പാടും.

### വിശുദ്ധി

## 467

നിത്യം വിശുദ്ധമാം ജീവിതമെന്നുള്ള,
വാഞ്ഛയാലുള്ളം നിറഞ്ഞിടുമ്പോൾ;
നിന്നുടെയാത്മം തപിച്ചുവെന്നാകിൽ,
അഴലോടേശു നിന്നരികലെത്തും.

1. സത്യസ്വരൂപന്റെ പാദത്തിൽ സതതം-
അർപ്പിക്കും നിന്നുടെ യാചനകൾ,
കേട്ടുള്ളലിഞ്ഞുടൻ മാനസം തന്നിലെ;
മാലിന്യമാകെയും പോക്കുകില്ലേ?

2. ആത്മദീപത്തെ കെടാതെ സൂക്ഷിക്കാൻ,
ആത്മാർപ്പണം ചെയ്കയാണുമാർഗ്ഗം;
ആരും സഹായമില്ലായ്കിലും പ്രീയന്റെ,
ആനന്ദ ബാഷ്പം നമുക്കു കാണാം.

## 468

ദാഹിക്കുന്നോർക്കെന്റെ സ്വർഗ്ഗീയ താതൻ,
ദാനമായേകുന്ന ജീവജലം;
പാനം ചെയ്തീടുവിൻ ആവോളമെന്നും,
പരിശുദ്ധരായ് നിത്യം ജീവിക്കുവിൻ.

1. അശരണരായ് നിങ്ങൾ കർത്താവിൻപാദേ,
അശ്രുപൂജക്കായി വന്നീടുകിൽ;
അരുമനാഥൻ തങ്കത്താലോലത്താൽ,
അരികിലണച്ചെന്നും ആശ്ലേഷിക്കും.

2. വചനമാം വാളേന്തി നടക്കുകിൽ നിന്റെ-
വലിയവനാം ദൈവം കൂടെയെന്നും;
വലങ്കരം പിടിച്ചനുഗമിച്ചിടും, നീയോ-
വൈരിയിന്മേൽ ജയം പ്രാപിച്ചിടും.

## 469

വചനം കാലിനുദീപം, നിൻ-
പാതതെളിക്കും തീനാളം;
വചനജ്വാലയുമേന്തിനടക്കാം,
യുവാക്കളാം നൽസ്നേഹിതരേ.

1. സേവനതല്പരരാകും നമുക്കു,
ക്രൈസ്തവമൂല്യം വിതറാം;
വിശുദ്ധ ജീവിത സംസർഗ്ഗത്താൽ,
വിശ്വസ്ഥരാകാൻ പൊരുതീടാം.

2. സ്നേഹബന്ധമുലഞ്ഞിടുകിൽ നാം,
മുറിപ്പെടുന്നനു നിമിഷവുമേ,
ഒരുമയിനാലമുറിവുകളെല്ലാം
സുഖമാക്കീടാൻ യത്നിക്കാം

## 470

യേശുവിന്റെ രക്തത്താൽ,
മുദ്രയിടപ്പെട്ടോരേ;
ദൈവം തന്റെ മക്കളെ,
കാത്തുസൂക്ഷിക്കും.

1. പാപത്തേയും സാത്താനേയും,
തോല്പിക്കാനായ് പോരാടാം;
വിശുദ്ധ പാത പിന്തുടരാനായ്,
ജീവിതമാകെയുമെത്നിക്കാം.

2. പാപത്തിൽ വീണടിയാതെന്നും,
ദൈവം തന്നുടെ മക്കൾക്ക്;
ശുദ്ധാത്മാവിൻ മുദ്രയതാൽ,
വിശുദ്ധി നൽകിടുമെപ്പോഴും.

3. സംരക്ഷകനായ് ദൈവമെന്നും,
കൂടെയുണ്ടെന്നോർക്കേണം;
വിനയത്താൽ നാം ദൈവഹിതം,
എപ്പോഴും നിറവേറ്റീടാം.

# 471

തിരുജനം വിദ്വേഷപാതയിലോടാതെ,
തിരുഹിതം ഞങ്ങളിൽ വെളിപ്പെടുത്തൂ;
തിമിരത്തിൻ ബാധയാൽ സത്യത്തെ കാണാൻ,
കഴിവില്ല പ്രീയനേ കരുണകാട്ടൂ.

1. ഹൃദയശുദ്ധിയോടെ ഞങ്ങൾ സ്നേഹിച്ചിടുവാൻ,
ഹൃദ്യമാം മാനസത്തിനുടമകളാക്കൂ;
ഹൃദയപൂർവ്വമാത്മശുദ്ധി കൈവരിക്കാൻ,
തരികനൽവരങ്ങൾ നിത്യമാത്മമാരിപോൽ.

താതനേ കൃപാലുവേ അണഞ്ഞിടുന്നിതാ,
താണുകേണു യാചിക്കുന്നു കാരുണ്യത്തിനായ്;
തായ്മറക്കിലും മറന്നിടാത്തതാതനേ,
പാതതെറ്റിടാതെയരികിലെത്തിടേണമെ.

# 472

നിന്നിലും ഉന്നതനായി ഞാനുലകിൽ,
കാൺമതില്ലാരേയുമേ,
തീയിൽവെന്തുരുകാതെ, വലിച്ചെടുത്തവൻ എന്റെ–
തീതിന്നുമനുഭവം മാറ്റിടുന്നു.

1. വിശുദ്ധിയെന്നുള്ളതാം വിലപ്പെട്ടൊരനുഭവം,
ജീവിതവിജയത്തിൻ കേന്ദ്രമല്ലോ;
എന്നെന്നും പാലിച്ചു സൂക്ഷിക്കും നാഥന്റെ,
ചാരത്തു ചെല്ലുകിൽ തേജസ്സേറും.

2. ആത്മാവിൻ അച്ചാരത്താലുള്ളം നിറഞ്ഞു കൊ–
ണ്ടനുദിനം വളർന്നിടാൻ യത്നിക്കുമ്പോൾ;
പാപത്തിൻ ബന്ധനമാകവേ പൊട്ടിച്ചു,
ശാപങ്ങളഴിഞ്ഞിടാൻ പ്രാർത്ഥിച്ചീടാം.

# 473

വാഗ്ദത്തത്തിൽ വിശ്വസ്തനേ,
പരിശുദ്ധ റൂഹായേ;
എഴുന്നള്ളണേ നാഥാ ഏഴകളെന്നും,
കൃപാവരങ്ങളാൽ ജ്വലിച്ചീടുവാൻ.

1. വിശുദ്ധിയിൽ വാഴും യഹോവായേ അവിടുന്നു,
സ്തുതികളിൽ വസിപ്പവനെന്നുമെന്നും;
ദൂതർ വാഴ്ത്തും തവനാമ തുല്യം,
മറ്റേതുനാമം? വിശുദ്ധരാജാ!

2. ആരാധിക്കാനെന്നും യോഗ്യനാം ത്രിത്വമേ,
ആരാധ്യൻ നീമാത്രം പരിശുദ്ധനേ;
ആയിരമായിരം പതിനായിരങ്ങളിൽ–
അതിശ്രേഷ്ഠനായോനു സ്തുതിയേകിടാം.

# 474

വിശുദ്ധരല്ലല്ലോ നമ്മൾ വിശുദ്ധരല്ലല്ലോ,
വിശുദ്ധരാകാം; തളർന്നു വലയും പഥി കരേ നമ്മൾ.

1. ഇടയനെന്നും കൂടെയുണ്ടെ–
ന്നുള്ള സത്യമതോർത്തുനാം;
യേശുവെപ്പോൽ ധന്യജീവിതം,
നയിച്ചിടാനായ് ഒരുങ്ങിടാം.

2. ശുദ്ധമാനസരായി നിത്യം,
ക്രിസ്തുവോടെന്നും വാണിടാൻ;
ദൈവമക്കൾക്കുള്ള പദവികൾ,
വെടിഞ്ഞിടാതെന്നും ജീവിക്കാം.

3. എരിഞ്ഞിടട്ടേ ദോഷചിന്തകൾ,
ശുദ്ധനേ നിന്നാശിസ്സാൽ;
ലംഘനങ്ങൾക്കിടവരാതെന്നും,
കാവൽ ചെയ്യുക ദൂതരെ.

4. ധന്യരാക്കുക ദൈവമേ തവ–
ദർശനത്താൽ ഞങ്ങളെ;
അമിതശക്തി വെളിപ്പെടാനായ്,
പരിശുദ്ധാത്മവരം തരൂ.

5. തിരുസുതർ നാം അന്യരല്ല,
പ്രിയ മക്കൾ അവകാശികൾ;
ശുദ്ധമാനസരായി വാഴാം,
ക്രിസ്തുവോടെന്നും അനന്തമായ്

# 475

നിന്നെപ്പിരിഞ്ഞൊന്നും ചെയ്യുവാനാവില്ലേ,
നീതിമാനേ വരം ദാനമായേകൂ;
നീതിവരം നാലും നൽകിനിൻ ദാസരെ,
മോദാൽ നടത്തേണമെന്നുമെന്നും.

1. അകൃത്യങ്ങൾ പെരുകുമീ ജീവിതയാത്ര യിൽ,
ജീവിത മൂല്യങ്ങൾ തകർന്നിടുമ്പോൾ;
വിശുദ്ധരായ് ജീവിക്കാൻ കൊതിയേറുന്നേ,
വിനയാന്വിതർ നാഥാ തിരുസന്നിധേ.

2. കൃപയിൻ തിരിനാളം തെളിച്ചുകൊണ്ടീശൻ,
കാരുണ്യമോടല്ലോ അടുത്തിടുന്നു;
സൗജന്യമായേകും വരങ്ങൾ പ്രാപിക്കാൻ,
സർവ്വേശ്വരാ മക്കൾ തൃപ്പാദത്തിൽ ?

# 476

തളരുന്നു ദൈവമേ കൈകാലിനൊപ്പം,
കരളും മിഴികളും മാനസവും;
ദിവ്യമാം കാര്യങ്ങൾ കാംക്ഷിപ്പാനുള്ളം
സജ്ജമാക്കീടുക പരമോന്നതാ.

1. ദേവാലയത്തിൽ വന്നാരാധിക്കുമ്പോൾ,
ദേവാനിൻ സാന്നിദ്ധ്യം അറിഞ്ഞിടുന്നു;
തിരുസുതർക്കെന്നെന്നും വിശുദ്ധിയേകാൻ,
അരുളേണമേ വരം കരുണാനിധേ.

2. ആശകളെല്ലാം അസ്തമിക്കുന്നേ,
ആത്മദീപം കെട്ടടങ്ങിടുന്നേ;
ആത്മമിത്രങ്ങളായെണ്ണിയോരെങ്ങോ?
കാണുന്നില്ലാരെയും ജീവനാഥാ.

(22-12-1993 ന് ലളിത ജനറൽ ആശുപത്രി ക്കിടക്കയിൽ)

**വർണ്ണം** (മായാമാളവഗൗള-ആദിതാളം)
ശ്രീയേശു രാജേശ്വരാ.....

# 477

സാ.....സാനിധനിസനിധപമഗമപാ
ശ്രീ.....യേശുരാ.....ജേ........ശ്വ.....രാ
ധനിധപമഗമപധമപധനി
സം......... പൂ........ ജ്യാ.........
സനിധപനിധപമ ധപമഗ പമഗരി

ക...... നൃക..........സൂ........നൂ
സരിഗരി ഗമപമ ഗരിഗമ പാധനി
പാപം...... നീ.......... ക്കൂ........... (ശ്രീ)

ധാ......... ധപമ പാധപാമ ഗമപമപധപമ
നീ...... യൊഴികെ, ഭൂവിലെങ്ങും കേൾവി പ്പെട്ടോനാരുമില്ല

പമഗരി സരിഗരി ഗമപാ
ദേവാ ശരണം നീയേ

2. പധ˙നിധ നിസരിസ സരിഗ˙രി സനിധനി
ക്രൂശിൽ......... യാഗം.......... സ്വയമേ വരിച്ച
ധനിസാ സനിധപ ധനിധപ മപധനി
മശിഹാ..... ഗുരുവേ...... തൊഴുന്നേൻ.....
പാദേ (ശ്രീ)

**ചിട്ടസ്വരം**

1. സാനിധനിധപധനിധപമഗമപാ
ധപധധപമ ഗമപധനിധനിനിസാ
സരിഗ˙ാ മഗരിസ നിസരിസ സനിധനി
ധനിസാ സനിധപ നിധപമാ......പധനി (ശ്രീ)

നീ...... സനിധ നീധപമഗമപാ....
നീ..... സ്വർഗ്ഗ......... നീതിയതിൽ വളർന്നു
മപധപധനിധപമപാധ
മ...... ഹോ......... ന്നത

നീ......... ധ........ പ......... മ........ ഗരി
സാരിഗമ പാധ.......... (നീ സ്വർഗ്ഗ)
ധാധപമഗമപാ, പമഗരിഗമാ
മഗരി സരിഗ; രിഗമപധ (നീ സ്വർഗ്ഗ)

2. ധനിധപാ മഗമധപമഗാരി
സരിഗ˙രിഗമപധപമഗരിഗമപധപ
മപധപധനിധനി സരിസസനിധനി
സരിഗ˙രി സനിധനി പധനിധപമപധ (ശ്രീ)

സാ....... സനിധാനിസാനിധപമാമപാപധധപ
പധാധനിനിസ
സരിഗ˙രിസനിധനി സപധനിമപധനി
ധഗ˙രിസ നിധരിസനിധപ സനിധപധ (ശ്രീ)

**ഭാരതം**

# 478

ക്രൂശിതനേശുവിൻ രുധിരത്താൽ
നിർമ്മലരാവുക ദിനവും,
സാഹോദര്യം സ്നേഹമിവയ്ക്കായ്,
ജീവിതമാകെയുമർപ്പിക്കാം.

പോരാടാം, പോരാടാം
ആയുസു മുഴുവൻ പോരാടാം,
അസൂയയാലുളവാകും ദോഷം;
പാടേയകലാൻ പോരാടാം.

1. സമൂഹമനസ്സിനു കാൻസർ വന്നാൽ,
സകലരുമൊരുപോൽ ബാധിതരാകും;
സർവ്വേശൻ തുണനിൽക്കുകിൽ നാം,
സമസ്തതിന്മകൾ കൈവെടിയും.

2. വിശുദ്ധ സംസർഗ്ഗത്തിൻ പൊരുളുകൾ,
വിനയത്തോടുൾക്കൊള്ളുക നാം;
വിശാല മാനസരാവുക ദിനവും,
വിധിയെപ്പഴി ചാരീടരുതേ.

3. ഭാരതമക്കൾ ഞങ്ങൾമേൽ തിരു-
സ്നേഹ ജ്വാലപടർന്നിടുവാൻ;
തിരുഹിതമാകണമേ സംപൂജ്യാ,
അന്ധത പാടേ മാറട്ടേ.

# 479

ഏകസത്യദൈവത്തെ വാഴ്ത്തീടുവിൻ,
നല്ലവനല്ലോ അവൻ നിത്യനുമല്ലോ;
സങ്കടങ്ങൾ തൻ മുമ്പിൽ ഉണർത്തിക്കുവിൻ,
ആർദ്രവാനാം ദൈവം ആശ്വസിപ്പിക്കും.

1. യാഹിലാശ്രയിക്കുവോരെ ദർശിച്ചീടുമ്പോൾ,
നാവടക്കുവാനെനിക്കു സാദ്ധ്യമേയല്ല;
ആകിലുമെൻ നാഥനേഭാരതഭൂവിൽ,
ക്രൂരത വളർത്തിടുന്നു സ്നേഹശൂന്യരാൽ.

2. സാക്ഷ്യമോടെ ജീവിപ്പോരെ പീഡിപ്പിക്കുമ്പോൾ,
സാദരം തുണയ്ക്കണേ ദിവ്യശക്തിയാൽ;
ആഞ്ഞടിക്കും കൊടുങ്കാറ്റായ് നീവരേണമേ,
ഭാരതത്തെ തൃക്കരത്തിൽ ചേർത്തുകൊള്ളണേ.

3. മദ്യപൻമാർ കൊള്ളക്കാരും നീചരുമൊന്നായ്,
വിഗ്രഹങ്ങൾ തീർത്തിടുന്നീ ഭാരതമണ്ണിൽ;
യേശുനായകാ ജനത്തെ ശക്തരാക്കണേ,
ഭാരതം നിനക്കുമാത്രം സ്വന്തമാകുവാൻ.

# 480

പാപിയെ സ്നേഹിക്കും നാദം,
ശാന്തഗംഭീരമാം നാദം;
കേൾക്കുന്നില്ലേ നിന്റെയുള്ളിൽ,
യേശുവിൻ ചാരേ വാ വേഗം.

1. യേശുവിൻ സവിധേ നിൻ ഹൃദന്തം,
അവനായ് തുറക്കുകിൽ വാ;
അഭിമുഖദർശന ഭാഗ്യമൊപ്പം,
കൈവരിക്കും നിർണ്ണയം താൻ.

2. ദൈവത്തെക്കണ്ടോരാനന്ദമെന്നും,
പങ്കുവയ്ക്കുന്നതാം സൗഭാഗ്യത്തെ;
പ്രാപിക്കാനാശിക്കുമെല്ലാർക്കുമേ,
വാതിൽ തുറന്നിടുന്നേശുനാഥൻ.

3. ഭാരത മക്കൾക്കായ് യേശുനാഥൻ,
പാപിയെപ്പോൽ നിണം ചിന്തിയില്ലേ ?
തകരുന്ന മനസ്സേ നീ അവനായ് വേഗം,
നൽകുകിൽ ഹൃദയം ആനന്ദിക്കും.

# 481

ആത്മനിലങ്ങൾ ഒരുക്കീടുവാൻ,
ആത്മനാഥൻ ചാരേ അണഞ്ഞീടുമോ?
ഇൻപസ്വരം കേട്ടുണർന്നീടുകിൽ,
തുൻപങ്ങളൊക്കേയും നീക്കുംനാഥൻ.

1. ബലിയായ്, തിരുഹിതം നിവൃത്തിയായി,
നരകുലമാകവേ രക്ഷനേടി;
അരുളപ്പാടുകൾ നിറവേറുമ്പോൾ,
അജഗണമാകവേ മോചിതരായ്.

2. തിരുവചനത്തിൻ പൊരുൾ തെളിയാൻ,
മനനം ചെയ്തീടുവിൻ അനുദിനവും;
മറവായതൊക്കേയും വെളിപ്പെട്ടു ജീവനു-
പുതുമാനങ്ങൾ നൽകാൻ പ്രാർത്ഥിച്ചിടാം.

3. സുവിശേഷമെത്താതെ, ഗ്രാമീണരെത്രയോ
നിത്യം നശിക്കുന്നു ഭാരതത്തിൽ;
കേൾവിയാൽ വിശ്വാസദായകനെ പ്രിയ,
രക്ഷകനായ് അവർ വരിച്ചിടട്ടേ.

# 482

നിത്യസ്നേഹിതനായ ദേവാ,
സത്യവാന്മാർക്കാശ്രിതാ;
തിരുഹിതം നിറവേറ്റിടാനായ്,
ആത്മനാഥാ കൃപ തരൂ.

1. നന്നിലംപോൽ പാകമാക്കിയ-
മാനസം നിൻ മുന്നിലായ്;
വിനയപൂർവ്വം കാഴ്ചവെയ്പൂ,
സാദരം കൈക്കൊള്ളണേ.

2. ആത്മഭാരം പേറിടും തിരു-
സേവകർ നിൻ സന്നിധേ;
ഭാരതത്തിൻ മോചനത്തിനു,
പ്രാർത്ഥിക്കുന്നു നിരന്തരം.

3. അന്തരിന്ദ്രിയ ചിന്തകൾ ബഹു-
മാനയോഗ്യമതായ് വരാൻ;
സന്തതം തിരുമാർവ്വിൽ ഞങ്ങൾ,
വാസമാക്കാൻ കൃപതരൂ.

## 483

ഭാരതം യേശുവെ അറിയേണം,
സുവിശേഷം പടർന്നു വളരേണം;
ജാതിമതങ്ങൾ കലഹം വെടിയേണം,
അന്ധവിശ്വാസം തുടച്ചു മാറ്റേണം.

1. സർവ്വേശ്വരനാം യേശുവിൽ നമ്മൾ,
അനന്ത നന്മകൾ കാണേണം;
തിരുസുതരായ് നാം ജീവിച്ചെന്നും,
അഭിമുഖമവനെ കാണേണം.

2. സഹോദര്യം വളർന്നു പെരുകാൻ,
തമസ്സിൻ കോട്ടകൾ പൊളിയേണം;
ക്രൂശിൻ സ്നേഹം പകർന്നു നൽകാൻ,
വിശാല ഹൃദയം പേറേണം.

3. കുടിലതപേറും മനുഷ്യമനസ്സിനു-
സ്വസ്ഥതയാകെ നശിക്കുമ്പോൾ,
മനുഷ്യനിർമ്മിത ദൈവങ്ങളെ നാം,
ഭജിക്കുകിൽ സ്ഥിതിവഷളാകും.

## 484

അനുസരിക്കുവാൻ പ്രഭോ, വരമരുൾക നീ,
അനുനിമിഷം കൃപ അരുൾക പ്രീയനേ;
വിനയമോടെയരികിലിതാ നമിച്ചീടുന്നേ,
ചൊരിയുകയീ ദാസരിൽ ആശിഷം സദാ.

1. കുടിലതകൾ വെടിയാൻ മനസ്സേകണേ,
അടിമകൾക്കു മോക്ഷപാത തുറന്നീടണേ;
കടമകൾ നിർവ്വഹിക്കുവാൻ തുണയ്ക്കണേ,
കടപ്പാടുകൾ മറന്നിടാതെ കാത്തുകൊള്ളണേ.

2. കുരുക്ഷേത്ര ഭൂമിയെപ്പോൽ മാറിടുന്നിതാ,
ഭാരതത്തിനാക്രോശം ശ്രവിച്ചീടണേ;
കാരണങ്ങളൊന്നുമേകാണ്മതില്ലിഹേ,
വിരഞ്ഞോടിടുന്നു ശത്രു താണ്ഡവമാടാൻ.

3. കരുണ കാട്ടുവാനാരുമില്ല ഭൂമിയിൽ,
അരുമനാഥനേ വരിക സങ്കേതമായ്;
വിരുതിനായിലാക്കിലേക്കോടുമെൻ മനം,
കരുതുവാൻ കനിയണമേ സ്നേഹപൂർവ്വം.

## 485

ദൈവത്തെ മുഖാമുഖം കാണുവാനായ് നാം,
വിശ്വാസത്താൽ വന്നിടേണം പെനിയേലിതിൽ;
യാക്കോബിൻ സ്നേഹമേയ്പൻകൂടെയുണ്ടിന്നും,
സ്തോത്രഗീതം പാടിവാഴ്ത്താം ആദരാലെന്നും.

1. സ്വന്തജീവൻതന്നു നമ്മെ വീണ്ടെടുത്തതാൽ,
നന്ദിയോടെ മാനസങ്ങൾ അർപ്പണം ചെയ്യാം;
വീണ്ടെടുപ്പിൻ വാഗ്ദാനത്തിൻ സ്നേഹം
തേടി നാം,
അന്ത്യത്തോളം യേശുവിന്റെ സാക്ഷിയായിടാം.

2. തിരുമുഖത്തിൻ ദർശനത്താൽ മുന്നേറിടാം,
ഭാരതം നേടുവാനായ് പ്രാപ്തരായീടാം;
ധീരരായ് ക്രിസ്തേശുവിന്റെ പാതേ പോയിടാം,
പ്രീയനേശു വീണ്ടും വന്നുചേർത്തിടും നമ്മെ.

3. അഴിമതിക്കുനേർ നമ്മൾ വിരൽചൂണ്ടണം,
പ്രതികരിക്കേണം തിന്മ മാറിപ്പോയിടാൻ;
ക്രിസ്തുവിന്റെ സാക്ഷികളായ് മാറുമീ മക്കൾ,
ശക്തരാകേണം ശുദ്ധാത്മാവിനാൽ നിത്യം.

### അഭിഷേകം

## 486

വാടിയ തൃണമതിൽ ഹിമകണമലരായ്
പെയ്തിറങ്ങുക ആത്മാവേ;
കൃപാവരങ്ങൾ ജ്വലിച്ചിടുവാനായ്,
ശക്തിയരുൾക ഈ ദാസരിൽ നീ.

1. അമിതബലം ധരിച്ചകമേ നിന്നും,
സടകുടഞ്ഞെണീറ്റു സേവചെയ്യാൻ;
പകരുക, തിരുകൃപ, അഗ്നിപോലടിയരിൽ,
അഭിഷേകത്തിനു തിരികൊളുത്തൂ.

2. അടിമനുകത്തിൽ കുടുങ്ങിയ ഞങ്ങളെ,
ഉണർന്നെണീല്ക്കാൻ വരമേകൂ;
തേരുതെളിക്കാൻ ജനതയെ നേടാൻ,
പരിശുദ്ധാത്മാ കൃപയരുളൂ.

## 487

എന്റെ പ്രാർത്ഥനകൾ, എൻ യാചനകൾ,
സുഗന്ധബലിയായ് ഉയരുമ്പോൾ;
സ്വർഗ്ഗം തുറന്നു കാതോർത്തിടും,
തിരുസുതനാമെൻ യേശുപരൻ.

1. ദൈവശബ്ദം തിരിച്ചറിഞ്ഞെന്നും
ആത്മാവിൽ ഞാൻ വളരുമ്പോൾ;
ആത്മഫലങ്ങൾ നിറഞ്ഞിടുമെന്നിൽ,
സമൃദ്ധമായിടുമെൻ ഗേഹം.

2. ദൈവനിയോഗം ഉണ്ടെന്നാകിൽ,
കരുത്തനായ് ഞാൻ മാറിടുമേ;
മലിനതയില്ലാതനു നിമിഷം തൻ,
വലഭുജമതിൽ ഞാൻ ചാരും.

3. ദൈവഭയം വന്നകമേ നിറയുകിൽ,
ആത്മാവിന്നതനുഗ്രഹമേ,
കൃപാവരങ്ങൾ ജ്വലിച്ചിടുമുള്ളിൽ,
പകരുകിലമൃതാം വചനം.

# 488

പരിശുദ്ധാത്മാവേ നീ നടത്തേണം,
നേർവഴിക്കെന്നെയും നയിക്കേണം;
സ്ഥിരമായെന്നുള്ളിൽ വസിക്കണം നാഥാ,
ആകുലങ്ങളിൽ നിന്നും മോചനം താ.

1. കനിവിന്നുടയോനാമേശുദേവാ,
കളങ്കമില്ലാതെന്നെ കാക്കേണമേ;
സാദരം സ്തുതിയേകിനന്മകളെന്നും-
പ്രാപിക്കാൻ വരം അരുളീടേണമേ.

2. നീതിയിൻ മൊഴികൾ അവിടുന്നു നന്നേ-
കേൾക്കുവാനായിതാ വന്നിടുന്നേ;
ആത്മദാഹം ശമിച്ചീടുവാനെപ്പോഴും
നിറയണേ പൂർണ്ണമായ് എന്നിൽ നാഥാ.

3. ആനന്ദമേ പരമാനന്ദമേ, തവ-
സാന്നിദ്ധ്യം അത്യന്തമാനന്ദമേ;
ശക്തമായ് ചൊരിഞ്ഞീടണേ ആത്മമാരി,
ശത്രുവാം പിശാചെ ജയിച്ചീടുവാൻ.

# 489

ശക്തിയെ പുതുക്കുന്ന ദൈവപുത്രാ,
കാത്തിരിപ്പൂ ഞാൻ യഹോവായെ;
നഷ്ടങ്ങളൊക്കെയും മടക്കിത്തരുന്നോ നാം,
ദൈവപുത്രാ ഞാൻ കാത്തിരിപ്പൂ.

1. സൗഖ്യമാക്കാൻ നിൻകരം നീട്ടണേ,
ധൈര്യമായ് ഞാൻ എന്നും പ്രാർത്ഥിച്ചിടും;
വിടുതലയയ്ക്കാൻ കനിയുകിൽ നാഥാ,
വിശ്വാസം വർദ്ധിച്ചു പ്രാർത്ഥിച്ചിടും.

2. കർത്താവിൻ നേർവഴി മറഞ്ഞിരുന്നാൽ,
ആത്മപൂർണ്ണൻ പിന്നെ എന്തു ചെയ്യും ?
അഭിഷേക നിറവിൻ ശക്തിയെന്മേൽ,
വിശ്വാസം പകർന്നിടാൻ അയയ്ക്കേണമേ.

# 490

പാപത്തിന്നടിമനുകത്തിൽ പിടഞ്ഞോരെൻ,
പാശമറുത്തോനാം യേശു ദേവാ,
അർഹിക്കാതുള്ളൊരീ നന്മകൾ പ്രാപിക്കാൻ,
എന്തുള്ളൂ പ്രീയാ ഞാൻ നിനക്കായ് ചെയ്തു?

1. എന്നെയനുഗ്രഹപാതകളിൽ ദിനേ,
ആത്മബലം നൽകി ആനയിക്കൂ;
പരിശുദ്ധ ദേവാ നമിച്ചിടുന്നേ തിരു-
ചിറകടിയിൽ ഞാൻ അഭയമല്ലോ.

2. ആത്മവരത്താൽ ഉള്ളം നിറയ്ക്കുകിൽ,
ആത്മനിയോഗങ്ങൾ അനുസരിക്കാം;
ആശ്രിതവത്സല കർത്താവേ നിന്നിൽ-
ആത്മനിറവോടെ വസിക്കുമല്ലോ.

# 491

സ്തോത്രയാഗം അർപ്പിക്കുന്നിതാ,
നന്ദിയോടെ തൃപ്പാദത്തിൽ;
സ്നേഹമോടടിയരെ പോറ്റീടണേ,
തേജസ്സിൻ രാജരാജനേ.

1. പാഴ്മുളം തണ്ടുകൾ ഞങ്ങൾ ദേവാ,
സ്വരരാഗസുധയൊഴുക്കാം;
ദിവ്യാനുരാഗമോടാത്മാവിനഗ്നിയാൽ,
അഭിഷേകം ചെയ്യുകില്ലേ?
നാഥാ ആശിഷം ചൊരിയുകില്ലേ?

2. ജീവിത നൈർമ്മല്യ പാത ഞങ്ങൾ,
ദേവാ കൃപയാൽ കണ്ടെത്തുവാൻ;
ശിക്ഷകളോടൊപ്പം രക്ഷയേകീടുന്ന,
യേശുവേ ആശിഷം ചൊരിയുകില്ലേ ?
അഭിഷേകം ഞങ്ങളിൽ ചൊരിയുകില്ലേ ?

# 492

എനിക്കായ് യാഗമായവനേ,
കുരിശതിൽ മരിച്ചവനേ;
എണ്ണിയാൽ തീരാത്ത പാപങ്ങൾക്കായ്,
ബലിയായോ മമപ്രാണപ്രീയാ?

1. അകൃത്യങ്ങളെല്ലാം ചുമന്നവനേ,
കാരുണ്യവാനേ യേശുനാഥാ;
പാപത്തിന്നടിമകളാകും ഞങ്ങൾ,
പരിശുദ്ധന്നരികിൽ അണഞ്ഞിടുന്നേ.

2. ആത്മാവിൻ ശക്തിയെ പകർന്നവനേ,
ആശിഷമേകിയ പരിശുദ്ധനേ;
തിരുജനമന്യരായ് അകന്നിടാതെ,
തിരുകൃപയേകണേ ദൈവപുത്രാ.

3. അഭിഷേകത്തിൻ ശക്തി അയയ്ക്കേണമേ,
ആനന്ദ ദാതാവേ ഈ മക്കളിൽ;
പരമപിതാവിൻ സാന്നിദ്ധ്യമേകാൻ,
ദാഹത്തോടടിയാർ പ്രാർത്ഥിക്കുന്നേ.

# 493

പ്രാപ്തരാക്കുക ദൈവമേ തവ-
ദാസരായ് ശോഭിക്കുവാൻ,
ദുരിതമൊക്കെ ഒഴിഞ്ഞിടാനായ്,
കരുണ കാട്ടുക ദൈവമേ.

1. നന്മതിന്മകൾ വേർതിരിഞ്ഞീ,
മനസ്സിൽ വിടരാനിടതരൂ;
തിന്മയൊക്കെ അകറ്റുവാനായ്,
കൃപയരുൾക ദയാനിധേ.

2. ആത്മമാരി അയച്ചു ഞങ്ങളിൽ,
ഉണർവ്വരുൾക മഹാപ്രഭോ;
തിരുനിവാസമതിൽ വസിക്കാൻ,
ആത്മദാഹം നൽകുകേ.

3. ദൈവരാജ്യം പണിയുവാനായ്,
പ്രാപ്തരാക്കുക ഞങ്ങളെ;
സ്വർഗ്ഗരാജ്യം പൂകിടാനായ്,
ആശയോടെ വരുന്നിതാ.

# 494

പാപത്തിൽ ജനിച്ചവരല്ലോ നമ്മൾ,
ജന്മനാൽ പാപികളല്ലോ നമ്മൾ;
ജന്മാന്തരങ്ങൾ കഴിഞ്ഞാലും മായാത്ത,
തിന്മകൾ മായിച്ചു സ്നേഹനാഥൻ.

1. ചോരതിളയ്ക്കുന്ന പ്രായത്തിലും,
ചോര നീരാക്കുന്ന ദൗത്യത്തിലും;
പാപമില്ലാത്തോരേകനാമേശുവെ,
പിൻപറ്റി ജീവിക്കിൽ അനുഗ്രഹമേ.

2. തിരുഹിതമല്ലാത്തതൊന്നും നിനയ്ക്കാൻ,
സർവ്വേശ്വരാ ഇടയാക്കിടല്ലേ;
അപരാധ ശങ്കയ്ക്കിടമേകിടാതെന്നും,
അനുദിനധ്യാനത്താൽ ധന്യരാക്കൂ.

3. പരമാത്മാവേ തവദാസരിൽ നീ,
ആത്മാഭിഷേകത്തെ പകരേണമേ;
ദാഹത്തോടെന്നും പ്രാർത്ഥിച്ചിടുന്നേ,
പരമപിതാവിന്റെ സവിധേ ചേരാൻ.

# 495

ദൈവമേ നമിക്കുന്നു ഞങ്ങൾ,
അയയ്ക്കണേ പരിശുദ്ധാത്മാവെയുള്ളിൽ,
സ്വർഗ്ഗരാജ്യത്തിന്റെ വാഗ്ദാനങ്ങൾ;
ആത്മാവിൽ വന്നങ്ങു നിറഞ്ഞിടട്ടേ.

1. കുഞ്ഞു മനസ്സുകളിൽ,
സ്നേഹം പകർന്ന നാഥൻ;
ആശ്ലേഷിച്ചില്ലേ നമ്മെ?
സ്വർഗ്ഗം നമുക്കു സ്വന്തം.

2. ഹൃദയങ്ങൾ നാം നൽകിടാം
പ്രാണനെ തന്നവനായ്;
ആനന്ദത്താൽ പാടാം,
ആരാധിക്കാമെന്നെന്നും.

# 496

പരിശുദ്ധനേ നിൻ ആത്മാവിനാലെന്നും,
അഭിഷേകം ചെയ്തീടണേ;
പാപത്തിൻ കോട്ടകൾ തകർക്കുവാനായ്,
ആത്മബലം നൽകി കാക്കേണമേ.

1. തിരുനാമ മഹത്വത്തിനായ്,
ദിനവും സമർപ്പിക്കുന്നേ;
വീഴാതെ ഞങ്ങളെ വഴിനടത്തൂ,
തിരുഹിതം നിവർത്തിക്കട്ടേ.

2. പ്രവാചകന്മാരില്ലാതെ ദേശം,
നശിക്കുന്നിക്കാലത്തിലും;
പ്രാർത്ഥിക്കുന്നേശുവേ പ്രാപ്തിയേകണേ,
പ്രവചിച്ചീടട്ടെന്നും സ്വന്ത മക്കളായ്.

3. പാപബോധത്താൽ ഭയമേറിടും,
പരിശുദ്ധി പ്രാപിച്ചീടും;
വിളിക്കണേ അഭിഷേകം ചെയ്തീടണേ,
വിശുദ്ധരായ് സേവയ്ക്കായ് അനുഗമിക്കാം.

# 497

കരുണയിൻ കരങ്ങളിൽ താങ്ങുന്ന ദൈവമേ
കരകാണാക്കടലിൽ ഞാൻ ഉഴലുന്നിതാ;
വെള്ളത്തിന്നാഴത്തിൽ പാദങ്ങൾ താഴാതെ
അൻപോടെൻ കാൽകളെ താങ്ങി നിർത്തൂ.

1. പരദേശിയായ് ഞാൻ ശമര്യയിലെത്രനാൾ
പാർക്കണം പ്രീയനേ അവിടുത്തേയ്ക്കായ് ?
പരിഹാസിയായിടാതാനന്ദത്തോടെ നിൻ
പാതതെളിക്കുവാൻ പ്രാപ്തിയേകൂ.

2. അഭിഷേകത്താലുള്ളം തീപിടിച്ചാത്മാവിൽ,
അഗ്നിപടർന്നെങ്കിൽ ആശ്വാസമേ;
അവിവേകമാർഗ്ഗങ്ങൾ പാടേയകറ്റിനിൻ-
ആത്മവരങ്ങളാൽ ആനയിക്കു.

3. വിളിച്ചവൻ വിശ്വസ്തൻ വീണ്ടും വരുന്നവൻ
വാക്കുമാറാത്തവൻ സത്യദൈവം,
പുകയുന്ന തിരിയാം എന്നെയും ജീവനിൽ
കടക്കാനവസരം തന്നുവല്ലോ. ?

# 498

അന്തരംഗത്തിലെ ചിന്തകളൊക്കേയും,
അറിയുന്നവല്ലഭാ തവസവിധേ;
ആദരവോടിതാ അരികിൽ നിൽക്കുന്നേ,
ആലംബഹീനർക്കങ്ങാശ്രയമേ.

1. ആത്മാവിൽ ഇത്തിരിവെട്ടം കൊളുത്താൻ,
ആഗ്രഹത്തോടിതാ അടിയാർ വരുന്നേ;
ആശ്രയം യേശുവിൽ അർപ്പിക്കും ഞങ്ങളെ,
ആനന്ദമോടങ്ങു നയിക്കേണമേ.

2. പരിശുദ്ധാത്മാവിന്റെ നിറവോടെ ഞങ്ങൾ,
പരസ്യമായ് ദൈവശുശ്രൂഷ ചെയ്യാൻ;
പരമപിതാവിന്റെ കാരുണ്യം തേടുന്നേ,
പരമാത്മാവേ വന്നങ്ങാവസിക്കൂ.

3. നിർമ്മലമാനസം നിത്യവും സൂക്ഷിക്കാൻ,
നിർമ്മലാത്മാവേ കൃപയരുൾക;
നിർദ്ദോഷമായ് തവസാന്നിദ്ധ്യമോടെന്നും,
നിർമ്മല കന്യയായ് പരിലസിക്കാം.

4. കണ്ണീരൊഴുക്കുന്ന മർത്യന്റെ ദുഃഖങ്ങൾ,
കാണാതെ നാട്യം നടിക്കുവോർ ഞങ്ങൾ;
കാരുണ്യമർത്ഥിച്ചു താണു വണങ്ങുന്നേ,
കാപട്യമില്ലാത്ത ശാന്തശീലർ.

# 499

പരിശുദ്ധാത്മാവുള്ളിൽ വന്നിടേണം,
പാവനജീവിതം നയിച്ചിടാനായ്;
ചാഞ്ചല്യമാനസം ആകെ മാറ്റാൻ,
കാര്യസ്ഥനാം ദൈവം മതിയായവൻ.

1. ലോകത്തിൻ മോഹത്തിൽ വീണിടാതെ,
ശക്തിനൽകീടുന്ന അരൂപിയായ്;
ശുദ്ധാത്മാവുള്ളത്തിൽ വാസം ചെയകിൽ,
ശുദ്ധരായ് നിത്യം നാം നീതരാകും.

2. ഭോഷത്വമെല്ലാം വെടിഞ്ഞീടുവാൻ,
കാരുണ്യവാൻ ശക്തിയേകിടുമ്പോൾ;
ആലസ്യമെല്ലാം പറന്നുപോകും,
ആത്മാവു നേർവഴി കാട്ടിത്തരും.

# 500

ദൈവമേ അവിടുത്തെ സന്നിധിയിൽ ഞങ്ങൾ,
ഹൃദയം പകർന്നിടുമ്പോൾ;
കണ്ണീരു കാണണേ കാരുണ്യദേവാ,
സ്വർഗ്ഗത്തിൽ നിന്നങ്ങു കാതോർക്കണേ.

1. കർത്താവേ അവിടുത്തെ കൃപയാൽതൻ മക്കളെ,
ബലപ്പെടുത്തീടുമല്ലോ?
കാരുണ്യത്തികവാൽ നമ്മെയെപ്പോഴും,
സമ്പൽസമൃദ്ധരാക്കീടുമല്ലോ?

2. തിരുവായ് മൊഴിഞ്ഞുള്ളു തുറക്കുന്നനേരം,
തിരുസുതരായ് നമ്മെ ചേർക്കുമല്ലോ?
തിന്മകളഖിലവും അകറ്റിനമ്മിൽ തിരു-
സ്പർശനസൗഭാഗ്യമേകുമല്ലോ?

3. ആത്മാവിനമിതബലം പകർന്നീടാൻ,
അഭിഷേകമധികമായ് നൽകുമോ നീ ?
ആനന്ദത്തിൻ ചെറുപൂത്തിരികത്തിച്ചാൽ,
അന്ധതയാകെയും മാറുമല്ലോ ?

# 501

ശാപത്താൽ മുള്ളും പറക്കാരയും,
നിറയുന്നു ജീവിതത്തിൽ;
ശാപങ്ങളാകും മുൾമുടിചൂടിയോൻ,
കാൽവരിതന്നിൽ വഹിച്ചു തീർത്തു.

ആനന്ദത്താൽ പാടാം ഹല്ലേലൂയ്യാ,
സ്തോത്രാധരത്താൽ മഹത്വമേകാം.

1. ദൈവത്തിനായ് നമ്മെ സമർപ്പിക്കുകിൽ,
ശാപത്തിൻ ദോഷങ്ങളാകെ മാറും;
സ്വർഗ്ഗത്തിൻ വാതിൽ തുറന്നു ദൈവം,
ആത്മാവിൻ അഭിഷേകം പകർന്ന് നൽകും.

2. വിദ്വേഷമുള്ളോർ പകയും കുശുമ്പും,
ദൈവസ്നേഹത്താൽ വെടിഞ്ഞിടേണം;
ചൈതന്യദായകന്നരികിലണഞ്ഞാൽ,
ദൈനംദിനേ നാം ശുദ്ധരാകും.

## 502

പാടേണമെനിക്കെന്നും,
യേശുവെ പുകഴ്ത്തേണം;
പാടിയേ കഴിയൂവെന്നെൻ,
ആത്മാവു നിർബ്ബന്ധിപ്പൂ.

1. ആത്മാവു ത്രസിച്ചുംകൊ-
ണ്ടസ്വസ്ഥമാകുന്നേരം;
പാടാതടങ്ങുവാൻ,
ആകുമോ ആരാധ്യനേ?

2. പാടുവാൻ അധരം തന്ന,
പ്രീയനായർപ്പിക്കുന്നേ;
പാടുവാൻ എതിരായ,
ദുർവ്വിധി തീണ്ടീടല്ലേ.

3. പാട്ടിലൂടഭിഷേകം,
ജ്വാലയായ് പ്രവഹിക്കാൻ;
ആത്മമാരിയേകേണം,
പ്രസാദം വർഷിക്കേണം.

## 503

ശക്തീ...... തിരുശക്തീ......... ആത്മശക്തി,
അഭിഷേകത്തിന്നമൃതു ചുരത്തും ദിവ്യ ശക്തി;
തിരുവചനത്തിൻ മറവിൽ വസിപ്പോർ-
ക്കനുപമ സ്നേഹത്തീ ശക്തീ.

1. ഹൃദയം കവരും, പരിമളമുതിരും,
അജയ്യശക്തീ സ്നേഹം;
ക്രൂശിതനായോരേശു മഹേശനെ,
വാഴ്ത്തുക ദിനവും സ്നേഹത്താൽ.

2. നിർമ്മല മനസ്സിന്നുടയവർ ദിനവും,
ഖിന്നതപേറും കാലം;
ക്രൂശുവഹിക്കുവതവകാശമിതേ,
ഖിന്നത വെടിയൂ മേലിൽ നീ.

## 504

ആകുലമാനസരായ് ഭവാനെ,
പ്രണമിക്കുന്നേ, കൃപ ചൊരിയൂ;
തിരുനാമത്തിൻ മാധുര്യമോർത്തി-
ട്ടജഗണമായ് സ്തുതിയേകുന്നു.

1. അടരാടാനായ് ശത്രുനിരന്നാൽ,
അടിയാർക്കഭയം നൽകേണം;
അരൂപിയായ് വന്നകമേ നിന്നി-
ട്ടടിയരിൽ ശക്തി നിറയ്ക്കേണം.

2. തിരുരാജ്യത്തിൻ മഹിമ ധരിക്കാൻ,
തരുമോവരമീ ദാസർമേൽ?
വരുമോ പ്രീയാ വാനിൽവേഗം,
തിരുജനമതിയായ് ദാഹിപ്പൂ.

## 505

കരുണയേക, നിർമ്മലാത്മാ, നാഥാ,
കരളലിഞ്ഞിടേണമേ കൃപാലോ;
കരകവിഞ്ഞൊഴുക്ക ശക്തിദേവാ,
തിരുസുതർക്കു മാരിപോലെയെന്നും.

2. ദുരിതകാരണങ്ങളെന്തുതന്നെയാകിലും,
തവസുതർക്കു ശാപമോക്ഷമേകിടേണമേ;
അനുദിനം കുമിഞ്ഞുകൂടുമപ്രിയങ്ങൾ നീ,
സദയമങ്ങകറ്റുമോ കൃപാലോ?

3. കഠിനമനസ്സു മൃദുലമായ് ശാന്തമാകാൻ,
കനിവുതോന്നി രക്ഷയേക പാവനാത്മനേ;
ആത്മഭാരമോടെയങ്ങെ പിൻഗമിച്ചിതാ,
രാപ്പകൽ അദ്ധ്വാനിക്കാനെൻ ആശയേ.

4. പാതകങ്ങളൊന്നുമീ ജീവിതങ്ങളിൽ,
വന്നിടാതെ കാത്തിടേണമേശു നായകാ;
നന്ദിയോടെ നിത്യവും പണിപ്പെടുന്നിതാ,
നിത്യജീവനേഴകൾക്കു നൽകണേ.

## 506

ഹാഹാ ! എന്തൊരാനന്ദം,
എൻ യേശു ഉള്ളപ്പോൾ;
ആനന്ദമാനന്ദമേ,
അത്യാനന്ദമാനന്ദമേ.

1. പരസുതനേ എന്റെ കളങ്കങ്ങൾ കാണാൻ,
അകക്കൺകൾ തുറന്നിടണേ;
തിരുസുതനായ് ദിവ്യദർശനം പ്രാപി-
ച്ചാത്മാവിൽ നിറയാൻ കൃപചൊരിയൂ.

2. നിത്യപിതാവേ തിരുഹിതമെന്നും,
നിറവേറ്റുവാനായ് ഏഴയെനീ;
പരിശീലിപ്പിച്ചാകുലമെല്ലാം,
സദയം മാറ്റുക പ്രിയനാഥാ.

3. അറിവിൻ മാർഗ്ഗം നീയേ ദേവാ,
ആനന്ദാമൃതു പൊഴിയുകമേൽ;
തിരുനാമത്തിൻ മഹിമവിളമ്പാൻ,
അടിയനിലെന്നും കൃപയേകൂ.

## 507

നന്ദി നാഥാ നിനക്കർപ്പിച്ചു ഞാനെൻ,
ഹൃദയം പകർന്നിടും വേളയിൽ നീ;
നന്ദിയിൻ നറുമലർ സ്വീകരിച്ചെന്നുള്ളിൽ,
ആവസിക്കാൻവേഗം വന്നിടേണം.

1. പരിശുദ്ധമായ് നിന്റെ ആലയം ഞാനെന്നും,
സൂക്ഷിക്കിലും നാഥാ നീവരില്ലേ?
ആത്മാവിൻ ശക്തിപകർന്നിടില്ലേ എന്നിൽ?
നിത്യതയോളം നീ വസിക്കുകില്ലേ?

2. പാപത്തിൻ പാഴ്ചെളിവെള്ളമെല്ലാം,
കഴുകി നിൻപുണ്യാഹ രക്തത്തിനാൽ;
പാപം വെറുത്തു ഞാൻ ജീവിക്കിലും മമ-
പരിതാപമകലാഞ്ഞതെന്തു നാഥാ?

3. നിന്ദവർഷിച്ചിടും ലോകമേ എന്നെന്നും,
നന്മയാലുള്ളം നിറച്ചു നിന്നിൽ;
വാഴുവാനാശിച്ച പൈതലല്ലോ ഞാൻ,
യേശുവേ ധ്യാനിച്ചു ജീവിച്ചിടും.

# 508

Fill me Lord, fill me Lord,
Fill me Holy Spirit;
Fill me with Compassion,
Love and joy in you.

1. Touch me Lord, touch me Lord,
With your loving hands
Pour upon me Lord, your
Gracious strokes in me.

2. Heal me Lord, heal me Lord,
Jesus heal me now;
Heal me with your compassion,
Power and authority, Lord !

## ആരാധന

# 509

ആരാധന പ്രീയനൽഫാ,
ആരാധിക്കുന്നങ്ങേ നമിച്ചിടുന്നു;
ആത്മാവിലും സത്യത്തിലും,
ആരാധിക്കുന്നൊമേഗായേ.

1. മേഘങ്ങൾ വാഹനമാക്കുവോനേ,
സ്വർഗ്ഗം ചായിച്ചിങ്ങിറങ്ങേണമേ;
സത്യനമസ്ക്കാരികൾക്കുണ്മയേകാൻ,
ശക്തിയോടിന്നിങ്ങെഴുന്നള്ളണേ.

2. ആരാധിക്കുമ്പോളയയ്ക്കുന്ന വിടുതൽ
പ്രാപിക്കാനാശയോടാരാധിപ്പൂ;
അന്ധകാരത്തിന്റെ കോട്ടകളെല്ലാം,
പൊട്ടിത്തകരാനായാരാധിപ്പൂ.

# 510

കേൾക്കു......... ഇമ്പസ്വരം,
കേൾക്കാൻ കാതോർത്തിടൂ,
കണ്ണീർ കാണുമവൻ,
തുൻപം മാറ്റിടുമേ.

1. വിശ്വസിക്കാം, വിശ്വസ്തനെ,
ആരാധിക്കാം, അനന്യനെ;
ആത്മാവിലും സത്യത്തിലും,
ആരാധിക്കാം ത്രീയേകനെ.

2. ആനന്ദത്താൽ ആറാടിടാം,
ആമോദത്താൽ പിൻചെന്നിടാം;
ആത്മനാഥാ എൻ യേശുവേ,
ആരാധിക്കും എന്നെന്നും ഞാൻ.

3. നൃത്തം ചെയ്യാൻ കൊതിച്ചിടുന്നേ,
കൈത്താളത്താൽ സ്തുതിയേകുമ്പോൾ;
ഉള്ളങ്ങളെ അറിയുന്നോനെ,
ആനന്ദത്താൽ ആരാധിക്കാം.

# 511

ദൈവത്തെ ആരാധിക്കാൻ,
എല്ലാരും വന്നീടുവിൻ;
സത്യത്തെ പിൻ ചെല്ലുകിൽ,
സ്വാതന്ത്ര്യം നൽകും പ്രീയൻ.

ആരാധിക്കാം ദൈവത്തെ നാം,
ആരാധിക്കാം ത്രീയേകനെ;
ഭൂലോകർ എല്ലാരുമേ,
ആരാധിപ്പിൻ എൻ പ്രീയനെ.

1. സ്തോത്രം ചെയ്താരാധിക്കാം,
ദയയുള്ള ത്രീയേകനെ;
സ്തുതിയോടെ വന്ദിക്കുവിൻ,
അവനല്ലോ നിർമ്മിച്ചവൻ.

2. ആടുകളായുള്ളോർ നാം,
ദൈവത്തിൻ ജനമല്ലയോ?
ജീവിക്കും ദൈവത്തെ നാം,
ഹൃദയത്തിൽ ആരാധിക്കാം.

# 512

അത്യുന്നതനാം ദൈവമേ,
ആരാധനയ്ക്കായ് വരുന്നു ഞങ്ങൾ;
അവിടുത്തെ സ്നേഹത്തെ സ്തുതിച്ചീടുവാൻ,
ആശ്രിത വത്സലർ ആഗതരായ്.

1. സ്വർഗ്ഗത്തിൻ മഹിമ വെടിഞ്ഞവനേ,
സ്വയമേ യാഗമായ് തീർന്നവനേ;
അതുല്യ സ്നേഹപ്രവാഹമേ, അങ്ങേ-
ആരാധിക്കുന്നിതാ നമിച്ചിടുന്നേ.

2. സത്യത്തിൻ സാക്ഷിയായ് തീർന്നവനേ,
നിത്യവും ദൂതരാൽ പൂജിതനേ;
അത്യുന്നതത്തിൽ വസിക്കുന്ന രാജാ,
സഹവസിച്ചീടുക സ്നേഹനാഥാ.

# 513

നിത്യനായ ദൈവത്തെ വാഴ്ത്തീടുക,
സത്യദൈവമാഹാത്മ്യം വർണ്ണിച്ചീടുക;
അത്ഭുതത്തിനുറവയാം ത്രീയേകനെ,
ആരാധിക്കാം അവനു സ്തുതിമുഴക്കിടാം.

1. ചെങ്കടലിൽ പാത തെളിച്ചത്യുന്നതൻ,
ശത്രുസൈന്യമാഴിയിൽ തകർത്തു വല്ലഭൻ;
പാറയെ പിളർന്നു ദാഹ നീരൊഴുക്കിയോൻ,
ജീവിക്കുന്നവൻ ഇന്നും; നന്ദിയേകിടാം.

2. സിംഹത്തിന്റെ കൂട്ടിൽനിന്നു ദാനിയേലിനെ,
വീണ്ടെടുത്ത രക്ഷകനു സ്തോത്രമേകിടാം;
അന്ത്യത്തോളം വഴിനടത്തും നീതി സൂര്യനെ,
ഹല്ലെലൂയ്യ പാടിയാർത്താരാധിക്കാം.

3. വിശ്വസ്തനായ് കൂടെ ജീവിച്ചിടുന്നോൻ,
സ്നേഹനാഥൻ യേശുവിനെ വാഴ്ത്തിപ്പാടിടാം;
തെറ്റുകുറ്റങ്ങൾ പൊറുക്കും പ്രാണനാഥനേ,
നിത്യതയിൽ എത്തുവോളം വഴിനടത്തണേ.

# 514

സർവ്വരും യഹോവയ്ക്കാർപ്പിടുവിൻ,
ആനന്ദത്താലുള്ളം ആരാധിപ്പിൻ;
സംഗീതത്തോടെ തൻ സന്നിധിയിൽ,
വരുവിൻ, യഹോവ ദൈവമല്ലോ.

1. യഹോവമാത്രം ദൈവമെന്നറിയുക,
അവൻ നമ്മെ സൃഷ്ടിച്ചവൻ;
നാം അവനുള്ളോർ, ദൈവത്തിൻ ജനവും,
യഹോവ നല്ലവനല്ലോ.

2. സ്തോത്രാധരത്താൽ ആലയവാതില്ക്കൽ,
വരുവിൻ, സ്തുതിപ്പിൻ തൻപ്രാകാരത്തിൽ;
സ്തോത്രം ചെയ്വിൻ തൻ നാമത്തെ വാഴ്ത്തുവിൻ,
യഹോവ നല്ലവനല്ലോ.

3. വിശ്വസ്തതയുള്ളോൻ ദയയുള്ള യഹോവ,
തലമുറയായ് അവൻ എന്നെന്നേയ്ക്കും;
നിത്യനായ് നമുക്കായ് വസിച്ചിടുന്നുയരെ,
യഹോവ നല്ലവനല്ലോ.

# 515

## പുതുവർഷം

പുതിയൊരു പുലരി വിടർന്നു,
പുത്തൻ വർഷമുദിച്ചു;
ദൈവം നൽകും നന്മകളാൽ,
സമൃദ്ധമാക്കാം പുതുവർഷം.

1. പരിപാലകനായ് നമുക്കുനിത്യം,
കൃപാലുവായവനുണ്ടെന്നാൽ;
പകലോൻ നമ്മെ ഇരുട്ടിൽനിന്നും,
വെളിച്ചമേകി നയിച്ചീടും.

2. വെടിയാം വ്യാകുല ചിന്തകളെല്ലാം,
പുതുവർഷമീശോ തിരുദാനം;
ദാതാവാകും പ്രിയനിൽ ശരണം,
അർപ്പിക്കാം നാം പ്രിയമക്കൾ.

3. എതിർത്തു നില്ക്കാം സാത്താൻ തന്നുടെ,
തന്ത്രങ്ങൾ നാം തോല്പിക്കാം;
വരുന്ന നാളുകൾ, പുതിയ ദിനങ്ങൾ,
കർത്തൻ നാമം വാഴ്ത്തീടാം.

# 516

ഓ....... സുദിനമിതാ...........
ഓർമ്മയിൻ സുദിനമിതാ.........
നവവത്സരമായ് സഭാദിനവുമായ്,
താലോലിക്കും സ്മരണയിതാ.

1. സഭയുടെ നാഥൻ യേശുപിതാവീ-
അഗതികളെക്കൈ താങ്ങിയതാൽ;
ലോകത്തിന്റെ കൊടും ക്രൂരതകൾ,
വലിച്ചെറിഞ്ഞൂ നിൻ കൃപയാൽ.

2. കാതോലികവും അപ്പോസ്തലികവും,
അടിയങ്ങളിലും പകരുകയാൽ;
ദിവ്യമഹാത്മാവേശുപരൻപേർ-
ക്കണിയണിയായിത നിലകൊൾവൂ.

കർത്താവേ നിൻ വീണ്ടും വരവിൽ,
ഞങ്ങളെയും നീ ചേർത്തിടണേ;
പരമപിതാവിൻ തിരുരാജ്യത്തിൽ,
ആലയമേകി നയിച്ചിടണേ.

# 517

## കുടുംബം

ത്രീയേക ദൈവത്തിൻ വരദാനമീ,
സ്വർഗ്ഗീയ സൗഭാഗ്യമാം കുടുംബം;
മാതാപിതാക്കൾ മക്കളോടൊപ്പം,
ദൈവത്തെ വാഴ്ത്തുന്ന പൂങ്കാവനം.

1. കുറ്റങ്ങളന്യോന്യം പൊറുത്തീടുവിൻ,
സത്യത്തിൻ മാർഗ്ഗത്തിൽ വളർന്നീടുവിൻ;
ദൈവത്തിൻ ദാനമാം മക്കളെ വചനത്തിൽ,
വേരൂന്നി വളർന്നീടാൻ പഠിപ്പിക്കുവിൻ.

2. സ്വർഗ്ഗവും നരകവും ഭാഗ്യനിർഭാഗ്യവും,
സമ്മേളിക്കുന്ന ഈ പുണ്യഭൂവിൽ;
ദൈവരാജ്യത്തിൻ നിർമ്മിതിക്കായ് നാം,
ക്രിസ്തേശുനാഥനെ അനുഗമിക്കാം.

# 518

കൂടുമ്പോൾ ഇമ്പം പകരും കുടുംബം
നഷ്ടമാക്കീടരുതേ,
കാടുകേറീടുന്ന ചിന്തകളാൽമനം
ദുഷിച്ചിടാതെന്നും സൂക്ഷിക്കുകേ.

1. സ്വർഗ്ഗം സമീപേ ഉണ്ടെന്ന സത്യം
വിസ്മരിച്ചീടുന്നു പാപലോകം;
സത്യസ്വരൂപന്റെ സാമീപ്യമെല്ലാം
വിസ്മരിച്ചീടുന്നു നമ്മെളെല്ലാം.

2. ഇമ്പം തിരഞ്ഞോടിടുന്നു ഭൂലോകർ,
വീട്ടിനുള്ളിൽ തുൻപം ഏറിടുന്നു;
ആകുലഭാരത്താൽ ദൈവജനം
സ്വർഗ്ഗം മറക്കുന്നു ഖിന്നരായി.

3. കൂട്ടാളികൾ തമ്മിൽ പങ്കുവെയ്ക്കും
സൗഹൃദമെങ്ങോ പോയ് മറഞ്ഞു;
കാട്ടാളരായിന്നു മാറിടുന്നോ?
വീട്ടിനുള്ളിൽ തമ്മിൽ ദൈവമക്കൾ.

## പ്രഭാതം

# 519

പ്രഭാതമായ് കതിരവനുദിച്ചു,
ഊർജ്ജസ്വലരായ് പ്രാർത്ഥിക്കാം;
സർവ്വചരാചര സൃഷ്ടിയുമീശനെ,
വാഴ്ത്തിപ്പാടാം സ്തുതിയേകാം.

1. കഴിഞ്ഞരാവിൽ നിദ്രയിലായോർ,
നിരവധിയുണരാതെ;
നിത്യനിദ്രയിൽ സ്വസ്ഥതയിൽ ചേർ-
ന്നാരുമറിയാതത്ഭുതമായ്.

2. വേർപാടിൻ വ്യഥ തകർത്തഹൃദയം,
നീറിപ്പുകയുന്നനേകരിൽ;
ജീവിക്കാനായൊരുനാൾകൂടെ,
പ്രീയൻതന്നതു സൗഭാഗ്യം.

3. ദൈവം സ്നേഹത്തികവായനേക-
മനുഷ്യരെ സവിധേ ചേർക്കുന്നു;
താളടിയാക്കും, അധർമ്മികൾ ദുർ-
മ്മാർഗ്ഗികളേയും ക്രോധത്താൽ.

4. നന്ദികരേറ്റീട്ടാത്മാവിൽ തിരു-
നാമം വാഴ്ത്തിപ്പാടുകനാം;
ആശ്വാസത്തിന്നുറവയെനിത്യം,
ആരാധിക്കാം വിനയത്താൽ.

# 520

ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കാൻ,
യോഗ്യമായീ ജീവിതത്തിൻ;
നാൾകളെണ്ണുവാൻ ഉപദേശിക്കണേ,
ദേവാധിദേവാ പ്രഭോ.

1. മടങ്ങിവരേണമേ യഹോവേ,
എത്രത്തോളം നാഥാ ? താമസംവേണ്ടു;
അടിയരോടെന്നും സഹതാപം തോന്നാൻ,
കനിയേണമേ പ്രീയ കർത്താവേ.

പ്രഭാതയാമങ്ങളിൽ ഞങ്ങളെ,
തൃപ്തരാക്കേണമേ നിന്റെ ദയയാൽ;
ആയുഷ്ക്കാലം മുഴുവനും ഞങ്ങൾ അങ്ങേ,
ഘോഷിച്ചാനന്ദിക്കും പ്രീയനാഥാ.